R

Gk
VI
22 cb

N12<511952317 021

UB Tübingen

H Gunderl
Jan 1857

കണ്ണാടകുതകുമലയാള

ദേശങ്ങളിലും ഗർഭാന്യബൊധനാൽ

ഉണ്ടായസുവിശേഷസഭകളിൽ

വായിച്ചുനടക്കുന്ന

പ്രാർത്ഥനാസംഗ്രഹം

Prārtthanāsamgraha

Tellicherry

തലശ്ശേരിയിൽ അച്ചടിച്ചതു

൧൮൫൭

1857.

UNIV BIBL TÜBINGEN

R

Gk VI 22 cb

മുഖവുര

ഭക്തിപ്രാൎത്ഥനെക്കും ധ്യാനം തിരുവത്താഴം മുതലായ സ
ഭാസ്ഥിതികാൎയ്യങ്ങൾക്കും മാത്രമായുള്ള പ്രാൎത്ഥനചട്ടം വെണം എന്നു നമ്മു
ടെ സംഘത്തിൽ ചെൎന്ന ബോധകന്മാർ മിക്കവാറും ആഗ്രഹിച്ചിരിക്കു
ന്നു—സഭകളുടെ ഗ്രന്ഥീകരണകാലത്തിൽ ഉണ്ടായിട്ട അന്നുമുതലുള്ളു
ണ്ടു ഉപയോഗിച്ചുവരുന്ന പ്രാൎത്ഥനകൾ പലതും നാം എല്ലാവരും ഉണ്ടാ
ക്കും വരുന്നും ഇരിക്കുന്ന സഭകളിൽ നടക്കുന്നതു കൂടാതെ ലൊകത്തി
ൽ ഒന്നാം വൃത്താന്തമായി ചെൎന്നുവരുന്ന സഭകൾക്കു പ്രാൎത്ഥനകളുടെ ഉപ
കാരവും നല്ലദൃഷ്ടാന്തങ്ങളുടെ സംക്ഷെപവും ആവശ്യം എന്നു നമ്മു
ക്കു തൊന്നിയിരിക്കുന്നു—ഹൃദയത്തിൽ തൊന്നുംപോലെ തന്നെ സ്വ
വാക്കുകളെക്കൊണ്ടു പ്രാൎത്ഥിക്കുന്നതു സംശയം കൂടാതെ നല്ലതും പ്ര
യൊജനവും ആകുന്നു എങ്കിലും—എഴുതിവെച്ചുക്രമത്തെ അനുസ
രിച്ചു പ്രാൎത്ഥിക്കുന്നതും ദൈവസ്തുതികളാക്കും നല്ലശക്തിയൊടും ഫല
ത്തൊടും നടക്കുന്നു എന്നു പണ്ടും എല്ലാസമയത്തും ദൈവപുരുഷന്മാരി
ൽ പഴക്കം ഏറെ ഉള്ളവർ കണ്ടിരിക്കുന്നു—

അതുകൊണ്ടു കൎത്താവിൽ നമ്മെ നടത്തുന്ന സംഘക്കാർ നമ്മി
ൽ ചിലരെ നിയോഗിച്ചു നമ്മുടെ സഭകളുടെ ഉപകാരത്തിന്നായി ഒ
രു പ്രാൎത്ഥനാസംഗ്രഹം ചമെക്കണം എന്നു കല്പിച്ചിരിക്കുന്നു—
നമ്മെ നടത്തുന്നവരും അവർ അയച്ച നാമും വെവ്വെറെ സഭകളിൽ
ഉപദെശിച്ചുവരുന്നവരും പുറജാതികളിൽ നിന്നു വിശെഷ വ്യാപനത്തി
ന്നായി ഒരുമിച്ചുകൂടി ഭരിക്കുന്നവരും ആകയാൽ—പുരൊവാ
സഭകളിൽ നടക്കുന്ന അതതു വിശ്വാസപ്രമാണങ്ങളെയും നാനാവി
കാരങ്ങളെയും ഈരാജ്യക്കാരിൽ മാത്രമായി നടത്തുവാൻ മനസ്സു
തൊന്നീട്ടില്ല—എങ്കിലും ഈരാജ്യത്തിൽ നമ്മുടെ ശുശ്രൂഷയാൽ ചെ
ൎന്നുവന്ന സഭകൾ പ്രാൎത്ഥനകളിലും ആരാധനകളിലും ഒന്നിച്ചുകൂടുക

ഴിയുന്നെടത്തൊളം ഏകാചാരത്തൊടു കൂടെ ക്രമീകരിച്ചു നടന്നതെല്ലാം ഹത്തി
ൽ ഒരു മനുഷ്യബുദ്ധികൊണ്ടതിന്നതാ സഭക്കാരായ പലസ്ഥാ
നങ്ങളുടെ പ്രാൎത്ഥനകളിൽ നിന്നും സാരമുള്ളവ ചെൎപ്പാൻ നിശ്ചയി
ച്ചിരിക്കുന്നു — സകല വ്യാഖ്യാനങ്ങളിലും ഉപദെശങ്ങളിലും ഐകമത്യം
വരെണമെന്നതാകയാലും ദൈവാരാധനയിൽ നല്ലൊരുമയെയും അന്വെ
ഷിക്കുന്നു ക്രിസ്തന്റെ ജീവനുള്ള അവയവങ്ങൾക്കു കഴിയാത്ത
തല്ലല്ലൊ — അത്രയല്ല പ്രാൎത്ഥനാസംഗ്രഹം എഴുതികൊടുത്താലും ഹൃ
ദയപ്രാൎത്ഥനെക്കും തികെക്കണ്ടതല്ല സ്തൊത്ര ഉപാസനകളിലും അവ
രവരുടെ സ്വാതന്ത്ര്യത്തിന്നു മുടക്കം വരെണ്ടതും അല്ല എന്നതും ക്രി
ഷെത്രറന ചൊല്ലുന്നു — ഇതിൽ വാക്കുകൾ ഒന്നിനെക്കാൾ വാചകത്തി
ലും ഭാഷയിലും മാത്രമല്ല അൎത്ഥത്തിലും സാരം ഏറെ ഉള്ളതുങ്ങൾക്ക
താണിയാലും കൂടക്കൂടെ ഈ പുസ്തകം പ്രയൊഗിക്കാതെ അവരവ
ക്കുതക്കവണ്ണം പ്രാൎത്ഥിപ്പാൻ മനസ്സുമുട്ടിയാലും ഇഷ്ടംപൊലെ ചെയ്തു
കൊൾക — സ്നാനം അത്താഴം ഈരണ്ടിൽ നടക്കെണ്ടും മൂലവാക്യങ്ങ
ളുമാത്രം എല്ലാടവും ഒരുപൊലെ ചൊല്ലെണ്ടതു — എങ്ങനെ എന്നായാ
ലും ഇതു തെറ്റില്ലാത്തതും എല്ലാഴും മാറാതെ പ്രയൊഗിക്കെണ്ടു
ന്നതുമായ സ്ഥിരപ്രമാണം എന്നല്ല ഇപ്പൊൾ വരിക്കുമെല്ലുടെയാ
നുഗ്രഹം ഉണ്ടായാൽ മെല്ക്കുമെൽ എഴതിഞ്ഞു സമാപ്തിവരുത്തെണ്ടുന്ന
തത്രെ എന്നു വെച്ചു സഭക്കു കല്പിച്ചു കൊടുക്കുന്നതു —

ഇന്നതുകളെ അനുസരിച്ചു സംഗ്രഹത്തെ ചമെപ്പാൻ
നിയുക്തരായവർ സ്വയമായിട്ടും കീൎക്കാതെ ഗണ്യമാന്യ ശ്രീയ സഭ
കളിൽ നടപ്പുള്ള പ്രാൎത്ഥനകളിൽ നിന്നു തെരിഞ്ഞെടുത്തവ തെരിഞ്ഞെടു
ത്തും ചെയ്തും ഇരിക്കുന്നു — ഈ പ്രാൎത്ഥനെയെ ഇന്ന പള്ളിപുസ്തകത്തി
ൽ നിന്നും ഒട്ടൊക്കുന്നതിനു അതതിൽ അവസാനത്തിൽ അക്ഷരങ്ങളാൽ
കുറിച്ചുകാണുന്നു — പ്രാൎത്ഥനകളും സഭാസ്തുതികളും അല്ലാതെ നിത്യം വാ
യിക്കെണ്ടും സുവിശെഷ ലെഖന ഖണ്ഡങ്ങളും ആണ്ടാവിന്റെ ക്രമ

അഭവചരിത്രവും വെദപാഠങ്ങളുടെ ക്രമവും ചെൎത്തിരിക്കുന്നു- ന്യാ
യികരണത്തിന്നുള്ള ഉപദെശം പിൎത്തസ്തസഭകളിൽ നടക്കുന്നതി
ൽനിന്ന് അല്പം സംക്ഷെപിച്ചിട്ടുള്ളതു- ഭാഷാന്തരമായുണ്ടായിട്ടുള്ള
ത്തെ വായിച്ചു കെൾക്കുന്നതിനാൽ ഞങ്ങളെക്കാം ഹൃദയങ്ങൾക്കു ഉൾക്കാഴ്ചയുള്ള അനുഗ്ര
ഹം ഉണ്ടാകെണം എന്നും സഭയുടെ കൎത്താവൊടു പ്രാൎത്ഥിച്ചുകൊ
ണ്ടു ഇതിനെ കൂട്ടുവെലക്കാരൊടും സഭക്കാരൊടും കല്പിച്ചുകൊടുക്കുന്നു-

പ്രാൎത്ഥനാസംഗ്രഹത്തെ

രചിപ്പാൻ തെളുങ്ങനാരായത്തവർ

മൂലഗ്രന്ഥങ്ങളുടെ കുറിപ്പുകൾ

അക്ഷരങ്ങളുടെ അർത്ഥം.

1.	ae	Agende f. evang. Kirchen
2.	aw	Alt würtemberg. K. buch
3.	bn	Bern. k. Gebete
4.	br	Braunschweig. K. Ordnung
5.	bs	Basler k. Gebete
6.	cp	Commonprayer
7.	hs	Hess. K. Ag
8.	lu	Luther
9.	oest	Oestreich. K. Ag.
10.	sfh	Schaffhausen k G
11.	sl	Schleswig k.
12.	stb	Strasburg k B.
13.	std	Stadische k. O.
14.	u	Ulmer K. O.
15.	ub	United Brethren's Liturgy
16.	w	Würtemb. K. Buch

അടക്കം

ഭാഗം

ഒന്നാം അംശം

സഭാപ്രാൎത്ഥനകൾ

I. കൎത്താവിൻ ദിനത്തിൽ ഉച്ചെക്കു മുമ്പെയുള്ള പ്രാൎത്ഥന. - - - - - - - - - - - - - ൧

II. കൎത്താവിൻ ദിവസത്തിൽ ഉച്ചെക്കു പിന്നെയുള്ള പ്രാൎത്ഥന - - - - - - - - - - - - - ൧൩

III. ബാലോപദേശം - - - - - - - - - - - - - ൨൦

A a. ഒരൊ ഞായറാഴ്ച പ്രാൎത്ഥനകൾ - - - - - - - - ൨൪

b, ഉത്സവപ്രാൎത്ഥനകൾ - - - - - - - - - - - ൨൮

B. വിശെഷപ്രാൎത്ഥനകൾ - - - - - - - - - - - ൩൧

C. പ്രാൎത്ഥനെക്കു കൂടിവരുമ്പോൾ - - - - - - - - - ൩൪

D. വെദപാഠങ്ങൾ

I. അതതു ദിവസത്തിന്നുള്ള സുവിശെഷലെഖനാംശങ്ങൾ. - - - - - - - - - - - - - - ൩൫

II. അറുപതു വള്ളിനാൾക്കുള്ള വെദപാഠങ്ങൾ നാലുവൎഷങ്ങൾക്കുള്ളിൽ വായിപ്പാൻ വെൎത്തിരിച്ചതു - - - - ൭൪

III. കഷ്ടാനുഭവചരിത്രം - - - - - - - - - - - - ൧൦൩

രണ്ടാം അംശം

സഭാക്രിയകൾ

I. സ്നാനം

൧., സഭയിലുള്ള ശിശുസ്നാനം - - - - - - - - ൧൧൭

൨., പ്രായമുള്ളവരുടെ സ്നാനം - - - - - - - - ൧൨൪

II. സ്ഥിരീകരണം - - - - - - - - - - - - ൧൩൮

III. തിരുവത്താഴം - - - - - - - - - - - - ൧൪൭

IV. വിവാഹം — — — — — — — — — — — — — — ൧൫൪
V. ശവസംസ്കാരം — — — — — — — — — — — — — ൧൬൧
VI. സഭാശുശ്രൂഷക്കാരകൾ
൧. ഉപബോധകന്മാരെ അനുഗ്രഹിക്ക — — — ൧൭൧
൨. ബോധകന്മാർക്കഹസ്താർപ്പണം — — — — — — — ൧൭൩
സ്ഥിരീകരണത്തിന്നുള്ള ഉപദേശം — — — ൧൮൪

ഒന്നാംഭാഗം

സഭാപ്രാർത്ഥനകൾ

I കർത്താവിൻ്റെ ഋതുവിൽ

ഉപയോഗിക്കുന്ന പ്രാർത്ഥന

സാമാന്യവന്ദനങ്ങൾ

പ. നമ്മുടെ കർത്താവായ യെശുക്രിസ്തുവിൻ്റെ കൃപയും ദൈവത്തിൻ്റെ സ്നേഹവും പരിശുദ്ധാത്മാവിൻ്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ — ആമ്മേൻ

ഉ. നമ്മുടെ പിതാവായ ദൈവത്തിൽനിന്നും കർത്താവായ യെശുക്രിസ്തുവിൽനിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകുമാറാകട്ടെ — ആമ്മേൻ (പ. കൊ. ചൊ)

പ. പിതാവായ ദൈവത്തിൽനിന്നും പിതാവിൻപുത്രനായ യെശുക്രിസ്തുൻ എന്ന കർത്താവിൽനിന്നും സ്നേഹത്തിലും സ്നേഹത്തിലും നിങ്ങളോടുകൂടെ നിത്യ സമാധാനവും ഉണ്ടായ്വരട്ടെ — ആമ്മേൻ (പ. യൂദാ)

ഉ. നമ്മുടെ തുണ നാമം പിതാപുത്രൻ വിശുദ്ധാത്മാവ് എന്നുള്ള ദൈവനാമത്തിൽ ഉണ്ടായിരിക്കുന്നതെ — ആമ്മേൻ

ഉത്സവവന്ദനങ്ങൾ

ആഗമനനാൾ — പ. ദാവീദ്പുത്രനായ്പിറക്കുന്ന കർത്താവിൻ നാമത്തിൽ വരുന്നവൻവാഴ്ത്തപ്പെട്ടവനാകട്ടെ — ആമ്മേൻ (മത്തായി ൨൧)

൧.) പ്രമാണവും സർവ്വഗ്രാഹ്യവുമാകുന്ന വചനം ആയിതു-
ക്രിസ്തു യേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു
എന്നുള്ളതു (൧ തിമൊ. ൧)

തിരുജനനനാൾ— ൧.) ഞാനൊ സകല ജനത്തിന്നും ഉണ്ടാകും
മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു-
ഇന്നു തന്നെ കർത്താവാകുന്ന ക്രിസ്തൻ എന്ന രക്ഷിതാവ്
ദാവിദിൻ നഗരത്തിൽ നിങ്ങൾക്കായിട്ടു ജനിച്ചു (ലൂക്ക. ൨)

൧.) ദൈവത്തിന്ന് അത്യുന്നതങ്ങളിൽ തേജസ്സും ഭൂമിയിൽ സ
മാധാനവും മനുഷ്യരിൽ പ്രസാദവും ഉണ്ടാക (ലൂക്ക. ൨)

ആണ്ടുപിറപ്പു— ൧.) ഇരിക്കുന്നവനും ഇരുന്നവനും വരുന്നവ
നും ആയവനിൽ നിന്നും അവന്റെ സിംഹാസനത്തിൻ മുമ്പി
ലുള്ള ഏഴ് ആത്മാക്കളിൽ നിന്നും വിശ്വസ്തസാക്ഷിയും മരി
ച്ചവരിൽ ആദ്യജാതനും ഭൂമിരാജാക്കന്മാരെ വാഴുന്നവ
നും ആയ യേശുക്രിസ്തനിൽ നിന്നും നിങ്ങൾക്കു കരുണയും സമാ
ധാനവും ഉണ്ടാക (വെളി. ൧)

൧.) ദൈവം നമുക്ക് ആശ്രയവും ബലവും ആകുന്നു ക്ലേശങ്ങളി
ൽ ഏറ്റവും അണഞ്ഞ തുണയായ് കാണപ്പെടുന്നു— അതുകൊ
ണ്ടു ഭൂമിയെ മാറ്റുകിലും സമുദ്രമദ്ധ്യേ മലകൾ കുലുങ്ങിയാ
ലും നാം ഭയപ്പെടുകയില്ല (സങ്കി. ൪൬)

പ്രകാശനദിനം— എഴുനീറ്റു പ്രകാശമാക— നിന്റെ പ്രകാശം വന്നു
വല്ലൊ യഹോവയുടെ തേജസ്സും നിന്റെ മെൽ ഉദിക്കുന്നു
(യശ. ൬൦)

തിരുവെള്ളിയാഴ്ച— അറുക്കപ്പെട്ട കുഞ്ഞാടായവൻ ശക്തിയനം
ജ്ഞാനം ഊക്കു ബഹുമാനം തേജസ്സ് അനുഗ്രഹങ്ങളും ലഭി
പ്പാൻ യോഗ്യമാകുന്നു (വെളി. ൫)

പുനരുത്ഥാനനാൾ— ൧.) യേശുക്രിസ്തൻ മരിച്ചവരിൽനിന്ന് എഴു

✓.

തിററത്തിനാൽ തന്റെ കരുണയിൻ ഐശ്വൎയ്യപ്രകാരം നമ്മെ
പിന്നെയും ജനിപ്പിച്ചവനാക്കി നമ്മുടെ കൎത്താവായ യെശുക്രിസ്തു
ന്റെ പിതാവായ ദൈവത്തിന്നു സ്തോത്രം (൧ പെ ൧)

൧.൨ ആടുകളുടെ വലിയ ഇടയനാകുന്ന നമ്മുടെ കൎത്താവായ യെ
ശുവെ നിത്യനിയമത്തിന്റെ രക്തത്താൽ മരിച്ചവരിൽനിന്നു
മടക്കിവരുത്തിയ സമാധാനത്തിന്റെ ദൈവം നിങ്ങളെ അവ
ന്റെ ഇഷ്ടം ചെയ്യുന്നതിന്നായിട്ടു സകലസല്ക്രിയയിലും പൂൎണ്ണ
സ്ഥാനപ്പെടുത്തി നിങ്ങളിൽ തനിക്ക് പ്രസാദമുള്ളതിനെ യെ
ശുക്രിസ്തുവിൻ മൂലം നടത്തിക്കെണമെ — ഇവന്നു എന്നെന്നെ
ക്കും തെജസ്സ് ഉണ്ടാകുമാറാക — ആമെൻ (എബ്ര ൧൩)

സ്വൎഗ്ഗാരോഹണനാൾ — ദൈവം ജയഘോഷത്തോടും യഹോവ കാഹ
ളനാദത്തോടും കരെറുന്നു — ദൈവത്തെ കീൎത്തിപ്പിൻ നമ്മുടെ രാ
ജാവെ കീൎത്തിപ്പിൻ (സങ്കീ ൪൭)

പെന്തെകൊസ്തനാൾ — നിങ്ങൾ പുത്രരാകകൊണ്ട് അബ്ബാ പിതാ
വെ എന്നു വിളിക്കുന്ന സ്വപുത്രന്റെ ആത്മാവിനെ ദൈവം
നമ്മുടെ ഹൃദയങ്ങളിൽ അയച്ചു (ഗല ൪)

ത്രിത്വനാൾ — സൎവ്വശക്തനായ യഹോവയാകുന്ന ദൈവം വിശുദ്ധ
ൻ വിശുദ്ധൻ വിശുദ്ധൻ — ഭൂമിമുഴുവനും അവന്റെ തെ
ജസ്സുകൊണ്ടു നിറഞ്ഞിരിക്കുന്നു (വെളി. ൪. യശ. ൬) W

[പിന്നെ സ്തോത്രമൊ പ്രാൎത്ഥനയൊ ഉള്ളൊരു
ശ്ലോകം പാടുക]

പിന്നെ പ്രാൎത്ഥനാരംഭം

വിളിക്കപ്പെട്ട വിശുദ്ധരായുള്ളോരെ ദൈവമുമ്പിൽ നിങ്ങ
ളുടെ പ്രാൎത്ഥനയൊടും കൂടെ എത്തുവാൻ ഹൃദയങ്ങളെ ഉയൎത്തുവി
ൻ — ഇവിടെയും നിത്യമായി ദൈവഭവനവും സ്വൎഗ്ഗവാതിലും ഉ
ണ്ടു ഇവിടെയും കൂടെ അത്യുന്നതന്റെ കരുണ വിളങ്ങുന്നു-

ധാനംകൊണ്ടും വിലയെറിയ ചൊല്ലുകളെകൊണ്ടും രാജ്യത്തിന്റെ മക്കളിൽ സ്വർഗ്ഗീയ ജ്ഞാനം ആകുന്ന നല്ല വെളിച്ചത്തെയും ബുദ്ധിയെ കടക്കുന്ന സമാധാനസന്തൊഷങ്ങൾ ഉള്ള ദിവ്യജീവനെയും ഇവിടെ പരത്തുവാൻ പിതാവിനു പ്രിയപുത്രനൊടും വിശുദ്ധാത്മാവിനൊടും പ്രസാദം തൊന്നുന്നു — അപ്രകാരം തന്നെ സകല നരകൾക്കും ജീവനുള്ള ഉറവാകുന്ന ത്രിയെക ദൈവത്തൊടു ചെരുവാനും പ്രാർത്ഥനയും ആത്മികസ്തുതിയും നല്ല ആരാധനയും കഴിപ്പാനും നിങ്ങൾക്കും അനുവാദം ഉണ്ടു — ആകയാൽ നാം ഹൃദയത്താഴ്മയൊടും മക്കൾക്കു പറ്റുന്ന ആശ്രയത്തൊടും കൂടെ കൃപാസനത്തിൻ മുമ്പിൽ നിന്നും കൊണ്ടു ഒന്നാമതു പാപങ്ങളെ മനസ്താപം പൂണ്ടു ഏറ്റുപറക്കുമാറാക Sfh

പാപസ്വീകാരം

[എല്ലാവരും മുട്ടുകുത്തീട്ടു]

അരിഷ്ടപാപികളായ ഞങ്ങൾ സ്വർഗ്ഗസ്ഥപിതാവായ ദൈവത്തിന്മുമ്പിൽ സങ്കടപ്പെട്ടു അറിയിക്കുന്നിതു — ഞങ്ങൾ നിന്റെ വിശുദ്ധകല്പനകളെ പലവിധത്തിലും നിരന്തരമായി ലംഘിച്ചുപൊയന്നു — ദുഷ്കാമവിചാരങ്ങളാലും വാക്കുകളാലും ക്രിയകളാലും നാനാപ്രകാരം അവിശ്വാസം കൃതഘ്നത വ്യാജങ്ങളാലും — എല്ലാ നടപ്പിലും സഹോദരസ്നേഹമില്ലായ്മയാലും — വളരെ പാപം ചെയ്തിരിക്കുന്നു — അതുകൊണ്ടു നിന്റെ ശിക്ഷയാകുന്ന കുറ്റമരണത്തിന്നു ഞങ്ങൾ യൊഗ്യരാകുന്നു — എങ്കിലും ഈ സകല പാപം നിമിത്തം ഞങ്ങൾക്കു അനുതാപവും മനഃക്ലെശവും ഉണ്ടു — ഞങ്ങളുടെ കടങ്ങളെ കടക്കുന്ന ദൈവകൃപയും കർത്താവായ യെശുവിന്റെ പുണ്യമാഹാത്മ്യവും അല്ലാതെ ഞങ്ങൾ ഒർ ആശ്വാസവും വഴിയും കാണുന്നതും ഇല്ല — ഈ കൃപയെ അപെക്ഷിച്ചു ഞങ്ങൾ പാ

ല്ലുന്നിത്രു- പിതാവെ ഞാൻ സ്വർഗ്ഗത്തിങ്കലും നിന്റെ മുമ്പിലും പാപം ചെയ്തു ഇനി നിന്റെ മകൻ എന്നു വിളിക്കപ്പെടുവാൻ യൊഗ്യന മല്ല- എങ്കിലും എല്ലാ പാപത്തിന്നും ക്ഷമയും ദൈവത്തിങ്കലെ പ്രാഗത്ഭ്യവും ആത്മാവിന്റെ വിശുദ്ധീകരണത്തിന്നു ശക്തിയും നിത്യജ്ഞന്യമായി ലഭിക്കേണം എന്നു യെശുക്രിസ്തുവിന്റെ നാമത്തി ൽ വന്നു യാചിക്കുന്നു- ആമെൻ SI

അല്ലെങ്കിൽ

സർവ്വശക്തിയും ദയയും ഉള്ള നിത്യദൈവമെ ഞങ്ങടെ കർത്താവും രക്ഷിതാവുമായ യെശുക്രിസ്തുവിന്റെ പിതാവായുള്ളൊവ- അതിദുഷ്ടപാപികളായ ഞങ്ങൾ നിന്തിരുമുമ്പിൽ സങ്കടപ്പെട്ട് അറിഞ്ഞും അറിയിച്ചും കൊള്ളുന്നിത്രു- ഞങ്ങൾ പാപത്തിൽ ഉത്ഭവിച്ചു ജനിക്കകൊണ്ടു സ്വഭാവത്താൽ കോപത്തിൻ മക്കൾ ആകുന്നു- ഞങ്ങളുടെ നടപ്പിൽ ഒക്കയും വിചാരത്താലും വാക്കിനാലും ക്രിയയാലും നിന്നെ പലവിധെന കോപിപ്പിച്ചിരിക്കുന്നു- ഞങ്ങളെ സൃഷ്ടിച്ചും രക്ഷിച്ചും വിശുദ്ധീകരിച്ചും പോന്നു നിന്നെ പൂർണ്ണഹൃദയത്തോടും പൂർണ്ണ മനസ്സോടും എല്ലാ ശക്തികളാലും സ്നേഹിച്ചിട്ടില്ല ഞങ്ങളെ പോലെ തന്നെ കൂട്ടുകാരെ സ്നേഹിച്ചതും ഇല്ല- ആകയാൽ നിന്റെ ക്രോധത്തിന്നും ന്യായവിധിക്കും നിത്യമരണാദായങ്ങൾക്കും ഞങ്ങൾ പാത്രമാകുന്നു സ്പഷ്ടം- എങ്കിലും നിന്റെ അളവില്ലാത്ത കനിവിനെ ശരണമാക്കി ഞങ്ങൾ കരുണ തെളിഞ്ഞിരിക്കുന്നു- നിന്റെ പ്രിയപുത്രനും ഞങ്ങളുടെ കർത്താവും രക്ഷിതാവും ആകുന്ന യെശുക്രിസ്തൻ നിമിത്തവും നിന്റെ വിശുദ്ധ നാമത്തിന്റെ ബഹുമാനം നിമിത്തവും ഞങ്ങളിൽ കനിവുതോന്നുകയും സകല പാപം ക്ഷമിക്കയും ഹൃദയത്തിന്നു നല്ല പുതുക്കം നല്കുകയും വേണ്ടു എന്നു ഞങ്ങൾ ഉണ്മയായി അപേക്ഷിക്കുന്നു- അല്ലെ

ഒയെ കർത്താവെ അതിവിഷ്ടയാചികളായ ഞങ്ങളൊടു കരുണ ചെയ്യ
ക്കണമെ - ആമെൻ. hS

കെട്ടഴിപ്പിന്റെ വാചകം

൩൪ പാപങ്ങളെ ചൊല്ലി അനുതാപിച്ചു ഞങ്ങളുടെ പ്രായശ്ചിത്ത
മാകുന്ന ക്രിസ്തുവിൽ വിശ്വസിച്ചും ഹൃദയത്തിന്നും നടപ്പിന്നും പു
ത്രത്വം അനുഭവിച്ചും കൊള്ളുന്ന നിങ്ങൾ എല്ലാവരും പാപമോച
നം എന്നുള്ള ആശ്വാസത്തെ വിശുദ്ധ സുവിശേഷത്തിൽ നി
ന്നു കെട്ടുകൊള്ളിൻ - സർവ്വശക്തനായ ദൈവം നിങ്ങളിൽ കനിഞ്ഞി
ട്ടു നമ്മുടെ പിഴകൾ നിമിത്തം ഏല്പിക്കപ്പെട്ടും നമ്മുടെ നീതികരണ
ത്തിന്നായി ഉണർത്തപ്പെട്ടും ഇരിക്കുന്ന യെശു ക്രിസ്തൻ എന്ന പ്രി
യപുത്രൻമൂലം നിങ്ങളുടെ സകല പാപങ്ങളെയും ക്ഷമിച്ചുവി
ട്ടന്നു - ക്രിസ്തുസഭയുടെ ശുശ്രൂഷക്കാരൻ എന്ന നിയമിക്കപ്പെട്ട
ഞാനും കർത്താവായ യെശുവിന്റെ കല്പന പ്രകാരം സകല പാപ
ങ്ങൾക്കും ഉള്ള മൊചനത്തെ നിങ്ങളൊട് അറിയിക്കുന്നതു പിതാവ് പു
ത്രൻ വിശുദ്ധാത്മാവ് എന്ന ദൈവനാമത്തിൽ തന്നെ -

(നിങ്ങളിൽ അനുതാപമില്ലാത്തവരും അവിശ്വാസി
കളും ആയുള്ളവരൊ പാപങ്ങൾ പിടിപ്പിക്കപ്പെട്ടിരിക്കുന്നു - അ
* വർ മനംതിരിയാതെ പോയാൽ ദൈവകൊപവും ^ശിക്ഷയും അവരുടെ മെൽ വ
സിക്കും എന്നുകൂടെ അറിയിക്കുന്നതു നമ്മുടെ കർത്താവും രക്ഷിതാവും ആ
കുന്ന യെശു ക്രിസ്തന്റെ നാമത്തിൽ തന്നെ) ആമെൻ W(hS)

[പിന്നെ എല്ലാവരും നില്ക്കെ പ്രബോധിപ്പിക്കുന്നിതു]

കനിവുള്ള ദൈവം കരുണ വിചാരിച്ചു അനുതാപികളായ നിങ്ങളു
ടെ പാപങ്ങളെ മൊചിച്ചതു കൊണ്ടു വിശ്വാസമുള്ള ദൈവജ്ഞാനി
കളായുള്ളൊരെ നിങ്ങൾ ത്രിയെക ദൈവത്തെ പുകഴ്ത്തി പാടി കൊ
ണ്ടു എല്ലാകാലത്തും എല്ലാ സ്ഥലത്തും അവനിലുള്ള വിശ്വാസത്തെ

വാക്കിനാലും ക്രിയയാലും ഒറ്റപാറയെയണം എന്നതിങ്ങളെ പ്രബോ
ധിപ്പിക്കുന്നു — അതുകൊണ്ടു നാം ഹൃദയങ്ങളെ ഉയൎത്തി ഒന്നിച്ചുപാ
ഞ്ഞുകൊണ്ടുതാക —

വിശ്വാസപ്രമാണം

സ്വൎഗ്ഗങ്ങൾക്കും ഭൂമിക്കും സ്രഷ്ടാവാകി സൎവ്വശക്തനാകി പിതാവാകി
രിക്കുന്ന ദൈവത്തിങ്കൽ ഞാൻ വിശ്വസിക്കുന്നു — അവന്റെ ഏക
പുത്രനാകി നമ്മുടെ കൎത്താവായ യെശുക്രിസ്തുവിങ്കലും ഞാൻ വിശ്വസിക്കു
ന്നു — അവൻ വിശുദ്ധാത്മാവിനാൽ മറിയ എന്ന കന്യകയിൽ ഉൽ
പാദിതനായി ജെനിച്ചു — പൊന്ത്യപിലാത്തന്റെ താഴെ കഷ്ടമനുഭവി
ച്ചു ക്രൂശിക്കപ്പെട്ടു മരിച്ചു — അടക്കപ്പെട്ടു പാതാളത്തിൽ ഇറങ്ങി
മൂന്നാം ദിവസം ഉയിൎത്തെഴുനീറ്റു — സ്വൎഗ്ഗാരോഹണമാകി — സൎവ്വശ
ക്തിയുള്ള പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുന്നു — അ
വിടെനിന്നു ജീവികളോടും മരിച്ചവരോടും ന്യായം വിസ്തരിപ്പാൻ വ
രികയും ചെയ്യും —

വിശുദ്ധാത്മാവിലും — വിശുദ്ധന്മാരുടെ കൂട്ടായ്മയാകുന്ന ശുദ്ധ
സാധാരണ സഭയിലും — പാപമൊചനത്തിലും — ശരീരത്തോടെ ജീ
വിച്ചെഴുനീല്ക്കുന്നതിലും — നിത്യജീവങ്കലും ഞാൻ വിശ്വസിക്കുന്നു — ആ
മെൻ —

നാം പ്രാൎത്ഥിക്ക

സൎവ്വശക്തിയുള്ള ദൈവവും സകല കരുണകളുടെയും പിതാവുമായുള്ളൊ
വെ — നീ ജനങ്ങളിലും സകല മനുഷ്യരിലും കാട്ടിയ ദയാവാത്സല്യ
ങ്ങൾക്കാകകൊണ്ടു പാത്രമല്ലാത്ത അടിയങ്ങൾ താഴ്മയോടെ സ്തോ
ത്രം ചൊല്ലുന്നു — ഞങ്ങളെ നീ സൃഷ്ടിച്ചു പാലിച്ചു ഐഹികത്തിൽ അ
നുഗ്രഹിച്ചുകൊണ്ടതിനെ എല്ലാം ഞങ്ങൾ ഓൎത്തിട്ടെറെ ക — ഞ

ങ്ങളുടെ കൎത്താവാകുന്ന യെശുക്രീസ്തുനെകൊണ്ടു നീ ലൊകത്തെ
വീണ്ടെടുത്തിട്ടുള്ള അളവില്ലാത്ത സ്നെഹത്തെയും - തിരുവചനവും
ചൊല്ലുറികളും അനുഗ്രഹദാനങ്ങളെയും - തെജസ്സിന്റെ പ്രത്യാ
ശയെയും ചൊല്ലി നിന്നെ വാഴ്ത്തുന്നു - ഈ നിന്റെ കരുണകൾ
വെണ്ടുംവണ്ണം ബൊധിച്ചിട്ടു ഞങ്ങൾ നിൎവ്യാജമായ ക്രുത
ജ്ഞതയൊടി നിരുസെവകരാകിട്ടു ഞങ്ങളെ മുഴുവൻ സമൎപ്പിച്ചും വാ
ക്കുകളെക്കൊണ്ടും വിശുദ്ധിയിലും നീതിയിലും നിന്റെ മുമ്പാകെ
നടക്കകൊണ്ടു ഇങ്ങനെ അധരങ്ങളാൽ മാത്രമല്ല നടപ്പിനാ
ൽ തന്നെ നിന്റെ സ്തുതിയെ പരത്തുമാറാകെണമെന്നു - ഞങ്ങൾ
കൎത്താവായ യെശുക്രീസ്തുമൂലം നിന്നൊടപെക്ഷിക്കുന്നു - അവ
ൻ നിന്നും വിശുദ്ധാത്മാവുമായി എന്നെക്കും സകല ബഹുമാനവും
തെജസ്സും അനുഭവിച്ചുവാഴെണമെ - ആമെൻ - *C.P.*

p. 24 [A എന്ന അക്കത്തിലെ പ്രാൎത്ഥനകൾ ഒന്നൊരണ്ടൊ
ഇവിടെ ചെൎത്തുവായിക്കാം — പിന്നെ
പക്ഷവാദങ്ങൾ ആയിത്]

സൎവ്വശക്തിയും നിത്യകനിവും ഉള്ള ദൈവമെ ഞങ്ങളുടെ കൎത്താവാ
യ യെശുക്രീസ്തുന്റെ പിതാവും ആകുന്നുള്ളൊവെ - പ്രിയപുത്രൻ നി
മിത്തം കടാക്ഷിച്ചു തിരുവുള്ളം ഇങ്ങൊട്ടാകെണമെ - ദൈ
വമെ നിന്റെ ദയെക്കു തക്കവണ്ണം ഞങ്ങളൊടു കൃപചെയ്തു നിൻ ക
നിവുകളുടെ പെരുമപ്രകാരം ഈ ഞങ്ങൾ ദ്രൊഹങ്ങളെ മാച്ചു കളക -
അടിയങ്ങളൊട് ന്യായവിധിയിൽ പ്രവെശിയാതെ മദ്ധ്യസ്ഥ
നായ യെശുക്രീസ്തുൻ നിമിത്തം ഞങ്ങളുടെ അകൃത്യം ഒക്കയും
ക്ഷമിക്കെണമെ - തിരുസഭയെ കരുതിനൊക്കി വചനത്തെ
യും കൃപാകര ചൊല്ലുറികളെയും ശുദ്ധി കെടാതെ വെളിപ്പെടുത്തി കാത്തു
കൊൾക - നിന്റെ തൊട്ടത്തിൽ വിശ്വസ്തരായ വെലക്കാരെ അയച്ചു

തിരുവചനത്തിൻ ഘോഷണത്തിന്നായി നിന്റെ ആത്മാവെ
യും ശക്തിയെയും നല്കി അതിനെ സകല രാജ്യങ്ങളിലും പ്ര
സ്ഥാപിച്ചു പുറജാതികളെ മനം തിരിയുമാറാക്കി ഇസ്രയെലി
ൽ ചിതറിയ ആടുകളെ ചെൎത്തുകൊള്ളെണമെ — എല്ലാ ഇ
ടച്ചകളെയും തെറ്റു ഭ്രമമുള്ളവരെയും പാപത്തിൻ ചതി
ക്കിൽ കുടുങ്ങികയവരെയും രക്ഷാവഴിയിൽ നടത്തി ഞങ്ങളെ
ശക്തികരിച്ചു ലൊകത്തൊടും താന്താന്റെ ജഡത്തൊടും പൊ
രാടി ജയിപ്പാറാക്കെണമെ — ഞങ്ങളുടെ അധികാരസ്ഥ
ന്മാരെയും തിരുമുമ്പിൽ ഒൎക്കുന്നു (*B.* 2, *) p 48
അവൎക്ക ജ്ഞാനത്തിൻ ആത്മാവെ കൊടുത്തു ശുദ്ധവിചാര
ങ്ങളെ ഏകിച്ചും കൊണ്ടു ഈ ദെശത്തിൽ തെജസ്സ് വസി
പ്പാനും കരുണാസത്യങ്ങളും നീതിസമാധാനങ്ങളും തങ്ങളിൽ
വാഴുവാനും സംഗതി വരുത്തെണമെ — എല്ലാവൎക്കും ദിവസവൃത്തി
കൊടുത്തു ഞങ്ങളുടെ തൊഴിലും ഉത്സാഹവും അനുഗ്രഹിച്ചു വാ
നത്തിൽ നിന്നു മഴകളും ഫലപുഷ്ടിയുള്ള സമയങ്ങളും ഇറക്കെ
ണമെ — (*B.* 3,) നിലത്തെ വിളയെ രക്ഷിക്ക — ഞങ്ങളുടെ
നാടുതന്റെ ഫലങ്ങളെ കാണ്മുമാറാക — വിവാഹ കുഡുംബങ്ങ
ളിലും സമാധാനവും ഐക്യമത്യവും പള്ളികളിലും വീടുകളിലും മക്ക
ൾ വളൎത്തുന്നതിന്നു സാമൎത്ഥ്യവും ജനിപ്പിച്ചു ഇളയവരുടെ ഹൃദ
യങ്ങളെ വിശുദ്ധാത്മാവെ കൊണ്ടു എല്ലാ നല്ല വഴികളിലും നട
ത്തുക — നാടും നഗരവും പിതാവാക്കിട്ടു വൊററി യുദ്ധകലഹങ്ങ
ൾ ക്ഷാമം രൊഗം മുതലായ ദുസ്സമയങ്ങളും ദുഷ്ടമൃഗഭയവും
അഗ്നിഭയവും എല്ലാം അകററി വല്ലാത്ത അപമൃത്യുവിൽ നിന്നും ര

---

*, ഇവിടെയും മററുള്ള സ്ഥലങ്ങളിലും *B.* എന്ന അക്ഷരത്തിൽ
നിന്നു ആവശ്യം പൊലെ ഒരൊന്നു ചെൎത്തു വായിക്കാം. —

ങ്ങളെ കാത്തു വിശുദ്ധദൂതന്മാർ വഴിയിൽ ഞങ്ങളെ രക്ഷി
ച്ചു ചുറ്റും പാൎക്കയും ഈറങ്ങുമാറാക്കുക -- ദരിദ്രരെയും അഗതി
കളെയും പൊറ്റുക വിധവമാൎക്കും അനാഥൎക്കും തുണനില്ക്ക ബ
p. 52 ലഹീനരെയും രോഗികളെയും താങ്ങുക - (B. 7) ആത്മികസ
ങ്കടവും ഭയവും ഒക്കയും നീക്കുക - ഞങ്ങളുടെ രക്ഷയോട് എതി
ൎക്കുന്നത് ഒക്കയും ഞങ്ങൾ വിശ്വാസത്തിൽ ഉണൎന്നിരിച്ചും
പ്രാൎത്ഥിച്ചും ഉറച്ചു പൊരുത്തു നില്ക്കുമാറാക - സ്നേഹസമാധാ
നങ്ങളിലും വിനയ സൌമ്യതകളിലും ഇന്ദ്രിയജയസുബോ
ധങ്ങളിലും നടന്നുകൊണ്ടു ഞങ്ങൾ അവസാനത്തോളം ഭയ
ത്തുവിൽ അത്രെ നിലനില്ക്കുമാറാക --- ഒടുക്കം ഈ ലൊകത്തെ
പിരിയുമ്പൊൾ മരണസങ്കടത്തിലും സൎവ്വശക്തിയുള്ള കരുണ
യാലെ തുണനില്ക്ക - ഞങ്ങൾ വിശ്വാസത്തിൽ ഉറച്ചുകൊണ്ടു സ
മാധാനത്തോടെ പ്രാണങ്ങളെ നിന്നിൽ ഭരമേല്പിക്കുമാറാക -
തെജസ്സിന്റെ രാജ്യത്തിൽ ഞങ്ങളെ പ്രവെശിപ്പിച്ചു തിരു
മുഖത്തെ ആനന്ദത്തോടെ കാണ്മാനും സകലദൂതരൊടും തെ
രിഞ്ഞെടുത്ത കൂട്ടത്തൊടും ഒന്നിച്ചു നിന്നെ എന്നെന്നെക്കും വാ
ഴ്ത്തി സ്തുതിപ്പാനും സംഗതി വരുത്തി രക്ഷിക്കെണമെ - ആമെ
ൻ - W-

അല്ലായ്കിൽ

ഞങ്ങളുടെ കൎത്താവായ യെശുക്രിസ്തുവിന്റെ പിതാവായി കനി
വു നിറഞ്ഞ ദൈവമെ - നീ ഞങ്ങളിൽ ചെയ്ത എല്ലാ കരുണെ
ക്കും സൎവ്വ വിശ്വസ്തതെക്കും ഞങ്ങൾ സ്തോത്രം - കൎത്താവെ
ഞങ്ങളിൽ കനിഞ്ഞു പ്രിയ പുത്രനായ യെശുവെ വിചാരി
ച്ചു ഞങ്ങളുടെ സകല പാപങ്ങളെയും പൊറുത്തരുളെണമെ
- വിചാരവും ശങ്കയും ഇല്ലാത്ത സകല പാപികളെയും ഉണൎത്തി

മാനസാന്തരപ്പെട്ടു ഹൃദയങ്ങൾ നിങ്കലെക്ക് തിരിയുമാറാക്കുക-
-പുത്രന്മാരായി ജനിച്ചവർ അകമെ മനുഷ്യനിൽ ബലപ്പെട്ടു വളരു
വാനും യെശുക്രിസ്തുന്റെ സുവിശെഷം വിശ്വസിക്കുന്നവന്നൊ
ക്കെയും രക്ഷെക്കു ദൈവശക്തിയാകുന്നു എന്നത് അനുഭവത്താൽ
ബൊധിച്ചുറെപ്പാനും സംഗതി വരുത്തുക- ജീവനിലും മരണത്തി
ലും ഈ സുവിശെഷം ഞങ്ങൾക്ക് ഉത്തമജ്ഞാനവും ആശ്വാ
സവും ആയിരിക്കുക- അതിനെ ഞങ്ങൾക്കും സന്തതികൾക്കും
കുറവില്ലാതെ ശുദ്ധമായി കാത്തുകൊൾക-ദിവ്യസത്യത്തെ വെറുക്കു
ന്ന അവിശ്വാസത്തെയും യെശു എന്ന ഏകകല്ലായ അടിസ്ഥാന
ത്തിൽ നിന്നു തെറ്റിക്കുന്ന ഏതു ദുർവ്വിശ്വാസത്തെയും അകറ്റി
ഞങ്ങളെ വിശ്വാസത്തിൽ രക്ഷിച്ചുകൊള്ളെണമെ

തിരുസഭെക്ക് എപ്പൊഴും പ്രകാശിതരും ഉത്സാഹികളും
ആയ ഉപദെഷ്ടാക്കളെ നല്കി അവൎക്കു വെലെക്കു വെണ്ടിയ
ധൈൎയ്യവും അറിവും പ്രാഗത്ഭ്യവും ശക്തിയും ഈകുക- ഞങ്ങ
ൾ എല്ലാവരും വിശ്വാസത്തിലും ദൈവപുത്രന്റെ പരിജ്ഞാന
ത്തിലും ഐക്യത്തൊടും തികഞ്ഞ പുരുഷത്വത്തൊടും ക്രിസ്തന്റെ
നിറവുള്ള പ്രായത്തിൻ അളവൊടും എത്തുവൊളം വിശുദ്ധ
ന്മാരുടെ യഥാസ്ഥാനത്തിന്നും ഈ ശുശ്രൂഷയുടെ വെലെക്കും
ക്രിസ്തശരീരത്തിന്റെ വീട്ടുവൎദ്ധനെക്കും വരുവാനും ആക്കിട്ടെ

വിശെഷിച്ചു മഹാ ദൈവവും കൎത്താവുമായു
ള്ളൊവെ ഞങ്ങളുടെ രാജ്ഞിയായവളെ അനുഗ്രഹിച്ചുകൊ
ൾക- അവൾക്കും മന്ത്രികൾക്കും വിശെഷാൽ ഈ രാജ്യത്തിൽ മുൽപ്പെ
ട്ടവൎക്കും വാഴുന്നവൎക്കും ക്രിസ്തീയജ്ഞാനത്തെയും പക്ഷപാത
മില്ലാതെ ന്യായം വിധിക്കുന്ന സൂക്ഷ്മബുദ്ധിയെയും ഈ നാട്ടുക
ളിൽ ദൊഷത്തെ നിറുത്തി നന്മയെ വൎദ്ധിപ്പിച്ചു ഭരിപ്പാൻ പ്രാ
പ്തിയെയും നല്കെണമെ — നിന്റെ കൃപയുടെ ബാഹുല്യപ്രകാ

രം ഞങ്ങൾക്ക് എല്ലാവൎക്കും ദിവസവൃത്തിക്കു തന്നും അവര
വരുടെ തൊഴിലും വ്യാപാരവും അനുഗ്രഹിച്ചും ഫലങ്ങളിൽ വി
ത്തയെ വിളയിച്ചും തത്സമയത്ത വെയിലും മഴയും അയച്ചും പുല
ൎത്തണമെ — ഞങ്ങടെ ദെശം കൂടെ നിന്റെ തെജസ്സുകൊണ്ടു നിറ
ഞ്ഞു ചമക്കുക — നീ ചെയ്ത നന്മകളെ ഞങ്ങൾ മറക്കാതെ ദരി
ദ്രരിലും സങ്കടപ്പെടുന്നവരിലും മനസ്സലിഞ്ഞു നീ കാണിച്ച ദയ
പൊലെ ഞങ്ങൾ കാണിച്ചും പ്രിയ പിതാവെ നീ കനിവുള്ള
വൻ ആകുംപ്രകാരം കനിവുള്ളവരായും വരുമാറാക —

വിലയെറിയ സമാധാനത്തെ ഞങ്ങളിൽ കാത്തുകൊ
ള്ളു — വിവാഹസ്ഥന്മാൎക്കു ഒക്കയും ഐക്യവും അലംഭാവവും —
അമ്മയച്ഛന്മാൎക്കു പ്രവൃത്തിയിൽ ഫലസിദ്ധിയും മക്കളെ വള
ൎത്തുന്നതിൽ ജ്ഞാനവും ഭാഗ്യവും എകെണമെ — കുട്ടികൾ മന
സ്സൊടെ അനുസരിച്ചും പിതാക്കളെ ഭയപ്പെട്ടും സ്നെഹിച്ചും വളരു
വാൻ വരം കൊടുക്ക — പണിക്കാരെ ശുദ്ധമനസ്സാക്ഷിയിൽ നി
ന്നു സെവിപ്പാറാക്കുക — യജമാനന്മാരെ തങ്ങൾക്കും സ്വൎഗ്ഗത്തി
ൽ യജമാനൻ ഉണ്ടെന്നു വിചാരിപ്പിക്ക — എല്ലാമനുഷ്യരിലും
കടാക്ഷിച്ചും കൊള്ളണമെ — വഴി തെറ്റി ഉഴലുന്നവരെ നെ
രെയുള്ള മാൎഗ്ഗത്തിലാക്കുക — ശത്രുക്കൾ തമ്മിൽ നിരപ്പുവരുത്തുക — ദുഃ
ഖിതന്മാരെ ആശ്വസിപ്പിക്ക — എളിയവരെ പൊററുക — വിധവ
മാരെയും അനാഥരെയും പുലൎത്തുക — നിരാധാരന്മാരെ താങ്ങുക —
രൊഗികൾക്കു ചികിത്സകനും ചാകുന്നവൎക്കു ശരണവും ആയ്ചമക
ക്കുക. ഞങ്ങളെ നിത്യസന്തൊഷത്തിന്റെ രാജ്യത്തിൽ എററു
കൊള്ളെണ്ടതു അവിടെ നിന്റെ മക്കളുടെ സകല കാൎയ്യങ്ങളു
ടെക്കായും ഹൃദയങ്ങളിലെ ആഗ്രഹംകൊണ്ടും നിവൃത്തിക്കായും ചെയ്തു
മല്ലൊ — ഞങ്ങൾ യാചിക്കുന്നത് എല്ലാറെറയും യാചിക്കുന്നതിന്നു മി
തെയും പ്രിയപുത്രനായ യെശുക്രിസ്തൻ നിമിത്തം കനിഞ്ഞ് ത

രക്ഷിക്കേണമെ — ആമെൻ. **W**

[പിന്നെ കർത്തൃപ്രാർത്ഥന ചൊല്ലുമ്പോൾ സഭക്കാർ ഒരൊരൊ
രാണ്ടപെക്ഷയെ കേട്ട് ആവർത്തിച്ചു പറക —

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ — നിന്റെ നാമം വിശുദ്ധീ
കരിക്കപ്പെടെണമെ — നിന്റെ രാജ്യം വരെണമെ — നിന്റെ ഇ
ഷ്ടം സ്വർഗ്ഗത്തിലെ പൊലെ ഭൂമിയിലും നടക്കേണമെ — ഞങ്ങൾക്ക്
വെണ്ടുന്ന അപ്പം ഇന്നു തരെണമെ — ഞങ്ങളുടെ കടക്കാൎക്കു
ഞങ്ങളും വിടുന്നതു പൊലെ ഞങ്ങളുടെ കടങ്ങളെ വിട്ടുതരെണ
മെ — ഞങ്ങളെ പരീക്ഷയിൽ കടത്താതെ — ദൊഷത്തിൽ നിന്നു
ഞങ്ങളെ ഉദ്ധരിക്കേണമെ — രാജ്യവും ശക്തിയും മഹത്വവും
യുഗാദികളിലും നിനക്കല്ലൊ ആകുന്നു ആമെൻ —

ഒരു ശ്ലോകം പാടിയ ശെഷം അതതു ദിവസത്തി
ന്നുള്ള വെദപാഠങ്ങളെ വായിക്കാവൂ ([illegible])
പിന്നെ ഒരു പാട്ടു പാടുക — ശെഷം പ്രസംഗിക്ക — അതി
ന്റെ ആരംഭത്തിലും അവസാനത്തിലും മനസ്സു മുട്ടുമ്പൊ
ലെ പ്രാർത്ഥിക്ക — അനന്തരം ഒരു ശ്ലോകം പാടിച്ചു
തീർന്നാൽ തിരുമെത്താഴം വിവാഹം മുതലായതിനെ സം
ബന്ധിച്ചുള്ള പരസ്യങ്ങളെ അറിയിക്ക — ഒടുക്കം ഒർ p. 137 / 154
ആശീർവചനം ചൊല്ലുക]

ആശീർവചനങ്ങൾ

൧. യഹോവ നിങ്ങളെ അനുഗ്രഹിച്ചു കാക്കുക — യഹോവ തിരുമു
ഖത്തെ നിങ്ങളിലെക്ക് പ്രകാശിപ്പിച്ചു കരുണ ചെയ്ക — യഹൊ
വ തിരുമുഖത്തെ നിങ്ങളുടെ മെൽ ആക്കി നിങ്ങൾക്കു സമാ
ധാനം ഉണ്ടാക്കുക — (൪ മൊ. ൬) ആമെൻ —

൨. എല്ലാ ബുദ്ധിയെയും കടക്കുന്ന ദൈവസമാധാനം നിങ്ങളു

ടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയെശുവിങ്ക
ൽ കാക്കക (ഫിലി. ൪) ആമെൻ-

൩. സമാധാനത്തിന്റെ ദൈവമായവൻ തന്നെ നിങ്ങളെ
ഉ അശെഷം വിശുദ്ധീകരിക്ക നിങ്ങളുടെ ആത്മാവും ദെ
ഹിയും ദെഹവും നമ്മുടെ കൎത്താവായ യെശു ക്രിസ്തുവിന്റെ
പ്രത്യക്ഷതയിൽ അനിന്ദ്യമായി കാക്കപ്പെടാക-
(൧ തെസ്സ. ൫) ആമെൻ

൪. എന്നാൽ നമ്മെ കുറയ കഷ്ടപ്പെട്ടശെഷം യെശു
ക്രിസ്തുവിൽ തന്റെ നിത്യതെജസ്സിലെക്ക് വിളിച്ചവ
നായി സൎവ്വകൃപാവരമുടയ ദൈവം താൻ നിങ്ങളെ
യഥാസ്ഥാനത്തിലാക്കി ഉറപ്പിച്ചു ശക്തീകരിച്ചു അടി
സ്ഥാനപ്പെടുത്തുകയും ആം— അവന്നു തെജസ്സും ബല
വും യുഗാദിയുഗങ്ങളിൽ ഉണ്ടാവുമാറാക— ആമെൻ (൧
പെ. ൫)

൫. എന്നാൽ ചൊദിക്കുന്നതിലും നിനെക്കുന്നതിലും അത്യ
ന്തം പരമായി ചെയ്വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തി
പ്രകാരം കഴിയുന്നവന്നു- സഭയകത്തു യുഗാദികാലത്തി
ലെ സകല തലമുറകളോളവും ക്രിസ്തുയെശുവിങ്കൽ തെ
ജസ്സുണ്ടാവുമാറാക- ആമെൻ (എഫെ. ൩)

II കൎത്താവിൻ ആഴ്ചെക്ക്

ഉച്ചയിൽ പിന്നെയുള്ള പ്രാൎത്ഥന

[ഒരു വന്ദനം ചൊല്ലിയശെഷം ഒരു ശ്ലൊകത്തെ പാടു
ക– പിന്നെ A. അക്കത്തിലെ പ്രാൎത്ഥനകളാൽ ഒന്ന് p. 24
എങ്കിലും ഇവിടെ കാണുന്നത് എങ്കിലും പ്രാൎത്ഥിക്ക]

സ്വൎഗ്ഗസ്ഥനായ പിതാവെ– നീ ക്രിസ്തീയവിളികൊണ്ടു ഞങ്ങളെ വിളിച്ചതിനാലും രാജ്യപുത്രരാക്കി തിരുമുമ്പിൽ വീണ്ടും വരുവാൻ അനുവദിക്കുന്നതിനാലും ഞങ്ങൾ സ്തൊത്രം ചൊല്ലുന്നു– കൎത്താവെ നീ വിശുദ്ധനും കരുണാസമ്പന്നനും അത്രെ– ഞങ്ങളൊ ഈ വിളിയുടെ വലിപ്പത്തെയും ധന്യതയെയും കൃതഘ്നരായി വിചാരിക്കായ്കയാൽ ലംഘിച്ചിരിക്കുന്നു– അയ്യൊ ഞങ്ങൾ വിശുദ്ധാത്മാവിന്റെ ദിവ്യവ്യാപാരങ്ങളൊട് എത്രവട്ടം മറുത്തു– തിരുവചനത്തിന്റെ വിത്ത് എത്രവട്ടം പ്രപഞ്ചമൊഹം ജഡചിന്ത അവിശ്വാസം ഈ മുള്ളുകളിൽ അകപ്പെട്ടു ഞെരുങ്ങി മുടിഞ്ഞു പൊയി– ശ്രീരക്ഷിതാവെ ഞങ്ങളുടെ കൃതഘ്നതെക്കു യൊഗ്യമായ ശിക്ഷയെ വിധിക്കല്ലെ– നിന്റെ സത്യത്തിൻ വെളിച്ചത്തെ ഇവിടെനിന്നു നീക്കരുതെ– നിന്റെ കരുണാരാജ്യത്തിന്നു ഇങ്ങു മാററം വരുത്തരുതെ– ദയയുള്ള ദൈവമെ ശ്രീപുത്രന്റെ രക്തംകൊണ്ടു ഞങ്ങളുടെ സകല അധൎമ്മങ്ങളെയും മാച്ചുകളയെണമെ– ഞങ്ങളിൽ കടന്നു വിശുദ്ധവചനത്തെയും ചൊല്ലുകളെയും ഇനിയും കൂട്ടില്ലാതെ നിൎമ്മലമായി ഈ സഭയിൽ കാത്തു നടത്തുക– പുതിയഹൃദയത്തെ ഞങ്ങളിൽ സൃഷ്ടിക്ക– നിന്നെ സ്തുതിച്ചും കനിവിൻ സമൃദ്ധിയെ അപെക്ഷിച്ചും കൊണ്ടു തിരുവചനത്തിൻ ശക്തിയാൽ പ്രകാശവും വിശുദ്ധിയും ക്രിസ്തീയവന്റെ നി

ശ്വാസവും നിറഞ്ഞു വഴിയുന്നതിൽ അനുഗ്രഹം ജനിപ്പിക്ക——ഇ
ങ്ങനെ സംഭവിക്കുന്നതിന്നു നിന്റെ ഹൃദയപ്രകാരമുള്ള ബോ
ധകരെയും ഇടയന്മാരെയും തിരുസഭെക്ക കൊടുത്തരുളുക—ഒ
രൊരൊ ജാതികളിൽ നിന്റെ ആത്മമുഖെന വാഴുക—പള്ളികളി
ൽ കെള്പ്പിക്കുന്നവരെയും പഠിക്കുന്നവരെയും അനുഗ്രഹിക്ക—എല്ലാ
ക്രിസ്തിയ അധികാരങ്ങൾക്കും ജ്ഞാനവും പ്രാപ്തിയും നല്കി അവർ
കല്പിക്കുന്നതും നടത്തുന്നതും ഒക്കെയും നിന്റെ ബഹുമാനത്തിന്നും
തിരുസഭയുടെ പരിപാലനത്തിന്നും വളൎച്ചെക്കും സത്യവിശ്വാ
സവും ശുദ്ധനടപ്പും എങ്ങും വ്യാപിക്കുന്നതിന്നും അനുകൂലമാക്കി തീരു
മാറാകെണമെ——ഈ രാജ്യത്തെ മുഴുവൻ കടാക്ഷിക്കയാ
വു—നിന്റെ ജനത്തെ ആദരിച്ചു കൊണ്ടു തിരുവവകാശത്തിന്റെ
ശെഷിപ്പു നശിച്ചു പൊകാതവണ്ണം രക്ഷിക്കെണമെ—തിരു
സഭയൊട്ടു കലഹിച്ചു വരുന്ന സകല ഉപായത്തെയും സാഹസ
ത്തെയും ഇല്ലാതാക്കുക—നിൻതിരുനാമത്തെ ഏറ്റുപറഞ്ഞിട്ട ഉപ
ദ്രവപ്പെട്ടും ഞെരുങ്ങിച്ചും പൊകുന്നവരെ ബലപ്പെടുത്തി ഉദ്ധരിക്ക—ഭൂ
മിയിൽ മനുഷ്യർ വസിപ്പെടത്തൊളം നിന്റെ സുവിശെഷവെ
ളിച്ചത്തെ സകലഹൃദയങ്ങളിലും പ്രകാശിപ്പിച്ചു ദുഃഖിതർ അനാ
ഥർ രൊഗികൾ ദരിദ്രർ മുതലായവരുടെ സങ്കടത്തെ അശ്ശനാ
ഷിട്ടു കരുണകൊണ്ടു വിചാരിക്ക—ഭൂമിയുടെ ഫലങ്ങളെയും കാത്തു
കാക്ക—ഇഹജീവനത്തിന്റെ ആവശ്യവും ആശ്വാസവും സംബ
ന്ധിച്ചുള്ളത ഒക്കെയും ദിവ്യവരങ്ങളുടെ നിറവിൽ നിന്ന് ഇറക്കി
പൊരുതകല്ലാതെ—ഒടുക്കം ഈ അനിഷ്ടതയുടെ താഴ്വരയിൽ
നിന്നു നിന്റെ നിത്യസ്ഥാനത്തിൽ പ്രവെശിപ്പിച്ചു ഞങ്ങ
ളുടെ കർത്താവായ യെശുക്രിസ്തൻമൂലം എന്നെക്കും രക്ഷി
ക്കെണമെ—ആമെൻ— **W. Sfh**

അപ്ലെഷത്തിൽ

സൎവ്വശക്തിയുള്ള ദൈവവും ഞങ്ങളുടെ കൎത്താവായ യെശുക്രിസ്തു
ന്റെ പിതാവും സ്വൎഗ്ഗങ്ങളിലും ഭൂമിയിലും ഉള്ള കുഡുംബത്തിന്
ഒക്കെയും പെർ വരുവാൻ ഹെതുവുമായുള്ളൊവെ — ഞങ്ങൾ
തിരുമുഖത്തിൻ മുമ്പിൽ നിന്നു ഹൃദയങ്ങളുടെ സ്തോത്ര ബലിക
ളെ കഴിക്കുന്നു —

നിന്റെ സാദൃശ്യത്തിൽ ഞങ്ങളെ സൃഷ്ടിച്ചു ചെറുപ്പം മുത
ൽ ഇന്നെവരെ യാതൊരു പുണ്യവും യൊഗ്യതയും ഇല്ലാത്തവരായ
ഞങ്ങളെ ആത്മാവിലും ശരീരത്തിലും ഉള്ള നന്മകളെ കൊണ്ട
അനുഗ്രഹിച്ചതിനാൽ പിതാവെ ഞങ്ങൾ സ്തുതിക്കുന്നു — വിശെ
ഷാൽ നീ മനമഴഞ്ഞു അരിഷ്ട പാപികളെ കനിഞ്ഞു കൊണ്ടു
പ്രിയ പുത്രനായ യെശുക്രിസ്തുനെ ഞങ്ങൾക്കു സമ്മാനിച്ചയക്കയാലും —
— ഇന്നും വിശ്വാസികളുടെ ഹൃദയങ്ങളിൽ നിന്റെ വിശുദ്ധാത്മാ
വിനെ അയച്ചു പൊന്ന ആയതിൽ ആശ്വാസ സമാധാനങ്ങളെ
യും നിത്യജീവന്റെ പ്രത്യാശയെയും നിറെക്കുന്നതിനാലും ഞങ്ങ
ൾ നിന്നെ വാഴ്ത്തുന്നു — ഞങ്ങളുടെ ദൈവമായ കൎത്താവെ ഈ സകല
കൃപകൾ നിമിത്തവും ഇങ്ങെ സ്തോത്ര ബലികളെ പ്രസാദിച്ചു പ
രിഗ്രഹിക്കെണമെ —

ഇനി ഞങ്ങൾ അപെക്ഷിക്കുന്നിതു — നിന്നെ അറിയാത്ത
നിൎഭയരായ പാപികളെ നിന്റെ വചനത്തിന്റെ ഒച്ചയെ കെൾപ്പിച്ചു
ണൎത്തി സൎവ്വസഭയിലും നിന്റെ ജീവിപ്പിക്കുന്ന ആത്മാവെ പകരെ
ണമെ — മരണത്തിന്റെ നിഴലിൽ ഇരിക്കുന്ന സകല ജാതിക
ളിലും മനസ്സലിഞ്ഞു നിന്റെ വെളിച്ചത്തെയും സത്യത്തെയും അയ
ക്കുക — എല്ലാ രാജ്യങ്ങളിലും സുവിശെഷ ദൂതന്മാരെ പാലിച്ചു അവ
ൎക്കു വെലെക്കു വെണ്ടുന്ന ജ്ഞാനവും ശക്തിയും ക്ഷാന്തിയും ന
ൽകെണമെ —

യെശുക്രിസ്തുവിന്റെ പിതാവെ സാധാരണ സഭയുടെ ഗ്ര

ഹത്തെ ഒക്കയും ഞങ്ങൾ നിങ്കൽ സമൎപ്പിച്ചുവിടുന്നു — ക്രിസ്തീ
യാനിഅധികാരങ്ങളെയും ഞങ്ങൾ ഓൎമ്മപ്പെടുത്തുന്നു — അവർ
തിരുമനസ്സിൻ പ്രകാരം നാടുകളെ ഭരിപ്പാനായി അവരെ നി
ന്റെ ആത്മാവിനാൽ നടത്തുക — തിരുവചനത്തിന്നു വിശ്വസ്ത ശു
ശ്രൂഷക്കാരെ ഉയിൎപ്പിച്ചു അവരെ തന്റെവെല്ലു നിന്റെ മാ
നത്തെയും ആട്ടിൻകൂട്ടത്തിന്റെ രക്ഷയെയും അന്വേഷിപ്പാറാ
ക്കുക — വിവാഹസ്ഥന്മാർ സ്നേഹത്തോടും ദൈവഭക്തിയോടും
ചെരുന്നവരാക്കയും സമ്മാനിച്ചു പിതാക്കൾ കുട്ടികളെ നിന്റെ ഭ
യത്തിൽ വളൎത്തുവാനും മക്കൾ നന്ദിയോരായി അനുസരിച്ചുന
ടക്കുവാനും അനുഗ്രഹിച്ചുകൊള്ളെണമെ — സൌഖ്യവും സമൃദ്ധി
യും വരുന്ന വെയിലും മഴയും നിലത്തിൻ ഫലങ്ങളെ വിളയി
ച്ചു മഹാവ്യാധി യുദ്ധം മുതലായ ബാധകളെ ഒഴിച്ചു നീക്കേ
ണമെ — രോഗികൾ പീഡിതർ അനാഥകൾ ദരിദ്രർ വിധവമാർ
ആദിയായവർ ആശ്വാസിക്കുമെല്ലാം നിന്റെ സഹായവും ഉറപ്പുള്ള ആ
ധാരവും മരിക്കുന്നവൎക്കുള്ള ആശ്വാസവും ആപത്തിലും സകല ദുഃഖ
ങ്ങളിലും ധൈൎയ്യമുള്ള അരുളി വരുത്തുക — നിന്റെ പ്രജകളെ
ഉപദ്രവിച്ചുപദ്രവിക്കുന്ന സാഹസങ്ങളെ എല്ലാരും നീക്കുക സ
ദൃശ്യ ശത്രുക്കളും നിഴലും ആകയുമൊളുക — ഞങ്ങൾക്കും സന്താ
നങ്ങൾക്കും വരുവാനിരിക്കുന്ന സമയത്തിലും നിന്റെ സുവിശേഷ സത്യ
ത്തെയും ദിവ്യസമാധാനത്തെയും രക്ഷിച്ചു ആത്മസമാധാന പ്ര
ഭവമാക യേശുക്രിസ്തുൻ എന്നനിന്റെ പ്രിയപുത്രനും ഞങ്ങളു
ടെ കൎത്താവും ആയവനെ കൊണ്ടു ഞങ്ങളെ കേട്ടരുളേണമെ-
— ആമെൻ. W. bs.

[അതിന്റെശെഷം വെദപാഠം വായിച്ചുപാട്ടുപാ
ടിച്ചു അനന്തരം മനസ്സുമുട്ടും പോലെ പ്രാൎത്ഥിച്ചു പ്ര
സംഗിക്ക — ഒടുക്കം ഹൃദയത്തിൽ നിന്നു പ്രാൎത്ഥിച്ചു ക

ഈ പ്രാൎത്ഥന ചൊല്ലി ചൊല്ലിച്ചു ഒരു ശ്ലോകം പാടിച്ചു.
ശിഷ്യൎക്ക് ആശീൎവ്വാദം ഒന്നിനെ കേൾക്കുക] p.13

III ബാലൊപദെശം

ഞായറാഴ്ച തോറും ബാലൊപദെശം എന്ന ആരാ
ധനക്കൊണ്ടോട്ടുകൂ— ഒരുവന്ദനം ചൊല്ലി പാട്ടുപാടി
ച്ചശെഷം ഈ പ്രാൎത്ഥനയെ പ്രാൎത്ഥിക്ക-

ഞങ്ങളുടെ കൎത്താവായ യെശുക്രിസ്തുവെ വലിയ പ്രവാചകനും
അല്പമതികളുടെ ഉപദെഷ്ടാവും ആകുന്നുള്ളവെ— നീയും ബാ
ല്യത്തിങ്കൽ പന്ത്രണ്ടു വയസ്സായപ്പൊൾ ഗുരുക്കന്മാരുടെ നടുവി
ൽ ഇരുന്ന അവൎക്കു ചെവികൊടുക്കയും അവരൊടു ചൊദിക്ക
യും ചെയ്തുവല്ലൊ— ഞങ്ങൾ ഇവിടെ കൂടി വന്നിരിക്കുന്നതു ദൈ
വഭക്തിയുടെ ഉപദെശത്തെയും രക്ഷാകരമായ ക്രിസ്തുമതത്തി
ന്റെ സാരാംശങ്ങളെയും കെൾപ്പാൻ മാത്രമല്ല— ചൊദ്യങ്ങൾക്കു ഉത്ത
രം പറവാനും നിന്റെ ജ്ഞാനത്തിൽ വൎദ്ധിച്ചിട്ടു വൎദ്ധനല
ഭിപ്പാനും ആകുന്നു— ഇതിനായിട്ടു നിന്റെ വിശുദ്ധാത്മാവി
ന്റെ കരുണ നല്കെണമെ— നിന്റെ ധൎമ്മൊപദെശത്തിലെ അതി
ശയങ്ങളെ കാണെണ്ടതിന്നു ഞങ്ങളുടെ കണ്ണുകളെയും ഹൃദയ
ങ്ങളെയും തുറക്കെണമെ— നിന്റെ വിശുദ്ധവചനത്തെ മെല്ലെ
മെൽ അധികം ഗ്രഹിക്കെണ്ടതിന്നു ഞങ്ങളുടെ ബുദ്ധികളെ തുറ
ന്നരുളെണമെ— ഇപ്രകാരം ഞങ്ങൾ കൎത്താവായ യെശുവെ നീ മൂല
ക്കല്ലാകുന്ന ആലയത്തിൽ അപൊസ്തല പ്രവാചകന്മാരുടെ അടി
സ്ഥാനത്തിന്മെൽ കെട്ടപ്പെട്ടു വളൎന്നു പിശാചിന്റെയും ലൊകത്തി
ന്റെയും സകല പരീക്ഷകൾക്കും തെറ്റി ജയം കൊണ്ടു ക്രമേണ ആത്മാക്ക
ളുടെ രക്ഷയാകുന്ന വിശ്വാസത്തിന്റെ ലാക്കിൽ എത്തെണ്ടതി
ന്നു കരുണ ചെയ്തു പരിപാലിക്കെണമെ— ആമെൻ— W

അല്ലെങ്കിൽ

കനിവേറിയവനും ഏകജ്ഞാനിയുമായ പിതാവും ദൈവവുമാ
യുള്ളോവെ — ഞങ്ങൾ പാപത്തിലും അറിയായ്മയിലും ഇരിക്കയാൽ
ഏകദൈവമായ നിന്നെയും നീ ലോകത്തിൽ അയച്ച യെശുക്രിസ്തു
നെയും അറിയുന്നതിൽ നിത്യജീവൻ ഉണ്ടായിരിക്കുന്നു എങ്കി
ലും — രണ്ടും ബോധിപ്പാൻ ഞങ്ങളാൽ കഴിയാതിരിക്കെ — ഒരു ബാ
ലൻ ഈ കാര്യത്തിനെ തീട്ട് എങ്ങിനെ — ചെറുപ്പംമുതൽ നിന്നോ
ടു ചേരുവാൻ തന്റെ ഓട്ടത്തെ ദോഷമകറ്റി ക്രമത്തിലാക്കു
ന്നത് എങ്ങിനെ — നിന്റെ വചനത്തെ സൂക്ഷിക്കുന്നതിനാലല്ലോ —
ആയതത്രെ ഞങ്ങളുടെ കാലുകൾക്കു ദീപ[വും മാർഗ്ഗത്തിങ്കൽ വെളിച്ചവും ആകുന്നു — അതുകൊണ്ടു] ~~[illegible]~~ ഞങ്ങ
ൾ ഈ ഭൂമിമേൽ പരദേശികളും അതിഥികളും ആയിക്കിടന്നിരി
ക്കുവോളം തിരുവചനം ഞങ്ങളിൽനിന്നു മറെക്കരുതെ — ജ്ഞാ
നത്തിന്റെ ആത്മാവെ തന്നു ഞങ്ങൾ നിന്റെ പരമാർത്ഥത്തെ
ശുമാക്കി ഗ്രഹിക്കേണ്ടതിന്നു ഉള്ളങ്ങളെ പ്രകാശിപ്പിക്കേണമെ —
സത്യത്തെ ഗ്രഹിച്ച പ്രകാരം ഞങ്ങൾ ഒഴുകിച്ചും നിന്റെ സന്നി
ധിയിൽ പ്രസാദം വരുത്തിടേണം കൊള്ളേണ്ടതിന്നു ഹൃദയങ്ങ
ളെ പുതുക്കുകയും ചെയ്ക — ഇതു ഒക്കെയും ഞങ്ങൾ യാചിക്കുന്നതു പിതാവെ
വോടു ചേരുവാൻ ഏക വഴിയും സത്യവും ജീവനും ആയിരിക്കുന്ന യെ
ശുക്രിസ്തൻ എന്ന കർത്താവിമൂലമത്രെ — ആയവന്റെ നാമത്തിൽ ഞ
ങ്ങൾ ഇനിയും വിളിച്ചപേക്ഷിക്കുന്നു — സ്വർഗ്ഗസ്ഥനായ Sfh
p. 13

[പിന്നെ ചോദ്യോത്തരത്താലെ ഉപദേശവും അനന്ത
രം ഹൃദയപ്രാർത്ഥനയും ചെയ്ക — പാടി ശേഷം ആശീർവ്വച
നവും ചൊല്ലേണ്ടു — പൈതൽ കുട്ടികൾ ഉള്ള സ്ഥലത്തിൽ
ഹൃദയപ്രാർത്ഥനെക്കു പകരം ഇതിനെയും

വാക്കിത്താം.

ഞങ്ങളുടെ കർത്താവായ യഹോവെ നിന്റെ പ്രതാപത്തൊ

ങ്ങളിന്മെൽ ഇതുവരെ - നിൻ നാമം ഭൂമിയിൽ ഒക്കെയും എത്രെ ഉ
ന്നതമായിരിക്കുന്നു - ശിശുക്കളുടെയും മുലകുടിക്കുന്നവരുടെയും വായിൽ
നിന്നു നീ നിനക്ക് ബലത്തെയും സ്തോത്രത്തെയും നിശ്ചയിച്ചു ഞങ്ങളെ
ഉം നീ എത്രെ വാത്സല്യത്തൊടെ വിളിച്ചു ക്ഷണിച്ചിരിക്കുന്നു - എൻ മക
നെ എന്റെ വെദധർമ്മത്തെ മറക്കാതെ നിന്റെ ഹൃദയം എൻ കല്പനക
ളെ സൂക്ഷിക്കാവു - അവ ദീർഘനാളുകളും ജീവന്റെ ആണ്ടുകളും സമാ
ധാനവും നിനക്കു കൂട്ടിവെക്കും - അവയെ കഴുത്തിൽ കെട്ടിക്കൊ
ൾക ഹൃദയപലകമെലും എഴുതുക - എന്നാൽ ദൈവത്തിന്റെയും
മനുഷ്യരുടെയും കണ്ണുകളിൽ കരുണെയും ഭാഗ്യസിദ്ധിയും കണ്ടെ
ത്തും - എന്നതല്ലാതെ നിന്റെ ഏകനാഥനായ യെശുക്രിസ്തൻ
പൈതങ്ങളെ തനിക്കു കൊണ്ടുവരുവാൻ എത്രെ താല്പര്യത്തൊടെ
ചൊദിച്ചും ഇപ്രകാരമുള്ളവർക്കു ദൈവരാജ്യം ഉണ്ടെന്നു ചൊല്ലി
അനുഗ്രഹിച്ചും ഇരിക്കുന്നു - നീ ചെറുപ്പത്തിൽ ഞങ്ങളെയും ആ
കർഷിച്ചു വിശുദ്ധ സ്നാനത്താൽ ദൈവപുത്രത്വത്തിൻ വാഗ്ദത്തം തന്ന
ത് ഒഴികെ - നീ വെളിപ്പെടുത്തിയ ദിവ്യവചനങ്ങളാകുന്ന കുറ്റമില്ലാത
പാലു കൊണ്ടു നിത്യം പുലർത്തി വിശുദ്ധ സഭൊദരത്തിൽ നടത്തിവരുന്ന
തു കൊണ്ടു ഞങ്ങൾ ഹൃദയത്തിൽ നിന്നു സ്തുതിക്കുന്നു - - ഇനി
ഞങ്ങൾ ഏററവും ചെറിയ കൊളുന്തിനു - ഞങ്ങൾ വളരുന്തൊറും
ആത്മാവിൽ ശക്തിപ്പെട്ടു വർദ്ധിക്കയാവു - വിശെഷാൽ ദൈവമായ
പിതാവെ നിന്നൊടും നിന്നെ സെവിക്കുന്ന സകല മനുഷ്യരൊടും
ഞങ്ങൾ പ്രസാദം വരുത്തി കരുണയിൽ വളരുമാറാക - ഇപ്രകാരം
നിന്നെ അറിഞ്ഞും സെവിച്ചും നിന്നാൽ ജീവിച്ചും പൊരുന്ന ശ്ലാഘി
ച്ചിച്ചു വർദ്ധിക്കയും ഞങ്ങളുടെ കർത്താവും രക്ഷിതാവും ആയ യെശു
ക്രിസ്തുമൂലം അവന്റെ വഴിയായി വരെ നില്ക്കയും ചെയ്യുമാറാക -
ആമെൻ. S.f.h.

അല്ലെങ്കിൽ

കരുണയുള്ള ദൈവമായ പിതാവെ നീ ഞങ്ങൾക്കു വീണ്ടും രക്ഷാമാ
ൎഗ്ഗത്തെ ഗ്രഹിപ്പിച്ചു തന്നതുകൊണ്ടു ഞങ്ങൾ സ്തോത്രം ചൊല്ലുന്നു- കെ
ട്ട വചനത്തിന്മെൽ നിന്റെ അനുഗ്രഹം വെക്കുക- വലിയവരും
ചെറിയവരും എല്ലാരും അതിനെ നല്ല ഹൃദയത്തൊടെ സൂക്ഷിപ്പാ
ൻസംഗതിവരുത്തെണമെ- നിന്റെ വചനവും ആത്മാവും ഞങ്ങ
ളിൽ നിന്നും മക്കളിൽ നിന്നും മാറിപൊകയില്ല എന്നുള്ള വാഗ്ദത്ത
ത്തിന്നു നിവൃത്തി വരുത്തുക- തിരുവചനത്തെ കാത്തുകൊണ്ടല്ലാ
തെ നടപ്പു ശുദ്ധമാക്കുവാൻ കഴികയില്ല എന്നു ഞങ്ങളുടെ കുട്ടികൾക്കു
ചെറുപ്പത്തിൽ തന്നെ ഉപദെശിക്ക- അവർ ബാല്യത്തിലും തങ്ങളു
ടെ സ്രഷ്ടാവെ ഓൎക്കെണ്ടതിന്നും- അതിവിശുദ്ധ ബാലനായ യെശു
വിന്റെ മാതൃകപ്രകാരം പ്രായത്തിൽ വളരുന്തൊറും ജ്ഞാനത്തി
ലും ദൈവത്തൊടും മനുഷ്യരൊടും കൃപയിലും വൎദ്ധിക്കെണ്ടതിന്നും- ഇവരു
ക്കും ഇഹത്തിലും പരത്തിലും വിടാത്ത സൌഖ്യം സാധിക്കെണ്ടതിന്നും
കരുണ ചെയ്യെണമെ- പ്രിയപുത്രനായ യെശുക്രിസ്തുനെ വിചാ
രിച്ചു ഞങ്ങളെ കെൾക്കയാവു- ആമെൻ. W

A. a.

ഒരൊ ഞായറാഴ്ച പ്രാൎത്ഥനകൾ

൧.

ഞങ്ങളുടെ ദൈവമായ യഹൊവയെ നീ വെളിച്ചമാകുന്നു ഇരിട്ടു
നിങ്കൽ ഒട്ടും ഇല്ല — നിന്റെ ഏകജാതനായ പുത്രനെ ഈ ലൊകത്തി
ൽ അയച്ചത് അവനെ വിശ്വസിക്കുന്നവൻ ആരും ഇരിട്ടിൽ നട
ക്കാതെ ജീവന്റെ വെളിച്ചമുള്ളവനാകിരിക്കെണ്ടതിന്നത്രെ —
ഇന്നും കൂടെ നിന്റെ വെളിച്ചവും സത്യവും ഞങ്ങളെ നടത്താ
ന്തക്കവണ്ണം അയക്കുക — ഇന്നും ഞങ്ങളിൽ അറിയിക്കുന്ന നിന്റെ
വചനം ഞങ്ങളുടെ കാലുകൾക്ക ദീപവും വഴിക്കിൽ വെളിച്ചവും ആക്കുമ
ക — ആത്മാവിന്റെ ഹൃദയത്തിന്റെ അവസ്ഥ ഇന്നത് എന്നു ഞ
ങ്ങൾക്കു വെളിപ്പെടുത്തിതരിക — ഞങ്ങൾ ചതിക്കുന്ന മായയെ
അകറ്റുക — അഹംഭാവത്തെ ഇടിക്കുക ഞങ്ങളെ ഉയൎത്തുവാ
ൻ കഴികെയുണ്ടതിന്ന താഴ്ത്തി വെക്കുക — നല്ല ദാനങ്ങളും നിന
ക്കുവരങ്ങളും ഞങ്ങളിൽ നിറെച്ചും ആത്മാവും ഞങ്ങളിൽ വ
സിച്ചും കൊണ്ടു ഞങ്ങളെ ജഡത്തിലെയും ആത്മാവിലെയും
സകല കന്മഷത്തിൽ നിന്നും ഞങ്ങളെ വെടിപ്പാക്കെണമെ — ഞ
ങ്ങളെ നിന്റെ ദിവ്യപ്രതിമയാക്കി രൂപാന്തരപ്പെടുത്തി നിന്റെ
അത്യന്ത ജ്ഞാനത്തെ ഞങ്ങൾക്ക ഇപ്പൊൾ തന്നെ നിത്യജീവ
ന്റെ ഉറവാക്കിചമെക്കെണമെ — നിന്നക്കു വെളിപ്പെട്ടുള്ള
ഈ ആഴ്ചയെ സമൃദ്ധിയാക്കി അനുഗ്രഹിക്ക — ഇന്നു നിന്റെ വ
൨ ചനത്തെ വായിച്ചും കെട്ടും പ്രസംഗിച്ചും കൊള്ളുന്ന എല്ലാവരിലും
നിന്റെ ആത്മാവ് കൊണ്ടു ശക്തിയൊടെ പ്രവൃത്തിക്ക — നിന്റെവി
ലയെറിയ സുവിശെഷത്തെ നിന്ദിക്കുന്നവരൊട്ടും നീ ഓൎക്കും

ഷ്ഠിച്ചും കൊണ്ടു — ഞങ്ങളെ നിന്റെ നാമം വിശുദ്ധീകരിക്കപ്പെടുകയും
തിരു രാജ്യം പരന്നുവരികയും പല ആത്മാക്കളും നിത്യരക്ഷ സാധി
ക്കയും ആകേണമെ — സ്വൎഗ്ഗസ്ഥനായ പിതാവെ നിന്റെ പുത്രനും
ഞങ്ങളുടെ കൎത്താവും ആയ യേശുക്രിസ്തുനെ വിചാരിച്ചു ഞങ്ങളു
ടെ യാചനകളെ കേട്ടരുളേണമെ — ആമെൻ. W

൨

സ്വൎഗ്ഗസ്ഥ പിതാവായ ദൈവമെ — ഇന്നു നിന്റെ സ്വസ്ഥനാ
ളാകകൊണ്ടു ഞങ്ങൾ മുഴുമനസ്സോടും നിന്റെ വചനം കേട്ടും പ
ഠിച്ചും കൊണ്ട് ഈ ദിവസത്തെ വേണ്ടും വണ്ണം വിശുദ്ധീക
രിപ്പാനും നിന്റെ വചനത്താൽ ഞങ്ങൾ വിശുദ്ധീകരിക്കപ്പെടുവാ
നും നിന്റെ നല്ല ആത്മാവെ അയച്ചു ഞങ്ങളെ പ്രകാശിപ്പി
ച്ചു നടത്തേണമെ — നിന്റെ വചനത്തിന്നു ശുശ്രൂഷക്കാരായവർ
ക്കും യേശുക്രിസ്തുന്റെ സുവിശേഷത്തെ കുറവില്ലാതെ വെടിപ്പാ
യി അറിയിപ്പും തങ്ങളും അതിനാൽ ജീവിച്ചും ഇരിക്കേണ്ടതി
ന്നു വിശുദ്ധാത്മാവിന്റെ വെളിച്ചത്തെയും ശക്തിയെയും അവ
ൎക്കു നല്കേണമെ — ഈ ദിവസത്തിന്റെ അനുഗ്രഹങ്ങൾ എല്ലാ
വൎക്കും വിശേഷാൽ സങ്കടക്കാൎക്കും ഭാരം ചുമക്കുന്നവൎക്കും രോ
ഗികൾക്കും മരിക്കുന്നവൎക്കും വേണ്ടുവോളം അനുഭവമാക്കുമാറാകേണമെ —
ഞങ്ങൾ നിന്റെ പ്രിയ പുത്രനായ യേശുക്രിസ്തുനിൽ മുറ്റും ആശ്ര
യിച്ചും ആശ വെച്ചും കൊണ്ടു തിരുവചന പ്രകാരം നടപ്പാനും എല്ലാ
ഞായറാഴ്ചകളെയും ആചരിച്ചു ഞങ്ങളുടെ രക്ഷിതാവെ വി
ടാതെ പിഞ്ചെല്ലുവാനും പ്രയാണത്തിന്റെ ഒടുവിൽ നിന്റെ സ്വൎഗ്ഗീ
യ രാജ്യത്തിൽ പുക്കുവാനും നിന്റെ കരുണ ഇറക്കി തരേണ
മെ — ആമെൻ. W

൩

വിശ്വസിക്കുന്ന ഹൃദയങ്ങൾക്കെല്ലാം ശ്രേഷ്ഠ വിശ്രാമവും ഭാഗ്യ

സ്ഥാനവും ആകുന്ന ദൈവമെ - അത്യാവശ്യവും ഭാരം ഏറ
ങ്ങും നടക്കുന്നൊരെ ഒക്കെയും എന്റെ സർവ്വശക്തിയിൽ എ
ന്നാൽ നിങ്ങളുടെ ദൈവികമായ വിശ്രാമം കണ്ടെത്തും എന്നുള്ള
ത്ത നിന്റെ വാക്കാകുന്നുവല്ലൊ - അതുകൊണ്ട ഹൃദയത്തിന്
ഈ ലൊകത്തിൽ ഒരു തൃപ്തിയും കാണാത്ത ഞങ്ങൾ നിന്റെ
അടുക്കൽ ചെല്ലുന്നു — കർത്താവായ ദൈവമെ നിന്റെ ജീവ
നാലും കഷ്ട മരണങ്ങളാലും നീ ലൊകത്തെ രക്ഷിച്ചുവല്ലൊ -
ഞങ്ങളുടെ ദൈവികമായ നിന്റെ സ്നെഹത്തിലും ആശ്വാസത്തി
ലും സമാധാനത്തിലും സ്വസ്ഥതകൊണ്ടുമാറാകെണം എന്ന
ത്ത ഞങ്ങളുടെ യാചനതന്നെ - ഞങ്ങൾ നിന്നെ ഉള്ളവണ്ണം
അറിഞ്ഞും നിന്നെ മാത്രം വാഞ്ഛിച്ചും നിന്നിൽ ആശ്രയിച്ചും
സ്നെഹിച്ചും കൊണ്ടിരിപ്പാൻ സംഗതിവരുത്തുക — ഒടുക്കം നിരു
പമത്തൊടു സന്തൊഷങ്ങളുടെ തൃപ്തിയും നിൻ വലതുകയ്യാൽ എ
ന്നും ഭൊഗ്യങ്ങളും ഉള്ള നിത്യസ്വസ്ഥതയിലെക്ക പ്രവെശി
പ്പിക്കയാവു - ആമെൻ - W

൫.

നിത്യത്തൊളം ഞങ്ങൾക്കു രക്ഷയും ആശ്വാസവും ആകുന്ന
ദൈവവും പിതാവും ആയുള്ളൊവെ - വിശുദ്ധ ഭയത്തൊടെ
തിരുമുമ്പിൽ ആരാധിച്ചുകൊൾവാൻ ഞങ്ങൾ നിന്റെ കരുണ
യാലെ കൂടിവന്നിരിക്കുന്നു - ഞങ്ങൾ പൊടിയും ഭസ്മവും എ
ന്നിട്ടും നിന്നൊടു പറവാൻ തുനിഞ്ഞിരിക്കുന്നു — എന്റെ മുഖ
ത്ത അന്വെഷിപ്പിൻ എന്നു നീ കല്പിച്ചിരിക്കയാൽ ഞങ്ങൾ നി
ന്റെ മുഖത്തെ അന്വെഷിച്ചും നിന്റെ സത്യവചനത്തെ കു
കാപിച്ചും ഇരിക്കുന്നു — യഹൊവയെ നിന്നെ വാഴ്ത്തുന്ന ശബ്ദം കെ
ട്ടും നിന്റെ അതിശയങ്ങളെ ഒക്കെയും വർണ്ണിച്ചുംകൊണ്ടു നാ
നിന്റെ ഭവനത്തിലെ പാർപ്പു - നിന്റെ തെജസ്സിൻ വാസസ്ഥല

വും ഞങ്ങൾക്കു സ്നെഹിക്കുന്ന — ദൈവവും ഞങ്ങളുടെ കൎത്താവും
ആയ യെശുക്രിസ്തന്റെ പിതാവുമായുള്ളൊവെ നീ വാഴ്ത്തപ്പെ
ട്ടവനാക — സ്വൎഗ്ഗസ്ഥലങ്ങളിലെ സകല ആത്മിക അനുഗ്രഹങ്ങളാ
ലും നീ ഞങ്ങളെ ക്രിസ്തുവിൽ പണ്ടെ അനുഗ്രഹിച്ചുവന്നുവല്ലൊ—
അവനിലും അവമൂലവും ഇന്നും എന്നും അനുഗ്രഹിച്ചുപൊരെ
ണമെ — ഞങ്ങൾക്കു മിത്രവും സഹായക്കൂടെ അനുഗ്രഹമുള്ളവരാ
ക്കിതീൎക്ക — ഞങ്ങളെ സകല സത്യത്തിലും നടത്തെണ്ടതിന്നു നി
ന്റെ പരിശുദ്ധാത്മാവിനെ അയക്കുക — ഞങ്ങളെ വിശ്വാസത്തി
ൽ വെരൂന്നിപ്പാൻ കരുണാത്മാവെയും — നിന്റെ കൂട്ടായ്മയെ ഉറ
പ്പിപ്പാൻ പ്രാൎത്ഥനാത്മാവെയും നല്ല പൊരാട്ടത്തിന്നായി ബല
പ്പെടുത്തുവാൻ ശക്ത്യാത്മാവെയും — ഞങ്ങളുടെ ഹൃദയങ്ങളെയും
നിനവുകളെയും [illegible] ക്രിസ്തുയെശുവിങ്കൽ കാപ്പാ
ൻ പ്രത്യാശയുടെയും സമാധാനത്തിന്റെയും ആത്മാവെയും
ഇറക്കിത്തരെണമെ — ആമെൻ — W

൬.

സൎവ്വത്തിന്നും മീതെ സ്തുതിക്കപ്പെടുന്ന കൎത്താവെ നീ വിശുദ്ധലിഖി
തങ്ങളെ ഒക്കെയും എഴുതിച്ചതു ഞങ്ങളുടെ ഉപദെശത്തിന്നാകുന്നു
വല്ലൊ — അതിനെ ഞങ്ങൾ വായിച്ചും കെട്ടും ധ്യാനിച്ചും പഠിച്ചും ഹൃ
ദയങ്ങളിൽ സംഗ്രഹിച്ചും കൊള്ളുമാറാകെ — ആവതകൊണ്ടു ഞങ്ങ
ളും തിരുവചനത്തിന്റെ ആശ്വാസത്താലും ക്ഷമയാലും നിത്യ
ജീവന്റെ ഭാഗ്യമുള്ള ആശയെ കൈക്കൊണ്ടു വിടാതെ പിടി
ച്ചു കൊൾവാൻ കൃപ ചെയ്യെണമെ — ആയതിനെ ഞങ്ങളുടെ ക
ൎത്താവായ യെശുക്രിസ്തുമൂലം നീ സമ്മതിച്ചു തരുമല്ലൊ — ആ
മെൻ — C P.

൭.

ക്രിയ ദൈവമെ — പിശാചിന്റെ ക്രിയകളെ അഴിപ്പാനും ഞങ്ങ

ളെ നിന്റെ മക്കളും ഇത്രശ്ലീവന് അവകാശികളും ആകുവാനും
തന്നെ സത്യമായ നിന്റെ പുത്രൻ പ്രത്യക്ഷനാകുന്നവരെല്ലാ-
ഈ പ്രത്യാശയുണ്ടാക്കിട്ടുള്ള ഞങ്ങൾക്ക് ആയവൻ നിർമ്മലൻ ആകുമ
പോലെ ഉള്ളങ്ങളെ നിർമ്മലീകരിപ്പാൻ കരുണ ചെയ്യെണമെ-
-എന്നാൽ അവൻ ശക്തിയോടും മഹാതെജസ്സോടും തിരികെ
വന്നു വിളങ്ങുമ്പോൾ ഞങ്ങൾ അവനോടു സദൃശരായി അവ
ന്റെ നിത്യമുള്ള തെജോരാജ്യത്തിൽ കൂടെ ചെർന്നു സംഗ
തിവരികയാവൂ- ആയതിൽ അവൻ പിതാവെ നിന്നോടും
വിശുദ്ധാത്മാവെ നിന്നോടും കൂടെ ഏകദൈവമായി എന്നെക്കും
ജീവിച്ചും വാണും കൊണ്ടിരിക്കുന്നു- ആമെൻ C P

6., ഉത്സവപ്രാർത്ഥനകൾ

ആഗമനനാൾ

൧.,

നിത്യവും സർവ്വശക്തിയും ഉള്ള ദൈവമെ- കാലസമ്പൂർണ്ണത വന്നെ
ടത്തു നിന്റെ ഏകജാതനായ യെശുക്രിസ്തുവെ ഞങ്ങളുടെ ഇട
യിലെക്ക് ഇറങ്ങിവരുവാൻ നീ അയച്ചതു കൊണ്ടു ഞങ്ങൾ മ
നഃസ്തൃപ്തമായി സ്തുതിക്കുന്നു- ഇങ്ങനെ അവന് ജഡത്തിൽ വ
ന്നതു ഞങ്ങൾക്കു നിത്യാശ്വാസമായി ചമവാനും അവൻ ലൊക
ത്തിൽ ചൊരിഞ്ഞതു അഭിഷെകവാഗ്ദത്തങ്ങളായ ഞങ്ങളെ രക്ഷിക്കെ
ണ്ടതിന്നത്രെ എന്നു വിശ്വസിച്ചുറപ്പിപ്പാനും കരുണ ചെയ്യെ
ണമെ- വിശ്വസ്തനായ ദൈവമെ ഇന്നും കൂടെ അവൻ തിരു
വചനത്താലും വിശുദ്ധ ചൊല്ലുകളാലും ഞങ്ങളുടെ ഇടയിൽ വ
രുമാറാക- ഞങ്ങൾ നിന്റെ ശക്തിമൂലം • ഈ ഹൃദയങ്ങളെ ഒ
രുക്കി അവന്നു നിത്യവാസസ്ഥലമാക്കെണ്ടതിന്നു സംഗതിവരുത്തു

തെന്നുവു- അവൻ പിന്നെയും ഒട്ടുകാലത്തെ സങ്കടത്തിന്നായിവരു
വാനുള്ളതിനെ ഞങ്ങൾ വാഞ്ഛിക്കയും അവൻ ന്യായനിധിക്കാ
യി ഇരിക്കുമ്പോൾ സന്തോഷത്തോടെ ഏകീഭവിക്കയും നിത്യതേ
ജസ്സിന്റെ രാജ്യത്തിൽ അവനോടുകൂടെ പ്രവേശിക്കയും ചെ
യ്യുമെന്നതിന്നു ഞങ്ങളുടെ നിനവുകളെക്കും ചിന്തകളെക്കും ഉണ
ർത്തുമാറാകുമാറാകണമെ— നിത്യരാജാവായുള്ള നിണങ്ങും നി
ന്നോട്ടു ഒന്നിച്ചു സ്തുതിപ്പും വാണംകൊണ്ടിരിക്കുന്ന പുത്രൻ നമുക്കു
ണ്ടു ഇന്നുമുതൽ യുഗാദികാലത്തിലെ സകലതലമുറകളോളവും
സഭയായിരുന്നു തെളിഞ്ഞുണ്ടാകുമാറാകട്ടെ— ആമെൻ. W

൬൰

നിവും നിത്യസ്തുതിയും നിറഞ്ഞ ദൈവമെ— ഏകജ്ഞാനമായു
ള്ളതെ വഴികളിലെ നിതാന്തത്തിൽ വാഴുന്നതും ചെയ്യും നിന്നുടെ
പ്രവാചകരെ കൊണ്ടു മുന്നറിയിച്ചും കാല സമ്പൂർണ്ണത വന്നടു
ത്തപ്പോൾ അയച്ചും കൊണ്ടു നിന്റെ ഇഷ്ടത്തെയും ആലോ
ചനയെയും വെളിപ്പെടുത്തി ഭൂമിയിലെ സകല ജാതികളിലും
നിന്റെ നാമ മഹത്വത്തെ വരുത്തിവരുത്തിയത് കൊണ്ടും ഞ
ങ്ങൾ സ്തോത്രവും കൃതജ്ഞതയും ചൊല്ലുന്നു— അവനായി ഞങ്ങളും ഹൃ
ദയങ്ങളെ മനസ്സോടെ തുറന്നിട്ടു അവൻ ഇങ്ങു പ്രവേശിച്ചും വാ
ൻ സ്വർഗ്ഗത്തിൽ തിന്നു കൊണ്ടുവന്ന രക്ഷാകരദാനങ്ങളെല്ലാടും കൂടെ
ഞങ്ങളിൽ നിത്യം വസിച്ചും നില നിന്നും കൊണ്ടുള്ളതിനാൽ നിന്റെ
തിരുനാമത്തെ സമുന്നതീകരിപ്പാറാകണമെ— അവൻ തിരുവചനത്തി
ലും ആത്മാവിനാലും ഇടവിടാതെ ഞങ്ങളുടെ ഉള്ളങ്ങളോടു പറയു
കയും വചനങ്ങളുടെ അടിസ്ഥാനത്തെ ഞങ്ങളിൽ സംഘടിപ്പിക്കയും നി
ന്തിരുവചനങ്ങളെ നിത്യമായ് ഞങ്ങടെ ഹൃദയത്തിൽ ഞങ്ങളെ ചെയ്യിക്കയും ചെ
യ്യണമെ— നിന്റെ വിശ്വാസ്യതെക്കു തക്കവണ്ണം ഞങ്ങളുടെ
വസ്ത്രം വരെയും ഉറപ്പിച്ചു തന്നു ഞങ്ങളുടെ തൽസ്ഥാനവും

ക്രിസ്തുവിന്റെ നാമത്തിൽ കുറ്റം ക്ഷമിക്കപ്പെട്ടവരാക്കി തീർക്കേണമെ-
ആമെൻ- W

തിരുജനനനാൾ

സ്വർഗ്ഗസ്ഥപിതാവും കർത്താവുമായ ദൈവമെ- നീ അനാദിയായിട്ടു
നിന്റെ ഏകപുത്രനെ ഞങ്ങളുടെ രക്ഷക്കായി നിശ്ചയിച്ചു കാ
ലസമ്പൂർണ്ണതയിൽ മനുഷ്യനായി പിറപ്പിച്ചതുകൊണ്ടു ഞ
ങ്ങൾ ഹൃദയത്തിൽ നിന്നു സ്തുതിയും പുകഴ്ചയും ചൊല്ലുന്നു- നി
ന്റെ കരുണാധനം ഹേതുവായി നീ അവനെ ഈ ഞങ്ങൾക്കു
തിരുസമ്മാനിച്ചതു ഉപദ്രവമായ പിറപ്പിലെ കേടിന്നു ശുദ്ധിവ
ന്നിട്ടു ഞങ്ങൾ ധർമ്മത്തിന്റെ ശാപത്തിൽ നിന്നും പാപമരണങ്ങ
ളുടെ അധികാരത്തിൽ നിന്നും ഉദ്ധരിക്കപ്പെട്ടു നിന്റെ മക്കളും
സ്വർഗ്ഗരാജ്യത്തിന്റെ അവകാശികളും ആയ്തീരേണ്ടതിന്നു ശ്രേ-
ഷ്ഠതയുള്ള പിതാവെ നിന്റെ പ്രിയപുത്രന്റെ വിശുദ്ധമുള്ള അ
വതാരത്താൽ ഞങ്ങൾ എല്ലായ്പോഴും ആശ്വസിച്ചും ആനന്ദിച്ചും
കൊള്ളുവാൻ ദയ ചെയ്തു ഞങ്ങളെ ആരക്ഷിതാവിന്റെ അറിവിൽ
വർദ്ധനയും ഉറപ്പിക്കയും ചെയ്യേണ്ടു എന്നു അപേക്ഷിക്കുന്നു-
ആത്മാവിൽ നിന്നു ഞങ്ങൾ പിന്നെയും ജനിച്ചിട്ടു അനുസരണമുള്ള
മക്കളായി തീരേണം എന്നു ജീവിച്ചും സേവിച്ചും കൊണ്ടു ഒടുക്കം എ
ല്ലാ ദൂതന്മാരോടും തെരിഞ്ഞെടുത്ത കൂട്ടത്തോടും ഒന്നിച്ചു നിന്നെ
എന്നും സ്തുതിച്ചും പുകഴ്ത്തും പോരേണ്ടതിന്നു കൃപ ചെയ്യേണമെ-
ആമെൻ- W

൨

ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായി സർവ്വശക്തി
യുള്ള ദൈവമെ- നിന്റെ നാമത്തിന്നു എന്നും സ്തോത്രം ഭവിക്കു
മാറാക- നീ ഞങ്ങളോടു ദയവ ചെയ്യുവാൻ ഞങ്ങൾ അപേക്ഷിക്കുന്നു-

ഞങ്ങൾക്കെല്ലാ കൎത്താവാകുന്ന ക്രിസ്തൻ എന്ന രക്ഷിതാവ് ഇന്നു ജെനിച്ചിരിക്കുന്നു — ഇപ്രകാരം നീ ഞങ്ങളെ സ്നേഹിച്ചു പ്രിയപുത്രനെ ഞങ്ങൾ അവമൂലം ജീവിക്കേണ്ടതിന്നു ഇഹലോകത്തിൽ അയച്ചിരിക്കയാൽ ഞങ്ങൾ പൂൎണ്ണമനസ്സോടെ സ്തുതിക്കുന്നു — കൎത്താവായ യേശുവെ നിന്നക്കു സ്തോത്രവും നമസ്കാരവും ഉണ്ടാവൂതാക — ഞങ്ങൾ ദൈവപുത്രർ ആകേണ്ടതിന്നു നീ മനുഷ്യപുത്രനാകുന്നു — നിന്റെ ദാരിദ്ര്യത്താൽ ഞങ്ങൾ സമ്പന്നർ ആകേണ്ടതിന്നു നീ ദരിദ്രനാകുന്നു — നിന്നാൽ ഞങ്ങൾ ദൈവസാദൃശ്യമാക്കി പുതുക്കപ്പെടേണ്ടതിന്നു നീ ദാസരൂപം എടുത്തു കിഴിഞ്ഞുവന്നു — ഞങ്ങൾ എല്ലാവരും അന്ധകാരത്തിലും മരണനിഴലിലും ഇരുന്നു നീയോ ദൈവത്തിന്റെ കരൾ അലിയുന്ന കനിവിനെ ഞങ്ങളിൽ ആക്കി സമാധാന സന്തോഷങ്ങളെ ഉറക്കി ഞങ്ങളും നിന്റെ നിറവിൽ നിന്നു കൃപെക്കു വെണ്ടി കൃപയെ കൈക്കൊള്ളുന്നു — അതുകൊണ്ടു ഞങ്ങളുടെ ദേഹി ഉല്ലസിച്ചും ദൈവത്തിൻ അത്യുന്നതങ്ങളിൽ തേജസ്സും ഭൂമിയിൽ സമാധാനവും മനുഷ്യരിൽ പ്രസാദവും ഉണ്ടെന്നു സ്തുതിക്കുന്നു —

ഹാ ഞങ്ങളുടെ കൎത്താവും രക്ഷിതാവും ആയവനെ — നിന്നെ കാംക്ഷിക്കുന്ന ഈ ഹൃദയങ്ങളിൽ അകമ്പുക്കു നിന്റെ സ്വൎഗ്ഗീയവരങ്ങളെല്ലാം ഞങ്ങളിൽ നിറെക്കേണമെ — നിന്റെ ആത്മാവ് കൊണ്ടു ഞങ്ങളെ നടത്തുക — നിന്റെ കൃപ കൊണ്ടു പാപവ്യാധികളെ ചികിത്സിച്ചു ഭേദം വരുത്തുക — വിശ്വസ്തനായ പ്രാണകൎത്താവെ സകല ദുഃഖത്തിലും ആശ്വാസവും — എല്ലാ ഞെരുക്കത്തിലും സഹായവും — ഈ ദുഷ്ടലോകത്തിലെ പരീക്ഷകളിൽ ശക്തിയും — ഒടുക്കത്തെ പോരാട്ടത്തിൽ ധന്യമായ പ്രത്യാശയും നല്കേണമെ — യേശുവെ ഞങ്ങളെ കനിഞ്ഞു കൊണ്ടു നിന്റെ സമാധാനം തരികെ ആവൂ — ആമെൻ. W

ആണ്ടുപിറപ്പു

സ്വൎഗ്ഗസ്ഥപിതാവായ ദൈവമെ നിന്തിരുപുത്രനെ ഈലോക
ത്തിൽ അയച്ചു അവനെ പരിച്ഛേദനകൊണ്ടു സ്വവംശത്തി
ന്റെ സഭയൊടു ചെൎക്കുന്നദിവസം ആ പിലെയറിയ യെശുനാമം
വിളിപ്പിച്ചതുകൊണ്ടു ഞങ്ങൾ സ്തൊത്രം ചൊല്ലുന്നു — നീ പിതൃക്ക
ളുമത്തൊ ഒത്ത് അബ്രഹാം വംശത്തിൽ ഉണ്ടാകുന്നവൎക്കെല്ലാം
അനുഗ്രഹം വരെണം എന്നുള്ള വാഗ്ദത്തത്തിന്നു നിവൃത്തിവരു
ത്തിയിരിക്കുന്നു — അതുകൊണ്ടു നിന്റെ ശെഷം വാഗ്ദത്തങ്ങ
ളും എല്ലാം ക്രിസ്തുയെശുവിൽ ഉവ്വു എന്നും ആമെൻ എന്നും വ
രുത്താകുന്നു — അവൻ മുഖത്തിൽ വിളങ്ങിയതിനാലും യെ
ശു എന്ന നാമത്തിന്റെ ശക്തിയാലും ഞങ്ങൾക്കു സ്ഥിരവിശ്വാസം
മൂലമായി ഇത്രമുള്ള ആശ്വാസവും പഴയമനുഷ്യനെ വീഴ്ത്തു
ന്നതിനാൽ പുതിയ വൎഷത്തിന്നു നല്ലൊരാരംഭവും നിന്റെ തുവ
ഷ്ഠുള്ള വഴിപാലനത്തിനാൽ സമാധാനമുള്ള അവസാനവും വ
രെണ്ടതിന്നു വിശുദ്ധാത്മാവ് കൊണ്ടു ഞങ്ങളിൽ വ്യാപരിക്കെ
ണം എന്നു വളരെ യാചിക്കുന്നു — യഹൊവെ ഞങ്ങളുടെ വര
വും പൊക്കും ഇന്നുമുതൽ എന്നെക്കും കാത്തരുളെണമെ —
ആമെൻ — **W**

൨൨

കൎത്താവെ — നീ തലമുറ തലമുറയായിട്ടു ഞങ്ങൾക്കു ശരണമായി
രിക്കുന്നു — മലകൾ ജനിച്ചതിന്നും നീ ഭൂമിയെയും ഉലകിനെയും
നിൎമ്മിച്ചതിന്നും മുമ്പെ യുഗം മുതൽ യുഗത്തൊളവും ദൈവമെ നീ
ഉണ്ടു — ഞങ്ങൾ ഇന്നലെ തുടങ്ങി പൊടിയും ഭസ്മവും ആകുന്നു —
ഞങ്ങളുടെ ആയുസ്സ് നിന്റെ മുമ്പാകെ ഇല്ലാത്തതു പൊലെ
തന്നെ — നീയൊ അനന്തനത്രെ നിന്റെ ആണ്ടുകൾക്കു തീരുകയും
ഇല്ല — ഞങ്ങൾ പാപികൾ ആകുന്നു ഞങ്ങളുടെ ദ്രോഹം തിരുമു
മ്പിൽ വെളിപ്പെട്ടിരിക്കുന്നു — നീയൊ ദയയൊടെ ഞങ്ങളുടെ

പിതാവ്— ഞങ്ങളുടെ വീണ്ടെടുപ്പുകാരൻ എന്നതു യുഗംമുതൽ നിന്റെ
പെർതന്നെ— നിന്റെ മഹാക്രിയകളെ പറവാനും നിന്റെ സ്തുത്യ
പത്തികളെ ഒക്കയും വർണ്ണിപ്പാനും ആർ പോരും— ഞങ്ങളിൽ ചെ
യ്യുന്ന ഉപകാരങ്ങൾക്ക് എല്ലാം ആർ പകരം ചെയ്യും— നിൻദയ എ
ത്ര വിലയെറിയതു ദൈവമെ മനുഷ്യപുത്രർ നിന്റെ ചിറകുക
ളുടെ നിഴലിൽ ആശ്രയിച്ചും കൊള്ളുന്നു— ഞങ്ങൾക്ക് എന്നും
തുണയും തണലും ആകകൊണ്ടു കഷ്ടകാലങ്ങളിൽ ഉപ
ദ്രവത്തിന്റെ ആരംഭത്തിൽ ഞങ്ങളുടെ ആത്മാവ് നി
ന്നെ അന്വെഷിക്കുന്നു— ഞങ്ങൾക്ക് ഇനി ഉണ്ടാകുന്ന ദിവ
സങ്ങൾ നിന്റെ പുസ്തകത്തിൽ എഴുതി കിടക്കുന്നു— തിരുകൈ
കളിൽ ഞങ്ങൾ ജീവനും ജ്ഞാനവും ദെഹവും ആത്മാവും എല്ലാം
ഭരമെല്പിക്കുന്നു— നിന്റെ എകജാതനായ യെശുക്രിസ്തനെ എന്നും
ഞങ്ങളുടെ ഹൃദയങ്ങളിൽ പുത്രനായി ഉദിപ്പിക്കെണമെ— അവ
നല്ലൊ വെളിച്ചവും ജീവനും വരുത്തുന്ന നീതിസൂര്യനായി ഉദി
ച്ചു— ഞങ്ങൾ കാലിടറാതെ നെരുള്ള പാതയിൽ ശുദ്ധി നടക്കെ
ണ്ടതിന്നു പരിശുദ്ധാത്മാവിനെ ഞങ്ങളുടെ പ്രയാണത്തിൽ വഴി
കാട്ടിയായിട്ടു തരെണമെ— ഉറക്കവും മയക്കവും വരാത്ത ഇസ്ര
യെലിൻ കാവല്ക്കാരനെ നിന്റെ സർവ്വശക്തിയുള്ള പരിപാല
നത്തിൽ ഞങ്ങളെയും ചെർത്തുകൊണ്ടു എല്ലാ വഴികളിലും ഞങ്ങ
ളുടെ ജീവനവെളിച്ചവും ഉറക്കമായിരിക്കെണമെ— നിത്യദൈ
വമെ ഞങ്ങളെ കൈവിടൊല്ലാ നിന്റെ രക്ഷയെ ഞങ്ങൾ കാ
ത്തിരിക്കുന്നു— അല്ലയൊ യഹൊവെ രക്ഷിക്കെണമെ— അല്ലയൊ
യഹൊവെ സാധിപ്പിക്കെണമെ (സങ്കീ. ൧൧൮) ആ
മെൻ. W.

പ്രകാശനദിനം

വെളിച്ചങ്ങളുടെ പിതാവായുള്ളൊവെ ഇരുളിലും മരണനിഴലി
ലും ഇരിക്കുന്നവൎക്കു വിളങ്ങി ഞങ്ങളുടെ കാലുകളെ സമാധാനവ
ഴിയിൽ നടത്തെണ്ടതിന്നു ഉയരത്തിൽ നിന്ന അരുണൊദയം ഞ
ങ്ങളെ ദൎശിച്ചു വന്ന നിന്റെ കരളിൻ കനിവിനെ ഞങ്ങൾ വാ
ഴ്ത്തി സ്തുതിക്കുന്നു — ഞങ്ങളുടെ സമാധാനമായ ക്രീസ്തൻ നിന്റെ
കരുണയാൽ ലഭിച്ചിരിക്കുന്നു — നിന്റെ ബഹുവിധമായ ജ്ഞാ
നവും ദയയും ആകുന്ന നിക്ഷെപം അറിയാത്തവരെങ്ങുന്നൊരു
സഭയെ അവൻ ഭൂമിയിലെ വംശങ്ങളിൽ നിന്നു തനിക്കു ചെ
ൎത്തിക്കുന്നു — കനിവുള്ള പിതാവെ ഞങ്ങൾ നിന്റെ ജന
വും നിന്റെ മക്കളും എന്ന നാമം പ്രാപിച്ചുള്ള അവാച്യമായ
ഉപകാരത്തിന്നു സ്തൊത്രം തന്നെ ചൊല്ലുന്നു — നിന്റെ വാത്സല്യം
ഉദിച്ചു വന്നിട്ടുള്ള നിന്റെ മക്കളൊത്തു സ്തുതിയും ആരാധന
യും ആകുന്ന സത്യ ബലികളെ കഴിപ്പാൻ ഞങ്ങളെ സമൎത്ഥ
രാക്കെണമെ — ജ്ഞാനത്തിന്റെയും വെളിപ്പാടിന്റെയും
ആത്മാവിനെ നല്കി നിന്നെ അറിയുമാറാക്കി ഞങ്ങളുടെ ഹൃ
ദയക്കണ്ണുകളെ പ്രകാശിപ്പിച്ചിട്ടു വിശുദ്ധരിൽ നിന്റെ വി
ളിയാലുള്ള ആശ ഇന്നത് എന്നും നിന്റെ കരുണയുടെ അ
ത്യന്തധനം ഇന്നതെന്നും ഗ്രഹിപ്പിക്കെണമെ — നിന്റെ രാ
ജ്യം ശീഘ്രം വരുത്തിയൊന്നു ഭൂമിയുടെ അററങ്ങളിലെ ജാ
തികൾ നിന്റെ വെളിച്ചം കണ്ടു അവൎക്കു മെൽ ഉദിക്കുന്നശൊ
ഭയാൽ ആനന്ദിപ്പാൻ ദയചെയ്യെണമെ — നിന്റെ കൃപയു
ടെ ആദ്യഫലം ലഭിച്ചുള്ള ഞങ്ങളെ വിശുദ്ധാത്മാവിനാൽ നട
ത്തി വെളിച്ച മക്കളാക്കി നിന്റെ പ്രകാശത്തിൽ സഞ്ചരിക്കുമാ
റാക്കി ഇരുട്ടിന്റെ നിഷ്ഫലക്രിയകളെ വെറുപ്പിക്കെണമെ — ഒ
ടുക്കം ഞങ്ങളെ നിന്റെ സിംഹാസനത്തെ ചൂഴുന്ന വെളിച്ചത്തി
ൽ കടത്തി യെശുക്രിസ്തന്റെ മുഖത്തിൽ നിൻ തെജസ്സെ കാ

ങ്ങളും എന്നെന്നെക്കും നിന്നെ സ്തുതിക്കയും ചെയ്യുമാറാക്കെ
ണമെ — ആമെൻ W

൫)—

സത്യ ദൈവമെ നല്ല ദാനവും തികഞ്ഞ വരവും എല്ലാം ഇറങ്ങി
വരുന്ന വെളിച്ചങ്ങളുടെ പിതാവായുള്ളൊവെ — നിന്റെ ഏക
ജാതനായ യെശു ക്രിസ്തൻ എന്ന കൎത്താവിനെ മനുഷ്യരുടെ സ
ത്യ വെളിച്ചമാക്കി ഈ ലൊകത്തിൽ അയച്ചു അവമൂലം എല്ലാ വം
ശങ്ങൾക്കും നിന്നെ വെളിപ്പെടുത്തി വിശുദ്ധന്യവിശെഷത്താൽ
ഞങ്ങളെയും ഇരിട്ടിൽനിന്ന നിന്റെ അത്ഭുത പ്രകാശത്തി
ലെക്ക വിളിച്ചു കാരണത്താൽ ഞങ്ങൾ സ്തുതിക്കുന്നു — ഇനിമെ
ലാൽ ദയചെയ്തു ആ ദിവ്യ വെളിച്ചത്തെ ഞങ്ങളിൽ വിളങ്ങി
ക്കയല്ലാതെ ഇഹ ലൊകത്തിന്റെ ഇരിട്ടിനെ സത്യത്തിന്റെ വിശ്വ
സ്ത സാക്ഷികളെ കൊണ്ട പ്രകാശിപ്പിക്കയും എല്ലാ കണ്ണുകൾക്കും
നിന്നെയും നീ അയച്ച പുത്രനായ യെശുവിനെയും തെളിയി
ക്കയും ചെയ്യെണമെ — സകല ജഡത്തിന്മെലും നിൻ ആത്മാ
വിനെ പകൎന്ന തിരുവചനത്തിന്ന വഴിയും വാതിലും തുറന്നു ത
ന്നാൽ എല്ലാടത്തും ഹൃദയങ്ങളെ പുതുക്കി ശുദ്ധീകരിച്ചു ഉണൎപ്പി
ച്ചു രക്ഷിച്ചു പൊരെണമെ —

മനസ്സലിവിൻ പിതാവെ നിന്റെ വലിയ കൊയ്ത്തിന്നായി
പ്രവൃത്തിക്കാരെ വിളിച്ചുദിപ്പിച്ചു ദൂതരെ അയച്ചു ജാതികളെ
ഇരിട്ടിൽ നിന്ന നിന്റെ വെളിച്ചത്തിലെക്ക തിരിപ്പിക്കേണ
മെ — നിന്റെ ദാസന്മാൎക്ക എല്ലാ പൊരാട്ടത്തിലും ധൈൎയ്യം ക്രൂര
സകല ഭയത്തിലും താങ്ങി അവരുടെ വചനത്തിന്മെൽ നിന്റെ
ശക്തിയെ ഇറക്കി പാൎപ്പിച്ചു ഇങ്ങനെ അവരുടെ കുഢത്തിൽനി
യെ ക്രൂശ പുറപ്പെട്ടു ബിംബാരാധനകളെ മുടിച്ചുകളയെണമെ —
എന്നാൽ ജാതികൾ നിനക്ക തെജസ്സ് കൊടുക്കയും ക്രൂരദ്വിപുക

ളും രാജ്യങ്ങളും നിന്റെ കീർത്തിയ്ക്ക് വരുത്തുകയും കർത്താവിനാലാ
വെ നിന്റെ രാജ്യം വരികയും നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെ പോ
ലെ ഭൂമിയിലും നടക്കയും ചെയ്യുമാറാകേണമെ — ആമെൻ. W

തിരുവെള്ളിയാഴ്ച

ദൈവത്തിൻ കുഞ്ഞാടായുള്ള യേശുക്രിസ്തുവെ — നീ ലോകത്തി
ന്റെ പാപം ചുമന്നെടുത്തു തിരുകഷ്ടമരണങ്ങളാൽ ഞങ്ങൾക്കു
വേണ്ടി പ്രായശ്ചിത്ത ബലിയായി ചമകകൊണ്ടു ഞങ്ങൾ മനസ്സോ
ടെ സ്തുതിക്കുന്നു — നീ പാപികളുടെ കൈകളിൽ നിന്നെത്തന്നെ ഏല്പി
ച്ചു ഞങ്ങൾക്കു വേണ്ടി പരിഹാസവും അടിയും തുപ്പും മുൾക്കിരീടവും ക്രൂശിലെ
ദണ്ഡവും അത്യാസന്ന യാതനയും അനുഭവിച്ചുവല്ലൊ — ആയി
രുന്ന കഷ്ടതയും മരണവും ഞങ്ങൾ ധ്യാനിച്ചു പാർത്തുകൊണ്ടു ഉ
ള്ളിൽ താഴ്ത്തപ്പെട്ടും എല്ലാ പരീക്ഷകളിലും ഉറന്നിന്നും പാപ
ത്തെയും ലോകത്തെയും ജയിക്കുന്നതിൽ ഉറെച്ചും ജീവനിലും
മരണത്തിലും ആശ്വസിച്ചുംകൊണ്ടിരിപ്പാൻ കരുണ ചെയ്യേണ
മെ — പ്രിയ രക്ഷിതാവെ നിന്റെ കാൽവടുക്കളിൽ പിൻചെല്ലു
വാനായി നീ ഞങ്ങൾക്കു ഒരു പ്രമാണം വെച്ചുവിട്ടിരിക്കുന്നു — വി
ശ്വാസത്തിന്റെ നായകനും തികവു വരുത്തുന്നവനും ആയ നി
ന്നെ ഞങ്ങൾ നോക്കിക്കൊണ്ടു ഞങ്ങൾക്കു മുൻകിടക്കുന്ന പോർ
പ്പാട്ടിലെ ക്ഷാന്തിയോടെ കഴിച്ചോടുവാനും ദേഹികളുടെ രക്ഷ
യാകുന്ന വിശ്വാസത്തിൻ അന്ത്യത്തെ പ്രാപിപ്പാനും നിന്റെ മ
ചാഞ്ചില്ലിമുറിയാത്ത സ്നേഹത്തിനായി എന്നും സ്തുതിച്ചു വാഴ്ത്തുവാ
നും കരുണ ചെയ്തു രക്ഷിക്കേണമെ — ആമെൻ — W

ര:

കർത്താവാകിയ യേശുവെ നീ ഞങ്ങളുടെ ജഡരക്തങ്ങളിൽ പെട്ടു മരണത്തി
ന്റെ അധികാരിയാകുന്ന പിശാചിനെ തിരുമരണത്താൽ നീക്കി മരണ

൰൧

ഭീതിയാൽ ജീവപൎയ്യന്തം ദാസ്യത്തിൽ ഉൾപ്പെട്ട ഞങ്ങളെ ഉദ്ധരിച്ചു
ത്തുകൊണ്ടു ഞങ്ങൾ പൂൎണ്ണമനസ്സോടെ വന്ദനവും സ്തോത്രവും ചൊ
ല്ലുന്നു— ഞങ്ങൾ ഈശോയിന്റെ മരണത്തിന്റെ കൂട്ടായ്മയാൽ ഞ
ങ്ങൾക്കും പാപത്തിന്നും മരിച്ചു മേലാൽ നിന്നോട് ഒന്നിച്ചു ജീവ
ന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു കരുണചെയ്യേണമെ—
—മരണനേരത്തിലും ഞങ്ങൾ നിന്റെ വിലയേറിയ പുണ്യത്തിൽ
ആശ്രയിച്ചു സന്തോഷിപ്പാനും താഴ്മയോടെ അപേക്ഷിക്കു
ന്നു— അന്നു ഞങ്ങളുടെ ദേഹികളെ തിരുക്കൈകളിൽ ചേൎത്തു
കൊള്ളേണമെ— വിശ്വസ്തരക്ഷിതാവായ യേശുവെ നീ ഞങ്ങ
ളെ വീണ്ടെടുത്തിരിക്കുന്നുവല്ലൊ— ആമെൻ W

൰൨

ഞങ്ങളുടെ കൎത്താവായ യേശുക്രിസ്തുവിന്റെ പിതാവായുള്ളോ
വെ— ഞങ്ങൾക്ക് വേണ്ടി നീ ഏകജാതനെ മരണത്തിൽ ഏല്പി
ച്ചുകൊടുത്തു അവനിൽ വിശ്വസിക്കുന്നവർ എല്ലാം നശിക്കാ
തെ നിത്യജീവനുള്ളവനാവാൻ സംഗതിവരുത്തുകയാൽ ഞങ്ങ
ൾ സ്തുതി ചൊല്ലുന്നു— ഞങ്ങൾക്കു സമാധാനം വരുന്ന ശിക്ഷ യേശു
അവന്മേൽ ആകി അവന്റെ അടിപ്പിണരാൽ ഞങ്ങൾ സൌ
ഖ്യപ്പെട്ടിരിക്കുന്നു— മനസ്സലിവിൻ പിതാവെ പാപത്തിൻ കറയ
റ്റിട്ടുള്ള ഞങ്ങളുടെ സ്വഭാവരൂപത്തിലല്ല നിന്റെ പ്രേമമുള്ള
വിശുദ്ധപുത്രനിൽ അത്രെ ഞങ്ങളെ നോക്കി അവൻ ഗത്ശ
മനിലും ഗോല്ഗഥായിലും വെച്ചു ഞങ്ങൾക്കു വേണ്ടി കഴിച്ചിട്ടുള്ള നിരാ
ടാൻ ബലിയെ വിചാരിച്ചു എണ്ണിതീരാത്ത വൻകടത്തെ ക്ഷമി
ച്ചു ഞങ്ങളെ കൈക്കൊള്ളേണമെ.

നീയോ പ്രിയ യേശുവെ നിന്റെ അഗാധസ്നേഹത്തെ
ഞങ്ങൾ കണ്ണുമുമ്പിലാക്കി തോന്നിച്ചു ഇളകിത ഹൃദയങ്ങളിൽ
നിന്റെ പ്രേമമാകുന്ന ജ്വാലയെ കത്തിച്ചു മരണപൎയ്യന്തം സ്ഥ

ഷിച്ചുള്ള നിന്നെ സൎവ്വത്തിന്മീതെ ഉറപ്പൊടെ സ്നെഹിപ്പാറാക്കെണമെ- നിന്റെ കഷ്ടങ്ങളെ അനുതാപമുള്ള ഹൃദയത്തൊടും ജീവനുള്ള വിശ്വാസത്തൊടും നൊക്കി കരുതികൊൾവാൻ കരുണനല്കെണമെ- ഞങ്ങളുടെ നെരെ പാപങ്ങൾ എഴുനിറ്റു നിന്റെ കല്പനകളും സ്വാന്ത മനസ്സാക്ഷിയും കുറ്റം ചുമത്തി ശപിക്കുന്നൊരും തിരു ക്രൂശിന്റെ ചുവട്ടിൽ ഞങ്ങൾക്കു ശരണം നല്കെണമെ- സ്വൎഗ്ഗങ്ങളിൽ കടന്ന മഹാ പുരൊഹിതനെ പണ്ടു പ്രാൎത്ഥിച്ചതുപൊലെ പിതാവെ ഇവൎക്കു ക്ഷമിച്ചു വിടെണമെ എന്നു ഞങ്ങൾക്കു വെണ്ടി വിടാതെ പ്രാൎത്ഥിച്ചുകൊണ്ടു മദ്ധ്യസ്ഥം ചെയ്തു പൊരെണമെ-

വിശ്വസ്ത രക്ഷിതാവെ നിന്റെ മരണത്തിന്റെ ശക്തിയെ ഞങ്ങളിൽ നടത്തി ഞങ്ങൾ പാപത്തെ പകെച്ചു വെറുത്തു ജഡത്തെ അതിന്റെ രാഗമൊഹങ്ങളൊടും ക്രൂശിച്ചു ഇഹലൊകത്തിൽ നിണക്കായി മാത്രം ജീവിച്ചിരിക്കുമാറാക്കെണമെ- നിന്റെ കഷ്ടങ്ങളുടെ കൂട്ടായ്മയിൽ ഞങ്ങളെ നടത്തുവാൻ തൊന്നിയാൽ ഞങ്ങൾ നിന്നോട് ഒന്നിച്ചു സ്ഥിരപ്പെട്ടു സഹിപ്പാനും ഒടുക്കം നിന്റെ തെജസ്സിൽ കൂടി വാഴുവാനും വരം നല്കി രക്ഷിക്കെണമെ- ആമെൻ b s. w.

പുനരുത്ഥാനനാൾ

മഹാരക്ഷിതാവായ യെശുക്രിസ്തനെ തിരുനാമത്തിന്റെ തെജസ്സിന്നായും എല്ലാ വിശ്വാസികളുടെ ആശ്വാസത്തിന്നായും നീ ജയം കൊണ്ടു ശവക്കുഴിയെ വിട്ടുവരികയാൽ നിണക്കു സ്തൊത്രം- നിന്റെ ബഹുമാനത്തിന്നായുള്ള ഈ പെരുനാളിൽ നിന്നെ ശ്ലാഘ്യമാംവണ്ണം പുകഴുന്നത് എങ്ങനെ- ഞങ്ങൾ വിശ്വസിച്ചവൻ ഇന്നവൻ എന്നു നിന്റെ ജയം ഹെതുവാകിട്ടു അറിഞ്ഞു

വന്നു— ഞങ്ങളെയും അന്നാൾവരെയും കാത്തുകൊൾവാൻ നീ ശക്ത
ൻ എന്നതും സ്പഷ്ടം തന്നെ— നീതിയായ വിധിയിൽ നിന്ന് എടുക്കപ്പെ
ട്ടതിനാൽ ഞങ്ങളുടെ മെൽ ഇരുന്ന ശിക്ഷാശാപം എല്ലാം നീങ്ങി
പൊയല്ലൊ— നിന്നൊടുകൂടെ ജീവന്റെ പുതുക്കത്തിന്നായി ഞ
ങ്ങൾ എഴുനീറ്റാൽ തന്നെ— ഹാ യെശു കർത്താവെ നീ പുനരുത്ഥാ
നവും ജീവനും ആകുന്നു എന്നിട്ട നിന്നെ വിശ്വസിച്ചാശ്രയിക്കു
ന്ന ഞങ്ങളിലും ജീവിച്ചിരിക്കെണമെ— നിന്റെ വിശുദ്ധാത്മാ
വിൻ ശക്തികൊണ്ടു ഞങ്ങളെ പാപനിദ്രയിൽ നിന്ന് ഉണർത്തി
ഈ മരണശരീരത്തിൽ നിറയുന്ന ദുർമ്മൊഹത്തെ നീരെക്കൊ
ന്നു സത്യമാനസാന്തരത്താലും നിർവ്യാജമായ വിശ്വാസത്താലും ജീ
വന്റെ പുതുക്കത്തിൽ നിന്തിരുമുമ്പിൽ നടപ്പാറാക്കെണ
മെ— ഉറപ്പുള്ള വിരഞ്ഞിങ്ങളിലുള്ള ലൊകത്തെ ജയിച്ചട
ക്കി വാഗ്ദത്തപ്രകാരം ചെറിയ ആട്ടിൻകൂട്ടത്തിന്റെ നടുവിൽ
പാർത്തുകൊണ്ടു സമാധാനം ബലം ജയം ആശ്വാസം ആനന്ദം
തുടങ്ങിയുള്ള സ്വർഗ്ഗീയ നിധികൾ എല്ലാം മറഞ്ഞുകിടക്കുന്ന നി
ന്റെ അത്ഭുതമായ ജീവനെ ഞങ്ങളിൽ നിറെച്ചുതരെ
ണമെ—

ഞങ്ങളുടെ ശിരസ്സായ യെശുവെ നീ ജീവിച്ചിരിക്കുമ്പൊ
ഴെക്ക് ഞങ്ങളും നിന്നൊടുകൂടെ തെജസ്സിൽ ജീവിക്കും— ഈ ക്ഷ
യമുള്ളതു അക്ഷയത്തെയും ഈ ചാകുന്നത് ചാകായ്മയെയും ധരി
ക്കുമല്ലൊ— ഇപ്പൊൾ യെശുവിൽ ഉറങ്ങിയവർ എങ്കിലും
നിന്റെ പുനരുത്ഥാനത്തിൽ ആശ്രയിച്ചുറങ്ങുന്നവർ എല്ലാം അ
ന്ന് ഒരുമിച്ചു സ്തുതിച്ചിതു— ഹെ മരണമെ നിൻ വിഷമുൾ എവിടെ
പാതാളമെ നിൻ ജയം എവിടെ— നമ്മുടെ കർത്താവായ യെശുക്രി
സ്തുനെ കൊണ്ടു നമുക്കു ജയത്തെ നല്കുന്ന ദൈവത്തിന്നു സ്തൊ
ത്രം— ആമെൻ. W

൮.

യെശുക്രിസ്തുന്നും ഞങ്ങൾക്കും പിതാവും ദൈവവുമായുള്ളൊവെ — പ്രിയപുത്രനെ നീ മരിച്ചവരിൽ നിന്നു ഉണർത്തി തെജസ്സും മാനവും അണിയിച്ചു സ്വർഗ്ഗങ്ങളിൽ നിന്റെ വലഭാഗത്തു ഇരുത്തി സഭെക്ക് എന്നും ശിരസ്സും ഭർത്താവുമാക്കി വെച്ചതുകൊണ്ടു ഞങ്ങൾ വാഴ്ത്തി സ്തുതിക്കുന്നു — ക്രിസ്തുയെശുവിൽ നീ ഞങ്ങളെ കുറ്റങ്ങളിലും പാപങ്ങളിലും മരിച്ചവരായപ്പോൾ അവനോടു കൂടെ ഉയിർപ്പിച്ചുണർത്തി സ്വർഗ്ഗങ്ങളിൽ കൂടെ ഇരുത്തുകയും ചെയ്തു നിന്റെ മഹാവാത്സല്യത്തിന്നു സ്തോത്രം — കർത്താവായ യെശുവെ നീ മരിച്ചവനായി ഇനി യുഗാദിയുഗങ്ങളൊളവും ജീവിച്ചിരിക്കുന്നവനാകയാൽ നിണക്കു സ്തോത്രവും വന്ദനവും ഉണ്ടാക — ഞാൻ ജീവിച്ചിരിക്കുന്നതുകൊണ്ടും ജീവിച്ചിരിക്കും എന്നു ഞങ്ങളോടു അരുളിച്ചെയ്കയാൽ നിന്നോടു കൂടെ ഞങ്ങളെ സത്യജീവനും മഹാഭാഗ്യത്തിന്നും നിന്റെ മരണത്തിന്റെ വില ഏറിയ ഫലങ്ങൾക്കും പങ്കാളികളാക്കി തീർക്കുന്നു — ഇനി ഞങ്ങൾക്കായിട്ടല്ലൊ ഞങ്ങൾക്കു വെണ്ടി മരിച്ചു ഉയിർത്ത് എഴുനീററവന്നു കായിട്ടത്രെ ജീവിക്കെണ്ടതിന്നു ഞങ്ങളിൽ വ്യാപരിക്കെണമെ — ഉറങ്ങുന്നവനെ ഉണർന്നു മരിച്ചവരിൽനിന്നു എഴുനീല്ക്ക എന്നാൽ ക്രിസ്തൻ നിണക്കു ഉജ്വലിക്കും എന്നുള്ള കരുണാശബ്ദത്തെ എല്ലാ മനുഷ്യരൊടും എത്തിച്ചരുളെണമെ — പ്രിയപിതാവെ — ആടുകളുടെ വലിയ ഇടയനായി നമ്മുടെ കർത്താവായ യെശുവെ നിത്യനിയമത്തിന്റെ രക്തത്താൽ മരിച്ചവരിൽ നിന്നു മടക്കി വരുത്തിയ സമാധാനത്തിന്റെ ദൈവമായുള്ളൊവെ — നിന്റെ ഇഷ്ടം ചെയ്വാനായി നീ ഞങ്ങളെ സകല സൽക്രിയയിലും യഥാസ്ഥാനപ്പെടുത്തി നിണക്കു പ്രസാദമുള്ളതിനെ പ്രിയപുത്രനായ യെശുക്രിസ്തുമൂലം ഞങ്ങളിൽ നടത്തെ

നാമെ — ആയവന് യുഗാദിയുഗങ്ങളൊളം സ്തൊത്രവും മഹത്വമാനവും
ഭവിക്കുമാറാക — ആമെൻ   Ls. W

സ്വൎഗ്ഗാരൊഹണനാൾ

സകല മനുഷ്യൎക്കും ഏക രക്ഷിതാവും കൎത്താവുമായ യെശുക്രിസ്തു
നെ ഞങ്ങളുടെ പിണക്കത്തിന്റെ പ്രവൃത്തിയെ തീൎത്തു സ്വൎഗ്ഗ
ത്തെക്കെഴുന്നെള്ളി പിതാവിൻ വലഭാഗത്തിരിക്കുന്ന
വനല്ലൊ — നിന്റെ വഴിയെ ഞങ്ങൾ വിശ്വാസത്തൊടെ നൊക്കി നി
ന്റെ തെജസ്സിങ്കൽ സന്തൊഷിക്കുന്നു — ഇനി ഞങ്ങളുടെ ഹൃദയ
ങ്ങളെ ഈ നാശമുള്ള ലൊകത്തൊട് അകറ്റി മീതെ ഇരിക്കുന്ന
തും നിരസിച്ചു നിലനില്ക്കുന്ന നിത്യധനത്തെ അന്വെഷിച്ചു വാങ്ങി
പ്പാനായിട്ടും ഞങ്ങളെ കടാക്ഷിക്കെണമെ — ഞങ്ങളുടെ മ
നസ്സ് സ്വൎഗ്ഗത്തിൽ വസിച്ചു ഭൂമിയിലുള്ളവ അല്ല മെലെയവ തന്നെ
അന്വെഷിപ്പാൻ ഞങ്ങൾക്കു കൃപചെയ്യെണമെ — ഇനി നി
ഷ്ടമുള്ള അദ്ധ്വാനങ്ങളിലും നിൎഭയം ഞങ്ങളുടെ ദെഹികൾ
നിന്നൊട് ചെൎന്നു വസിച്ചു വാഴ്വാനും ഞങ്ങളുടെ ലക്ഷ്യം രാ
ജ്യവുമാകുന്ന നിന്റെ തെജസ്സിൽ കടന്നു വരെണ്ടുവാനും
ദയചെയ്തു രക്ഷിക്കെണമെ — ആമെൻ   W

൨

സൎവ്വശക്തിയുള്ള ദൈവമെ നിന്റെ ഏകജാതനായ പുത്ര
നും ഞങ്ങളുടെ രക്ഷിതാവും ആയവൻ ഇന്നു സ്വൎഗ്ഗത്തെക്കു കെ
ട്ടിയെഴുന്നെള്ളിയല്ലൊ — അവനൊടു കൂടെ ഞങ്ങൾക്കും സ്വൎഗ്ഗാരൊഹണം
നല്കെണമെ — ഇപ്പൊൾ ഞങ്ങളെ പ്രാൎത്ഥനയാലും ജീവനുള്ള
വിശ്വാസത്താലും ഭക്തിയെറുന്ന നടപ്പിനാലും നിത്യഭവനത്തെ
വാഞ്ഛിക്കുന്ന ആശയാലും ഒടുവിൽ നല്ല മരണത്താലും ധന്യമാ
യ പുനരുത്ഥാനത്താലും ഞങ്ങളെയും യെശുക്രിസ്തുവിൽ

ആം സ്വൎഗ്ഗത്തെക്ക കരെററിക്കൊള്ളണമെ- ആമെൻ- W

ന.൭

കൎത്താവായ യെശുവെ നീ ഉയരത്തിൽ കരെറി സ്വൎഗ്ഗസ്ഥ പിതാവി ന്റെ വലത്തുഭാഗത്ത ഇരിക്കുന്നുവല്ലൊ- പാപമരണങ്ങളുടെ കൈ കളിൽ നിന്നു ഞങ്ങളെ വിടുവിച്ചു ഞങ്ങളുടെ ഭാഗ്യത്തിന്റെ ശത്രു ക്കളെ ഒക്കെയും ജയിച്ചു താഴ്ത്തിയതിനാൽ ഞങ്ങൾ സന്തൊ ഷിച്ചു വാഴ്ത്തുന്നു- സ്വൎഗ്ഗത്തിലും ഭൂമിയിലും സകലാധികാരവും നി ന്നെ എല്പിക്കപ്പെട്ടതുകൊണ്ടു തിരുസഭയെ പരിപാലിച്ചു ലൊക ത്തിൻ അററങ്ങൾ വരെയും പരത്തിക്കൊള്ളെണമെ- നിന്റെ വി ശ്വസ്തരെ ആശ്വസിപ്പിച്ചു വിശുദ്ധീകരണം തികെച്ചു തരികയും വാഗ്ദത്തപ്രകാരം നിന്റെ വചനത്താലും ആത്മാവിനാലും ഞങ്ങ ളൊടുകൂടെ പാൎക്കയും തെജസ്സൊടെ പ്രത്യക്ഷനാകുന്ന നാളി ൽ ഞങ്ങളെയും ചെൎത്തുകൊണ്ടു പിതാവിൻ ഭവനത്തിൽ എ ന്നും വാഴിക്കയും ചെയ്യെണമെ- ആമെൻ W

പെന്തകൊസ്തനാൾ

വിശ്വാസികളുടെ ഹൃദയങ്ങളെ വിശുദ്ധാത്മാവെകൊണ്ടു പ്രകാശിപ്പി ച്ചുപദെശിച്ചു തിരുസഭയെ ചെൎത്തുകൊണ്ട സത്യദൈവമെ- ഞ ങ്ങളും ആ ആത്മാവിൽ തന്നെ ചെൎന്നു നടക്കെണ്ടതിന്നും അ വന്റെ കൃപാശക്തിയാലും നിത്യത്രാണനത്താലും ഹൃദയങ്ങൾക്ക ശുദ്ധിവന്നു വികടങ്ങളിൽ നിന്നു തെററെണ്ടതിന്നും കരുണ ചെയ്യെണമെ- ശത്രുക്കൾ എത്രതന്നെ വിരൊധിച്ചാലും തിരു സഭ ഒന്നിലും വഴിപിട്ടു പൊകാതവണ്ണം സകല സത്യത്തിലും വഴി നടത്തിച്ചുകൊണ്ടു പ്രിയപുത്രനായ യെശുക്രിസ്തുന്റെ ശു ഭമായ വാഗ്ദത്തം നിവൃത്തിച്ചു തരെണമെ- ആയവൻ നിന്നൊ ടുകൂടെ ആ സദാത്മാവിന്റെ ഒരുമയിൽ തന്നെ സത്യദൈ

വമാക്കി എന്നും ജീവിച്ചും വാണും കൊണ്ടിരിക്കുന്നു — ആമെൻ W

൭

ഞങ്ങളുടെ കൎത്താവായ യെശുവിന്റെ പിതാവായ ദൈവമെ നീ വാഗ്ദത്തം ചെയ്ത കാൎയ്യസ്ഥനെ ഈ ലൊകത്തിൽ അയച്ചു സ്വൎഗ്ഗീയ അവകാശത്തിന്റെ പണയവും അച്ചാരവും ആക്കി ഞങ്ങൾക്കു തരികയാൽ നിനക്കു സ്തൊത്രം ഭവിപ്പൂതാക — ക്രിസ്തു യെശുവിലുള്ള സഭയുടെ മെൽ നിന്റെ ആത്മാവിനെ ധാരാളമാക്കി പകൎന്ന ഹൃദയങ്ങളുടെ അകത്ത് നിന്റെ രാജ്യം സ്ഥാപിച്ചു ഞങ്ങളെ ഇരിട്ടിൽ നിന്നു വെളിച്ചത്തെക്കും പാപദാസ്യത്തിൽ നിന്നു നിന്റെ മക്കളുടെ ശ്രെഷ്ഠമാകുന്ന സ്വാതന്ത്ര്യത്തിലെക്കും നടത്തിയൊരെണമെ —

വിശുദ്ധാത്മാവായുള്ളൊവെ നീയെ വന്നു ഞങ്ങളിൽ ആരൊട്ടും നിന്നെ തന്നെ സാക്ഷികൂടാതെ വിടൊല്ല — എല്ലാ വിശ്വാസികളിലും നിന്റെ വരങ്ങളെ നിറെക്കയും ഇരുമനസ്സുള്ളവരെ നിന്നെ മാത്രം അനുസരിപ്പിക്കയും പാപങ്ങളിൽ ഉറങ്ങി ചത്തവരെ പുതിയ ജീവകലെക്ക് ഉണൎത്തുകയും ചെയ്ക — ഞങ്ങളുടെ ബലഹീനതെക്കു തുണനിന്നു ഞങ്ങൾ പരീക്ഷയിൽ അകപ്പെടാഞ്ഞാൽ ഉണൎന്നും പ്രാൎത്ഥിച്ചും കൊള്ളുവാൻ പഠിപ്പിച്ചു വിശ്വാസം സ്നെഹം അനുസരണം ക്ഷാന്തി ഇവറ്റിൽ ഞങ്ങളെ സ്ഥിരീകരിക്കെണമെ — യെശുവിനെ ഞങ്ങളിൽ തെജസ്കരിക്കയും അവന്റെ ശരീരത്തിൽ ഞങ്ങൾ അവയവങ്ങളും ദെവമക്കളും ആകുന്നു എന്നു ഞങ്ങളുടെ ആത്മാവിനൊടു കൂടെ സാക്ഷ്യം പറകയും ചെയ്യെണ്ടു —

അന്ധകാരത്തിലും മരണനിഴലിലും ഇരിക്കുന്നവരുടെ മെലും നിന്റെ മഹാപ്രകാശം ഉദിപ്പൂതാക — തിരുസുവിശെഷത്തെ നീളെ അറിയിച്ചു നിന്റെ വൻക്രിയകളെ സകല ഭാഷകളിലും പ്ര

സ്ഥാപിപ്പാൻ തക്കവണ്ണം വരം കൊടുക്കേണമെ— യെശുക്രിസ്തുവി
ന്റെ നാമത്തിൽ വിശ്വസിക്കുന്നവരുടെ കൂട്ടത്തൊടു ദിനംപ്രതി ചെ
ൎക്കപ്പെടുന്നവരായ— സൎവ്വസഭകളിലും താൻ ഒരുമയുടെ ആ
ത്മാവിനെ അയക്ക— ഏകശരീരത്തിൽ ആവാൻ ഞങ്ങളെ വിളിച്ച
പ്രകാരം എല്ലാവരും വിശ്വാസത്തിലും ദൈവപുത്രന്റെ പരിജ്ഞാ
നത്തിലും ഐക്യത്തൊടും തികഞ്ഞ പുരുഷത്വത്തൊടും ക്രിസ്തു
ന്റെ നിറവുള്ള പ്രായത്തിൻ അളവൊളം എത്തുമാറാക്കി ഒർ
ഇടയനും ഒർ ആട്ടിൻകൂട്ടവും എന്ന വാഗ്ദത്തം നിവൃത്തിച്ചുതരെണ
മെ— ദൈവം സകലത്തിലും സകലവും ആകെണ്ടതിന്നു തന്നെ.
ആമെൻ— *bs. W.*

ത്രിത്വത്തിനാൾ

എന്നും സ്തുത്യനായ വിശുദ്ധ ദൈവമെ നിന്റെ സ്വഭാവത്തിന്റെ
വലിയ രഹസ്യം നീ ഞങ്ങളെ പൊലും വെളിപ്പെടുത്തി പിതാവും
പുത്രനും ആത്മാവുമായി ഏകസത്യദൈവമായതിനെ ഞങ്ങളും
വിശ്വാസപ്രമാണത്തെ അനുസരിച്ചു ഇപ്രകാരം സ്വീകരിപ്പാനും
ആരാധിപ്പാനും പഠിപ്പിച്ചതുകൊണ്ടു നിനക്കു സ്തോത്രം— ഈ
ദിവ്യമായ അറിവിനെ ഞങ്ങളിൽ പാലിച്ചു രക്ഷിച്ചു സകല ദുൎമ്മത
ങ്ങളിൽ നിന്നും ഞങ്ങളെ തെറ്റിച്ചു രക്ഷിക്കേണമെ— ത്രിയൈ
ദൈവമെ നിന്റെ വാത്സല്യത്താൽ ഞങ്ങളെ സൃഷ്ടിച്ചും വീണ്ടെടുത്തും
വിശുദ്ധീകരിച്ചും ഒരു പ്രകാരം തന്നെ നിന്റെ സ്നേഹവും
കൃപയും കൂട്ടായ്മയും ഇടവിടാതെ അനുഭവിപ്പിച്ചു പോരേണമെ—
ഒടുവിൽ നിന്റെ തെജോരാജ്യത്തിൽ ഞങ്ങളെ ചെൎത്തുകൊ
ള്ളുകയും— ഇവിടെ വിശ്വസിച്ചതിനെ ഞങ്ങൾ അവിടെ കണ്ണാ
ലെ കണ്ടു സകല ദൂതന്മാരൊടും തികഞ്ഞുള്ളവരൊടും ഒന്നിച്ചു
നിത്യ ത്രിയൈക ദൈവമായ നിന്നെ എന്നും വാഴ്ത്തി സ്തുതിപ്പാനാക്കു

ന്നെ — ആമെൻ. W

ഒരു സഭയെ സ്ഥാപിച്ച ദിവസത്തിന്റെ ഓൎമ്മക്കായി
അടുത്ത ഞായറാഴ്ചയിൽ പ്രാൎത്ഥിക്കേണ്ടുന്നതു

സ്വൎഗ്ഗസ്ഥപിതാവായുള്ളോവെ — തിരുവചനത്താലും നിന്റെ വി
ശുദ്ധാത്മാവിനാലും നീ . . വൎഷം മുമ്പെ ഇവിടെ ഒരു സഭയെ സ്ഥാ
പിച്ചു ഞങ്ങളെയും പാലിച്ചു ധന്യമായ സുവിശേഷത്തിന്റെ ഘോ
ഷണത്തെയും ഒരുമിച്ചു പ്രാൎത്ഥിക്കുന്ന സ്ഥലത്തെയും കാത്തരു
ളിയതുകൊണ്ടു നിനക്കു സ്തോത്രം — ഇത്ര കാലം എല്ലാം നീ നട്ടും ന
നെച്ചും വളൎത്തും വന്നിരിക്കുന്നു എങ്കിലും ഫലങ്ങൾ ചുരുക്കം ത
ന്നെയല്ലൊ — അതുകൊണ്ടു ഞങ്ങൾ തിരുമുമ്പിൽ നാണിച്ചു വി
ണു എല്ലാ മടിവിനും അവിശ്വാസത്തിനും നീ ക്ഷമ കല്പിച്ചു ഞങ്ങ
ളുടെ വിശ്വാസവും സ്നേഹവും പ്രിയപുത്രനായ യേശുക്രിസ്തന്റെ
രക്തത്താലെ പുതുക്കി തരേണം എന്നു യാചിക്കുന്നു — സത്യവി
ശ്വാസത്തിന്റെ സ്ഥിരമായ അടിസ്ഥാനത്തിന്മേലും സകലവിശു
ദ്ധന്മാരുടെ കൂട്ടായ്മയിലും ഞങ്ങളെയും സന്തതികളെയും സ്ഥാപി
ച്ചു രക്ഷിക്കേണമെ — നല്ല ഉപദേഷ്ടാക്കന്മാർ നിന്റെ ദാനമല്ലൊ —
ആട്ടിൻകൂട്ടത്തെ സൂക്ഷിച്ചു മേച്ചും സത്യവചനത്തെ നേരെ വിഭാ
ഗിച്ചും ദൈവാലോചനയെ ഒക്കെയും മറെച്ചു വെക്കാതെ സമയത്തി
ലും അസമയത്തിലും ഘോഷിച്ചും തെരിഞ്ഞെടുത്തവൎക്കു വെ
ണ്ടി സകലവും സഹിച്ചും കൊള്ളുന്ന വിശ്വസ്ത വീട്ടുവിചാരക
രെ നിത്യം ആക്കിവെക്കേണമെ — കേൾക്കുന്നവരുടെ ഹൃദയ
ങ്ങളെ നിന്റെ കൃപയാലെ നടത്തി വചനത്തെ സന്തോഷ
ത്തോടും കൂട കേട്ടുകൊൾ്ക മാത്രമല്ലാതെ ചെയ്വാനും ഉത്സാഹിപ്പിക്കേ
ണമെ — എല്ലാടത്തും നിന്റെ രാജ്യത്തെ വ്യാപിപ്പിക്ക — ഈ സ്ഥ
ലത്തിലും വേദഘോഷണത്തെ അനുഗ്രഹിക്ക — ഞങ്ങളുടെ ഭവ
നങ്ങളിലും നിന്റെ വചനം ഐശ്വൎയ്യമായി വസിപ്പുമാറാക്ക —

ശെഷം ഞങ്ങൾ എല്ലാരും നിന്റെ സ്വൎഗ്ഗീയ ആലയം പ്രവെശി
ച്ചു വിശുദ്ധമാലഖാരത്തിൽ നിന്നെ സെവിച്ചും നിന്റെ തെജസ്സു
കണ്ടും കൊണ്ടിരിപ്പാൻ ഞങ്ങളുടെ കൎത്താവായ യെശുക്രിസ്തു
നെ കൊണ്ടു കരുണ ചെയ്തു രക്ഷിക്കെണമെ — ആമെൻ. W

B. വിശെഷപ്രാൎത്ഥനകൾ

൧.

ദൈവരാജ്യം വ്യാപിപ്പാൻ വെണ്ടി

കനിവുള്ള ദൈവമെ നീ സകല മനുഷ്യരെയും സൃഷ്ടിച്ചവനും സൃഷ്ടികളിൽ ഒന്നിനെ എങ്കിലും ദ്വെഷിക്കാത്തവനും ആകുന്നതല്ലാതെ പാപിയുടെ മരണത്തിൽ അല്ല അവൻ മനന്തിരിഞ്ഞു ജീവിക്കകിൽ അത്രെ പ്രസാദിക്കുന്നവനല്ലൊ ആകുന്നു — എല്ലാ യഹൂദന്മാരെയും മുസല്മാനരെയും അവിശ്വാസികളെയും ദുൎമ്മതക്കാരെയും കൃപ ചെയ്തു സകല അറിയായ്മ ഹൃദയകാഠിന്യം തിരുവചനത്തിൻ ഉപെക്ഷ മുതലായ പിശാചിൻ കെട്ടുകളെ അഴിച്ചു വിടുവിക്കെണമെ — കരുണയുള്ള ദൈവമെ അവരെ നിന്റെ തൊഴുത്തിലെക്കു കൂട്ടി നടത്തി സത്യമായുള്ള ഇസ്രയെലിൽ ശെഷിച്ചവരൊടും ചെൎത്തു ഒരിടയന കീഴിൽ ഒരു കൂട്ടമാക്കി രക്ഷിക്കെണമെ — ആയതു നിന്നൊടും വിശുദ്ധാത്മാവിനൊടും ഒന്നിച്ചു എക ദൈവമായി യുഗങ്ങളൊളവും ജീവിച്ചു വാഴുന്ന ഞങ്ങളുടെ കൎത്താവായ യെശുക്രിസ്തുനാലത്രെ — ആയവന്നു എന്നും സ്തൊത്രവും ബഹുമാനവും ഭവിക്കുമാറാക ആമെൻ — *CP.*

അല്ലെങ്കിൽ

ഞങ്ങളുടെ കൎത്താവായ യെശുക്രിസ്തുവിന്റെ പിതാവായുള്ളൊവെ — നിന്റെ പുത്രനിൽ തന്നെ നിന്റെ മക്കൾ ആകുവാനും അവനിൽ ജീവനും വഴിയും ഉണ്ടാവാനും ഞങ്ങൾക്കു അധികാരം കൊടുത്തതിന്നു നിണക്കു സ്തൊത്രം — എല്ലാ ബുദ്ധിയെയും കടക്കുന്ന നിന്റെ സമാധാനം നിന്റെ പ്രിയ പുത്രന്റെ സഭയിൽ നിന്നു സൎവ്വലൊക

ത്തിലും നിറപ്പെട്ട പരസ്യമാക — അനേകായിരങ്ങൾ ഉള്ളവരെയും
നിന്റെ തിരുപ്രകാശം ഉദിച്ചിട്ടില്ല — അതുകൊണ്ട് നീ കരുണയാലെ
സ്തുതി വചനത്തെ എങ്ങും അറിയിപ്പാൻ ആളുകളെ ഉള്ളവരെയും
ആവലെക്കായി ഉത്സാഹിപ്പിച്ചു നിത്യ രക്ഷ പാദത്താലും ഉ
ദാസ്യത്തോടെ പിരണ്ടു കൊണ്ടു വരുന്നതിനാലും അതിൽ കൂട്ടാ
യി കൽ ആക്കിതിൽ ഇനങ്ങളുടെ കൂടെ [illegible] എഴുതപ്പിക്കേണ
മെ — നിന്റെ രക്ഷയുടെ ദൂതന്മാർ ഉണ്ടെന്നവരുടെ ശു
ശ്രൂഷയാൽ തിരുസഭയുടെ അതിരുകളെ വിസ്താരമാക്കി തി
രുനാമത്തിന്റെ അറിവിനെയും ആരാധനയെയും വർദ്ധനമാ
ക്കുക — നിന്റെ ദൂതന്മാരെ എല്ലാം കൊണ്ടും വിശുദ്ധീകരിച്ചു
നിന്റെ ചേർമാനത്തിന തക്ക പാത്രങ്ങൾ ആക്കി തീർക്കയാവൂ — അ
ജ്ഞാനത്തിൽ മുങ്ങിക്കിടക്കുന്ന വംശങ്ങൾ അവരെ സന്തോഷത്തോടും
കൊണ്ട് ചെവി കൊടുക്കേണ്ടതിന്നു മുമ്പിൽ കൂട്ടി വഴി വരു
ത്തേണമെ — തിരുവചനത്തിന്നു വലൊടത്തും വാതിൽ തുറന്നു നി
ന്റെ അയച്ചു വിട്ടവരുടെ സഫലമാക്കണമെ — എ
ല്ലാ സഭകളിലും വിശ്വാസം സ്നേഹം ജ്ഞാനം ശക്തി മുതലായവ
ങ്ങളെ വർദ്ധിപ്പിച്ചു തിരുനാമത്തിന്നു ഉദയം മുതൽ അസ്തമയം
വരെ മഹത്വം ഉണ്ടാവാൻ എല്ലാനാവും യേശുക്രിസ്തൻ തർന്ന
വ് എന്ന നിന്റെ തങ്ങളെ [illegible] പറവാനും [illegible]
[illegible] രക്ഷിക്കേണമെ — ആമെൻ. W

൫൭ —

രാജ്യാധികാരികൾക്കു വേണ്ടി

സർവ്വശക്തിയുള്ള ദൈവമെ രാജാക്കൾ അധികാരികൾ മു
തലായ മഹാന്മാരുടെ ഹൃദയങ്ങൾ തിരുകൈയിൽ തന്നെ ഉണ്ടെ
ന്നും നീ അവരെ നീർത്തോട്ടങ്ങളെ പോലെ തിരിച്ചു നടത്തുന്നവ

ന്നും നിന്റെ വചനത്താൽ അറിഞ്ഞിരിക്കകൊണ്ട ഞങ്ങൾ രാജ്ഞി
യൊടെ യാചിക്കുന്നു— നിന്റെ ദാസിയായ ഞങ്ങളുടെ രാജ്ഞി
യുടെ ഹൃദയത്തെയും എല്ലാ നാട്ടുവാഴികൾ അധികാരസ്ഥരുടെ ഹൃ
ദയങ്ങളെയും നീ കൈക്കലാക്കി അവരുടെ സകല വിചാരങ്ങളെ
യും വാക്കുക്രിയകളെയും നടത്തി സൎവ്വത്തിലും നിന്റെ ബഹുമാനവും
യശസ്സും അന്വെഷിപ്പാറാക്കി അവരുടെ വിചാരണത്തിൽ ഭരമെ
ല്പിച്ച നിന്റെ ജനം സൎവ്വഭക്തിയൊടും സാവധാനവും സമാധാ
നവും ഉള്ള ജീവനം കഴിപ്പാൻ സംഗതി വരുത്തെണമെ— അവ
ൎക്കും സ്വൎഗ്ഗത്തിൽ യജമാനൻ ഉണ്ടെന്നും കണക്ക ബൊധിപ്പിക്കെ
ണ്ടുന്ന മഹാദിവസം ഉണ്ടെന്നും ബൊധം വരുത്തി തങ്ങളുടെ
ആത്മാക്കളെ നീ നിയമിച്ച വഴിക്കിൽ രക്ഷിക്കെണ്ടതിന്നു തുണ
ല്കെണമെ— കനിവുള്ള പിതാവെ ഞങ്ങളുടെ കൎത്താവായ യെശു
ക്രിസ്തുനെ നൊക്കി ഞങ്ങളെ കെൾക്കെണമെ— ആമെൻ Cp

൩.

ഫലധാന്യാദികൾക്കു വെണ്ടി

സൎവ്വശക്തിയുള്ള ദൈവമെ കനിവുള്ള പിതാവെ നിന്റെ ദി
വ്യശക്തിയാലെ സകലവും സൃഷ്ടിച്ചു ജീവനുള്ളതൊക്കെയും പ്രസാ
ദത്താൽ തൃപ്തിയാക്കുന്നവനാകയാൽ ഇങ്ങെ നിലം പറമ്പുക
ളിലും നിന്റെ അനുഗ്രഹത്തെ കല്പിച്ചു പ്രീതെക്ക— കാലത്തു
നല്ല സമയവും (വെണ്ടുന്ന മഴയും) ഫലവൃദ്ധിയും തന്നു മനുഷ്യ
ന്റെ സംരക്ഷണത്തിന്നായുള്ള നിന്റെ സകല ദാനങ്ങളെയും
കരുണയാലെ നല്കി കാത്തു സഫലമാക്കി തീൎക്കെണമെ— എ
ങ്ങനെ എങ്കിലും നിന്റെ വചനത്തെ ഞങ്ങളുടെ ഹൃദയങ്ങ
ളിൽ നട്ടു ഞങ്ങളെ നിത്യജീവനായി നീതിയുടെ ഫലങ്ങളെ
ളവെണ്ടുവൊളം വിളയിപ്പിക്കെണമെ— നിന്റെ സത്യംകൊ

ൾക്കായും ഞങ്ങൾ ദുഃഖങ്ങളെ മനസ്സോടെ സഹിക്കെക്കൊണ്ട് അനു
ഭവിക്കേണ്ടതിന്ന ഞങ്ങളുടെ കൎത്താവായ യെശുക്രിസ്തുമൂലം ഞ
ങ്ങളുടെ ഹൃദയങ്ങളെ നിനക്കു തന്നെ ഒരുക്കി രക്ഷിക്കെണ
മെ—ആമെൻ. W

൫.

സങ്കടത്തിങ്കൽ ഉദ്ധാരണത്തിന്നവെണ്ടി

ഞങ്ങളുടെ ദൈവവും പിതാവുമാകുന്ന കൎത്താവെ അഗാധങ്ങളി
ൽ നിന്ന ഞങ്ങൾ നിന്നൊട്ട നിലവിളിക്കുന്നു—ഞങ്ങളുടെ ശബ്ദം
കെട്ടു ഞങ്ങളുടെ യാചനാവിളികൾക്കായി ചെവി ചായിച്ചു ഇന്ന ഞ
കപ്പെടുന്ന ക്ലേശങ്ങളിൽ കനിഞ്ഞു നൊക്കെണമെ—കൎത്താവെ
നീ അകൃത്യങ്ങളെ സൂക്ഷിച്ചു നൊക്കി കണക്കിട്ടാൽ തിരുമുമ്പി
ൽ നില നില്ക്കുന്നവൻ ആർ—എങ്കിലും നിങ്കൽ ഞങ്ങൾക്ക ആശ്ര
യിക്കുന്ന കൃപയും മൊചനവും നിന്നൊട്ട സമൃദ്ധിയായിട്ടുണ്ടു—
എന്നിട്ടു കരുണ ചെയ്തു കൊണ്ടു ഇപ്പൊൾ നീ ഞങ്ങളെ സന്ദൎശിച്ച്
അകപ്പെട്ടത്തിയ സങ്കടത്തെ ശമിപ്പിച്ചു അധികമുള്ള ക്ലേശങ്ങ
ൾ വരാതവണ്ണം പരിപാലിക്കെണമെ—ഞെരുക്കത്തിലുള്ളവരെ
താങ്ങി ആദരിച്ചു പുഷ്ടിപ്പിക്കെണമെ—ഈ സകല കഷ്ടങ്ങൾ ക
ങ്ങളാലും ഞങ്ങളുടെ ഹൃദയങ്ങളെ വലിച്ചു നിന്നൊട്ട തന്നെ അ
ടുപ്പിക്കെണമെ—ഇപ്പൊൾ കണ്ണീരൊടെ വിതെക്കുന്നവർ കൊയ്ക
ൽ ഇത്ര സന്തോഷത്തോടെ കൊയ്യുമാറാകെ വെണ്ടു—യെശു
ക്രിസ്തുനിമിത്തം ഞങ്ങളെ ചെവിക്കൊണ്ടു ഉത്തരം അരുളിച്ചെ
യ്യെണമെ—ആമെൻ— W

൬.

വട കാലത്തിൽ

സൎവ്വശക്തിയുള്ള ദൈവമെ സകല രാജാക്കളെയും ഭരിക്കുന്നരാ
ജാവും എല്ലാ കാൎയ്യങ്ങളെയും നടത്തുന്ന ആദികാരണനുമായുള്ളാ
വെ— നിന്റെ ശക്തിയൊട് എതിൎക്കുന്ന സൃഷ്ടി ഒന്നും ഇല്ല— പാപി
കളെ ശിക്ഷിപ്പാനും അനുതാപികളെ കനിഞ്ഞുകൊള്ളാനും എ
കസമൎത്ഥനായവൻ നീ തന്നെ— ഞങ്ങളെ ശത്രുക്കളുടെ കൈ
യിൽ നിന്നു രക്ഷിപ്പാൻ കടാക്ഷിക്കെണമെ— അവരുടെ വലി
പ്പത്തെ താഴ്ത്തി ദ്വെഷത്തെ ശമിപ്പിച്ചു ഉപായങ്ങളെ പഴുതിലാ
ക്കെണമെ— നിന്റെ തുണയാൽ സകല ആപത്തും അകറ്റി ഞങ്ങ
ളെ പരിപാലിച്ചു ജയം നല്കുന്ന നിന്നെ എന്നും സ്തുതിപ്പാറാക്കെണ
മെ— നിന്റെ ഏകജാതനും ഞങ്ങളുടെ കൎത്താവുമാകുന്ന യെശു
ക്രിസ്തന്റെ പുണ്യം നിമിത്തമെ ഞങ്ങളെ കെട്ടരുളെണമെ— ആ
മെൻ- *C.P.*

൩൧

മഹാവ്യാധിയിൽ

സൎവ്വശക്തിയുള്ള ദൈവമെ പണ്ടു നിന്റെ ജനം മൊശ അഹരൊന്മാ
രുടെ നെരെ മത്സരിച്ചു സമയം നീ രൊഗം അയച്ചു ശിക്ഷിച്ചതല്ലാ
തെ ദാവിദ്രാജാവിന്റെ കാലത്തിൽ വല്ലാത്ത വ്യാധികൊണ്ടു മ
ന്ധിപ്പിച്ചു എഴുപതിനായിരം ആളുകളെ സംഹരിച്ചു നീക്കി ശെ
ഷമുള്ളവരെ ദയ കാണിച്ചു രക്ഷിച്ച പ്രകാരം എല്ലാം ഞങ്ങൾ
കെട്ടിരിക്കുന്നു— അരിഷ്ട പാപികളായ ഞങ്ങളിൽ ഇപ്പൊൾ
വന്ന മഹാവ്യാധിയും കാഠിന്യവും നൊക്കി വിചാരിച്ചു ഞങ്ങ
ളുടെ പാപങ്ങളെയും അതിക്രമങ്ങളെയുമല്ല നിന്റെ സ്വന്ത ക
രുണയും ദയയും ഒൎത്തു ഞങ്ങളിൽ കനിഞ്ഞിരിക്കെണമെ— പണ്ടു
നീ പരിഹാര ബലിയെ അംഗീകരിച്ചു സംഹാരം നടത്തുന്ന ദൂതനെ
വിലക്കി ദണ്ഡത്തെ നിറുത്തിയ പ്രകാരം ഇന്നു ഞങ്ങളുടെ കൎത്താ

വായ യെശുക്രിസ്തുനെ നൊക്കി ഇന്ന ബൊധയെയും മഹാരൊ
ഗത്തെയും തിരുത്തി പ്രസാദിച്ചരുളെണമെ — ആമെൻ CP

൧.

രൊഗികൾക്കവെണ്ടി

കനിവെറിയ ദൈവമെ ആത്മാവും പകർന്നു പ്രാപ്തിയിൽ എ
ന്ന തിരുവചനത്തിൽ കല്പിച്ചിരിക്കയാൽ ഞങ്ങളുടെ സഭയിലു
ള്ള ഈ വ്യാധിക്കാരൻ — (ക്കാനത്തിൽ) വെണ്ടി നിന്നൊട യാചി
ച്ചാൻ തുടങ്ങുന്നു — നീ ദയയൊടെ വിചാരിക്കുന്ന നാഥൻ എ
ന്നും യെശുക്രിസ്തുകൽ ആരെ എങ്കിലും കൈക്കൊണ്ടു രക്ഷിക്കു
ന്നവൻ എന്നും കാണിച്ചു അവനെ — ഉള്ള ആശ്വസിപ്പിച്ചു താ
ഴ്മയൊടും സ്ഥിരമ്യതയൊടും സ്വകഷ്ടങ്ങളെ സഹിപ്പാ
ൻ ബലപ്പെടുത്തെണമെ — തിരുവാക്യങ്ങളുടെ ശബ്ദം കൊ
ണ്ട് ആവശ്യമായ ശിക്ഷയെ തന്നെ ഉപയൊഗിച്ചു പൊറുതി സങ്കട
ത്തിൽ ഉള്ള മക്കളൊട്ടു നീ വാത്സല്യമുള്ള അപ്പൻ എന്നും അല്ലാ
ലത്തു സഹായിച്ചു രക്ഷിക്കുന്നവൻ എന്നും സ്വപുത്രനിൽ ഒട്ടൊ
ഴിയാതെ സകലവും നന്നാക്കുന്നവൻ എന്നും കാണിച്ചു തന്റെ
സമാധാനം കൊടുക്കെണമെ — ആമെൻ. W

൨.

ഉദ്ധരിച്ചതിന്നു സ്തൊത്രം

ഞങ്ങളുടെ ദൈവമായ യഹൊവെ മനുഷ്യപുത്രർ നിന്റെ ചിറ
കുകളുടെ നിഴലിൽ ആശ്രയിച്ചു കൊള്ളുന്നതാൽ നിൻ ദയ എത്ര
വിലയെറിയതു — നീ വലുതായ ഭയത്തെ ഞങ്ങളിൽ വരുത്തി
പിടിപ്പിച്ചു ഞങ്ങൾക്ക പിന്നെത്ത മഹാകഷ്ടങ്ങളിൽ നീ ത
ന്നെ ഞങ്ങൾക്കു തുണ നിന്നില്ല എങ്കിൽ ഞങ്ങൾ തിന്ന വെടക്കി എ

നായിരിക്കും — യഹോവെ വെളിപ്പെടുത്തുവാനും ഒടുക്കുവാനും തക്ക
പറയുന്ന — തിന്റെ പരിശുദ്ധാത്മാവിനെ കൂടി തിന്റെ കൈക്കൽ
യേശു തെറ്റിച്ചിരിക്കുന്നു — സ്വർഗ്ഗീയ ദൂതന്മാർക്കും ഉണ്ടാകാത്ത
യഹോവയുടെ നാമത്തിൽ നമ്മെ ഞങ്ങളുടെ ശരണം — പരി
ശുദ്ധാത്മാവിനെ അനുഭവങ്ങളെ ചെയ്യുന്ന ദൈവമായ യഹോവയാണ്
പ്പെടുവാനാകാ — തിന്റെ യേശുവേ നാമത്തിനു മഹത്വം ഉണ്ടാ
കുന്നതിനാകാ — ആമെൻ W.U

C. പ്രാർത്ഥനൈകുടിവരുമ്പോൾ

1. സാധാരണപ്രാർത്ഥന

കർത്താവെ കനിഞ്ഞു കൊള്ളേണമെ
തിരു കനിഞ്ഞു കൊള്ളേണമെ
കർത്താവെ കനിഞ്ഞു കൊള്ളേണമെ
സ്പ്ടസ്വരൂപിയായ യഹോവാ ദൈവമെ
ലോകരക്ഷിതാവെന്നപുത്രനായ യഹോവാ ദൈവമെ
വിശുദ്ധാത്മാവായ യഹോവാ ദൈവമെ-
ഞങ്ങളെ കനിഞ്ഞു കൊള്ളേണമെ
കരുണ ഉണ്ടായിരിക്കേണമെ
ത്രിയെകദൈവമായ കർത്താവെ കരുണ ഉണ്ടായിഞങ്ങൾക്കു തുണയ്ക്കേണമെ
സകല ചാവടിൽ നിന്നും
എല്ലാ ബുദ്ധിമോശത്തിൽ നിന്നും
എല്ലാ തിയയിൽ നിന്നും
ത്രിയെകദൈവമായ യഹോവെ ഞങ്ങളെ കാക്കേണമെ
വിശാചിൻെറ ചതി നെരലത്തിൽ നിന്നും
ക്ഷണത്തിൽ തുണ ദുർമ്മരണത്തിൽ നിന്നും
മഹാ കരാഗ്നിനിന്നും ക്ഷാമത്തിൽ നിന്നും
കൂടെ ഹിംസ കളിൽ നിന്നും
കലഹ മത്സരങ്ങളിൽ നിന്നും
ചാഴി പൂയ്യ ണ്ടിതളിൽ നിന്നും.
കിടുപിടി ചെങ്കവെട്ടുകിളിൽ നിന്നും
ത്രിയെകദൈവമായ യഹോവെ ഞങ്ങളെ കാക്കേണമെ
തൻമഹത്വത്തിൻ ഉപെക്ഷകൾ നിന്നും

സകലസൃഷ്ടികളിൽനിന്നും
പാപത്തിൻ വഞ്ചനയിൽനിന്നും
നിത്യമരണത്തിൽനിന്നും
ശ്രീയ ദൈവമായ യഹോവായെ ഞങ്ങളെ കാക്കേണമെ
നിന്റെ ദാസരൂപധാരിത്വങ്ങളാലും
നിൻ ബലഹീനതാ വെദനകളാലും
നിന്റെ സകല പരീക്ഷകളാലും
നിൻ ആത്മാസനത്തിലെ രക്തസ്വെദത്താലും
നിന്റെ ചങ്ങല പരിഹാസതല്ലുകളാലും
നിന്റെ ക്രൂശുകഷ്ടങ്ങളാലും
നിൻ വിലയെറിയ മരണത്താലും
തെജസ്സുള്ള ഉത്ഥാനാരോഹണങ്ങളാലും
വിശുദ്ധാത്മാവിന്റെ വരവിനാലും
ഞങ്ങളുടെ മരണനെരത്തിലും
അവസാനന്യായവിധിയിലും
ശ്രീയ ദൈവമായ യഹോവെ ഞങ്ങളെ കെട്ടരുളെണമെ
ഞങ്ങളെ ചെവിക്കൊൾകെ വെണ്ടു എന്ന്
അരിഷ്ടപാപികളായ ഞങ്ങൾ യാചിക്കുന്നു
ശ്രീയ കർത്താവും ദൈവവുമായുള്ളോവെ
നിന്തിരുസഭയെ നടത്തി ഭരിക്കയും
നിൻ നാമം എടുത്തവർക്കെവർക്കും
തിരുക്രൂശിന്റെ രഹസ്യം വെളിപ്പെടുത്തുകയും
എല്ലാ ദൈവമക്കളെയും ഒർ ആത്മാവിൽ യൊജിപ്പിക്കയും
തിരുസഭയുടെ ശുശ്രൂഷക്കാർ ഇടയന്മാരെ ഒക്കയും
സത്യവചനത്തിലും വിശുദ്ധനടപ്പിലും കാത്തുരക്ഷിക്കയും
എല്ലാ മതഭെദങ്ങളെയും ഇടർച്ചകളെയും നിലക്കയും

തെറ്റി ഉഴന്നവരെ തിരിച്ചു വരുത്തുകയും
സാത്താനെ ഞങ്ങളുടെ കാല്ക്കീഴെ ചതെക്കയും
വിശ്വസ്ത വെലക്കാരെ നിൻ്റെ കൊയ്ത്തിൽ അയക്കയും
വചനത്തൊടു നിൻ്റെ ആത്മാവും ശക്തിയും കൂട്ടുകയും
ഇടഞ്ഞു ചതഞ്ഞവരെ എല്ലാം താങ്ങി തണുപ്പിക്കയും
ഞങ്ങളെ ചെവിക്കൊൾകയും ചെയ്ക
ശ്രീയകർത്താവും ദൈവവും ആയുള്ളൊവെ
സകല ജാതികൾക്കും പ്രകാശവും ആശ്വാസവും ആയുള്ളൊവെ
കരമെലും സമുദ്രത്തിലും ഉള്ള നിൻ്റെ ദൂതന്മാരെ രക്ഷിക്ക
അവരുടെ സാക്ഷ്യവാക്കിന്മെൽ ആത്മാവും അഗ്നിയും ഇറക്ക
ജാതികളിൽ നിന്നു ഇണക്കാഷി ചെർത്തവരെ പാലിക്ക
ജാതികളിൽ ശെഷിച്ചവരെയും സന്ദർശിക്ക
നിൻ ജനമായ ഇസ്രയെലെ അന്ധതയിൽ നിന്നു വിടുവിക്ക
ഇവരെല്ലും നിൻ്റെ മുമ്പാകെ ജീവിച്ചിരിപ്പതാക
ശ്രീയകർത്താവും ദൈവവും ആയുള്ളൊവെ
ഞങ്ങളെ ചെവിക്കൊള്ളെണമെ
സകല രാജാക്കന്മാർക്കും സന്ധിയും ഐക്യതയും നല്ക
ഞങ്ങളുടെ രാജ്ഞിയെയും രാജകുഡുംബത്തെയും മന്ത്രിഭൃത്യ
രെയും നടത്തി പരിപാലിക്ക.
ഞങ്ങളുടെ ദെശം ഊരുകൾ നാടും
സഭകളും പാഠശാലകളും എല്ലാം
വിവാഹവും പുത്രസമ്പത്തും
ഒക്കെ അനുഗ്രഹിച്ചു കൊള്ളെണമെ
ശ്രീയകർത്താവും ദൈവവും ആയുള്ളൊവെ
ഞങ്ങളെ ചെവിക്കൊള്ളെണമെ
സങ്കടത്തൊരു ഞങ്ങളിലുള്ളവർക്കെല്ലാം

നിന്റെ സഹായത്തൊടെ വിളങ്ങിവന്ന
ഗൎഭിണികൾക്കും മുലകുടിപ്പിക്കുന്നവൎക്കും
ശുഭഫലവും തഴപ്പും എകുക
ശിശുക്കളെയും രൊഗികളെയും പൊറുക്ക
ബലഹീനരെയും വയസ്സന്മാരെയും താങ്ങുക
കുററമില്ലാതെ തടവിലായവരെ വിടുവിക്ക
സകല വിധവമാരെയും അനാഥരെയും
എളിയവരെയും അഗതികളെയും
പാലിച്ചുസംരക്ഷണമെല്ക്ക
യാത്രക്കാൎക്കും അപകടം ഒഴിപ്പിച്ചു
എല്ലാമനുഷ്യരിലും കനിഞ്ഞുകൊള്ളു
ക്രിയകൎത്താവും ദൈവവും ആയുള്ളൊവെ
ഞങ്ങളെ ചെവിക്കൊള്ളണമെ
ഞങ്ങളെ ദ്വെഷിച്ചു നാണം കെടുത്തു ഹിംസിക്കുന്നവൎക്കു
പാപം ക്ഷമിച്ചും മനംതിരിച്ചും കൊടുത്ത
നിലത്തിൻ അനുഭവം കാത്തുരക്ഷിച്ചു
ഞങ്ങളുടെ കൈതൊഴിൽ എല്ലാം സഫലമാക്കി
കരുണയാലെ ഞങ്ങളെ ചെവിക്കൊള്ളണമെ
ക്രിയകൎത്താവും ദൈവവും ആയുള്ളൊവെ
ദൈവപുത്രനായ യെശുക്രിസ്തുവെ
ഞങ്ങളൊടു കരുണചെയ്യണമെ
ലൊകത്തിൻ പാപത്തെ ചുമന്നെടുക്കുന്ന ദൈവത്തിൻ കുഞ്ഞാടെ
ഞങ്ങളൊടു കരുണചെയ്യണമെ
ലൊകത്തിൻ പാപത്തെ ചുമന്നെടുക്കുന്ന ദൈവത്തിൻ കുഞ്ഞാടെ
നിത്യസമാധാനം ഞങ്ങൾക്കു എകെണമെ
ക്രിസ്തു ഞങ്ങളെ കെട്ടരുളെണമെ.

p 13

കൎത്താവെ കരുണ ഉണ്ടാകെണമെ

ക്രിസ്തു ഞങ്ങളെ കെട്ടരുളെണമെ

കൎത്താവെ ഞങ്ങളൊടു കരുണചെയ്യെണമെ

(കൎത്തൃപ്രാൎത്ഥനയുടെ ശെഷം

ഈ അവസാനം ചൊല്ലുക)

സൎവ്വശക്തിയുള്ള ദൈവമെ ഈ സമയത്ത ഞങ്ങൾ ഐകമനസ്സൊടെ നിന്നൊട അപെക്ഷിപ്പാൻ കൃപ തന്നിരിക്കുന്നു — രണ്ടൊ മൂന്നൊപെർ നിന്റെ നാമത്തിലെക്ക ഒരുമിച്ചുകൂടുന്നെടത്തും ആവശ്യപ്രകാരം തരുവാൻ വാഗ്ദത്തം ചെയ്തിരിക്കുന്നവല്ലൊ — ഇന്നും കൎത്താവെ അടിയങ്ങളുടെ ആഗ്രഹങ്ങളെയും അപെക്ഷകളെയും ഞങ്ങൾക്ക നന്നാകുംവണ്ണം നിവൃത്തിവരുത്തി ഇഹലൊകത്തിൽ നിന്റെ സത്യജ്ഞാനവും പരലൊകത്തിൽ നിത്യജീവനും തരെണമെ — ആമെൻ.

നമ്മുടെ കൎത്താവായ യെശുക്രിസ്തുവിന്റെ കരുണയും ദൈവത്തിന്റെ സ്നെഹവും വിശുദ്ധാത്മാവിൻ കൂട്ടായ്മയും നാം എല്ലാവരൊടുംകൂടെ ഇരിപ്പൂതാക — ആമെൻ. **W. ub.**

2. അല്ലെങ്കിൽ

കൎത്താവും ദൈവവുമായുള്ള യഹൊവെ കനിഞ്ഞും മനസ്സലിഞ്ഞും ഇരിക്കുന്നവനെ ദീൎഘക്ഷമാവാൻ കരുണാസമ്പന്നൻ ഭക്തന്മാരിൽ ആയിരത്തൊളം കരുണ സൂക്ഷിച്ചും അകൃത്യദ്രൊഹപാപങ്ങളെ പൊറുത്തും കൊള്ളുന്നവനെ — കുറ്റക്കാരെയും കുറ്റമില്ലാതാക്കി വെക്കുന്നവനല്ല അന്യഭക്തിയെ സഹിക്കാത്ത ഉഗ്രദൈവമത്രെ — ഭയത്തൊടും ആശ്രയത്തൊടും ഞങ്ങൾ നിന്റെ വിശുദ്ധ സമ്മുഖത്തിലെക്ക വരുന്നു — ശരീരാത്മാക്കൾക്കും സമൃദ്ധിയായി തന്ന സകല അനുഗ്രഹങ്ങൾക്കും ഒരൊ സങ്കടത്തിൽ ഉണ്ടാ

ഷ ആശ്വാസങ്ങൾക്കും നിസ്സഫലങ്ങൾക്കും ഞങ്ങൾ സ്തോത്രവും ഉ
പകാരവും ചൊല്ലുന്നു — അപ്പൊ കൎത്താവെ നീ ചെയ്തുവന്ന എല്ലാ ക
രുണകൾക്കും ദിവസപ്രതി കാട്ടുന്ന വിശ്വസ്തതെക്കും ഞങ്ങൾ എത്ര
യും അയോഗ്യം — ഞങ്ങൾ നിൻ പാദാന്തികെ കിടന്നു നിന്റെ കരു
ണകളെ കൊണ്ടാടുന്നു — ഇന്നും നിന്റെ കനിവു മുട്ടിയാതെ രാവി
ലെ രാവിലെ പുതുതായും വിശ്വാസ്യത വലുതായും ഇരിക്കുന്നു — ഞ
ങ്ങൾ പല പ്രകാരത്തിൽ മനന്തിരിയാതെയും തെറ്റുകളെ മാ
റാതെയും നിണക്ക അറിയും പ്രകാരം പാപങ്ങളെ അധികമാ
ക്കി നിന്റെ കോപത്തിന്ന സാക്ഷാൽ പാത്രമാകുന്നു എങ്കിലും
നീ ഒരപ്പനെക്കാളും അധികം പൊറുത്തും കനിഞ്ഞും കൊണ്ടിരി
ക്കുന്നു — ഫലം തരാത്ത വൃക്ഷത്തിന്റെ ചുവട്ടിൽ നിന്റെ കോടാ
ലി ഇരിക്കുന്നു എങ്കിലും — യേശുക്രിസ്തന്റെ പക്ഷവാദം നീ കൈ
ക്കൊണ്ടു ഞങ്ങളെ ഇത്രവരെയും ഛേദിക്കാതെ നില്പിക്കുന്നു — പ
രമെശ നിന്റെ ദയയും ദീൎഘക്ഷാന്തിയും ഞങ്ങളെ മാനസാ
ന്തരത്തിലെക്കു നടത്തേണമെ മാററം വന്ന ഹൃദയത്തിന്ന തക്കഫല
ങ്ങളെ ഞങ്ങളുടെ നടപ്പിൽ കാണേണമെ എന്നു വെച്ചത്രെ —

അതുകൊണ്ടു സൎവ്വസ്ഥാനായുള്ള പിതാവെ ഞങ്ങളെ
ഈ വലിയ ഉപകാരം വെണ്ടും വണ്ണം അറിയുമാറാക്കുക — നിന്റെ
കരുണാ സമൃദ്ധിയെ ഞങ്ങൾ ചവിട്ടിക്കളയാതെയും നിന്റെ അ
നുഗ്രഹങ്ങൾക്ക അപാത്രമായ്പൊകാതെയും നിന്റെ കരുണെക്കിൽ
ഇനിക്കൊണ്ടു സത്യ വിശ്വാസത്താൽ ശുദ്ധമനസ്സാക്ഷിയോടും
ശുദ്ധീകരണത്തിങ്കൽ നിത്യ ഉത്സാഹത്തോടും അവസാനം വരെ
നില്ക്കേണമെ — അതിന്നായി ഞങ്ങൾ എല്ലാവരിലും സത്യമാ
നസാന്തരം ഉണ്ടാക്കി ഹൃദയത്തെയും ഭാവവിചാരങ്ങളെയും മാ
റി ഞങ്ങൾ ആരും മനഃപൂൎവ്വമായി പാപം ചെയ്യാതെയും നിന്നെ
ദുഃഖിപ്പിക്കാതെയും ഇരുന്ന വിശുദ്ധ ദൈവമെ നിണക്ക

ഷിതമല്ലാത്തത് എല്ലാം നീക്കിക്കളഞ്ഞു നിന്നോടു നിരപ്പും സമാധാനവും ഉണ്ട എന്നുള്ള സാക്ഷ്യത്തെ ഞങ്ങളുടെ ഉള്ളങ്ങളിൽ പ്രവേശിച്ചു കൊണ്ടുമാറാവാൻ വിടാതെ പ്രയത്നിച്ചു വരേണമെ — അതു കൊണ്ടു സൎവ്വശക്തിയുള്ള ദൈവമെ നിന്റെ കൃപയും അറിവാൽ ലഭിക്കുന്ന അനുഗ്രഹങ്ങളും മങ്ങി മറഞ്ഞു പോവാനുള്ള ഇടച്ചകളെ ഒക്കയും തടുത്തു നിറുത്തേണമെ —

വിശേഷിച്ചു സകല നാട്ടുവാഴികൾക്കും അനുഗ്രഹിക്കണ ഇവിടെ യജമാനരാകുന്ന ഇങ്ക്ലിഷ് പ്രൊതസ്തന്ത സഭകളിൽ എങ്ങും സത്യവചനത്തെ നന്നായി ശുശ്രൂഷിക്കുന്നവരെ ഉദ്ധരിച്ചു വാഴ്ത്തിക്ക — അവരെ നിന്റെ ഹൃദയപ്രകാരമുള്ള ഇടയരാക്കി തീൎക്ക — നിന്റെ സമാധാനത്തിൻ സുവിശേഷത്തെ അവരെക്കൊണ്ടു ദിവ്യത്വത്തിലും ശക്തിയിലും അറിയിപ്പിക്ക — എഴുത്തുപള്ളികളിലും വീടുകൾ തോറും ബാലന്മാരെ വളൎത്തി പഠിപ്പിക്കുന്നതിനെ അനുഗ്രഹിക്ക — ആപത്തുമുള്ള വേലയിൽ അദ്ധ്വാനിക്കുന്നവൎക്കു ജ്ഞാനവും വിശ്വാസ്യതയും ക്ഷാന്തിയും നല്കുക — ലോകത്തിൽ നിറക്കുന്ന ഇടച്ചകളാലും ദുൎമ്മാൎഗ്ഗങ്ങളാലും വയസ്സു കുറഞ്ഞവർ കെട്ടുപോകാഞ്ഞാൽ നീ തന്നെ അവരെ രക്ഷിച്ചു പാലിക്ക — രാജ്യത്തിലും കുടികൾ തോറും എല്ലാടത്തും എല്ലാവിധത്തിലും ഞങ്ങൾക്കു സമാധാനം നല്കുക — സഭയിൽ സകല ഛിദ്രങ്ങളെയും വിലക്കുക — തിരുസഭെക്കു വിട്ടു വന്നവരും ഏകസമാധാനത്തെയോളം വ്യാപിച്ചു പോരുന്ന വളൎച്ചയും ഏകുക — അതിൻ ശത്രുക്കൾ വിചാരിക്കുന്ന ഉപായവിരോധങ്ങളെയും ചെറുക്കുക — വിലയേറിയ സുവിശേഷപരമാൎത്ഥമാകുന്ന ഉപനിധിയെ ഞങ്ങളിൽ നിന്നു നീക്കിക്കളയാൻ ഞങ്ങളുടെ കൃതഘ്നതയാലും ഉദാസീനതയാലും വല്ല കാരണം ഉണ്ടെങ്കിലും ദയയാലെ അതിനെ ഞങ്ങളോടു പാൎപ്പിച്ചു തിരുവചനത്തെ ധാരാളമായി വസിപ്പിച്ചു സന്തതി

കൾക്കുംകൂടെ നിന്റെ നിയമത്തിൽ കൂട്ടവകാശവും നിന്റെ നാമത്തി
ൽ അറിവും സ്തുതിയും കിട്ടിക്കൊൾക —

ഞങ്ങളോട് സമമാനമുള്ള വിശ്വാസം കിട്ടിയവർ ആകയാ
ൽ ഹിംസയിലും ഉപദ്രവങ്ങൾ എങ്ങളിലും അകപ്പെട്ടുപോകുന്ന
വരെ കനിഞ്ഞുകൊള്ളേണ്ടു അവർക്കു മനസ്സും ശരണവും തുണയു
മാക്കില്ല — ഒരു ശരീരത്തിലെ അവയവങ്ങൾക്കു ഒക്കെയും എങ്ങ
ൾക്കെപ്പോഴും പ്രാർത്ഥനയിൽ അവരെ ഓർത്തുകൊൾവാനും ഇവിടെ
യും പരീക്ഷാസമയത്തിന്നായി ഒരുങ്ങിനില്പാനും നിൻകൃപ
യാലെ ഞങ്ങളെ ഉണർത്തുക — നിന്നോടു സ്നാനത്താലുള്ള സമാ
ധാന നിയമത്തെ ഞങ്ങൾക്കു ഓർത്തു തരുന്നതിന്ന ദിവ്യസാധനങ്ങ
ൾ ആകുന്ന തിരുവചനവും വിശുദ്ധ ചൊല്ക്കുറികളും ഭക്തിയുടെ വേ
ഷം ധരിക്കുന്ന വ്യാജക്കാരെ പോലെ അനുഭവിക്കുമ്പോൾ സകല ഉ
പേക്ഷാപാപത്തിൽ നിന്നും ഒഴിഞ്ഞുകൊൾവാൻ തുണെക്കേണ
മേ —

ഞങ്ങളുടെ മുട്ടുകളെ തീർപ്പാൻ ശക്തിയുള്ള അനുഗ്രഹത്തെ രാ
ജ്യത്തിൽ എങ്ങും പകരുക — ഭൂമിയെയും നിലത്തിലെ ഉഭയങ്ങ
ളെയും തഴെപ്പിക്ക — നിവാസികളുടെ വൃത്തികളെ അനുഗ്രഹിച്ചിട്ടു
അവനവൻ താന്താന്റെ വിളിയിൽ ശ്രദ്ധയായി വേല ചെയ്തു മു
ട്ടുള്ളവനെ വിചാരിച്ചു കൊടുപ്പാൻ ഉണ്ടാകേണ്ടതിന്നു സംഗതി വരു
ത്തേണമേ — ഇതുവരെയും നിന്റെ കനിവിൻ പെരുപ്പ പ്രകാരം
നീ ചെയ്തതു പോലെ ഇനിയും വറുതി ക്ഷാമം പടകലഹം തീഭയം
ജലാധിക്യം മഹാവ്യാധി മൃഗബാധ മുതലായ ദണ്ഡങ്ങളെ വിലക്കു
ക — നിന്റെ ശിക്ഷകൾക്കും ന്യായവിധികൾക്കും ഹേതുവാകുന്ന ഞ
ങ്ങളുടെ പാപങ്ങളും അകൃത്യങ്ങളും എല്ലാം നിന്റെ പുത്രനായ
യേശുക്രിസ്തുവിൻ നിമിത്തം ക്ഷമിക്കേണമേ — ഞങ്ങളെ സന്ദർ
ശിക്കുന്ന ഓരോ ശിക്ഷകളും കഷ്ടങ്ങളും ഞങ്ങളെ മാനസാ

ന്തരത്തിലെക്കും സല്ഗുണത്തിലെക്കും ഉണൎത്തി നടത്തുകൊണ്ടുവു-

ഞങ്ങളുടെ സകല ശത്രുക്കളൊടും പകയരൊടും ക്ഷ
മിക്ക— മരിച്ചിയ ആത്മാക്കൾ പലെടത്തും കുട്ടങ്ങളിൽ കിടക്കുന്ന ഉരി
ട്ടിന്റെ കെട്ടുകളെ അഴിക്കുക— ദുഷ്ടന്മാരുടെ വെണ്ടാതനത്തി
ന്നൊടുക്കം കല്പിക്ക നീതിമാന്മാൎക്ക ശക്തി കൂട്ടുക— ഭക്തിയുള്ള ഹൃ
ദയത്തിന്ന എല്ലാം നിന്റെ ദയ കാട്ടുക— വളഞ്ഞ വഴികളിൽ തെ
റ്റി പൊകുന്നവൎക്ക മനന്തിരിപ്പിച്ചു അവൎക്കും ഞങ്ങൾക്ക എല്ലാവ
ൎക്കും നിന്റെ സമാധാനം നല്കുക—

വീട്ടിലുള്ളവൎക്ക നിഴലും യാത്രക്കാൎക്ക ചങ്ങാതവും ആക-
അഗതികൾ അനാഥ വിധവമാരെയും രാജ്യഭ്രഷ്ടർ വിസിതരെ
യും രൊഗികൾ ചാവടുത്തവരെയും ഒക്കെയും കരഞ്ഞു കൊണ്ടെ അവ
രെയും ഞങ്ങളെയും അന്ത്യത്തൊളം ഒരുപൊലെ വിശ്വാസ
ത്തിൽ ഉറപ്പിച്ചു സ്നെഹത്തിൽ വൎദ്ധിപ്പിച്ചു പ്രത്യാശയിൽ കുല്ലങ്ങാ
താക്കിക്കുക— അവൎക്ക പ്രാൎത്ഥനയിൽ ഉത്സാഹവും ദുഃഖത്തി
ൽ കഷ്ടത്തിൽ ആശ്വാസവും പരീക്ഷയിൽ സ്ഥിരതയും പാപ
ത്താടുള്ള പൊരാട്ടത്തിൽ മിടുക്കും സ്വൎഗ്ഗീയ വിരുന്നിനെ തേടുക
ന്നതിൽ മനൊനിശ്ചയവും ദൈവഭക്തിയെ അഭ്യസിക്കുന്നതി
ൽ വിശ്വസ്തതയും ഉറപ്പും കൊടുത്തു സകല മനുഷ്യരിലും കാ
രുണ്യം കാണെണമെ—

വിശെഷിച്ച് ദൈവജനത്തിന്ന ഒരു ശബ്ബത്തനുഭവം
ശെഷിപ്പിച്ചിരിക്കകൊണ്ടു നിന്റെ സ്വസ്ഥതയിൽ പ്രവെശിപ്പാ
ൻ ഞങ്ങൾ ശ്രമിച്ചു കൊള്ളെണ്ടതിന്നും ആരും കാലം വൈകി
പൊകാതിരിക്കെണ്ടതിന്നും ഞങ്ങളെ ഉത്സാഹിപ്പിക്കുന്ന നി
ന്റെ വിശുദ്ധാത്മാവെ തരെണമെ— അത്രകൊണ്ടു ഞങ്ങൾ ശ
രീരത്തിൽ നിവസിക്കിലും പിരിക്കിലും ഉണൎന്നിരുന്നാലും ഉ
റങ്ങിയാലും ജീവിച്ചാലും മരിച്ചാലും നിന്നെക്കുള്ളവരായി ഇരി

ക്കാറു — എന്നത്രു ഞങ്ങളുടെ ഏക മദ്ധ്യസ്ഥനും പിണ്ടെടുപ്പുകാ
രനും പക്ഷവാദിയും സമാധാന പ്രഭുവുമാകുന്ന യെശുക്രിസ്തു
ൻ നിത്യം തന്നെ യാചിക്കുന്നു - ആമെൻ W

D. വെദപാഠങ്ങൾ

I. ഋതുദിവസങ്ങിനുള്ളസൂചി

ശേഷലെഖനാംശങ്ങൾ

ക. ആഗമനനാൾ ഒന്നാമത്തെ
സു. മത്ഥ. 21, ൧—൯
ലെ. രൊ. 13, ൧൩—൧൭

ഖ. ആഗമനനാൾ രണ്ടാമത്തെ
സു. ലൂ. 21, ൨൫—൩൩
ലെ. രൊ. 15, ൧—൧൩

ഗ. ആഗമനനാൾ മൂന്നാമത്തെ
സു. മത്ഥ. 11, ൨—൧൦
ലെ. രൊ. 4, ൧൨—൨൧

ഘ. ആഗമനനാൾ നാലാമത്തെ
സു. യൊ. 1, ൧൯—൨൮
ലെ. ഫിലി. 4, ൪—൯

ങ. ജനന നാൾ
സു. ലൂ. 2, ൧—൧൪
ലെ. തീത. 2, ൧൧—൧൫

ച. ജനന നാൾ രണ്ടാമത്തെ
സു. യൊ. 1, ൧—൧൪
ലെ. ഹെബ്രാ. 1, ൧—൧൦

ഛ. ജനന നാൾമുതിനഞ്ഞായറാഴ്ച

ന്നു

സു. ലൂ. 2, ൩൩—൪൦

ലെ. ഗല. 4, ൧—൭

൮. ഞങ്ങേ പിറപ്പു

ലൂ. 2, ൧൫—൨൧

യശ. 9, ൬. ൭

അല്ലെങ്കിൽ

പുതിയനിയമത്തിൽ. എബ്രെ. 13, ൮

എബ്രെ. 13, ൧൪

എബ്രെ. 10, ൩൭

വെളി. 2, ൧൦

പഴയനിയമത്തിൽ. സ. 39, ൫. ൬

" . 90, ൧—൩

" . 102, ൨൫—൨൭

൯. ഞങ്ങേ പിറപ്പിനു പിന്നത്തെ ഞായറാഴ്ച

സു. മത്ത. 3, ൧൩—൧൭

ലെ. തീത. 3, ൪—൭

൧൦. പ്രകാശനദിനം

മത്താ. 2, ൧—൧൨

യശ. 60, ൧—൬

൧൧. പ്രകാശനത്തിനു പിമ്പ് ഒന്നാമത്തു

ലൂ. 2, ൪൧—൫൨

രോ. 12, ൧—൫

൧൨. പ്രകാശനത്തിനു പിമ്പ് രണ്ടാമത്തു

യോ. 2, ൧—൧൧

രോ. 12, ൬—൧൬

൯൩. പ്രകാശനത്തിനുപിന്പ് മൂന്നാമത്തെ

മത്ത. . 8, ൯ — ൯൩

ഒര. . 12, ൯൨ — ൯൯

൯൪. പ്രകാശനത്തിനുപിന്പ് നാലാമത്തെ

മത്ത . . 8, ൯൩ — ൯൭

ഒര . . 13, ൯ — ൯൦

൯൭. പ്രകാശനത്തിനുപിന്പ് അഞ്ചാമത്

മത്ത . . 13, ൯൬ — ൯൮. ൯൯ — ൧൩൩

ലൂക്ക. . 3, ൯൩ — ൯൭

൯൯. പ്രകാശനത്തിനുപിന്പ് ആറാമത്തെ

മത്ത . . 17, ൯ — ൩

ലൂക്ക . . 1, ൯൯ — ൧൦

൯൭. സമ്പൂർണ്ണദിനം

മത്ത . . 19, ൧൭ — ൧൮, ൯൯

മർക്കൊ. . 9, ൧൬ — ൧൯

൯൮. ശുദ്ധീകരണദിനം

ആക്ട. . 8, ൬ — ൯൭

ലൂക്കൊ. . 11, ൯൩ — ൯൦ + ൯൦

൯൩. നൊന്പിനു മുന്പിലത്തെ ഞായറാഴ്ച

ആക്ട. . 18, ൩൦ — ൩൩

൧കൊ. . 13, ൯ — ൯൩

൧൭. നൊന്പിൽ ഒന്നാമത്തെ

മത്ത . . 4, ൯ — ൯൯

ലൂക്കൊ. . 6, ൯ — ൯൦

൧൯. നൊന്പിൽ രണ്ടാമത്തെ

മത്ത . . 15, ൧൯ — ൨൫

ചൊ. . 4, ച — ചി

൨൬. നൊമ്പിൽ മൂന്നാമത്തെ

കൂ . . 11, ചു — ഞ

ഞാ . . 5, ച — ചു

൨൭. നൊമ്പിൽ നാലാമത്തെ

യൊ . . 6, ച — ചി

ഗല . . 4, ഠ — ണ

൨൮. നൊമ്പിൽ അഞ്ചാമത്തെ

യൊ . . 8, ഥ — ദ

കൈ . . 9, ച — ചി

൨൯. നഗരപ്രവേശനാൾ

മഞ്ഞ . . 21, ച — ന

പിലി . . 2, ധ — ച

൩൦. തിരുവ്യാഴാഴ്ചയും തിരുവെള്ളിയാഴ്ചയും കഴിയുന്ന ദിവസത്തെ ചരിത്രം

൩൧. പുനരുത്ഥാനനാൾ

മഞ്ഞ . . 28, ച — ം

കൊല . . 3, ച — ു

൩൨. പുനരുത്ഥാനത്തിരുനാൾ

കൂ . . 24, ചു — ന്ധ

ഞാ . . 10, ന്ധ — ഥ

൩൩. പെസഹായിൽ ഒന്നാമത്തെ

യൊ . . 20, ചു — ഞ

ചൊ . . 5, ു — ചു

൩൪. പെസഹായിൽ രണ്ടാമത്തെ

യൊ . . 10, ച — ചു

൧പെ. . 2, ൨൧ — ൨൫

൪൩. പെസഹായിൽ മൂന്നാമത്

യൊ. . 16, ൧൬ — ൨൩
൧പെ. . 2, ൰൧ — ൨൰

൪൪. പെസഹായിൽ നാലാമത്

യൊ. . 16, ൫ — ൰൫ (പ്രാതി)
യാക്കൊ. 1, ൧൬ — ൨൧

൪൫. പെസഹായിൽ അഞ്ചാമത്

യൊ. . 16, ൨൩ (പ്രാതി) - ൩൰
യാക്കൊ. 1, ൨൨ — ൨൭

൪൬. സ്വൎഗ്ഗാരൊഹണനാൾ

മാ. . 16, ൧൪ — ൨൰
അപ. . 1, ൧ — ൰൧

൪൭. സ്വൎഗ്ഗാരൊഹണത്തിന്നു പിന്നെയുള്ള ഞായറാഴ്ച

യൊ. . 15, ൨൬ — ൧൬, ൪
൧പെ. . 4, ൭ — ൰൧

൪൮. പെന്തകൊസ്തനാൾ

യൊ. . 14, ൨൩ — ൩൧
അപ്പൊ. 1, ൧ — ൰൩

൪൯. പെന്തകൊസ്തതിങ്കളാഴ്ച

യൊ. . 7, ൩൭ — ൪൨
അപൊ. . 10, ൪൨ — ൪൮

൫൰. ത്രിത്വനാൾ

യൊ. . 3, ൧ — ൰൫
രൊ. . 11, ൩൩ — ൩൬

൫൦. ത്രിത്വത്തിൽ പിന്നെ ഒന്നാമത്

ലൂ. 16, ൧൯ – ൩൧

൧യൊ. 4, ൬ – ൨൧

൪൧. ത്രിത്വ-പിൻ രണ്ടാമതു

ലൂക്ക. 14, ൧൬ – ൨൪

൧യൊ. 3, ൧൩ – ൨൪

൪൨. ത്രിത്വ-പിൻ മൂന്നാമതു

മത്ഥ. 5, ൧ – ൧൬

൧പെ. 5, ൬ – ൧൧

൪൩. ത്രിത്വ-പിൻ നാലാമതു

മത്ഥ. 5, ൧൭ – ൪൮

രൊ. 8, ൧൮ – ൨൭

൪൪. ത്രിത്വ-പിൻ അഞ്ചാമതു

മത്ഥ. 6, ൧ – ൧൮

൧പെ. 3, ൮ – ൧൫

൪൫. ത്രിത്വ-പിൻ ആറാമതു

മത്ഥ. 6, ൧൯ – ൩൪

രൊ. 6, ൧ – ൧൧

൪൬. ത്രിത്വ-പിൻ ഏഴാമതു

മത്ഥ. 7, ൧ – ൧൨

രൊ. 6, ൧൯ – ൨൩

൪൭. ത്രിത്വ-പിൻ എട്ടാമതു

മത്ഥ. 7, ൧൩ – ൨൯

രൊ. 8, ൧൨ – ൧൭

൪൮. ത്രിത്വ-പിൻ ഒമ്പതാമതു

ലൂക്ക. 16, ൧ – ൧൩

൧കൊ. 10, ൧ – ൧൪

൯. ത്രിത്വ-പിൻപത്താമത്

ലൂ. . 19, ൪൧-൪൭

൧കൊ. 12, ൧-൧൧

൧൦. ത്രിത്വ-പിൻപതിനൊന്നാമത്

ലൂ. . 18, ൯-൧൪

൧കൊ. 15, ൧-൧൦

൧൧. ത്രിത്വ-പിൻപന്ത്രണ്ടാമത്

ലൂ. . 15, ൩൧-൩൭

൨കൊ. 3, ൪-൧൧

൧൨. ത്രിത്വ-പിൻപതിമൂന്നാമത്

ലൂ. . 10, ൨൩-൩൭

ഗലാ. . 3, ൧൫-൨൨

൧൩. ത്രിത്വ-പിൻപതിനാലാമത്

ലൂ. . 17, ൧൧-൧൯

ഗലാ. . 5, ൧൬-൨൪

൧൪. ത്രിത്വ-പിൻപതിനഞ്ചാമത്

മത്താ. . 18, ൨൪-൩൪

ഗലാ. . 5, ൨൫-൬, ൧൦

൧൫. ത്രിത്വ-പിൻപതിനാറാമത്

ലൂ. . 7, ൧൧-൧൭

എഫെ. . 3, ൧൩-൨൧

൧൬. ത്രിത്വ-പിൻപതിനേഴാമത്

ലൂ. . 14, ൧-൧൧

എഫെ. . 4, ൧-൬

൧൭. ത്രിത്വ-പിൻപതിനെട്ടാമത്

മത്താ. . 22, ൩൪-൪൬

൧ കൊ. 1, ൪– ൮

൧൯. ത്രിത്വ. പിൻ പത്തൊമ്പതാമതു

മത്താ. 9, ൧– ൮

എഫെ. 4, ൧൭– ൩൨

൨൦. ത്രിത്വ. പിൻ ഇരുപതാമതു

മത്താ. 22, ൧– ൧൪

എഫെ. 5, ൧൫– ൨൧

൨൧. ത്രിത്വ. പിൻ ഇരുപത്തൊന്നാമതു

യൊ. 4, ൪൬– ൫൪

എഫെ. 6, ൧൦– ൨൦

൨൨. ത്രിത്വ. പിൻ ഇരുപത്തിരണ്ടാമതു

മത്താ. 18, ൨൧– ൩൫

ഫിലി. 1, ൩– ൧൧

൨൩. ത്രിത്വ. പിൻ ഇരുപത്തിമൂന്നാമതു

മത്താ. 22, ൧൫– ൨൨

ഫിലി. 3, ൧൭– ൨൧

൨൪. ത്രിത്വ. പിൻ ഇരുപത്തിനാലാമതു

മത്താ. 9, ൧൮– ൨൬

കൊല. 1, ൩– ൧൨

൨൫. ത്രിത്വ. പിൻ ഇരുപത്തഞ്ചാമതു

ലൂ. 13, ൧– ൯

൧ തെസ്സ. 4, ൧൩– ൧൮

൨൬. ത്രിത്വ. പിൻ ഇരുപത്തിയാറാമതു

മത്താ. 25, ൩൧– ൪൬

൨ പെ. 3, ൩– ൧൩

൨൭. ത്രിത്വ. പിൻ ഇരുപത്തേഴാമതു

II. ഒരുപത്രപത്തി നാല്ക്കുളവെദ

പാഠങ്ങൾനാല്വവപ്പെടുത്തിൽ

വായിപ്പാൻവെൽതിരിച്ചത്

പഴയനിയമം

	ഒന്നാം ആണ്ടു	രണ്ടാം ആണ്ടു
1.	൧മൊ. 1–2, ൩	൧.ശമു. 1–2, ൧൧
2.	,, 2, ൪–൩൫	,, 3–4, ൧൧
3.	,, 3.	,, 7–8
4.	,, 4	,, 9–10, ൧൧
5.	,, 6–7, ൫	,, 12
6.	,, 7, ൧൧–8, ൨൨	,, 15
7.	,, 9	,, 16
8.	,, 12, ൧–൯. 13, ൫–൧൯	,, 18, ൧–൧൪. 19, ൧–൧൨
9.	,, 15–17, ൧–൧൩	,, 20
10.	,, 18	,, 23, ൧൩–൧൯. 24.
11.	,, 19, ൧–൨൯	,, 25, ൧–൪൨
12.	,, 21, ൧–൧൩. 22, ൧–൧൯	,, 26. (൧രാജ. 12, ൧൩–൧൯)
13.	,, 28	,, 28, ൩–൨൫. 31
14.	,, 32	൨ശമു. 1–2, ൩
15.	,, 44, ൧൪–45, ൧൫.	,, 5, ൧–൧൦. 6.
16.	,, 48, ൯–൧൩. 49, ൧–൨൮	,, 7
17.	൨മൊ. 2–3, ൨൨	,, 11, ൨൭–12, ൨൫
18.	,, 4	,, 15. 16, ൫–൧൪
19.	,, 5–6, ൩	,, 17
20.	,, 12, ൧–൩൪. ൪൦–൫൧.	,, 18
21.	,, 14, ൧൦–15, ൨൧	,, 22
22.	,, 16	,, 24–23, ൧–൫

പുതിയനിയമം

	ഒന്നാം തൂണ്ട്	രണ്ടാം
1.	മത്ഥ. 1	ആ .16
2.	" .2	" .17
3.	" .3	" .18
4.	" .4	" .19
5.	" .5	" .20
6.	" .6	" .21
7.	" .7	" .22
8.	" .8	" .23
9.	" .9	" .24
10.	" 10	മെയ്യ. 1
11.	" 11	" .2
12.	" 12	" .3
13.	" 13	" .4
14.	" 14	" .5
15.	" 15	" .6
16.	" 16	" .7
17.	" 17	" .8
18.	" 18	" .9
19.	" 19	" .10
20.	" 20	" .11
21.	" 21	" .12
22.	" 22	" .13

പഴയനിയമം

ഒന്നാം ആണ്ട് രണ്ടാം

23.	൧മൊ	17	മത്താ.	28, [illegible]-29, [illegible]
24.	"	19-20, [illegible]	മാൎക്ക.	3-4, [illegible]
25.	"	23, [illegible]-24, [illegible]	"	8
26.	"	32-33, [illegible]	"	9, [illegible]. 10, [illegible]
27.	"	33, [illegible]-34, [illegible]	സങ്കീ.	72
28.	൨മൊ	19, [illegible]. 20, [illegible]	സുഭ.	2-3, [illegible]
29.	൪മൊ	6, [illegible]. 9, [illegible]. 10, [illegible]	"	8-9, [illegible]
30.	"	11	"	16
31.	"	12	"	21
32.	"	13, [illegible]-14	"	28
33.	"	16, [illegible]	മാൎക്ക.	11
34.	"	16, [illegible]-17	"	12
35.	"	20-21, [illegible]	"	13
36.	"	22. 23, [illegible]	ലൂക്ക.	14-15
37.	"	23, [illegible]-24, [illegible]	ലൂക്ക.	17-18, [illegible]
38.	൫മൊ	4, [illegible]	"	18, [illegible]-19
39.	"	6	"	21
40.	"	7, [illegible]. 8.	"	22, [illegible]
41.	"	9, [illegible]. 10, [illegible]-11, [illegible]	മത്താ.	20
42.	"	11, [illegible]. 12, [illegible]	യോഹ.	1-2, [illegible]
43.	"	13, [illegible]. 18, [illegible]	"	4
44.	"	28	"	5

പുതിയനിയമം

ഒന്നാം തീയ്യതി	രണ്ടാം തീയ്യതി
23. മത്താ. 23	മത്താ. 14
24. " . 24	. " . 15
25. " . 25	" . 16
26. " . 26	. " . 17
27. " . 27	. " . 18
28. " . 28	. " . 19
29. മാർക്കൊ. 1	. " . 20
30. " . 2	. " . 21
31. " . 3	മാർക്കൊ. 1
32. " . 4	. " . 2
33. " . 5	. " . 3
34. " . 6	. " . 4
35. " . 7	. " . 5
36. " . 8	. " . 6
37. " . 9	. " . 7
38. " . 10	. " . 8
39. " . 11	. " . 9, ഭാഗം
40. " . 12	. " . 9, ഭാഗം-10, ഭാഗം
41. " . 13	. " . 10) ഭാഗം-ശേഷം
42. " . 14	. " . 11
43. " . 15	. " . 12
44. " 16	. " . 13

പഴയനിയമം

ഒന്നാം ആണ്ട രണ്ടാം

45	ഉല്പ. 29	രാജാ. 6–7, ൧. വരെ
46	" 30	" 9.10, ൧൫–വരെ
47	" 32	" 11 (സങ്കീ. 24, ൧൨–൨൩)
48	" 33.34	" 17
49	യൊശു. 1, ൧–൧൦. 2.	" 18–19, ൧
50	" 3, ൧൪–5, ൧.	" 19, ൯–20, ൧൧
51	" 6	" 20, ൧൨–൨൫ (സങ്കീ. 33)
52	" 24	രാജ. 22–23, ൩. ൨൯–൩൦.
53	ന്യായ. 2	യിറ. 52
54	" 6	എസ്രാ. 1.2, ൩൪വരെ
55	" 7	" 5.6
56	" 9	" 7.8, ൨൧–൩൬
57	" 13	നെഹ. 1.2
58	" 16	" 4–5, ൧൩
59	രൂത. 1.2	" 6.8, ൧–൧൨
60	" 4	" 9

പുതിയനിയമം

മത്തായി എഴുതിയ രണ്ടാം

45	ആ	.1, പ്രസ്ഥ.	അദ്ധ്യാ. 14
46	"	.1, സന്ദേശം	" .15
47	"	.2	" .16
48	"	.3	" .17
49	"	.4	" .18
50	"	.5	" .19
51	"	.6	" .20
52	"	.7	" .21
53	"	.8	" .22
54	"	.9	" .23
55	"	.10	" .24
56	"	.11	" .25
57	"	.12	" .26
58	"	.13	" .27
59	"	14	" .28
60	"	15	തൊള്ള. 1

പഴയനിയമം

	മൂന്നാം ആണ്ട്	നാലാം ആണ്ട്
1.	ഒബാ. 1. 2	യൂദാ . 1
2.	" . 7. 14, 15-20	. " . 2. 4, 21-25
3.	" . 19	. " . 3, 4-20. 5, 21-24
4.	" . 33	. " . 7, 21-25. 9, 1-7
5.	സങ്കീ . 1. 2.	. " . 10, 8-21. 11. 12
6.	" . 3. 4	. " . 13, 20-25, 14, 1-
7.	" . 8. 9	. " . 25. 26
8.	" . 14. 16	. " . 29. 30, 20-25
9.	" . 15. 17	. " . 31. 32
10.	" . 19. 23	. " . 33, 20-34, 9. 35
11.	" . 22	. " . 40
12.	" . 24. 25	" . 42
13.	" . 27. 28	. " . 43. 44, 20-25
14.	" . 29. 30	. " . 45. 46
15.	" . 31	. " . 49-50, 22-
16.	" . 32. 36	. " . 50, 8-51, 20-25. 52, 1-5
17.	" . 34	. " . 52, 20-54
18.	" . 37	. " . 55-56, 9
19.	" . 39. 41	. " . 59. 60
20.	" . 40	. " . 61-63, 22
21.	" . 42. 43	. " . 63, 9-64, 20-
22.	" . 45. 47	. " . 65. 66

പുതിയനിയമം

മൂന്നാം ക്ലാസ്സ്	നാലാം ക്ലാസ്സ്
1. രൂപ. 2	ഹൈസ്സ്. 1. 2
2. " .3	. " .3. 4
3. " .4	. " .5
4. " .5	ഫൈസ്സ്. 1. 2
5. " .6	. " .3
6. " .7	ഹൈദ. 1
7. " .8	. " .2. 3
8. " .9	. " .4
9. " .10	. " .5
10. " .11	. " .6
11. " .12	ഗ്രൈദ. 1
12. " .13	. " .2
13. " .14	. " .3. 4
14. " .15	തീർത്ഥ. 12
15. " .16	. " 3
16. ഹൈദ. 1	യിരെ.
17. " .2. 3	ഫൈസ്സ്. 1. 2
18. " .4	. " .3. 4
19. " .5. 6	. " .5. 6
20. " 7	. " .7
21. " .8. 9	. " .8. 9
22. " 10	. " .10

പഴയനിയമം

	മൂന്നാം ആണ്ട്	നാലാം ആണ്ട്
23.	സങ്കീ. 46. 48	യിര. 1-2, [illegible]
24.	" . 49. 52	" . 3-4, [illegible]
25.	" . 50	" . 5, [illegible]. 6, [illegible]
26.	" . 51	" . 8, [illegible]-9, [illegible]
27.	" . 57. 59	" . 10
28.	" . 60. 62	" . 11, [illegible]-12
29.	" . 65. 66	" . 14, [illegible]-15
30.	" . 68	" . 16, [illegible]-17, [illegible].
31.	" . 69	" . 18, [illegible]. 19, [illegible]-20, [illegible]
32.	" . 71	" . 23. [illegible]
33.	" . 73	" . 26
34.	" . 74. 75	" . 30-31, [illegible]
35.	" . 76-77	" . 31, [illegible]. 32, [illegible]
36.	" . 78	" . 33
37.	" . 79. 80	" . 36. 45
38.	" . 81. 82	ഹജ്ജ. 1-3, [illegible]
39.	" . 84. 86	" . 8-9. 10, [illegible]. 11, [illegible]
40.	" . 85, 87	" . 18
41.	" . 90	" . 34
42.	" . 91	" . 36, [illegible]-37, [illegible]
43.	" . 92. 95	" . 43, [illegible]. 44, [illegible]. 47, [illegible]
44.	" . 93. 94	ദാനി. 2, [illegible]. 3

പുതിയനിയമം

	മൂന്നാം ന്തുണ്ട്	നാലാംന്തുണ്ട്
23 .	ചെയ്യാ. 11	ചെയ്യു. 11
24 .	" .12	. " .12
25 .	" .13	. " .13
26 .	" .14	യാചെയ്യാ. 1
27 .	" .15	. " .2
28 .	" .16	. " .3.4
29 .	ചെയ്യാ. 1	. " .5
30 .	" .2	ചെയ്യാ. 1
31 .	" .3	. " .2
32 .	" .4	. " .3
33 .	" .5	. " .4.5
34 .	" .6	ചെയ്യാ. 1
35 .	" .7	. " 2.3
36 .	" .8.9	ചെയ്യാ. 1.2
37 .	" .10	. " .3
38 .	" .11	. " .4
39 .	" .12	. " .5
40 .	" .13	ചെയ്യുക.
41 .	ചെയ്യാ. 1	യൂദാ.
42 .	" .2	വെളി. 1
43 .	" .3	. " 2
44 .	.4	. " 3

പഴയനിയമം

	ആന്യാം ഞ്ഞുണ്ട്	നാല്യാംഞ്ഞുണ്ട്	
45	സങ്കീ. 96. 97	ദാനി. 6	45
46	" . 98. 100. 101	. " . 7. 12, ഹോ	46
47	" . 103	. " . 9	47
48	" . 104	ഹൊശേ. 4, ഹോവേ. 2, നാ-ഹും. 5, ഹാ-ഗ്ഗാ. 6, 9	48
49	" . 107	. " . 10, നാ-11, ഹാ	49
50	" . 109. 110	. " . 13, 14	50
51	" . 111-113	യൊവേ. 2, ഹാ. ഹാ-സെ. 3, ഹീ. ഹഗ്ഗ്രീ	51
52	" . 114. 115. 117	നഹൊ. 3, ഹബ. 5, ഹാ-വ്യ. 9, 10-ാമ	52
53	" . 116. 118	മലാ. 2-4	53
54	" . 119, אבגדהוזחטי	ദിന. 4-5, ന. 6, ഹ-ന. 7, ന-വ	54
55	" . 121-124	ഹബ. 1, ഹാ-2, ഹാ. വേ-3, വ-ന്യ. ഹന	55
56	" . 125-128	ഹഗ്ഗ . 1. 2.	56
57	" . 131. 133. 138	ഇയ്യ. 3. 4	57
58	" . 139	. " . 9, 10, ന. 11, 12-ാ. 13, 1-ാ	58
59	" . 143. 145	. " . 12, ഹ. ന-ാ. 13, ഹ. 14, ഹ ഹ. ഹന്ന. വേ.	59
60	" . 147. 148	മലാ . 1, ന-2, ഹാ. ഹാ-3, ന. ഹ-4, ന	60

പുതിയനിയമം

മൂന്നാം ലക്കം		നാലാം ലക്കം
45 . ഗല . 5		വെളി . 4 . 5
46 . " . 6		. " . 6 . 7
47 . ഫിലി . 1		. " . 8 . 9
48 . " . 2		. " . 10
49 . " . 3		. " . 11
50 . " . 4		. " . 12
51 . " . 5		. " . 13
52 . " . 6		. " . 14
53 . കൊലൊ . 1		. " . 15
54 . " . 2		. " . 16
55 . " . 3		. " . 17
56 . " . 4		. " . 18
57 . തെസ്സ . 1		. " . 19
58 . " . 2		. " 20
59 . " . 3		. " 21
60 . " . 4		. " 22

III. കഷ്ടാനുഭവചരിത്രം

൧., ആരംഭം (ശനിയാഴ്ച — ചൊവ്വാഴ്ചയോളം)

യെശു മരിച്ചവരിൽനിന്ന ഉണൎത്തിയ ലാജർ ഉള്ള ബെഥ
ന്യയിൽ പെസഹെക്ക ആറു നാൾ മുമ്പെ വന്നാറെ — അവി
ടെ കുഷ്ഠരൊഗിയായ ശിമൊന്റെ വീട്ടിൽ അവന്ന അത്താ
ഴം ഉണ്ടാക്കി മൎത്ത ശുശ്രൂഷ ചെയ്തു — അവനൊടു കൂടെ ചാരി
ക്കൊണ്ടവരിൽ ലാജരും ചെൎന്നിരുന്നു — അപ്പൊൾ മറിയ വി
ലയെറിയ സ്വഛ്ശ ജടാമാംസി തൈലം ഒരു റാത്തൽ ഉള്ള
ഭരണി എടുത്തു വന്നു ഭരണിയെ പൊളിച്ചു തൈലം അവ
ന്റെ തലമെൽ ഒഴിച്ചു കാലുകളിൽ പൂശി കാലുകളെ തന്റെ
തലമുടി കൊണ്ടു തുവൎത്തി — തൈലത്തിന്റെ സൌരഭ്യം വീട്ടി
ൽ നിറകയും ചെയ്തു — അതിന്ന അവന്റെ ശിഷ്യരിൽ ഒരുത്ത
നായി അവനെ കാണിച്ചു കൊടുപ്പാനുള്ള യൂദാ ഇഷ്കൎയ്യൊ
ത. ശിമൊന്റെ മകൻ പറയുന്നു — ഈ തൈലം മുന്നൂ
റു ദ്രമെക്ക വിറ്റു ദരിദ്രൎക്ക കൊടുക്കാഞ്ഞത എന്തിന്ന — എ
ന്നു ദരിദ്രരെ വിചാരം ഉണ്ടായിട്ടല്ല കള്ളനാകി പണപ്പെട്ടി
യെ സൂക്ഷിച്ചും അതിൽ ഇടുന്നത ചുമന്നും കൊണ്ടിട്ടത്രെ പറ
ഞ്ഞത — മറ്റ ശിഷ്യരും മുഷിച്ചൽ ഭാവിച്ചു ഇത്ര അഴി
ച്ചൽ എന്തിന്ന — ഈ തൈലം എറിയ വിലെക്ക വിറ്റു ദരി
ദ്രൎക്ക കൊടുപ്പാൻ സംഗതിയായല്ലൊ എന്ന അവളൊട വഴിച്ചു
പറഞ്ഞു — ആയത യെശു അറിഞ്ഞു അവരൊടു പറഞ്ഞിതു —
ഇവളെ വിടുവിൻ സ്ത്രീക്ക അലമ്പൽ ഉണ്ടാക്കുവാൻ എന്തു —
അവൾ എന്നിൽ നല്ല പ്രവൃത്തി ചെയ്തുവല്ലൊ — ദരിദ്രർ നിങ്ങ
ൾക്ക എല്ലായ്പൊഴും അടുക്കെ ഉണ്ടു ഇഛ്ശിക്കുമ്പൊളും അവൎക്ക

നന്മ ചെയ്യാമല്ലൊ— ഞാൻ എല്ലാപ്പൊഴും അല്ലതാനും— ഇവൾ ആവതൊളം ചെയ്തു— ഈ തൈലം എന്റെ ദെഹത്തിന്മെൽ ആക്കിയതിനാൽ ഇത അടക്കപ്പെടുവാൻ മുമ്പിൽ കൂട്ടി തൈലം തെച്ചിട്ടുണ്ട— ആമെൻ. ഞാൻ നിങ്ങളൊടു പറയുന്നു— ഈ സുവിശെഷം സർവ്വലൊകത്തും എവിടെ എല്ലാം ഘൊഷിക്കപ്പെട്ടാലും അവിടെ ഇവൾ ചെയ്തതും അവളുടെ ഓർമ്മക്കായി പറയപ്പെടും (യൊ. ൧൨. മ ത്താ. ൨൬. മാ. ൧൪)

പെരുനാൾക്കു വന്നൊരു വലിയ പുരുഷാരം യെശു യെരുശലെമിൽ വരുന്നത അറിഞ്ഞു പിറെറനാൾ ഈന്തപ്പനകളുടെ മട്ടൽ എടുത്തുംകൊണ്ടു അവനെ എതിരെല്പാൻ പുറപ്പെട്ടു ചെന്നു— ഹൊശന്ന ഇസ്രായെലിൻ രാജാവാകി കർത്താവിൻ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവനാമ എന്ന ആർത്തുകൊണ്ടിരുന്നു— യെശുവൊ ഒരു കഴുതയെ കണ്ടിട്ട അതിന്മെൽ കയറി ഇരുന്നു— സിയൊൻ പുത്രി ഭയപ്പെടായ്ക കണ്ടാലും നിന്റെ രാജാവ കഴുതക്കുട്ടിപ്പുറത്ത കയറി കൊണ്ടു വരുന്നു എന്ന എഴുതിയിരിക്കുന്നപ്രകാരം തന്നെ— അവനൊടു കൂടവന്ന സമൂഹമൊ അവൻ ലാസരെ കല്ലറയിൽനിന്നു വിളിച്ചു മരിച്ചവരിൽനിന്ന ഉണർത്തി എന്ന സാക്ഷ്യം ചൊല്ലിക്കൊണ്ടിരുന്നു— അതുകൊണ്ട ഈ അടയാളം ചെയ്തപ്രകാരം പുരുഷാരം കെട്ടിട്ട അവനെ എതിരെറുകൂടി— പറീശർ നമ്മുക്ക ഒട്ടും ഫലിക്കുന്നില്ല എന്ന കണ്ടുവൊ ഇതാ ലൊകം അവന്റെ പിന്നാലെ ആയ്പൊയി എന്ന തങ്ങളിൽ പറകയും ചെയ്തു (യൊ)

പിന്നെ പെസഹ എന്ന പെരുനാൾ പുളിപ്പില്ലാത്തതിന്റെ പെരുനാൾ അടുക്കുമ്പൊൾ യെശു തന്റെ ശിഷ്യന്മാരൊടു— രണ്ടു ദിവസങ്ങളിൽ പിന്നെ പെസഹ ആകുന്നു എന്ന അറിയുന്നുവല്ലൊ അന്ന മനുഷ്യപുത്രൻ ക്രൂശിക്കപ്പെടുവാൻ ഏല്പിക്കപ്പെടുന്നു എന്ന പറഞ്ഞു— അപ്പൊൾ തന്നെ മഹാപുരൊഹിതരും ശാസ്ത്രി

ക്കളും ജനത്തിന്റെ മൂപ്പരും കയഫാവെന്നുള്ള മഹാപുരോഹി
തന്റെ അരമനയിൽ വന്നുകൂടി ആലൊചിച്ചു ജനത്തെ ഭയപ്പെട്ടു
ന്നതുകൊണ്ടു യെശുവെ ഉപായംകൊണ്ടു പിടിച്ചുകൊല്ലുവാൻ
വഴി അന്വെഷിച്ചുകൊണ്ടിട്ടും ജനത്തിൽ കലഹം ഉണ്ടാകായ്വാ
ൻ പെരുനാളിൽ മാത്രം അരുത എന്നു പറഞ്ഞു (മ. മ. ലൂ. യൊ)

അന്നു പന്തിരുവരിൽ ഒരുത്തനായ യൂദാ ഇഷ്കറിയൊതാ മ
ഹാപുരോഹിതരെ ചെന്നു കണ്ടു അവനെ ഇന്നപ്രകാരം അവൎക്ക
കാണിച്ചുതരാം എന്നു സംഭാഷണം ചെയ്തു എനിക്ക എന്തു തരുവാ
ൻ മനസ്സാകുന്നു എന്നാൽ അവനെ എല്പിച്ചുതരാം എന്നു പ
റഞ്ഞു—ആയത അവർ കെട്ടു സന്തൊഷിച്ചു ദ്രവ്യം കൊടുപ്പാൻ
വാഗ്ദത്തം ചെയ്തു അവനു മുപ്പതു ശെക്കൽ തൂക്കി കൊടുത്തു—അവ
നും കൈക്കൊണ്ടു അതശെഷം കൂട്ടം കൂടാതെ കണ്ടു അവനെ എല്പിച്ചു
കൊടുപ്പാൻ തക്കം അന്വെഷിച്ചു വന്നു (മ. മ. ലൂ)

൨. തിരുവത്താഴം (വ്യാഴാഴ്ചാന്ത്യത്തിൽ)

പെസഹയെ അറുക്കുന്ന കാലമാകി പുളിപ്പില്ലാത്തതിന്റെ നാ
ൾ ആയപ്പോൾ—ശിഷ്യന്മാർ യെശുവിന്റെ അടുക്കൽ വന്നു—നിന
ക്കു ഞങ്ങൾ പെസഹ ഭക്ഷിപ്പാൻ എവിടെ ഒരുക്കെണ്ടു എന്നു
പറഞ്ഞു—അവൻ പെത്രനെയും യൊഹന്നാനെയും നിയൊഗിച്ചു നി
ങ്ങൾ പട്ടണത്തിൽ ചെല്ലുമ്പൊൾ അതാ ഒരു കുടം വെള്ളം ചുമക്കു
ന്ന മനുഷ്യൻ നിങ്ങളെ എതിരെല്ക്കും—ആയവൻ കടക്കുന്ന വീ
ട്ടിലെക്കു പിഞ്ചെന്നു ആ വീട്ടുടയവനൊടു പറവിൻ—എന്റെ സ
മയം അടുത്തിരിക്കുന്നു ഞാൻ ശിഷ്യരുമായി പെസഹ ഭക്ഷി
പ്പാനുള്ള ശാല എവിടെ എന്നു ഗുരു നിന്നൊടു പറയുന്നു എന്നു
ചൊല്ലുവിൻ—എന്നാൽ അവൻ ചമയിച്ചു വിരിച്ചു ഒരുക്കിയ വ
ലിയ മാളിക നിങ്ങൾക്ക കാണിക്കും—അവിടെ നമുക്കായി ഒരുക്കുവി

ൻ എന്നു പറഞ്ഞു — ശിഷ്യന്മാർ പുറപ്പെട്ടു പട്ടണത്തിൽ വന്നു പറഞ്ഞപ്ര
കാരം കണ്ടു പെസഹ ഒരുക്കുകയും ചെയ്തു (മ.മ.കു)

പിന്നെ ഈശൊ ലൊകം വിട്ടു പിതാവിന്റെ അടുക്കൽ പൊകുവാനുള്ള
നാഴിക വന്നു എന്നറിഞ്ഞു ലൊകത്തിൽ തനിക്കുള്ളവരെ സ്നെഹി
ച്ച ശെഷം അവസാനത്തൊളവും അവരെ സ്നെഹിച്ചു — സന്ധ്യയായ
പ്പൊൾ അവൻ പന്തിരുവരൊടും കൂട വന്നു ചാരികൊണ്ട ശെഷം അ
വരൊടു പറഞ്ഞിതു — കഷ്ടപ്പെടും മുമ്പെ ഈ പെസഹാ നിങ്ങളൊടുകൂ
ട ഭക്ഷിപ്പാൻ ഞാൻ വാഞ്ഛയൊടെ ആഗ്രഹിച്ചു — എങ്ങനെ എന്നാ
ൽ ദൈവരാജ്യത്തിൽ പൂർണ്ണമാകുവൊളം ഞാൻ ഇനി അതി
ൽ നിന്നു ഭക്ഷിക്കയില്ല എന്നു ഞാൻ നിങ്ങളൊടു പറയുന്നു — അത്താ
ഴം തുടങ്ങും നെരം പിതാവ് തനിക്കു സകലവും കൈക്കൽ തന്നു എന്നും
താൻ ദൈവത്തിൽ നിന്നു പുറപ്പെട്ടു വന്നു എന്നും ദൈവത്തിന്നടുക്കെ
ചെല്ലുന്നു എന്നും ഈശൊ അറിഞ്ഞിട്ടു — അത്താഴത്തിൽ നിന്നെഴുനീറ്റു
വസ്ത്രങ്ങളെ ഊരിവെച്ചു ശീല എടുത്തു തന്റെ അരെക്കു കെട്ടി — പാ
ത്രത്തിൽ വെള്ളം ഒഴിച്ചു ശിഷ്യരുടെ കാലുകളെ കഴുകുവാനും അ
രെക്കു കെട്ടിയ ശീല കൊണ്ടു തുവർത്തുവാനും തുടങ്ങി — പിന്നെ ശിമൊ
ൻ പെത്രന്നടുക്കെ വരുമ്പൊൾ കർത്താവെ നീ എന്റെ കാലുകളെ കഴു
കയൊ എന്നു അവൻ പറഞ്ഞതിന്നു — ഞാൻ ചെയ്യുന്നതിനെ നീ
ഇന്ന് അറിയുന്നില്ല ഇതിൽ പിന്നെ അറിയും താനും എന്നു ഉത്തരം
ചൊല്ലിയ ശെഷം — നീ ഒന്നും എന്റെ കാലുകളെ കഴുകകില്ലും എ
ന്നു പെത്രൻ പറയുന്നു — ഈശൊ ഉത്തരം ചൊല്ലിയതു ഞാൻ നിന്നെ
കഴുകാഞ്ഞാൽ നിനക്ക് എന്നിൽ പങ്കു ഇല്ല — എന്നാറെ ശിമൊൻ
പെത്രൻ കർത്താവെ എൻ കാലുകൾ മാത്രമല്ല കൈകളും തലയുംകൂടെ എ
ന്നു പറയുന്നു — ഈശൊ അവനൊടു കുളിച്ചിരിക്കുന്നവന് കാലുകൾ
അല്ലാതെ കഴുകുവാൻ ആവശ്യം ഇല്ല സർവ്വാംഗം ശുദ്ധനാകുന്നു — നി
ങ്ങളും ശുദ്ധരാകുന്നു എല്ലാവരും അല്ലതാനും എന്നു പറയുന്നു —

തന്നെ കാണിച്ചു കൊടുക്കുന്നവനെ അറികകൊണ്ടത്രെ എല്ലാവ
രും ശുദ്ധരല്ല എന്നു പറഞ്ഞത്ത — (യൊ. ൧൩)

അവരുടെ കാലുകളെ കഴുകീട്ടു തന്റെ വസ്ത്രങ്ങളെ ധരി
ച്ചശെഷം അവൻ പിന്നെയും ചാരികൊണ്ട അവരൊട പറഞ്ഞി
ത്ത — നിങ്ങളൊട ചെയ്തത് ബൊധിക്കുന്നുവൊ നിങ്ങൾ എന്നെ ഗുരു
വെന്നും കൎത്താവെന്നും വിളിക്കുന്നു — ഞാൻ അപ്രകാരം ആകയാ
ൽ നന്നായി ചൊല്ലുന്നു — കൎത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ
കാലുകളെ കഴുകി എങ്കിൽ നിങ്ങളും തമ്മിൽ തമ്മിൽ കാലുകളെ
കഴുകെണ്ടത്ത — ഞാൻ നിങ്ങളൊട ചെയ്ത പ്രകാരം നിങ്ങളും ചെ
യ്യെണ്ടതിന്ന എല്ലാം ഞാൻ നിങ്ങൾക്ക ദൃഷ്ടാന്തം തന്നത്ത — ആമെൻ
ആമെൻ ഞാൻ നിങ്ങളൊട ചൊല്ലുന്നിത്ത — തന്റെ കൎത്താവിനെക്കാ
ൾ ദാസൻ വലിയവനല്ല തന്നെ അയച്ചവനെക്കാൾ ദൂതനും വലിയവ
ല്ല — ഇവ നിങ്ങൾ അറിയുന്നു എങ്കിൽ ചെയ്താൽ ധന്യർ ആകുന്നു — നി
ങ്ങളെ എല്ലാവരെയും ചൊല്ലുന്നില്ല ഞാൻ തെരിഞ്ഞെടുത്തവരെ
അറിയുന്നു എന്നാൽ എന്നൊടു കൂടെ അപ്പം തിന്നുന്നവൻ എ
ന്റെ നെരെ മടമ്പു ഉയൎത്തി എന്നുള്ള തിരുവെഴുത്തിന്നു പൂൎത്തിവ
രെണ്ടിയിരിക്കുന്നു — അത്ത സംഭവിക്കും മുമ്പെ ഞാൻ ഇന്നു നിങ്ങളൊട
പറയുന്നത്ത സംഭവിച്ചാൽ ഞാൻ തന്നെ ആകുന്നു എന്നു നിങ്ങൾ വി
ശ്വസിപ്പാനായിട്ടത്രെ — ആമെൻ ആമെൻ ഞാൻ നിങ്ങളൊട ചൊ
ല്ലുന്നിത്ത ഞാൻ വല്ലപ്പൊഴും അയച്ചവനെ കൈക്കൊള്ളുന്നവൻ
എന്നെ കൈക്കൊള്ളുന്നു എന്നെ കൈക്കൊള്ളുന്നവൻ എന്നെ അ
യച്ചവനെ കൈക്കൊള്ളുന്നു (യൊ)

എന്നിട്ട അവർ ഭക്ഷിക്കുമ്പൊൾ യെശു പാന പാത്രം എടുത്തു
വാഴ്ത്തി പറഞ്ഞു — ഇത്ത വാങ്ങി നിങ്ങളിൽ തന്നെ വകിട്ടു കൊള്ളിൻ — എ
ന്തെന്നാൽ ദൈവരാജ്യം വരുവൊളം ഞാൻ മുന്തിരി വള്ളിയുടെ ഫ
ലത്തിൽ നിന്ന കുടിക്കയില്ല എന്ന ഞാൻ നിങ്ങളൊട പറയുന്നു — —

അവരിൽ എററം വലിയവനായി തൊന്നുന്നവൻ ആർ എന്നതി
ന ചൊല്ലി ഒരുതൎക്കവും അവരിൽ ഉണ്ടായി — അവരൊട് അവൻ പ
റഞ്ഞിതു — ജാതികളുടെ രാജാക്കന്മാർ അവരിൽ കൎത്തൃത്വം നട
ത്തുന്നു — അവരിൽ അധികരിക്കുന്നവർ ഉപകാരികൾ എന്നു വി
ളിക്കപ്പെടുന്നു — നിങ്ങളൊ അപ്രകാരം അല്ല — നിങ്ങളിൽ എറെ
വലുതായവൻ ഇളയവനെ പൊലെയും നടത്തുന്നവൻ ശുശ്രൂഷി
ക്കുന്നവനെ പൊലെയും ആക — എറെ വലുതായത് ആരു പൊൽ-
ചാരിക്കൊണ്ടവനൊ ശുശ്രൂഷിക്കുന്നവനൊ — ചാരിക്കൊണ്ടവനല്ല
യൊ — ഞാനൊ നിങ്ങളുടെ ഇടയിൽ ശുശ്രൂഷിക്കുന്നവനെ പൊലെ
ആകുന്നു — എങ്കിലും എന്റെ പരീക്ഷകളിൽ എന്നൊടു കൂടെ പാൎത്തു
നിന്നവർ നിങ്ങൾ അത്രെ — ഞാനും എൻ പിതാവ് എനിക്കു നിയമി
ച്ചതു പൊലെ രാജ്യത്തെ നിങ്ങൾക്കു നിയമിച്ചു തരുന്നുണ്ടു — നിങ്ങ
ൾ എന്റെ രാജ്യത്തിൽ എൻ മെശമിൽ ഭക്ഷിച്ചു കുടിക്കയും ഇസ്ര
യെൽ ഗൊത്രങ്ങൾ പന്ത്രണ്ടിന്നും ന്യായം വിധിച്ചു സിംഹാസനങ്ങളി
ൽ ഇരിക്കയും ചെയ്യാന്തക്കവണ്ണമെ (ശ്രൂ)

ഇവ പറഞ്ഞിട്ടു യെശു ആത്മാവിൽ കലങ്ങി ആമെൻ ആ
മെൻ ഞാൻ നിങ്ങളൊടു ചൊല്ലുന്നിതു നിങ്ങളിൽ ഒരുത്തൻ എ
ന്ന കാണിച്ചു കൊടുക്കും എന്നു സാക്ഷി പറഞ്ഞു — ആയവർ ദുഃഖി
ച്ചു ആരെ കൊണ്ടു പറഞ്ഞു എന്നു ശങ്കിച്ചു തമ്മിൽ തമ്മിൽ നൊക്കി
വക്കെ ഞാനൊ ഞാനൊ എന്നു വെവ്വെറെ അവനൊടു ചൊല്ലി തുട
ങ്ങി — അവരൊട് അവൻ പറഞ്ഞിതു പന്തിരുവരിൽ ഒരുവൻ എ
ന്നൊടു കൂടെ താലത്തിൽ കൈ മുക്കുന്നവൻ തന്നെ — ആസ്യത്തി
ൽ വെച്ചു യെശു സ്നെഹിക്കുന്ന ഒരുത്തൻ യെശുവിൻ മടിയൊടു ചാ
രി കൊണ്ടിരിക്കെ — ശിമൊൻ പെത്രൻ ആംഗികം കാട്ടി ഇതു ചൊ
ല്ലിയതു ആരെ കൊണ്ടു പറക എന്ന് അവനൊടു ചൊദിക്കുന്നു —
ആയവൻ യെശുവിൻ മാൎവ്വിടത്തിൽ ചാരി ചരിച്ചു കൎത്താവെ ആ

ർത്തുകുന്നഎന്നു ചൊദിച്ചതിന്നു ഈശൊ ഞാൻ അപ്പഖണ്ഡം മുക്കി
കൊടുക്കുന്നവൻ തന്നെ എന്ന് ഉത്തരം പറഞ്ഞു ഖണ്ഡത്തെ മുക്കി
ട്ടു ശിമെയൊന്റെ യൂദാ ഇസ്കറിയൊത്തായിന്നു കൊടുക്കുന്നു — ഖണ്ഡം വാ
ങ്ങിയശെഷം സാത്താൻ ഉടനെ അവനിൽ പ്രവെശിച്ചു — ഈശൊ
പറഞ്ഞു തന്നെ കുറിച്ചു പിശിച്ച എഴുതി ഇരിക്കുന്ന പ്രകാരം മനുഷ്യ
പുത്രൻ പൊകുന്നു സത്യം — മനുഷ്യപുത്രനെ കാണിച്ചു കൊടുക്കുന്ന
മനുഷ്യന്നൊ ഹാ കഷ്ടം — ആ മനുഷ്യൻ ജനിച്ചില്ല എങ്കിൽ കൊള്ളാമായി
രുന്നു — എന്നാറെ അവനെ കാണിച്ചു കൊടുക്കുന്ന യൂദാ — റബ്ബീ ഞാ
നല്ലല്ലൊ എന്നുത്തരം ചൊല്ലിയതിന്നു നീ പറഞ്ഞുവല്ലൊ എന്നരു
ളു — പിന്നെ നീ ചെയ്യുന്നത് അതിവെഗത്തിൽ ചെയ്ക എന്നു പറ
കയും ചെയ്തു — ആയത് ഇന്നതിനെ ചൊല്ലീട്ടുള്ള പ്രകാരം ഭാജിഇരു
ന്നവരിൽ ആരും അറിഞ്ഞില്ല — പണപ്പെട്ടി യൂദാ പൊറുത്തതാക
യാൽ പെരുനാളിന്നു നമുക്കു വെണ്ടുന്നത് മെടിക്ക എന്നൊ ദരിദ്രർക്കു
ദാനം കൊടുക്ക എന്നൊ ഈശൊ അവനൊട് കല്പിക്കുന്ന പ്രകാരം
ചിലർക്കു തൊന്നി — അവനൊ ഖണ്ഡം വാങ്ങി ക്ഷണത്തിൽ പുറ
പ്പെട്ടുപൊയി — അപ്പൊൾ രാത്രി ആയിരുന്നു — (യൊ. മ. മ. ജ്ജ)

അവൻ പുറപ്പെട്ടു പൊയപ്പൊൾ ഈശൊ പറയുന്നിതു — ഇ
പ്പൊൾ മനുഷ്യപുത്രൻ തെജസ്കരിക്കപ്പെട്ടു അവനിൽ ദൈവവും തെ
ജസ്കരിക്കപ്പെട്ടു — ദൈവം അവനിൽ തെജസ്കരിക്കപ്പെട്ടു എങ്കി
ൽ ദൈവം അവനെ തന്നിൽ തന്നെ തെജസ്കരിക്കപ്പെടുന്ന തെ
ജസ്കരിക്കയും ചെയ്യും (യൊ.)

പിന്നെ ഈശൊ അപ്പത്തെ എടുത്തു സ്തൊത്രം ചൊല്ലി നുറുക്കി
ശിഷ്യർക്കു കൊടുത്തു പറഞ്ഞിതു വാങ്ങി ഭക്ഷിപ്പിൻ ഇതു നിങ്ങൾക്കു
വെണ്ടി നുറുക്കപ്പെടുന്ന എന്റെ ശരീരം ആകുന്നു എന്റെ ഒർമ്മക്കാ
യിട്ടു ഇതിനെ ചെയ്വിൻ — അപ്രകാരം തന്നെ അത്താഴം കഴിഞ്ഞ
ശെഷം പാനപാത്രത്തെയും എടുത്തു (വാഴ്ത്തി) പറഞ്ഞിതു — നിങ്ങ

പ്പെല്ലാവരും ഇതിൽ നിന്നു കുടിപ്പിൻ ഇപ്പാത്രം എന്റെ രക്തത്തിൽ പുതിയ നിയമമാകുന്നു— ഇതു പാപമൊചനത്തിന്നായി നിങ്ങൾക്കും അനെകർക്കും വെണ്ടി ഒഴിച്ച എന്റെ രക്തം— ഇതിനെ കുടിക്കുന്നൊരും എന്റെ ഒർമ്മക്കായിട്ടു ചെയ്വിൻ— ഞാനൊ നിങ്ങളൊട് പറയുന്നിതു— മുന്തിരിവള്ളിയുടെ അനുഭവത്തെ എന്റെ പിതാവിൻ രാജ്യത്തിൽ നിങ്ങളൊടു കൂടെ പുതുതായി കുടിക്കും നാൾവരെ ഞാൻ ഇതിൽ നിന്ന് ഇനി കുടിക്കയില്ല— (മ.മ.ലൂ)

പൈതങ്ങളെ ഇനി അസാരമെ നിങ്ങളൊട് ഇരിക്കുന്നുള്ളു— നിങ്ങൾ എന്നെ അന്വെഷിക്കും— പിന്നെ ഞാൻ പൊകുന്ന എടത്തു നിങ്ങൾക്കു വന്നുകൂടാ എന്നു യെഹൂദരൊട് പറഞ്ഞപ്രകാരം ഇന്ന നിങ്ങളൊടും ചൊല്ലുന്നു— നിങ്ങൾ തമ്മിൽ സ്നെഹിക്കെണം എന്ന് ഒരു പുതിയ കല്പന നിങ്ങൾക്കു തരുന്നു— ഞാൻ നിങ്ങളെ സ്നെഹിച്ചതു പൊലെ നിങ്ങളും തമ്മിൽ സ്നെഹിക്ക എന്നത്രെ— നിങ്ങൾക്ക് അന്യൊന്യം സ്നെഹം ഉണ്ടെങ്കിൽ അതുകൊണ്ടു നിങ്ങൾ എൻ ശിഷ്യർ എന്ന് എല്ലാവർക്കും ബൊധിക്കും— ശിമൊൻ പെത്രൻ അവനൊട് കർത്താവെ നീ എവിടെ പൊകുന്നു എന്നു പറയുന്നതിന്നു— ഞാൻ പൊകുന്നതിലെക്ക് നിനക്ക് ഇപ്പൊൾ അനുഗമിച്ചുകൂടാ പിന്നെതിൽ നീ എന്നെ അനുഗമിക്കും താനും എന്നു യെശു ഉത്തരം പറഞ്ഞു— പെത്രൻ അവനൊടു കർത്താവെ ഇന്നു നിന്നെ അനുഗമിച്ചുകൂടാത്തത് എന്തു കൊണ്ടു— നിനക്കു വെണ്ടി എൻ പ്രാണനെ വെച്ചുകളയും എന്നു പറഞ്ഞാറെ യെശു ഉത്തരം ചൊല്ലിയതു നിൻ പ്രാണനെ എനിക്കു വെണ്ടി വെക്കുമൊ— ശിമൊനെ ശിമൊനെ കണ്ടാലും സാത്താൻ നിങ്ങളെ കൊതമ്പ് പൊലെ ചെറുവാനത്തക്കവണ്ണം ചൊദിച്ചുപൊയി— ഞാനൊ നിന്റെ വിശ്വാസം ഒടുങ്ങിപൊകായ്വാൻ നിനക്കു വെണ്ടി യാചിച്ചു— പിന്നെ ഒരിക്കൽ തിരിഞ്ഞു വന്നാൽ നിന്റെ സഹൊദരന്മാരെ ഉറപ്പിച്ചുകൊൾക— എന്നതി

ന്ന അവൻ കർത്താവെ നിന്നൊടു കൂടെ തടവിലും ചാവിലും ചെല്ലു
വാൻ ഞാൻ ഒരുങ്ങിയിരിക്കുന്നു എന്നു പറഞ്ഞാറെ ചൊല്ലിയതു—
പെത്രൊ നീ എന്നെ അറിയുന്നില്ല എന്നു മൂന്നു വട്ടം തള്ളിപ്പറയും
മുമ്പെ ഇപ്പൊൾ കോഴി ഇന്നു കൂകുകയില്ല എന്നു ഞാൻ നിന്നൊടു പറ
യുന്നു (ലൂക്കാ. ൨൨)

പിന്നെ അവരൊട് പറഞ്ഞു നിങ്ങളെ മടിശ്ശീല പൊക്ക
ണം ചെരിപ്പുകൾ ഇവ കൂടാതെ അയച്ചപ്പൊൾ ഒട്ടു കുറവുണ്ടായൊ
യാ— എന്നതിന്നു ഒട്ടും ഇല്ല എന്നു ചൊല്ലിയാറെ അവരൊട് പ
റഞ്ഞിതു— എങ്കിലൊ ഇപ്പൊൾ മടിശ്ശീലയുള്ളവൻ അത് എ
ടുക്കുക— പൊക്കണവും അപ്രകാരം തന്നെ— ഇല്ലാത്തവൻ തന്റെ
വസ്ത്രം വിറ്റു വാൾ കൊള്ളുകയും ചെയ്ക— ദ്രൊഹികളൊടും എണ്ണ
പ്പെട്ടു എന്ന് എഴുതിക്കിടക്കുന്നതും കൂടെ എന്നിൽ തികഞ്ഞു വരെ
ണം എന്നു ഞാൻ നിങ്ങളൊടു പറയുന്നു സത്യം— കാരണം എ
ന്നെ കുറിച്ചുള്ളവറ്റിന്നു തികവുണ്ടു— അവർ കർത്താവെ ഇവിടെ
രണ്ടു വാൾ ഇതാ എന്നു ചൊല്ലിയാറെ മതി എന്ന് അവരൊടു പറ
ഞ്ഞു (മ. മ. ൭)

൮. ഗഥശെമനിലെ പൊരാട്ടവും തൊട്ടത്തിൽ

പിടിപെട്ടതും

പിന്നെ അവർ സ്തൊത്രം പാടി യെശു എറിയൊന്നു (യൊ. ൧൭-
൧൮) പറഞ്ഞ ശെഷം അവൻ പുറപ്പെട്ടു മൎയ്യാദ പ്രകാരം കി
ദ്രൊൻ തൊടിന്ന് അക്കരെ ഒലിവ മലക്കൽ തൊട്ടം ഉള്ളതിൽ താ
ൻ ശിഷ്യരുമായി കടന്നു— അപ്പൊൾ യെശു അവരൊട് പറഞ്ഞു—
ഇന്നു രാത്രിയിൽ നിങ്ങൾ എല്ലാവരും എങ്കൽ ഇടറി പൊകും— ഞാ
ൻ ഇടയനെ വെട്ടും കൂട്ടത്തിലെ ആടുകൾ ചിതറി പൊകയുമാം—

എന്ന് എഴുതിയിരിക്കുന്നുവല്ലൊ — ഞാൻ ഉണൎന്നു വന്നശെഷമെ
നിങ്ങൾക്കു മുമ്പെ ഗലീലെക്കു ചെല്ലും — എന്നതിന്നു പെത്രൻ ഉത്തരം പ
റഞ്ഞിതു — എല്ലാവരും നിങ്കൽ ഇടറിപൊയാൽ ഞാൻ ഒരുനാ
ളും ഇടറുകയില്ല — അവനൊടു യെശു ആമെൻ ഞാൻ നിന്നൊടു
ചൊല്ലുന്നിതു ഇന്നു രാത്രിയിൽ കൊഴി രണ്ടു കുറി കൂകുമ്മുമ്പെ നീ
മൂന്നു വട്ടം എന്നെ തള്ളിപ്പറയും എന്നു പറയുന്നു — അവനൊ നി
ന്നൊടു ഒന്നിച്ചു മരിക്കെണ്ടി വന്നാലും നിന്നെ തള്ളിപ്പറകയില്ലം എ
ന്നു ഏററം അധികം പറഞ്ഞു — അപ്രകാരം തന്നെ എല്ലാവരും പ
റഞ്ഞു വന്നു — (മ. മ. ലൂ. യൊ.)

അവർ ഗഥശെമന എന്നു പെരുള്ള പറമ്പിൽ വന്നു — അവി
ടെ യെശു പലപ്പൊഴും തന്റെ ശിഷ്യരൊടു ചെൎന്നിരിക്കയാൽ അ
വനെ കാണിച്ചു കൊടുക്കുന്ന യൂദാവും സ്ഥലത്തെ അറിഞ്ഞു — അ
തിൽ എത്തിയപ്പൊൾ യെശു ഞാൻ പൊയി അവിടെ പ്രാൎത്ഥി
ച്ചിരിക്കുവൊളം ഇവിടെ ഇരിപ്പിൻ — നിങ്ങൾ പരീക്ഷയിൽ കട
ക്കാതിരിപ്പാൻ പ്രാൎത്ഥിപ്പിൻ എന്ന് അവരൊടു പറഞ്ഞു — പെ
ത്രനെയും യാക്കൊബ് യൊഹനാൻ എന്നവരെയും കൂട്ടിക്കൊണ്ടു
സ്തംഭിച്ചും ദുഃഖിച്ചും വലഞ്ഞും പൊവാൻ തുടങ്ങി — എന്റെ ദെഹി
മരണത്തൊളം അതിദുഃഖപ്പെട്ടിരിക്കുന്നു — ഇവിടെ പാൎത്തുണൎന്നു
കൊൾവിൻ എന്ന് അവരൊടു പറഞ്ഞു — താൻ അവരെ വിട്ട് ഒരു ക
ല്ലെറു ദൂരത്തൊളം വാങ്ങി മുട്ടുകുത്തി നിലത്തു വീണു — കഴിയുന്നു എ
ങ്കിൽ ആ നാഴിക നീങ്ങിപ്പൊകെണം എന്നു പ്രാൎത്ഥിച്ചു — അബ്ബാ
പിതാവെ നിന്നാൽ എല്ലാം കഴിയും ഈ പാനപാത്രം എന്നിൽ നി
ന്നു നീക്കിക്കൊള്ളെണമെ എങ്കിലും ഞാൻ ഇഛ്ശിക്കുന്നതല്ല നീ ഇ
ഛ്ശിക്കുന്നത് അത്രെ ആവു എന്നു പറഞ്ഞു — പിന്നെ വന്ന് അവർ
ഉറങ്ങുന്നതു കണ്ടു പെത്രനൊടു പറഞ്ഞു ശിമൊനെ ഉറങ്ങുന്നൊ
വാ — ഒരു നാഴിക ആയും ഉണൎന്നിരിപ്പാൻ കഴിഞ്ഞില്ലയൊ — പരീക്ഷാ

ക്കിൽ അകപ്പെടാതിരിപ്പാൻ ഉണൎന്നും പ്രാൎത്ഥിച്ചും കൊള്ളിൻ ആത്മാ
വ് മനഃപൂൎവ്വമുള്ളതു സത്യം ജഡം ബലഹീനമത്രെ — പിന്നെ
യും രണ്ടാമത്തു പൊയി എൻ പിതാവെ ഇതു ഞാൻ കുടിക്കാതെ നീ
ങ്ങിക്കൂടാ എങ്കിൽ നിന്റെ ഇഷ്ടം ഭവിക്കയാവു എന്നു പ്രാൎത്ഥി
ച്ചു — സ്വൎഗ്ഗത്തിൽനിന്നു ഒരു ദൂതനും ഉറെക്കുട്ടുവാൻ അവന്ന് കാ
ണാകുന്നു — പിന്നെ അവൻ അത്യാസന്നത്തിലായി അതി ശ്രദ്ധ
യൊടെ പ്രാൎത്ഥിച്ചു അവന്റെ വിയൎപ്പു നിലത്തു വീഴുന്ന വലിയ
ചൊരത്തുള്ളികൾ കണക്കെ ആയ്വന്നു — പ്രാൎത്ഥനയിൽ നിന്നു
എഴുനീറ്റു മടങ്ങിവന്നു — അവർ കണ്ണുകൾക്ക് ഭാരം എറുകയാൽ വി
ഷാദത്താൽ നിദ്രിതർ എന്നു കണ്ടു — അവർ ഉത്തരം ചൊല്ലെണ്ടു
എന്നറിഞ്ഞതും ഇല്ല — അവരെ വിട്ടു മൂന്നാമത്തും പൊയി ആ വച
നത്താൽ തന്നെ പ്രാൎത്ഥിച്ചു — മൂന്നാമത്തും വന്നു അവരൊടു പറയു
ന്നു ശെഷത്തെക്ക് ഉറങ്ങി ആശ്വസിച്ചു കൊള്ളിൻ — മതി നാ
ഴിക വന്നു ഇതാ മനുഷ്യപുത്രൻ പാപികളുടെ കൈകളിൽ ഏ
ല്പിക്കപ്പെടുന്നു — എഴുനീല്പിൻ നാം പൊക കണ്ടാലും എന്നെ കാണി
ച്ചുകൊടുക്കുന്നവൻ അണഞ്ഞുവന്നു (മത്താ. മാ. ലൂ)

എന്ന് അവൻ പറയുമ്പൊൾ തന്നെ പന്തിരുവ
രിൽ ഒരുത്തനായ യൂദാ ഒരു മഹാ പട്ടാളത്തൊടും മഹാപുരൊ
ഹിതർ മൂപ്പർ ഇവർ നിയൊഗിച്ച വലിയ ഭൃത്യക്കൂട്ടത്തൊടും കൂ
ട്ടിക്കൊണ്ടു ദീവട്ടി പന്തങ്ങളൊടും വാളുവടികളൊടും കൂട വന്നു
മുണ്ടാന്നു — തന്റെ മെൽ വരുന്നവ എല്ലാം യെശു അറിഞ്ഞിട്ടു
പുറത്തു വന്നു ആരെ തിരയുന്നു എന്ന് അവരൊടു പറഞ്ഞു — നച
റയനായ യെശുവെ എന്ന് അവർ ഉത്തരം ചൊല്ലിയാറെ ഞാ
ൻ ആകുന്നു എന്നു യെശു പറയുന്നു — അപ്പൊൾ അവനെ കാണി
ച്ചുകൊടുക്കുന്ന യൂദാവും അവരൊടു നില്ക്കുന്നുണ്ടു — ഞാൻ ആകു
ന്നു എന്നു അവരൊടു പറഞ്ഞ ഉടനെ അവർ പിൻവാങ്ങി നില

ത്തുവിന്നു— ആരെ തിരയുന്നു എന്നു പിന്നെയും അവരൊട് ചൊദി
ച്ചതിന്നു— നചറായക്കാരനായ യെശുവെ എന്നു പറഞ്ഞപ്പൊൾ യെശു ഉ
ത്തരം ചൊല്ലിയതു— ഞാൻ ആകുന്നു എന്നു നിങ്ങളൊട്ടു പറഞ്ഞുവ
ല്ലൊ— ആകയാൽ എന്നെ തിരയുന്നു എങ്കിൽ ഇവരെ പൊകയാ
ൻ വിടുവിൻ— എന്നതിനാൽ നീ എനിക്കു തന്നവരിൽ ആരെയും
ഞാൻ നഷ്ടമാക്കീട്ടില്ല എന്നു ചൊല്ലിയ വചനത്തിന്നു നിവൃത്തിയ
രെണ്ടിയിരുന്നു— അവനെ കാണിച്ചു കൊടുക്കുന്നവൻ ഞാൻ ആ
വനെ ചുംബിച്ചാൽ അവൻ തന്നെ ആകുന്നു ആയവനെ പിടിച്ചു
കൊള്ളിൻ എന്ന് അവൎക്കു ലക്ഷണം കൊടുത്തിരുന്നു— പിന്നെ ക്ഷ
ണത്തിൽ യെശുവിന്നു നെരിട്ടു വന്നു റബ്ബീ വാഴ്ക എന്നു പറഞ്ഞു
അവനെ ചുംബിച്ചു— അവനൊട്ടു യെശു തൊഴ എന്തിനായി വന്നു
ഊദാവെ മനുഷ്യപുത്രനെ ചുംബനം കൊണ്ടൊ കാണിച്ചു കൊടുക്കു
ന്നു എന്നു പറഞ്ഞു—

ഉടനെ അവർ അടുത്തു യെശുവിന്മെൽ കൈകളെ വെച്ച് അ
വനെ പിടിച്ചു അവനൊട് കൂട ഉള്ളവരൊ വരുന്നതു കണ്ടു കൎത്താ
വെ ഞങ്ങൾ വാളാൽ വെട്ടുകയൊ എന്നു ചൊല്ലി— അവരിൽ വരുന്ന
വനായ ശിമൊൻ പെത്രൊസ് തനിക്കുള്ള വാളെ ഊരി മഹാപുരൊഹി
തന്റെ ദാസനെ വെട്ടി അവന്റെ വലത്തു കാതെ അറുത്തു കളഞ്ഞു.
ആ ദാസന്നു മല്ക്കൻ എന്നു പെർ ഉണ്ടു— അതിന്നു യെശു ഇത്രൊളം
വിടുവിൻ എന്നു ചൊല്ലി ആയവന്റെ ചെവിയെ തൊട്ടു സൌഖ്യം
വരുത്തി— പിന്നെ പെത്രനൊട് പറഞ്ഞു വാൾ ഉറയിൽ ഇട്ടുവാൾ എ
ടുക്കുന്നവൻ ഒക്കെയും വാളാൽ നശിച്ചു പൊകും സത്യം പിതാവ് എ
നിക്കു തന്ന പാനപാത്രം ഞാൻ കുടിക്കാതിരിക്കയൊ— അല്ല ഞാ
ൻ ഇക്ഷണം എന്റെ അഛ്ശനൊട്ടു പ്രാൎത്ഥിച്ചാൽ പന്ത്രണ്ടു ലെഗ്യൊൻ കൂടുതലി
ലും അധികം എനിക്കു തരുത്തണ്ടതിന്നു എപ്പൊൾ കല്പിച്ചുകൂടാ എ
ന്നു തൊന്നുന്നുവൊ— എന്നാൽ ഇങ്ങിനെ വെണ്ടുന്നതാകുവാൻ എങ്ങനെ

ല്ലത്തിവരും ഇപ്രകാരം സംഭവിക്കൊണ്ടുന്നതുണ്ടല്ലൊ — (മത്താ. ൨.൨.൬)

ആനാഴികയിൽ തന്നെ യെശുതന്റെ നെരെ വന്ന മഹാപുരോഹിതന്മാരോടും ദെവാലയത്തിലെ പടനായകന്മാരൊടും മൂപ്പന്മാരൊടും പറഞ്ഞിതു — ഒരു കള്ളനെ കൊള്ളുക എന്നപൊലെ നിങ്ങൾ വാളുവടികളുമായി എന്നെ പിടിപ്പാൻ പുറപ്പെട്ടു വന്നു — ഞാൻ ദിവസെന ദെവാലയത്തിൽ നിങ്ങളൊടുകൂടെ ഇരുന്നിട്ടും എന്റെ നെരെ കൈകളെ നീട്ടീട്ടില്ല — എങ്കിലും ഇതു നിങ്ങളുടെ നാഴികയും ഇരുട്ടിന്റെ അധികാരവും ആകുന്നു — ഇതു ഒക്കയും പ്രവാചകന്മാരുടെ എഴുത്തുകൾ നിവൃത്തിയാകെണ്ടതിന്നത്രെ സംഭവിച്ചത് — അപ്പോൾ എല്ലാശിഷ്യരും അവനെ വിട്ടു മണ്ടിപ്പോയി — അവനെ ഒരു യുവാവ് വെറുമെയ്മേൽ പുടവ പുതെച്ചുംകൊണ്ട് അനുഗമിക്കുന്നുണ്ട് — ആയവനെ ബാല്യക്കാർ പിടിക്കുന്നേരം അവൻ പുടവ വിട്ടും നഗ്നനായി അവൎക്ക തെറ്റി മണ്ടിപ്പോയി — (മ. മ. ൧൫)

൫. മഹാപുരോഹിതന്മാരുടെ ന്യായവിസ്താരവും

ശിമൊന്റെ വീഴ്ചയും

പട്ടാളവും സഹസ്രാധിപനും യഹൂദന്മാരും യെശുവെ പിടിച്ചു കെട്ടി — ആ വൎഷത്തെ മഹാപുരോഹിതനായ കയഫാവിന്നു ഹനാൻ ശ്വശുരൻ ആകകൊണ്ടു മുമ്പെ അവന്നടുക്കെ കൊണ്ടുപൊയി — കയഫാ എന്നവനൊ ജനത്തിന്നു വെണ്ടി ഒരു മനുഷ്യൻ നശിച്ചു പൊകുന്നതു ഉപകാരം എന്നു യഹൂദരൊടു മന്ത്രിച്ചവൻ തന്നെ — ശിമൊൻ പെത്രനും മറെറ ശിഷ്യനും യെശുവിൻ പിന്നാലെ ചെല്ലുമ്പൊൾ ആ ശിഷ്യൻ മഹാപുരോഹിതനൊടു പരി

ചയമുള്ളവനാകയാൽ യെശുവൊടുകൂട മഹാപുരൊഹിതന്റെ
നടുമുററത്തു കടന്നു— പെത്രൻ വാതുക്കൽ പുറത്തു നില്ക്കുമ്പൊൾ മ
ഹാപുരൊഹിതനൊടു പരിചയമുള്ള മറെറ ശിഷ്യൻ പുറപ്പെട്ടു വാ
തില്ക്കാവൽക്കാരത്തിയൊടു പറഞ്ഞു പെത്രനെ അകത്തു വരുത്തി— എന്നാറെ
റ വാതിൽ കാക്കുന്ന ബാല്യക്കാരത്തി പെത്രനൊടു പറകയാൽ നീയും
ഈ ആളുടെ ശിഷ്യരിൽ ഒരുത്തനല്ലയൊ എന്നു പറയുന്നു അല്ല എ
ന്ന് അവൻ പറയുന്നു— അന്നു കുളിർ ആകകൊണ്ടു ദാസന്മാരും ഭൃത്യ
ന്മാരും കനൽ കൂട്ടി തീ കാഞ്ഞുകൊണ്ടു നിന്നിരിക്കെ പെത്രനും അവ
രൊടു കൂട നിന്നു തീ കാഞ്ഞുകൊണ്ടിരുന്നു—— എന്നാറെ മഹാപുരൊ (46)
ഹിതൻ യെശുവിനൊടു അവന്റെ ശിഷ്യന്മാരെയും ഉപദെശത്തെ
യും കുറിച്ചു ചൊദിച്ചപ്പൊൾ യെശു ഉത്തരം ചൊല്ലിയതു— ഞാൻ ലൊ
കത്തൊടു പരസ്യത്തിൽ പറഞ്ഞു— പള്ളികളിലും എല്ലാ യഹൂദന്മാരും
കൂടുന്ന ദെവാലയത്തിലും ഞാൻ എപ്പൊഴും ഉപദെശിച്ചു രഹസ്യത്തി
ൽ ഒന്നും ഉരെച്ചതും ഇല്ല— നീ എന്നൊടു ചൊദിക്കുന്നതു എന്തു കെ
ട്ടവരൊടു ഞാൻ അവരൊടു ചൊല്ലീട്ടുള്ളതു എന്തു എന്നു ചൊദിക്ക— ഞാ
ൻ പറഞ്ഞവ അവർ അറിയുന്നു— എന്നു പറഞ്ഞാറെ ഭൃത്യരി
ൽ അരികെ നില്ക്കുന്നവരിൽ ഒരുത്തൻ— മഹാപുരൊഹിതനൊടു ഇങ്ങനെ ഉ
ത്തരം ചൊല്ലുന്നുവൊ എന്നു പറഞ്ഞു യെശുവിന്നു കന്നത്തു കൊട്ടു— അ
തിന്നു യെശു ഞാൻ ദൊഷമായി സംസാരിച്ചു എങ്കിൽ ദൊഷം എ
ന്തെന്നു സാക്ഷി ചൊല്ലുക നല്ലവണ്ണം എങ്കിൽ എന്നെ തല്ലുന്നതു എന്തു
എന്നു പറഞ്ഞു— ഹന്നാ അവനെ കെട്ടപ്പെട്ടവനായി മഹാപുരൊ
ഹിതനായ കയഫാവിന്റെ അടുക്കെ അയച്ചു— (60)

മഹാപുരൊഹിതരും (മൂപ്പന്മാരും) ന്യായസഭയും ഒക്കെയും
യെശുവെ മരിപ്പിക്കെണ്ടതിന്നു അവന്റെ നെരെ കള്ളസാക്ഷ്യം
അന്വെഷിച്ചു വൊന്നു കണ്ടെത്തില്ലതാനും— കാരണം അനെകർ അവ
ന്റെ നെരെ കള്ളസാക്ഷ്യം ചൊല്ലീട്ടും സാക്ഷ്യങ്ങൾ ഒക്കില്ല— ഒട്ടു

ത്താം രണ്ടു കള്ളസാക്ഷിക്കാർ വന്ന പറഞ്ഞിതു — ഇതൈ കൈപ്പണിയായ
മന്ദിരത്തെ ഞാൻ അഴിച്ചു മൂന്നു ദിവസം കൊണ്ടു കൈപ്പണിയല്ലാ
ത്ത മറ്റൊന്നിനെ എടുപ്പിക്കും എന്നു ഇവൻ പറയുന്നതു ഞങ്ങൾ കെ
ട്ടു — എന്നിപ്രകാരവും അവരുടെ സാക്ഷ്യം ഒത്തതും ഇല്ല — — എന്നി
ട്ടു മഹാപുരൊഹിതൻ എഴുനീറ്റു അവനൊടു നീ ഉത്തരവും പറയു
ന്നില്ലയൊ ഇവർ നിന്റെ നെരെ സാക്ഷ്യം ചൊല്ലുന്നതു എന്തെന്നു —
എന്നു പറഞ്ഞാറെ യെശു മിണ്ടാതെ നിന്നു — മഹാപുരൊഹിതർ ശാ
സ്ത്രികൾ മുതലായ ജനമൂപ്പന്മാർ നീ മശിഹാ എങ്കിൽ ഞങ്ങളൊടു പ
റ എന്നു ചൊല്ലിയാറെ — നിങ്ങളൊടു പറഞ്ഞാലും നിങ്ങൾ വിശ്വസി
ക്കയില്ല — ഞാൻ ചൊദിച്ചാലും എന്നൊടു ഉത്തരം ചൊല്ലുകയില്ല വി
ട്ടയക്കയും ഇല്ല — മഹാപുരൊഹിതൻ അവനൊടു ചൊല്ലിയതു — അനു
ഗ്രഹിക്കപ്പെട്ട ദൈവത്തിന്റെ പുത്രനായ മശിഹാ നീ തന്നെയൊ എ
ന്നു ഞങ്ങളൊടു പറയെണ്ടതിന്നു ഞാൻ ജീവനുള്ള ദൈവത്താ
ണ നിന്നൊടു ചൊദിക്കുന്നു — അവനൊടു യെശു നീ പറഞ്ഞുവല്ലൊ
ഞാൻ ആകുന്നു — ശെഷം ഞാൻ നിങ്ങളൊടു ചൊല്ലുന്നിതു — ഇതു
മുതൽ മനുഷ്യപുത്രൻ സർവ്വശക്തിയുടെ വലഭാഗത്തിരിക്കുന്നതും
വാനത്തിൻ മെഘങ്ങളിന്മെൽ വരുന്നതും നിങ്ങൾ കാണും എന്നു പ
റഞ്ഞു — ഉടനെ മഹാപുരൊഹിതൻ തന്റെ വസ്ത്രങ്ങളെ കീറി ഇ
വൻ ദെവദൂഷണം പറഞ്ഞു ഇനി സാക്ഷികളെ കൊണ്ടു നമുക്കു
എന്തു ആവശ്യം ഇതാ അവന്റെ ദൂഷണം ഇപ്പൊൾ കെട്ടുവല്ലൊ
നിങ്ങൾക്കു എന്തു തൊന്നുന്നു — എന്നു പറഞ്ഞപ്പൊൾ എല്ലാ
വരും അവനെ മരണയൊഗ്യൻ എന്നു വിധിച്ചുകളഞ്ഞു (മ. മ. ക്ല)

ശിമൊൻ പെത്രൻ തീ കാഞ്ഞു നില്ക്കുമ്പൊൾ ഒരു ബാ
ല്യക്കാരത്തി വന്ന സമീപത്തു നില്ക്കുന്നവരൊടു ഇവൻ ആ കൂട്ടരി
ൽ ഉള്ളവനല്ലൊ എന്നു പറഞ്ഞു തുടങ്ങി — നീയും അവന്റെ ശിഷ്യ
രിൽ ഒരുത്തൻ അല്ലയൊ എന്നു ചിലർ അവനൊടു പറഞ്ഞാറെ —

നല്ലുഞാൻ അവനെ അറിയുന്നില്ലെന്ന് ആണയിട്ടും തള്ളിപ്പറഞ്ഞു—കുറെ പിന്നെയിൽ നിന്നിരുന്നവർ അടുത്തുവന്നു പത്രൊസിനോടു അവരുടെ കൂട്ടത്തിൽ നീയും ഗലീലക്കാരൻ തന്നെ തീർച്ച ഉച്ചാരണം കൊണ്ടു നിന്നെ വെളിവാക്കുന്നുവല്ലോ എന്നു പറഞ്ഞു—അപ്പോൾ അവൻ അറിയുന്നില്ലെന്നും ശപിപ്പാനും സത്യം ചെയ്വാനും തുടങ്ങി—ഉടനെ കോവൽ രണ്ടാമതും കൂകി കർത്താവ് നിന്നോടു പത്രൊസ് ഒന്നാമതും ചെയ്തു—പത്രൊസും കോഴി രണ്ടു കൂകുമുമ്പെ നീ മൂന്നുവട്ടം എന്നെ തള്ളിപ്പറയും എന്നു കർത്താവു തന്നോടു പറഞ്ഞ വാക്കു ഓർത്തു പുറത്തു പോയി കരഞ്ഞുതുടങ്ങുകയും ചെയ്തു (യോ. മ. മ. ശു)

യെഹൂദന്മാരുടെ കൊള്ളുന്നമുഷ്യന്മാരായ അവരെ നിഗ്രഹിച്ചു മുഖത്തടിച്ചു കെട്ടി നടത്തി—ചിലരും അവന്റെ മുഖം മൂടിക്കെട്ടി ഹേ പ്രവചിക്ക—നിന്നെ തല്ലിയതു ആർ എന്നു ചൊല്ലി കൈകൊണ്ടു മറ്റവല്ലാതെ അവനെ അടിക്കയും ചെയ്തു—

ഈ സ്ഥലത്തെപ്പോൽ മഹാപുരോഹിതരും ജ്ഞാനികൾ മുഴുവനും ശാസ്ത്രികളുമായി സൂനെദ്രിയം ഒക്കയും കൂടി യെശുവെ മരിപ്പിപ്പാൻ തീർച്ചയാക്കുകയും ചെയ്തു (മ. മ. ശു)

൭. പീലാതന്റെ അന്യായവിസ്താരവും കൽപനയും

(വെള്ളിയാഴ്ച രാവിൽ)

പുലർച്ചെ അവർ എല്ലാവരും കൂടെ ചെന്നു യെശുവിനെ കെട്ടി കയ്യാപ്പിൻ വീട്ടിൽ നിന്നു ആസ്ഥാനത്തിലേക്കു കൊണ്ടുപോയി നാടുവാഴിയായ പൊന്ത്യപീലാതനിൽ ഏല്പിച്ചു (യോ. മ. മ. ശു).

അപ്പൊൾ ദണ്ഡവിധിയുണ്ടായത അവനെ കാണിച്ചുകൊ-
ടുത്ത യൂദാ കണ്ട അനുതാപിച്ചു ആ മുപ്പത വെള്ളിയെ മഹാപുരൊ-
ഹിതന്മാൎക്കും മൂപ്പന്മാൎക്കും മടക്കി ഞാൻ കുറ്റമില്ലാത്ത രക്തത്തെ ഏല്പി-
ച്ചുകൊടുക്കയാൽ പിഴെച്ചു എന്നു പറഞ്ഞു— അത ഞങ്ങൾക്ക
എന്തു നീ തന്നെ നൊക്ക എന്ന അവർ പറഞ്ഞാറെ— അവൻ
ആ പണങ്ങളെ മന്ദിരത്തിൽ എറിഞ്ഞു കളഞ്ഞു വാങ്ങിപ്പൊയി
കെട്ടിഞാന്നു മരിച്ചു— മഹാപുരൊഹിതർ പണങ്ങളെ എടുത്തു ഇ-
തു രക്തവിലയാകയാൽ (കൊൎബ്ബാൻ എന്ന) കാഴ്ചഭണ്ഡാരത്തി-
ൽ ഇടുന്നത വിഹിതമല്ല എന്ന പറഞ്ഞു— പിന്നെ ആലൊചി-
ച്ചു അവകൊണ്ട പരദെശികളുടെ ശ്മശാനത്തിനായി കുശവ-
ന്റെ നിലത്തെ കൊണ്ടു— ആകയാൽ ആ നിലത്തിന്ന ഇന്നെവ-
രെക്കും രക്തനിലം എന്ന പെർ ഉണ്ടായത— പ്രവാചകനായ യിറ-
മിയാവെകൊണ്ട ചൊല്ലിയതിന്ന അന്നു നിവൃത്തി വന്നു— കൎത്താ-
വ് എന്നൊട അരുളിച്ചെയ്തപ്രകാരം ഇസ്രയെൽ പുത്രരിൽ ചി-
ലർ മതിച്ചൊരു മാന്യന്റെ വിലയായി മുപ്പത വെള്ളി-
യെ അവർ എടുത്തു— കുശവനിലത്തിനായി കൊടുത്തു കളഞ്ഞുവ-
ന്നെ (ത്രപ്രമാ. ഖ)

യെഹൂദന്മാർ തീണ്ടിപ്പൊകാതെ പെസഹാ തിന്മാനായ്ക്കൊണ്ട ന്യാ-
യസ്ഥാനത്തിൽ പ്രവെശിക്കാതെ നിന്നു— ആകകൊണ്ട പി-
ലാത്തൻ അവരുടെ അടുക്കൽ പുറത്തുവന്നു ഈ മനുഷ്യന്റെ മെ-
ലെന്തു കുറ്റം ബൊധിപ്പിക്കുന്നു എന്നു ചൊദിച്ചതിന്നു— ഇവൻ
ദുഷ്പ്രവൃത്തിക്കാരൻ അല്ലാഞ്ഞു എങ്കിൽ അവനെ നിങ്കൽ എല്പിക്ക-
യില്ലല്ലൊ എന്ന ഉത്തരം പറഞ്ഞു— പിലാത്തൻ അവരൊടു നി-
ങ്ങൾ അവനെ കൂട്ടിക്കൊണ്ടു നിങ്ങളുടെ ധൎമ്മപ്രകാരം വിധിപ്പിൻ
എന്നു പറഞ്ഞാറെ യെഹൂദർ അവനൊട ആരെയും കൊല്ലുന്നതു
ഞങ്ങൾക്ക വിഹിതമല്ലല്ലൊ എന്നു പറഞ്ഞു—— ഇവ്വണ്ണം താൻ

ുന്ന മരണം മരിക്കും എന്നു യെശു സൂചിപ്പിച്ച വചനത്തിന്നു നിവൃത്തിവരികയും ചെയ്തു — (യൊ.)

പിന്നെ മഹാപുരൊഹിതരും മൂപ്പരും ഇവൻ താൻ ക്രിസ്തുനാകുന്ന ഒരു രാജാവ് എന്നു ചൊല്ലിക്കൊണ്ടു ജാതിയെ മറിച്ചുകളകയും കൈസൎക്കു കരം കൊടുക്കുന്നതു വിരൊധിക്കയും ചെയ്യുന്നതു കാണും ഞങ്ങൾ കണ്ടു എന്നു കുറ്റം ചുമത്തിതുടങ്ങി — ആകയാൽ പിലാതൻ പിന്നെയും ന്യായസ്ഥാനത്തിൽ പുക്കു യെശുവെ വിളിച്ചു നീ യഹൂദരുടെ രാജാവൊ എന്നു ചൊദിച്ചതിന്നു യെശു ഉത്തരം ചൊല്ലിയതു — ഇതു നീ സ്വയമായി പറയുന്നുവൊ മറ്റുള്ളവർ എന്നെക്കുറിച്ചു നിന്നൊടു ചൊല്ലിയിട്ടൊ — പിലാതൻ ഞാൻ യഹൂദനൊ നിന്റെ ജനവും മഹാപുരൊഹിതരും നിന്നെ എങ്കൽ ഏല്പിച്ചു — നീ എന്തു ചെയ്തു എന്നു ചൊദിച്ചപ്പൊൾ — യെശു ഉത്തരം ചൊല്ലിയതു — എന്റെ രാജ്യം ഈ ലൊകത്തിൽ നിന്നുള്ളതല്ല — എന്റെ രാജ്യം ഇഹലൊകത്തിൽ നിന്ന് എന്നു വരികിൽ എന്റെ ഭൃത്യന്മാർ ഞാൻ യഹൂദരിൽ ഏല്പിക്കപ്പെടാതവണ്ണം പൊരുതുമായിരുന്നു ആകയാൽ എന്റെ രാജ്യം ഇവിടുന്നല്ല സത്യം — പിലാതൻ അവനൊടു നീ രാജാവല്ലൊ എന്നു പറഞ്ഞാറെ യെശു ഉത്തരം ചൊല്ലിയതു നീ പറയുന്നു ഞാൻ രാജാവാകുന്നതു — സത്യത്തിന്നു സാക്ഷി നില്ക്കെണ്ടതിന്നു ഞാൻ ജനിച്ചിരിക്കുന്നു ഇതിന്നായി ലൊകത്തിൽ വന്നും ഇരിക്കുന്നു — സത്യത്തിൽ നിന്നുള്ളവൻ എല്ലാം എന്റെ ശബ്ദം കെൾക്കുന്നു — പിലാതൻ അവനൊടു സത്യം എന്തു എന്നു പറഞ്ഞുവെച്ചു പിന്നെയും യഹൂദരുടെ അടുക്കെ പുറത്തു പൊയി അവരൊടു പറഞ്ഞിതു — ഈ മനുഷ്യനിൽ ഞാൻ കുറ്റം ഒന്നും കാണുന്നില്ല — (യൊ. ലൂ. മാ. മ.)

മഹാപുരൊഹിതർ അവനിൽ ഏറിയൊന്നു ചുമത്തുകയാൽ പിലാതൻ പിന്നെയും അവനൊടു ചൊദിച്ചിതു — നീ ഉത്തരവും

പറയുന്നില്ലയൊ നിന്റെ നെരെ എത്ര സാക്ഷ്യം ചൊല്ലുന്നു എന്നു
കെൾക്കുന്നില്ലയൊ- അവനൊ ഒരു മൊഴിക്കും ഉത്തരം ചൊല്ലായ്കയാ
ൽ നാടുവാഴി അത്യന്തം ആശ്ചൎയ്യപ്പെട്ടു- (മാ. ൨൭. മത്താ)

അവൻ ഗലീലയിൽ തുടങ്ങി യഹൂദയിൽ എങ്ങും ഇവി
ടത്തൊളവും വചിച്ചു- കൊണ്ടു ജനത്തെ ഇളക്കുന്നു എന്നു നി
ഷ്കൎഷിച്ചു ചൊല്ലിയപ്പൊൾ- പിലാതൻ ഗലീല എന്നതു കെട്ടിട്ടു
മനുഷ്യൻ ഗലീലക്കാരനൊ എന്നു ചൊദിച്ചു- ഹെരൊദാവി
ന്റെ അധികാരത്തിൽ ഉൾപ്പെട്ടവൻ എന്നറിഞ്ഞുടനെ- ആനാ
ളുകളിൽ യരുശലെമിൽ വന്നു വാഴുന്ന ഹെരൊദാവിന്റെ അരു
കിൽ അവനെ അയച്ചു കളഞ്ഞു- ഹെരൊദാ യെശുവെ കൊ
ണ്ടു വളരെ കെൾക്കയാൽ അവനെ കാണ്മാൻ ഇച്ഛിച്ചതല്ലാതെ
അവനാൽ വല്ല അടയാളവും ഉണ്ടാകുന്നതു കാണ്മാനും ആ
ശിച്ചും കൊണ്ടു യെശുവെ കണ്ടിട്ടു അത്യന്തം സന്തൊഷപ്പെട്ടു- പ
ലവാക്കുകളാൽ ചൊദിച്ചാറെയും അവൻ അവനൊടു ഉത്തരം
പറഞ്ഞതും ഇല്ല- അവിടെ മഹാപുരൊഹിതരും ശാസ്ത്രികളും ക
ടുമയൊടെ കുറ്റം ചുമത്തി നില്ക്കുമ്പൊൾ- ഹെരൊദാ തന്റെ പടയാ
ളികളുമായി അവനെ പരിഹസിച്ചു നിസ്സാരനാക്കി ശുഭ്രവസ്ത്രം
ഉടുപ്പിച്ചു പിലാതന്നരികെ അയച്ചുവിട്ടു- പിലാതനും ഹെരൊദാ
വും മുമ്പെ അന്യൊന്യം പകഭാവിച്ചുവന്ന ശെഷം അന്നു ഇണങ്ങി
സ്നെഹിതരായ്തീൎന്നു- (ലൂക്ക)

പിലാതനൊ മഹാപുരൊഹിതരെയും ശാസ്ത്രികളെ
യും ജനത്തെയും കൂട്ടി വരുത്തി- നിങ്ങൾ ഈ മനുഷ്യനെ ജാതി
യെ മത്സരിപ്പിച്ചുവെക്കുന്നവൻ എന്നു ഇങ്ങു കൊണ്ടുവന്നു- ഞാ
നൊ ഇതാ നിങ്ങളുടെ മുമ്പാകെ വിസ്തരിച്ചിട്ടും നിങ്ങൾ ചുമത്തി
യ കുറ്റങ്ങൾ ഒന്നും ഇവനിൽ കണ്ടില്ല- ഹെരൊദാവും കണ്ടി
ല്ല- അവന്നടുക്കെ നിങ്ങളെ അയച്ചു എന്നിട്ടും മരണയൊഗ്യമായ

ത് ഒന്നും ഇവൻ പ്രവൃത്തിച്ചു എന്നു വന്നില്ലല്ലൊ - അതുകൊണ്ടു അവനെ ശിക്ഷിച്ചു വിട്ടേരാം എന്നു പറഞ്ഞു - (ലൂ)

ഉത്സവത്തൊറും പുരുഷാരത്തിന്നു ഇഷ്ടമുള്ള ഒരു ചങ്ങലക്കാരനെ വിട്ടുകൊടുക്കുന്നത നാടുവാഴിക്കു മര്യാദയാകുന്നു - അന്നു പ്രസിദ്ധ ബറബ്ബാ എന്നു പെരുള്ളൊരു ഒരു ചങ്ങലക്കാരൻ അവർക്കുണ്ടായിരുന്നു - അവൻ മററവരുമായി കലഹിച്ചു നഗരത്തിൽ തന്നെ കുല ചെയ്കനിമിത്തം തടവിൽ ആക്കപ്പെട്ടവൻ - പിന്നെ പുരുഷാരം കൂടിവന്നു അവൻ തങ്ങളൊടു നിത്യം ചെയ്യുമ്പൊലെ ചെയ്യണം എന്നു പ്രാർത്ഥിച്ചു തുടങ്ങി - അതുകൊണ്ടു ജനങ്ങൾ കൂടിവന്നപ്പൊൾ പിലാതൻ അവരൊടു പെസഹായിൽ നിങ്ങൾക്കു ഒരുത്തനെ വിട്ടുകൊടുക്കുന്നതു മര്യാദയാകുന്നുവല്ലൊ ബറബ്ബാ എന്നവനൊ ക്രിസ്തുൻ എന്നുള്ള യെശുവൊ ആരെ നിങ്ങൾക്കു വിട്ടുതരെണ്ടത് എന്നു പറഞ്ഞു - മഹാപുരൊഹിതർ അസൂയ കൊണ്ടു അവനെ ഏല്പിച്ചത് എന്നു ബൊധിക്കയാൽ അത്രെ - - പിന്നെ ന്യായാസനത്തിൽ ഇരുന്നപ്പൊൾ അവന്റെ ഭാര്യ ആളയച്ചു നീയും ആ നീതിമാനുമായി ഇടപ്പെടരുതെ - അവൻ നിമിത്തം ഞാൻ ഇന്നു സ്വപ്നത്തിൽ വളരെ പാടുപെട്ടുപൊയിരിക്കുന്നു എന്നു പറയിച്ചു - (മ. മ. ലൂ)

എന്നാറെ ബറബ്ബാവെ ചൊദിപ്പാനും യെശുവെ സംഹരിപ്പാനും മഹാപുരൊഹിതരും മൂപ്പരും പുരുഷാരങ്ങളെ ഇളക്കി സമ്മതിപ്പിച്ചു - പിന്നെ നാടുവാഴി അവരൊടു ഈ ഇരുവരിൽ ഏവനെ നിങ്ങൾക്കു വിട്ടുവിടുവാൻ ഇച്ഛിക്കുന്നു എന്നു പറഞ്ഞു തുടങ്ങിയാറെ - ഇവനെ നീക്കിക്കളക. ഞങ്ങൾക്കു ബറബ്ബാവെ വിട്ടുതരെണം എന്നു ഒക്കെയും ആർത്തുവിളിച്ചു - പിലാതൻ യെശുവെ വിടുവിപ്പാൻ മനസ്സാകകൊണ്ടു പിന്നെയും അവരൊടു വിളിച്ചുപറഞ്ഞു - എന്നാൽ ക്രിസ്തുൻ എന്നുള്ള യെശുവെ എന്തു ചെയ്യെണ്ടു - എന്നാറെ അവനെ ക്രൂശിക്ക ക്രൂശിക്ക എന്നു അവർ നിലവിളിച്ചു - മൂന്നാമതും അവരൊടു അവൻ

ചെയ്തു ദൊഷം എന്തു പൊൽ മരണ യൊഗ്യമായത ഒന്നും അവനിൽ കണ്ടിട്ടില്ല ആകകൊണ്ട അവനെ ശിക്ഷിച്ചു വിട്ടയക്കട്ടെ എന്ന പറഞ്ഞാറെ — അവൻ ക്രൂശിക്കപ്പെടെണ്ടതിന്ന അവർ ചൊദിച്ചു ഉറക്കെ അലെച്ചിച്ചു പൊന്നു — അവരും മഹാപുരൊഹിതരും ശബ്ദിക്കുന്നതിന്ന ജയം ഉണ്ടായി — (മ. മ. ലൂ)

അപ്പൊൾ പിലാതൻ യെശുവിനെ ക്രൂശിക്കെണ്ടുവാൻ എല്പിക്കയും ചെയ്തു — നാടുവാഴിയുടെ സെവകർ യെശുവെ ആസ്ഥാനത്തിലെക്ക കൊണ്ടുപൊയി പട്ടാളം എല്ലാം അവന്റെ അടുക്കൽ വരുത്തി — അവന്റെ വസ്ത്രം അഴിച്ചു ചുവന്ന പുതപ്പ ഇട്ടു — മുള്ളുകൾ കൊണ്ട കിരീടം മെടഞ്ഞു അവന്റെ തലയിലും വലത്തെ കൈയിൽ ഒരു ചൂരക്കൊലും ആക്കി അവന്റെ മുമ്പിൽ മുട്ടുകുത്തി യെഹൂദരുടെ രാജാവെ വാഴുക എന്ന പരിഹസിച്ചു വന്ദിച്ചു — തുമെ കൊടുത്തു ചൂരൽ എടുത്തു അവന്റെ തലയിൽ അടിക്കയും ചെയ്തു — (യൊ. മ. മ.)

പിലാതൻ പിന്നെയും പുറത്തു വന്നു ഞാൻ അവനിൽ കുറ്റം കാണുന്നില്ല എന്ന നിങ്ങൾ അറിയെണ്ടതിന്ന അവനെ നിങ്ങൾക്ക ഇതാ പുറത്തു കൊണ്ടുവരുന്നു എന്ന അവരൊട പറഞ്ഞു — ഉടനെ യെശു മുള്ളിൻ കിരീടവും ധൂമ്രവസ്ത്ര പുതപ്പും ധരിച്ചു പുറത്തു വന്നപ്പൊൾ ആ മനുഷ്യൻ ഇതാ എന്ന അവരൊട പറയുന്നു — എന്നാറെ മഹാപുരൊഹിതരും ഭൃത്യന്മാരും അവനെ കണ്ടപ്പൊൾ ക്രൂശിക്ക അവനെ ക്രൂശിക്ക എന്ന ആർത്തു പൊയി — പിലാതൻ അവരൊട നിങ്ങൾ അവനെ കൊണ്ടുപൊയി ക്രൂശിപ്പിൻ ഞാനൊ കുറ്റം അവനിൽ കാണുന്നില്ല എന്ന പറയുന്നു — യെഹൂദർ അവനൊട ഉത്തരം ചൊല്ലിയതു ഞങ്ങൾക്ക ഒരു ധർമ്മം ഉണ്ടു — അവൻ തന്നെ താൻ ദെവപുത്രൻ ആക്കിയതുകൊണ്ടു ഞങ്ങളുടെ ധർമ്മപ്രകാരം അവൻ മരിക്കെണ്ടു — എന്നുള്ള വാക്ക പിലാതൻ കെട്ടു ഏറ്റം ഭ

ഭയപ്പെട്ടു പിന്നെയും ആസ്ഥാനത്തിൽ ചെന്നു നീ എവിടെ നിന്നാകു
ന്നു എന്നു യേശുവിനോടു പറയുന്നു — യേശു അവന് ഉത്തരം കൊടുത്തി
ല്ല — പിലാതൻ അവനോടു പറയുന്നു — നീ എന്നോടു സംസാരിക്കുന്നില്ല
യോ നിന്നെ ക്രൂശിപ്പാൻ അധികാരവും നിന്നെ അഴിച്ചുവിടുവാൻ
അധികാരവും എനിക്ക് ഉണ്ടു എന്ന് അറിയുന്നില്ലയോ — യേശു ഉ
ത്തരം ചൊല്ലിയതു മേലിൽ നിന്നു നിണക്കു തരപ്പെട്ടിട്ടില്ല എങ്കി
ൽ എന്റെ നേരെ നിണക്ക് അധികാരവും ഇല്ല — ആയതുകൊ
ണ്ടു നിന്നിൽ എന്നെ ഏല്പിച്ചവന് അധികം പാപം ഉണ്ടു — എന്നതു
മുതൽ കൊണ്ടു പിലാതൻ അവനെ വിട്ടയപ്പാൻ അന്വേഷിച്ചു —
യഹൂദരോ നിലവിളിച്ചു ഇവനെ വിട്ടയച്ചാൽ കൈസരുടെ സഖിയല്ല — ത
ന്നെത്താൻ രാജാവാക്കുന്നവൻ എല്ലാം കൈസരോടു മറുക്കുന്നവ
ല്ലോ എന്ന് ആർത്തു പറഞ്ഞു — ആ വചനം പിലാതൻ കേട്ടു യേശുവെ
പുറത്തു വരുത്തി എബ്രായ ഭാഷയിൽ ഗബ്ബഥാ എന്നു ചൊല്ലുന്ന കല്ത്തള
മാകുന്ന സ്ഥലത്തു ന്യായാസനത്തിൽ ഇരുന്നുകൊണ്ടു — പെസഹയുടെ
വെള്ളിയാഴ്ച ഏകദേശം ആറു മണിക്കു യഹൂദരോട് ഇതാ നിങ്ങ
ളുടെ രാജാവെന്നു പറയുന്നു — നീക്കുക — അവനെ നീക്കുക — ക്രൂ
ശിക്ക എന്ന് അവർ ആർത്തു കൂക്കി — അപ്പോൾ നിങ്ങളുടെ രാജാവി
നെ ഞാൻ ക്രൂശിക്കയോ എന്നു പിലാതൻ അവരോടു പറയുന്നു —
മഹാപുരോഹിതന്മാർ ഞങ്ങൾക്കു കൈസർ ഒഴികെ രാജാവി
ല്ല എന്ന് ഉത്തരം പറഞ്ഞപ്പോൾ അവനെ ക്രൂശിക്കേണ്ടതിന്നു അവ
ർക്കു ഏല്പിച്ചു — (മത്താ)

പിലാതൻ താൻ ഒന്നും സാധിക്കുന്നില്ല എന്നും ആരവാരം
അധികം ആകുന്നു എന്നും കണ്ടു വെള്ളം വാങ്ങി പുരുഷാരത്തിന്നു
മുമ്പാകെ കൈകളെ കഴുകി — ഈ നീതിമാന്റെ രക്തത്തിൽ എ
നിക്കു കുറ്റം ഇല്ല നിങ്ങൾ തന്നെ നോക്കുവിൻ എന്നു പറഞ്ഞു — ജനം
ഒക്കയും ഉത്തരം പറഞ്ഞിതു — അവന്റെ രക്തം ഞങ്ങളുടെ മേലും

ങ്ങളെ മക്കളുടെ മെലും വരിക — എന്നാറെ പിലാതൻ പുരുഷാരത്തി
ന് അലമ്പി വരുത്തുവാൻ ഭാവിച്ചു അവരുടെ ചൊദ്യം പൊലെ ആ
ക എന്നു വിധിച്ചു — കലഹവും കുലയും ഹെതുവായി തടവിലായവ
നെ അവർ അപെക്ഷിക്കയാൽ വിട്ടുകൊടുത്തു യെശുവെ ക്രൂശിപ്പാ
ൻ അവരുടെ ഇഷ്ടത്തിൽ എല്പിച്ചു വിടുകയും ചെയ്തു — (മ.മ.ലൂ.)

൬൨. ക്രൂശാരൊഹണവും മരണവും

അവനെ പരിഹസിച്ചു കളഞ്ഞശെഷം രക്താംബരത്തെ നീക്കി
സ്വന്ത വസ്ത്രങ്ങളെ ഉടുപ്പിച്ചു അവനെ ക്രൂശിപ്പാൻ കൊണ്ടുപൊ
കയിൽ അവൻ തന്റെ ക്രൂശിനെ ചുമന്നു കൊണ്ടു — എബ്രയർ
ഗൊല്ഗഥാ എന്നു ചൊല്ലുന്ന തലയൊടിടത്തെക്കു പുറപ്പെട്ടു —
പിന്നെ നാട്ടിൽ നിന്നു വന്നു കടന്നുപൊകുന്ന കുറെനയിലെ ശി
മൊൻ എന്നൊരു അലക്സന്ത്രൻ രൂഫൻ എന്നവരുടെ അപ്പനെ അ
വന്റെ ക്രൂശിനെ ചുമപ്പാൻ രാജനാമം ചൊല്ലി നിൎബന്ധിച്ചു ക്രൂ
ശ് ചുമത്തി വെച്ചു അവനെ യെശുവിൻ വഴിയെ നടക്കുമാറാക്കി
(മ.മ.ലൂ.യൊ.)

അതുകൂടാതെ വലിയ ജനസമൂഹവും അവനെ ചൊല്ലി
തൊഴിച്ചു മുറയിടുന്ന സ്ത്രീകളും അവന്റെ പിന്നാലെ നടന്നു — അ
വരുടെ നെരെ യെശു തിരിഞ്ഞു യരുശലെം പുത്രിമാരെ എ
ന്നെ അല്ല നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലി കരവിൻ —
എന്തിന് എന്നാൽ മച്ചികളും പെറാത്ത ഉദരങ്ങളും കുടിപ്പിക്കാ
ത്ത മുലകളും ധന്യമാർ തന്നെ എന്നു ചൊല്ലുന്ന നാളുകൾ ഇതാ വരു
ന്നു — അന്നു മലകളൊടു ഞങ്ങളുടെ മെൽ വീഴുവിൻ എന്നും കുന്നു
കളൊടു ഞങ്ങളെ മറെപ്പിൻ എന്നും പറഞ്ഞു തുടങ്ങും — കാരണം
പച്ചമരത്തിൽ ഇവ ചെയ്താൽ ഉണങ്ങിയതിൽ എന്തുണ്ടാ
കും എന്നു പറഞ്ഞു — മറ്റു രണ്ടു ദുഷ്പ്രവൃത്തിക്കാരും അവനൊടു

ക്രൂടെ അന്തിപ്പാൻ കൊണ്ടുപൊയ്ക്കൊള്ളട്ടു-(ലൂ.)

ഗൊല്ഗൊഥായിൽ എത്തിയപ്പൊൾ കൺടിവെണ്ണയിട്ട വീഞ്ഞ് അവനു കുടിപ്പാൻ കൊടുത്തു ആയത് രുചി നൊക്കിയാറെ കുടിപ്പാൻ മനസ്സില്ലാഞ്ഞു വാങ്ങീട്ടില്ല-- അവനെ ക്രൂശിക്കുമ്പൊൾ മൂന്നാം മണി നെരമായി- അവനൊട് കൂട രണ്ടു കള്ളരെ ഒരുത്തനെ വലത്തും ഒരുത്തനെ ഇടത്തും ക്രൂശിക്കുന്നു--- ദ്രൊഹികളൊടു എണ്ണപ്പെട്ടു എന്നുള്ള വെദവാക്യം നിവൃത്തിയാകയും ചെയ്തു-(മ.മ)

യെശു പറഞ്ഞു പിതാവെ ഇവർ ചെയ്യുന്നത് ഇന്നത് എന്നറിയായ്കകൊണ്ടു അവൎക്കു ക്ഷമിച്ചു വിടെണമെ(ലൂ)

അവന്റെ തലെക്കു മീതെ അവന്റെ കുറ്റത്തിന്റെ സംഗതിയെഴുതിവെച്ചിരുന്നു- പിലാതൻ ആകട്ടെ ഒരു ശാസനം എഴുതി ക്രൂശിന്മെൽ പതിപ്പിച്ചു അതിൽ നചറക്കാരനായ യെശു യഹൂദരുടെ രാജാവ് എന്നവരെഴുതീട്ടുണ്ടു- യെശു ക്രൂശിക്കപ്പെട്ട സ്ഥലം നഗരത്തിന്നു സമീപമാകയാൽ എബ്രായ- യവന- രൊമ- ഇതു മൂന്നു വക അക്ഷരങ്ങളുംകൊണ്ടും എഴുതീട്ടുള്ള ശാസനത്തെ അനെക യഹൂദന്മാർ വായിച്ചു- പിന്നെ യഹൂദന്മാരുടെ മഹാപുരൊഹിതന്മാർ പിലാതനൊടു പറഞ്ഞു- യഹൂദരാജാവ് എന്നല്ല ഞാൻ യഹൂദരാജാവ് എന്ന് അവൻ പറഞ്ഞത് എന്നത്രെ എഴുതെണ്ടത്- എന്നാറെ പിലാതൻ ഞാൻ എഴുതിയത് എഴുതീട്ടുണ്ടു എന്ന് ഉത്തരം പറഞ്ഞു-(യൊ. മ. മ. ലൂ)

സെവകർ യെശുവെ ക്രൂശിച്ച ശെഷം അവന്റെ വസ്ത്രങ്ങളെ എടുത്തു ഒരൊ സെവകന് ഒരൊ പങ്കാക്കീട്ടു നാലംശമാക്കി- ഉള്ളങ്കിയെ എടുത്തു മീത്തലൊട് അടിയൊളവും തുന്നാതെ മുറ്റും നെയ്ത്തു പണിയാകുന്നു കണ്ടു ഇതു നാം കീറല്ല ആൎക്കു വരും എന്ന ചീട്ടിടുക എന്നു തമ്മിൽ പറഞ്ഞു- തങ്ങളിൽ എന്റെ വസ്ത്രങ്ങളെ പകുത്തു എന്റെ അങ്കിമെൽ ചീട്ടും ഇട്ടു എന്നുള്ള തിരുവെഴുത്തിന്നു നി

പൊരുതുവാൻ സെവകർ ഉണ്ടാകുമായിരുന്നു — പിന്നെ അവിടെ ഉണ്ടായിരുന്ന
കൊണ്ടെന്നെയാണെ കാണ്ണു — (യൊ. മ. മ. ക്രൊ)

ജനം ഒക്കെയും നില്ക്കയല്ലാതെ കടന്നുപൊകുന്നവർ തലക
ളെ കുലുക്കി അവനെ ദുഷിച്ചു പറഞ്ഞിരുന്നു — ഹൊ മന്ദിരത്തെ മൂന്നു
നാളു കൊണ്ടു പണിയുന്നവനെ നിന്നെ തന്നെ രക്ഷിക്ക നീ ദൈവ
പുത്രൻ എങ്കിൽ ക്രൂശിൽ നിന്ന് ഇറങ്ങി വാ — എന്നതിന്നു ഒത്തവ
ണ്ണം മഹാപുരൊഹിതരും ശാസ്ത്രികൾ മൂപ്പന്മാരും കൂടി പരിഹസി
ച്ചു പറഞ്ഞിരുന്നു ഇവൻ മററവരെ രക്ഷിച്ചു തന്നെ താൻ രക്ഷിപ്പാ
ൻ കഴികയില്ല — അവൻ ദൈവം തെരിഞ്ഞെടുത്ത ഇസ്രായെൽ
രാജാവെങ്കിൽ ഇപ്പൊൾ ക്രൂശിൽ നിന്ന് ഇറങ്ങി വരട്ടെ — എന്നാൽ
നാം അവനിൽ വിശ്വസിക്കും — ഞാൻ ദൈവ പുത്രൻ എന്നു ചൊല്ലി
കൊണ്ടു അവൻ ദൈവത്തിൽ ആശ്രയിച്ചുവല്ലൊ ആയവൻ ഇ
വനെ ഇഷ്ടിക്കുന്നു എങ്കിൽ ഇപ്പൊൾ ഉദ്ധരിക്കട്ടെ എന്നു പഴിച്ചു
പറഞ്ഞു — പടയാളികളും അടുത്തു വന്നു കാടി കൊണ്ടു കാണിച്ചു
നീ യഹൂദന്മാരുടെ രാജാവായാൽ നിന്നെ തന്നെ രക്ഷിക്ക എന്ന് അവ
നെ പരിഹസിച്ചു (മ. മ. ക്രൊ)

ക്രൂശിച്ചിട്ട ദുഷ്പ്രവൃത്തിക്കാരിൽ ഒരുത്തൻ നീ മശിഹാ എ
ങ്കിൽ നിന്നെയും ഞങ്ങളെയും രക്ഷിക്ക എന്നു അവനെ ദുഷി
ച്ചപ്പൊൾ — മററവൻ അവനെ ശാസിച്ചു — നീ ഇന്നു ശിക്ഷാവിധിയിൽ
തന്നെ ആകിട്ടും ദൈവത്തെ ഭയപ്പെടാതിരിക്കുന്നുവൊ — നാമൊ
ന്യായപ്രകാരം സത്യം — നാം വ്യാപരിച്ചതിന്നു യൊഗ്യമായതു കിട്ടി
യൊ അല്ലൊ — ഇവനൊ പററാത്തത് ഒന്നും വ്യാപരിച്ചില്ല എന്നു ഉത്ത
രം ചൊല്ലി — കർത്താവെ നിന്റെ രാജ്യത്തിൽ നീ വരുമ്പൊൾ എ
ന്നെ ഓൎക്കെണമെ എന്ന യെശുവൊടു പറഞ്ഞു — യെശു അവനൊ
ടു — ആമെൻ ഞാൻ നിന്നൊടു ചൊല്ലുന്നിതു ഇന്നു നീ എന്നൊടു കൂടെ
പരദീസയിൽ ഇരിക്കും എന്നു പറകയും ചെയ്തു — (ക്രൊ)

യെശുവിൻ ക്രൂശിന്നരികെ അവന്റെ അമ്മയും അമ്മയുടെ സഹൊദരിയും ഹല്പായുടെ മറിയയും മഗ്ദലക്കാരത്തി മറിയയും നിന്നുകൊണ്ടിരിക്കെ — യെശു അമ്മയും താൻ സ്നെഹിക്കുന്ന ശിഷ്യനും നില്ക്കുന്നതു കണ്ടു സ്ത്രീയെ കണ്ടാലും നിന്റെ മകൻ എന്നു തന്റെ അമ്മയൊടു പറഞ്ഞു — അനന്തരം ശിഷ്യനൊടു കണ്ടാലും നിന്റെ അമ്മ എന്നു പറയുന്നു — ആ നാഴിക മുതൽ ശിഷ്യൻ അവളെ തന്റെ കുടിയിൽ ചെൎത്തുകൊണ്ടു — (യൊ.)

ഏകദെശം ആറാം മണിനെരമായപ്പൊൾ ഒമ്പതാം മണിവരെയും ആ ദെശത്തിൽ ഒക്കയും അന്ധകാരം ഉണ്ടായി സൂൎയ്യൻ ഇരുണ്ടു ഏകദെശം ഒമ്പതാം മണിക്കു യെശു എലി എലി ലമാ ശബക്താനി എന്നു മഹാ ശബ്ദത്തൊടെ വിളിച്ചു — അതു എൻ ദൈവമെ എൻ ദൈവമെ നീ എന്നെ കൈവിട്ടതു എന്തു എന്നാകുന്നു — അവിടെ നില്ക്കുന്നവരിൽ ചിലർ കെട്ടിട്ടു ഇവൻ എലീയാവെ വിളിക്കുന്നു എന്നു പറഞ്ഞു — (മ. മ. ലൂ)

അതിൻ പിന്നെ സകലവും തികഞ്ഞു വന്നു എന്നു യെശു അറിഞ്ഞിട്ടു തിരുവെഴുത്തിന്നു നിവൃത്തിയാവാൻ എനിക്കു ദാഹിക്കുന്നു എന്നു പറയുന്നു — അവിടെ കാടി നിറഞ്ഞ പാത്രം ഉണ്ടു — ഉടനെ അവരിൽ ഒരുത്തൻ ഒരു സ്പൊങ്ങ് എടുത്തു കാടികൊണ്ടു നിറെച്ചു കൊലമെലാക്കി അവനെ കുടിപ്പിച്ചു — ശെഷിച്ചവർ വിടു എലിയാ അവനെ രക്ഷിപ്പാൻ വരുന്നുവൊ നൊക്കട്ടെ എന്നു പറഞ്ഞു — യെശു കാടി സെവിച്ചിട്ടു നിവൃത്തിയായി എന്നു ചൊല്ലി — പിതാവെ നിന്റെ കൈകളിൽ എൻ ആത്മാവെ ഏല്പിക്കുന്നു എന്നു മഹാശബ്ദത്തൊടെ വിളിച്ചു പറഞ്ഞു ഉടനെ തല ചാച്ചു പ്രാണനെ വിട്ടു — (യൊ. ലൂ. മ. മ.)

അപ്പൊൾ മന്ദിരത്തിലെ തിരശ്ശീല മെലൊട്ടു അടിയൊളവും ചീന്തിപ്പൊയി ഭൂമി കുലുങ്ങി പാറകൾ പിളൎന്നു — കല്ലറകളും തുറന്നു നിദ്രപ്രാപിച്ച വിശുദ്ധരുടെ ഉടലുകൾ പലതും ഉണൎന്നു വരികയും — അ

വന്റെ ഉയിൎപ്പിൽ പിന്നെ തറകളെ വിട്ടു വിശുദ്ധനഗരത്തിൽ പ്രവെ
ശിച്ചു വലരും കാണാകയും ചെയ്തു (മ. മ. ക്ല)

ശതാധിപനും അവനോടു കൂടെ യെശുവെ കാത്തിരിക്കുന്നവ
രും ഭൂകമ്പവും ഇവൻ ഇങ്ങനെ നിലവിളിച്ചും കൊണ്ടു കഴിഞ്ഞതും
കണ്ടിട്ടു ഇവൻ ഉള്ളവണ്ണം നീതിമാനും ദൈവപുത്രനുമാകുന്നു സത്യം
എന്നു ചൊല്ലി എററം ഭയപ്പെട്ടു ദൈവത്തെ തെജസ്കരിച്ചു — ആകാഴ്ചെ
ക്കു കൂടിയ പുരുഷാരങ്ങളും എല്ലാം സംഭവിച്ചവനെ കണ്ടു കൊണ്ടു മാ
റത്തടിച്ചു മടങ്ങിപ്പൊയി — (മ. മ. ക്ല)

അവന്റെ പരിചയക്കാരർ എല്ലാം ഗലീലയിൽ നിന്നു യെ
ശുവെ ശുശ്രൂഷിച്ചും കൊണ്ടു പിഞ്ചെന്ന പല സ്ത്രീകളും ഇവ കണ്ടു കൊ
ണ്ടു ദൂരത്തു നിന്നു — അവരിൽ മഗ്ദലക്കാരത്തി മറിയയും ചെറിയ യാ
ക്കൊബ് യൊസെ എന്നവരുടെ അമ്മയായ മറിയയും സെബദി
പുത്രരുടെ അമ്മയും ഉണ്ടു — (മ. മ. ക്ല)

എന്നാറെ അന്നു ഒരുക്കനാൾ ആകയും വരുന്ന ശബ്ബത്തനാൾ വ
ലിയതും ആകകൊണ്ടു ആ ഉടലുകൾ ശബ്ബത്തിൽ ക്രൂശിന്മെൽ ഇ
രിക്കരുതു എന്നു വെച്ചു അവരുടെ തുടകളെ ഒടിച്ചു ഉടലുകൾ എടു
പ്പിക്കെണം എന്നു യഹൂദർ പിലാതനൊടു ചൊദിച്ചു — അതു കൊണ്ടു
സെവകർ വന്നു ഒന്നാമനും അവനൊടു കൂടെ ക്രൂശിക്കപ്പെട്ട മറെറ
വനും തുടകളെ ഒടിച്ചു പിന്നെ യെശുവിന്നടുക്കെ വന്നു അവൻ മ
രിച്ചു കഴിഞ്ഞ പ്രകാരം കണ്ടു തുടകളെ ഒടിച്ചില്ല — സെവകരിൽ ഒരു
ത്തൻ കുന്തം കൊണ്ടു അവന്റെ വിലാപ്പുറത്തു കുത്തി ഉടനെ രക്തവും
വെള്ളവും പുറപ്പെട്ടു വരികയും ചെയ്തു — ഇതിന്നു കണ്ടിട്ടുള്ളവൻ സാക്ഷ്യം
പറഞ്ഞിരിക്കുന്നു — അവന്റെ സാക്ഷ്യം സത്യമുള്ളതു തന്നെ — നി
ങ്ങളും വിശ്വസിക്കെണ്ടതിന്നു താൻ ഉള്ളവ തന്നെ പറയുന്നു എന്നു
അവൻ അറിഞ്ഞും ഇരിക്കുന്നു — കാരണം അവന്റെ അസ്ഥി ഒടി
ക്കയും ഇല്ല — എന്നുള്ള തിരുവെഴുത്തു പൂരിക്കെണ്ടതിന്നു ഇവ സം

ഭവിച്ചു — പിന്നെ അവർ കുത്തിയവങ്കലെക്കു നൊക്കും എന്നു മറെറാർ എഴുത്തും പറയുന്നു (യൊ) —

൯. ശവസംസ്കാരം

സന്ധ്യയായപ്പൊൾ തന്നെ അരിമത്ഥ്യയിൽ തലനാട്ടുകാരനാകുന്ന വെള്ളിയാഴ്ചയാകകൊണ്ടു യഹൂദരുടെ ഉന്നതസഭക്കാരിൽ നിന്നു യൊസെഫ എന്ന ധനവാനും കുലീനനുമായൊരു മന്ത്രി വന്നു — ആയവൻ നിശ്ചയമുള്ള നല്ലൊരു പുരുഷനായതു കൊണ്ടു താനും ദൈവരാജ്യത്തെ കാത്തു കൊള്ളുന്നവനും അവർ മന്ത്രിച്ചതും പ്രവൃത്തിച്ചതും സമ്മതിക്കാതെ നിന്നവനും ആയതല്ലാതെ — യെശുവിൻ ശിഷ്യനും ആയി യഹൂദരെ ഭയം ഹെതുവായി മറഞ്ഞിരുന്നവൻ തന്നെ — ആയവൻ പിലാതൻ ഉള്ളത്തിൽ ധൈര്യപ്പെട്ടു കടന്നു യെശുവിന്റെ ഉടൽ ചൊദിച്ചു — അവൻ അപ്പൊഴെ മരിച്ചുവൊ എന്നു പിലാതൻ ആശ്ചര്യപ്പെട്ടു ശതാധിപനെ വരുത്തി — അവൻ മരിച്ചിട്ടു അധികം നെരമായൊ എന്നു ചൊദിച്ചു — ശതാധിപനൊടു വസ്തുത അറിഞ്ഞു ഉടൽ യൊസെഫിന്നു സമ്മാനിച്ചു — ആയവൻ ക്രൂശിലുവയിൽ ഉടൽ ഇറക്കി — ആദ്യം രാത്രിയിൽ യെശുവിന്നടുക്കെ വന്ന നിക്കൊദെമനും കൂടെ കണ്ടിവെണ്ണയും അകിലും വിരകി ഏകദെശം നൂറു റാത്തലൊളം കൊണ്ടുവന്നു എത്തി — ആയവർ യെശുവിൻ ഉടൽ കെട്ടികൊണ്ടു യഹൂദർ കുഴിച്ചിടുന്ന മര്യാദപ്രകാരം അതിനെ സുഗന്ധങ്ങളൊടു വസ്ത്രങ്ങളിൽ ചുററി കെട്ടി (മ. മ. ലൂ. യൊ.)

അവനെ ക്രൂശിച്ച സ്ഥലത്തു തന്നെ ഒരു തോട്ടവും തോട്ടത്തിൽ മുമ്പെ ആരെയും വെച്ചിട്ടില്ലാത്ത കല്ലറയും ഉണ്ടു — അതു യൊസെഫ് താൻ മുമ്പെ തനിക്കായി പാറയിൽ വെട്ടിച്ചൊരു പുതു കല്ലറ തന്നെ — ആ കല്ലറ സമീപം ആകകൊണ്ടു അവർ യഹൂദരുടെ ഒരുക്കനാളെ വിചാരിച്ചു യെശുവിനെ അവിടെ വെച്ചു — ശബ്ബത്തിൽ പിന്നെ

അവനൊട്ക്കൂടെ യൊന്നസ്ത്രീകളും പിഞ്ചെന്നു വന്നു കല്ലറയും അവന്റെ ഉടൽ വെച്ച പ്രകാരവും നൊക്കിയ ശെഷം — മടങ്ങി പൊയി സുഗന്ധവര്ഗങ്ങളും തൈലങ്ങളും ഒരുക്കി ശബ്ബത്തിൽ കല്പനപ്രകാരം സ്വസ്ഥമായി വാണു — അപ്പൊൾ ശബ്ബത്തുദിക്കും നെരമായി — യൊസെഫ് അറയുടെ വാതില്ക്കൽ വലിയ കല്ല് ഉരുട്ടി വെച്ചിട്ടു പൊകയും ചെയ്തു- (യൊ-മ-മ-ക്ലു)

വെള്ളിയാഴ്ചക്കു പിറ്റെ ദിവസം മഹാപുരൊഹിതരും പറീശരും പിലാത്തന്റെ അടുക്കെ വന്നു കൂടി പറഞ്ഞിതു — കർത്താവെ ആ ചതിയൻ ജീവനൊടിരിക്കുമ്പൊൾ തന്നെ മൂന്നു നാളിലകം ഞാൻ ഉണൎന്നു വരുന്നു എന്നു പറഞ്ഞ പ്രകാരം ഞങ്ങൾക്കു ഓർത്തിട്ടുണ്ടു — അതുകൊണ്ടു അവന്റെ ശിഷ്യന്മാർ വന്നു അവനെ മൊഷ്ടിച്ച് അവൻ മരിച്ചവരിൽനിന്നു ഉണൎന്നു വന്നു എന്നു ജനത്തൊടു പറഞ്ഞാൽ ഒടുക്കത്തെ ചതി മുമ്പിലെതിനെക്കാൾ വിഷമമായി തീരും — എന്നു വരാതിരിക്കെണ്ടതിന്നു മൂന്നു നാൾ വരെ കുഴിയെ ഉറപ്പാക്കി വെപ്പാൻ കല്പിക്ക — അവരൊടു പിലാതൻ നിങ്ങൾക്കു കാവൽക്കൂട്ടം ഉണ്ടാക പൊയിൻ — അറിയുന്നെടത്തൊളം ഉറപ്പു വരുത്തുവിൻ എന്നു പറഞ്ഞു — അവരും ചെന്നു കല്ലിന്നു മുദ്രയിട്ടു കുഴിയെ കാവൽക്കൂട്ടം കൊണ്ടു ഉറപ്പാക്കുകയും ചെയ്തു- (മത്താ.)

രണ്ടാം അംശം

സഭാക്രിയകൾ

I. സ്നാനം

൧., സഭയിലുള്ള ശിശുസ്നാനം

നമ്മുടെ കൎത്താവായ യെശു (സാമവന്ദനം ൧. SS)
കൎത്താവിൽ സ്നേഹിക്കപ്പെടുന്നവരെ നാം ഒക്കെക്കാ പ്രാൎത്ഥിച്ചു
കൊണ്ടു ഈ ശിശുവിനെ ദൈവത്തിൻ ഭരമെല്പിപ്പാനും അതിന്നു ക
ൎത്താവായ യെശുക്രിസ്തുവിന്റെ കല്പന പ്രകാരം സ്നാനം കൊടുപ്പാനും
ഇവിടെ കൂടി വന്നിരിക്കുന്നു-

അതുകൊണ്ടു നമ്മുടെ കൎത്താവായ യെശുക്രിസ്തുൻ സ്നാന
ത്തെ ചൊല്ലി തന്റെ അപൊസ്തലരോടു അരുളിചെയ്തതും വാഗ്ദത്തം ചെ
യ്തതും വായിച്ചു കേൾ്ക്ക

മത്ഥ. ൨൮ ആമതിൽ- അവൻ പറഞ്ഞിതു: സ്വൎഗ്ഗത്തിലും ഭൂ
മിയിലും സകല അധികാരവും എനിക്ക് നല്കപ്പെട്ടിരിക്കുന്നു- (ആകയാ
ൽ) നിങ്ങൾ പുറപ്പെട്ടു പിതാപുത്രൻ വിശുദ്ധാത്മാവ് എന്നീ നാമത്തി
ലെക്ക് സ്നാനം ഏല്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചവ ഒക്കെയും പ്രമാ
ണിപ്പാന്തക്കവണ്ണം ഉപദെശിച്ചും ഇങ്ങനെ സകല ജാതികളെ
യും ശിഷ്യരാക്കികൊൾ്വിൻ- ഞാനൊ ഇതാ യുഗസമാപ്തിയൊളം
എല്ലാ നാളും നിങ്ങളോടു കൂടെ ഉണ്ടു-

പിന്നെ മാൎക്ക. ൧൬ ആമതിൽ നാം വായിക്കുന്നിതു: ഭൂലോക
ത്തിൽ ഒക്കെയും പൊയി സകലസൃഷ്ടിക്കും സുവിശെഷത്തെ ഘോ
ഷിപ്പിൻ- വിശ്വസിച്ചും സ്നാനപ്പെട്ടും ഉള്ളവൻ രക്ഷിക്കപ്പെടും

വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും—

വിശെഷാൽ ശിശുക്കളെയും ദൈവസന്നിധിയിൽ കൊണ്ടുവന്നു അവൎക്കായി സ്നാനത്തിൽ കൃപാവരം അപെക്ഷിക്കെണ്ടതിന്റെ കാരണം വിശുദ്ധവചനത്താൽ തെളിയെണ്ടതിന്നു ക്രിസ്തൻ ശിശുക്കളെ സ്നെഹിച്ചു ദൈവരാജ്യത്തിൽ അവൎക്കും അവകാശം ഉണ്ടെന്ന പറഞ്ഞു കാട്ടുന്ന സദ്വൎത്തമാനത്തെ നാം വായിക്കുക— മാൎക്ക ൧൦ ആമതിൽ— അപ്പൊൾ അവൻ തൊടുവാനായി അവനു ശിശുക്കളെ കൊണ്ടുവന്നു— വരിക്കുന്നവരെ ശിഷ്യർ വിലക്കി— യെശു അതു കണ്ടാറെ മുഷിഞ്ഞു അവരൊടു പറഞ്ഞിതു— ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ അവരെ തടുക്കരുതു— ദൈവരാജ്യം ഇപ്രകാരമുള്ളവൎക്കാകുന്നതു— സത്യമായി ഞാൻ നിങ്ങളൊടു പറയുന്നു ദൈവരാജ്യത്തെ ശിശുവെപ്പൊലെ കൈക്കൊള്ളാത്തവൻ ആരും അതിൽ ഒരുനാളും കടക്കയില്ല— എന്നിട്ടു അവരെ പുല്കി അവരുടെ മെൽ കൈകളെ വെച്ചനുഗ്രഹിക്കയും ചെയ്തു—

ഈ വചനം അനുസരിച്ചു നാം ഇവിടെ കൊണ്ടുവന്ന ശിശുവിനെ കൎത്താവിൻ സന്നിധാനത്തിൽ കൊണ്ടുവന്നു അതിനെ തന്റെ കൃപാനിയമത്തിൽ യെശുക്രിസ്തൻ മുഖാന്തരമായി ചെൎത്തുകൊള്ളുവാൻ പ്രാൎത്ഥിക്കുന്നു— ആദാമിന്റെ എല്ലാ മക്കളും ആകട്ടെ സ്വഭാവത്താൽ പാപത്തിനും അതിൽ നിന്നു വരുന്ന സകല അരിഷ്ടതെക്കും കീഴ്പെട്ടിരിക്കുന്നു— എന്നാൽ ചൊല്ലിയ പ്രകാരം ഒരു മനുഷ്യനാൽ പാപവും പാപത്താൽ മരണവും ലൊകത്തിൽ പുക്കു ഇങ്ങിനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരെയും പരന്നിരിക്കുന്നു— എങ്കിലും എല്ലാ മനുഷ്യൎക്കും രക്ഷാകരമായ ദൈവകൃപ യെശുക്രിസ്തനിൽ ഉദിച്ചു അവമൂലം ജീവനും നിത്യഭാഗ്യവും വീണ്ടും വന്നിരിക്കുന്നു— അവന്റെ തിരുമുമ്പിൽ പങ്കുള്ളതി

ന്റെ ചോരയാലും മരണവുമായിട്ടു അവൻ വിശുദ്ധസ്ഥാനത്തേക്ക
ന്ന പ്രവേശിച്ചു — ഇങ്ങിനെ കൈക്കൊള്ളുന്നവർക്കെല്ലാം
അവന്റെ നാമത്തിലും നമ്മുടെ ദൈവത്തിൻ ആത്മാവിനാലും കഴുകി
ക്കപ്പെട്ടു വിശുദ്ധീകരിക്കപ്പെട്ടിരി നീതീകരിക്കപ്പെട്ടു രക്ഷ പ്രാപി
ക്കണം എന്നു വെച്ചത്രെ —

അതുകൊണ്ടു നമ്മുടെ ദിവ്യ കർത്താവെ മഹിമപ്പെടു
ത്തുക — നമ്മുടെ ആത്മാവ് ഈ രക്ഷിതാവായ ദൈവത്തിൽ സ
ന്തോഷിക്ക — അവൻ നമ്മിൽ വലിയവ ചെയ്തു ചെറുപ്പത്തിൽ ത
ന്നെ നമ്മെ കനിഞ്ഞു ചേർത്തു കൈക്കൊണ്ടിരിക്കുന്നു — നമ്മുടെ മക്ക
ളെയും സന്തോഷത്തോടെ അവന്റെ സന്നിധാനത്തിൽ കൊണ്ടു
വരാം അവരും മേലിൽ നിന്ന വെള്ളത്തിലും ആത്മാവിലും തന്നെ ജ
നിച്ചു ക്രിസ്തീയ സഭയിലെ കരുണയുടെ ആജ്ഞാര പ്രാപിക്കേണ്ടുന്ന
വർ ആകുന്നുവല്ലോ — അതുകൊണ്ടു നാം ഈ കുട്ടിയെയും നമ്മുടെ വീ
ണ്ടെടുപ്പുകാരന്റെ കരുണെക്കിൽ ഭരമേല്പിക്ക — ഇവനും (ഇവളും)
കൂടെ അവൻ വീണ്ടെടുപ്പുകാരനായല്ലോ — ഇവൻ (ൾ) ഇഹത്തിലും പ
രത്തിലും സ്ഥാനത്തിന്റെ അനുഗ്രഹങ്ങളെ ഒക്കെയും അനുഭവിച്ചു വിശു
ദ്ധാത്മാവിന്റെ ശക്തിയിൽ ഉൾപാവങ്ങളോടും ലോകത്തോടും
നല്ലപോർ പൊരുതു തന്റെ ഓട്ടം വിശ്വാസത്തിൽ തികെച്ചു മേലിൽ
നീതിയുടെ കിരീടം പ്രാപിക്കേണ്ടതിന് ഇപ്പോൾ നാം പ്രാർത്ഥിച്ചു
കൊൾക —

സർവ്വശക്തിയുള്ള ദൈവമെ ഞങ്ങളുടെ കർത്താവായ യെ
ശുക്രിസ്തന്റെ പിതാവെ സ്വർഗ്ഗങ്ങളിലും ഭൂമിയിലും ഉള്ള കുഡുംബ
ത്തിന് ഒക്കെയും പേർ വരുവാൻ ഹേതുവായുള്ളോവെ വിശുദ്ധസ്ഥാ
നത്തിനായി കൊണ്ടുവരുന്ന ഈ കുട്ടിക്കു വേണ്ടി കനിവോടു വിളിച്ചു
യാചിക്കുന്നിതു — പിതാവായി അതിനെ കൈക്കൊള്ളുകയായും — പിന്നെ
തന്റെ ശ്രീയേശു പുത്രന്റെ വാക്കിൻ പ്രകാരം യാചിപ്പിൻ എന്നാൽ

നിങ്ങൾക്ക തരപ്പെടും അന്വെഷിപ്പിൻ എന്നാൽ കണ്ടെത്തും മുട്ടുവിൻ എന്നാൽ നിങ്ങൾക്ക് തുറക്കപ്പെടും എന്ന കല്പിച്ചിരിക്കയാൽ - പിതൃദൈവമെ ഈ കുട്ടിക്ക വെണ്ടി ഞങ്ങൾ യാചിക്കുന്നതു കെട്ടു ഞങ്ങൾ അന്വെഷിക്കുന്ന നിന്റെ ദയയും കരുണയും കണ്ടെത്തിച്ചു ഞങ്ങൾ മുട്ടുന്ന വാതിൽ തുറന്നു കൊണ്ടു ഈ ദിവ്യകുളിയുടെ നിത്യ അനുഗ്രഹം സമ്മാനിച്ചു ഒടുവിൽ നിന്റെ ഭാഗ്യരാജ്യത്തിൽ വാഗ്ദത്ത പ്രകാരം പൂകിക്കെണമെ - ഞങ്ങളുടെ കർത്താവും രക്ഷിതാവുമായ യെശുക്രിസ്തുമൂലം തന്നെ - ആമെൻ -

അല്ലെങ്കിൽ

സർവ്വശക്തിയുള്ള ദൈവമെ വാത്സല്യം ഏറയുള്ള സ്വർഗ്ഗീയ പിതാവെ - നീ ഞങ്ങൾക്കും ഞങ്ങളുടെ മക്കൾക്കും ദൈവവും പിതാവും ആയിരിക്കും എന്നു വാഗ്ദത്തം ചെയ്തുവല്ലൊ - ദയയൊടെ ഈ പ്രകാരം പറഞ്ഞതിനെ ഒക്കയും ഈ കുട്ടിയിലും നിവൃത്തിക്കെണമെ - നിൻ പുത്രന്റെ മരണത്തിലുള്ള സ്നാനത്താൽ ഇതിനെ അവന്റെ സഭയിൽ ചെർത്തുകൊൾക - അവന്റെ വീണ്ടെടുപ്പിന്റെ ഫലങ്ങളിൽ ഇതിന് പങ്കു കൊടുത്തു ജീവപര്യന്തം നിൻ ആത്മാവിനാൽ വിശുദ്ധീകരിച്ചു ഒടുക്കം നിന്റെ പുത്രമുഖത്താൽ നിൻ സ്വർഗ്ഗരാജ്യത്തിന്റെ അവകാശിയാക്കി തീർക്കെണമെ - ദൈവമെ നിന്റെ കൃപ ഇതിനൊടു കൂട ഇരിക്കയും എന്നും വസിക്കയും ആകെണമെ - ആമെൻ -

അല്ലെങ്കിൽ

സ്വർഗ്ഗസ്ഥപിതാവെ ഈ കുട്ടിക്ക നീ ജീവനും കരുണയും നല്കി നിന്റെ വിചാരണത്തിന്റെ പ്രാണനെ പരിപാലിച്ചു വരുന്നപ്രകാരം ഇ- ഇപ്പൊൾ ഇതിനെ ക്രിസ്തുയെശുവിൽ നിന്റെ കുട്ടിയാക്കുവാൻ പരി

ച്ചിരിക്കുന്നു — അത്രെ കൊണ്ട ഞങ്ങൾ ഇതിനെ നിന്റെ വിശ്വാസരക്ഷ
യിൽ ഭരമെല്പിക്കുന്നു — നീതാൻ അതിന്നു നിഴലും ആശ്രയമാക ദെഹ
ത്തിന്നും ദെഹിക്കും നെരിടുന്ന എല്ലാ ഭയവും അകററുക എല്ലാ വ
ഴികളിലും തിരുമുഖത്തെ അതിമെൽ പ്രകാശിപ്പിക്ക — യെശുക്രിസ്തു
ശ്രീയാരക്ഷിതാവെ ഇതിനെ സ്നെഹിച്ചു നിന്റെ ഉടമയാവാൻ വി
ലകൊടുത്തു വാങ്ങിയവനല്ലൊ — ഇപ്പൊഴും ഇതിനെ നിന്റെ കൂട്ടായ്മയിൽ
ചെർത്തുകൊണ്ട ഞങ്ങൾ യാചിക്കുന്നതു ഇതിന്നു കൊടുക്കെണമെ —
സ്നാനത്തിന്റെ പൂർണ്ണാനുഗ്രഹവും എത്തിച്ചുകൊടുക്കും സ്വർഗ്ഗത്തിൽ വാ
ടാത്ത അവകാശം പ്രാപിപ്പിക്കയും — പിതാവിന്നും പുത്രന്നും എക്കാല
വാക്കുകളൊളവെ ഇനിയും നിന്റെ ദെഹിയിൽ ഇറങ്ങിവന്നു ആശ്വ
സിപ്പാൻ കൊടുപ്പിക്കെണമെ — നിന്റെ വരങ്ങളെ ഇതിൽ നിറെക്കുന്ന
സത്യവിശ്വാസത്തിൽ വിശുദ്ധീകരിച്ചു നടത്തുക വാഴ്വിലും കഷ്ടത്തിലും
ചാവിലും അതിനെ ഉറപ്പിക്ക സ്ഥിരീകരിക്ക ചെയ്തു കൊൾക — ത്രി
യെക ദൈവമായ യഹൊവെ ഇതിന്നു തുണയാക — ഞങ്ങൾക്ക എ
ല്ലാവർക്കും തുണയായി മരണപര്യന്തം വിശ്വസ്തതന്നു ദെഹികളു
ടെ രക്ഷയാകുന്ന വിശ്വാസത്തിൻ അന്ത്യത്തെ പ്രാപിപ്പിച്ചു ഞങ്ങ
ളുടെ സന്തൊഷം പൂർണ്ണമാക്കെണമെ — ആമെൻ p.13

(പിന്നെ കർത്തൃപ്രാർത്ഥന — സ്വസ്ഥനായ — ആമെൻ)

യഹൊവ നിന്റെ ഗമനത്തെയും ആഗമനത്തെയും ഇതുമുതൽ എ
ന്നെക്കും പരിപാലിക്ക — (സങ്കീ. ൧൨൧) ആമെൻ

(അമ്മയപ്പന്മാരൊടും സ്നാനസാക്ഷികളൊടും)

കർത്താവിൽ പ്രിയരായുള്ളൊരെ — യെശുക്രിസ്തൻ പൈതങ്ങളെ സ്നെഹിച്ചു
സ്വഹസ്തങ്ങളാൽ എടുത്തു അനുഗ്രഹിച്ചതുകൊണ്ടു അവന്റെ നാമത്തി
ൽ സ്നാനം ഏററിട്ടുള്ള നാം എല്ലാവരും എത്രകാലം ചെയ്തിരിക്കുന്നത
ബൊധിപ്പിച്ചുകൊൾക — ഈ പൈതലിന്നു ഒരുത്തൻ ഇടയ്ക്കു വരുന്നു
വെണ്ടുന്നതു പറയാതെ — കർത്താവിൽ ഭരമെല്പിച്ചു പ്രാർത്ഥനകളിൽ

അവൃത്തന്നവരുടെ ദോഷത്താൽ രക്ഷ ഇല്ലാതെ പോയാൽ ആയത്
അവരുടെ ദോഷികളോട് താൻ ചോദിക്കും — ശിഷ്യത്വയൊഗ്യമായ
സ്നേഹത്താലും വിശ്വസ്തതയാലും ഈ ചെറിയവരിൽ യാതൊന്നിനെ എ
കകൊണ്ട് രക്ഷിക്കിലൊ ആയത് തനിക്ക് ചെയ്തപ്രകാരം എണ്ണിക്കൊ
ള്ളും — ആയതുകൊണ്ട് അപ്പൊസ്തൊലന്മാരെ ദൈവത്തിന്റെ സർവ്വശക്തിയു
ള്ള ദയ ഈ ശിഷ്യവെ തങ്ങൾക്ക ഏല്പിച്ചു സമ്മതിക്കയാൽ തങ്ങ
ൾക്ക അവന്റെ നടി അറിഞ്ഞ കർത്താവിന്റെ ബാലശിക്ഷയിലും പശ്ചാ
പദെശത്തിലും ഇതിനെപറ്റി വൃത്തി ദെഷിക്കപൊതിവരുന്നത് ഒക്ക
യും വച്ചിച്ചു ശിഷ്യപാലനായിന്റെ വെലെക്ക മുടക്കം വരാതവണ്ണം സൂ
ക്ഷിച്ചുകൊള്ളെണ്ടതു — അപ്രകാരം ശ്രീ ആസ്ത്രൂസ്മാരെ നിങ്ങൾ സഭയുടെ
പെർക്ക ഈ സ്ഥാനത്തിന്ന സാക്ഷികളും ഇപ്രകാരമുള്ള ശിഷ്യയിനെയെ
ത്തനാമത്തിൽ ചെകകൊള്ളുവാൻ പ്രത്യെകം മുതിരെണ്ടുന്നവരും ആക
യാൽ — ഇതിനെ ദൈവത്തിൻ മുമ്പാകെ പ്രാർത്ഥനയിൽ കൂട കൂടെ കേൾ
ഊഹത്തിലും പരത്തിലും ഉള്ള സൌഖ്യത്തിന്ന മുട്ടുള്ളതെല്ലാം തീർത്ത
കൊണ്ടു നിങ്ങളാലാകുന്നെടത്തൊളം ശ്രുതിക്കയും വെണ്ടതു.

എന്നാൽ ഈ ശിഷ്യസ്ഥാനം ഏല്ക്കുന്ന വിശ്വാസം ഇന്നത് എ
ന്ന പരസ്യമാക്കെണ്ടതിന്ന ഈ ചോദ്യങ്ങൾക്ക ഉത്തരം ചൊല്ലുവിൻ

൧.) സ്വർഗ്ഗങ്ങൾക്കും ഭൂമിക്കും സ്രഷ്ടാവാകി സർവ്വശക്തനായി പി
താവാകിയിരിക്കുന്ന ദൈവത്തിങ്കൽ നിങ്ങൾ വിശ്വസിക്കുന്നുവൊ —

അവന്റെ ഏകപുത്രനാകി നമ്മുടെ കർത്താവാകുന്ന യെശുക്രിസ്തു
വിങ്കലും ആയവൻ വിശുദ്ധാത്മാവിനാൽ മറിയം എന്ന കന്യകയിൽ ഉ
ല്പാദിതനായി ജനിച്ചു എന്നും പൊന്ത്യ പിലാതന്റെ അധികാരത്തിന
ടിയിൽ ക്രൂശിക്കപ്പെട്ടു മരിച്ചു അടക്കപ്പെട്ടു പാതാളത്തിൽ ഇറങ്ങി എ
ന്നും — മൂന്നാം ദിവസം ഉയിർത്തെഴുനീറ്റു സ്വർഗ്ഗാരോഹണമായി സർവ്വ
ശക്തിയുള്ള പിതാവാകും ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുന്നു
എന്നും അവിടെ നിന്ന ജീവികളൊടും മരിച്ചവരൊടും ന്യായം വിസ്തരി

ധിപ്പാൻ വരും എന്നും വിശ്വസിക്കുന്നുവൊ-

വിശുദ്ധാത്മാവിലും വിശുദ്ധന്മാരുടെ കൂട്ടായ്മയാകുന്ന ശുദ്ധസാ
ധാരണസഭയിലും പാപമൊചനത്തിലും ശരീരത്തൊടെ ഉയിർത്തെ
ഴുനീല്ക്കുന്നതിലും നിത്യജീവനിലും വിശ്വസിക്കുന്നുവൊ-

എന്നാൽ ഉവ്വ ഞങ്ങൾ വിശ്വസിക്കുന്നു എന്നു ചൊല്ലുവിൻ-

൩.) നിങ്ങൾ പിശാചിനെയും അവന്റെ സകലക്രിയകളെയും ലൊ
കത്തിന്റെ ആഡംബരമായവകളെയും ജഡത്തിന്റെ സകലമൊ
ഹങ്ങളെയും മറുത്തുപറയുന്നുവൊ

എന്നാൽ ഉവ്വ ഞങ്ങൾ മറുത്തുപറയുന്നു എന്നു ചൊല്ലുവിൻ

൪.) വിശെഷാൽ പിതാപുത്രൻ ശുദ്ധാത്മാവായ വിശുദ്ധ ദൈവ
ത്തിന് എന്നും വിശ്വസ്തരാവാനും അവന്റെ വചനപ്രകാരം നട
ന്നുകൊള്ളുവാനും നിശ്ചയിക്കുന്നുവൊ

എന്നാൽ ഉവ്വ ഞങ്ങൾ നിശ്ചയിക്കുന്നു എന്നു ചൊല്ലുവി
ൻ-

൫.) (അമ്മയപ്പന്മാരൊട്ടു) നിങ്ങളുടെ ശിശുവിന് ഈ വിശ്വാസ
ത്തിൽ സ്നാനവും ക്രിസ്ത്യാനർക്കു യൊഗ്യമായ ബാലശിക്ഷയും വ
രണം എന്നു മനസ്സൊ

എന്നാൽ മനസ്സുണ്ടു എന്നു ചൊല്ലുവിൻ

൬.) (സ്നാപകന്മാരൊട്ടു) ഈ സ്നാനത്തിന്നു സാക്ഷികളായുള്ളൊരെ
ഈ ശിശുവിനെ കർത്താവിന്റെ ബാലശിക്ഷയിലും പത്ഥ്യൊപദെ
ശത്തിലും പൊററിവളർത്തുവാൻ നിങ്ങൾ സഭയുടെ നാമത്തിൽ സഹാ
യം ചെയ്യുകകൊണ്ടിനൊക്കും എന്നു മനസ്സൊ

എന്നാൽ മനസ്സുണ്ടു എന്നു ചൊല്ലുവിൻ-

[അല്ലെങ്കിൽ

(എന്നാൽ ഈ ശിശുവിന്നു ഉത്തരമായിട്ടുള്ളതിന്നു വകാരം

ചൊല്ലിക്കുടുന്നത്

നമ്മുടെ വിശുദ്ധ വിശ്വാസത്തിന്റെ സ്വീകാരവും അതിനെ അം ഗീകരിക്കുന്നവർക്കൊക്കെയും ചൊല്ലേണ്ടുന്ന നിർണ്ണയവും നാം ഒക്കത്താ ക—

൧. സ്വർഗ്ഗങ്ങൾക്കും — നാം വിശ്വസിക്കുന്നു

അവന്റെ മകനിലും — നാം വിശ്വസിക്കുന്നു

വിശുദ്ധാത്മാവിലും — നാം വിശ്വസിക്കുന്നു

൨. പിശാചിനെയും — നാം മറുത്തു പറയുന്നു

൩. പിതാപുത്രൻ സദാത്മാ — നാം നിർണ്ണയിക്കുന്നു]

(പിന്നെ കുഞ്ഞിന്റെ തലമേൽ മൂന്നു കുറി വെള്ളം ഒഴിച്ചുകൊണ്ട ചൊല്ലേണ്ടിയത്)

(ഇന്നവനെ) ഞാൻ പിതാപുത്രൻ വിശുദ്ധാത്മാവാകുന്ന ദൈവത്തിൻ നാമത്തിൽ നിനക്കു സ്നാനം തരുന്നു—

(കുഞ്ഞിന്മേൽ വലങ്കൈ വെച്ചിട്ട്)

(ഇന്നവനെ) നമ്മുടെ കർത്താവായ യെശുക്രിസ്തുവിന്റെ സർവ്വശക്തനായ പിതാവ് നിനക്കു പുനർജ്ജന്മം കൊടുത്തിട്ട് യെശുക്രിസ്തുമൂലം തന്റെ സകല കരുണകളും സമ്മാനിക്കയല്ലാതെ വിശുദ്ധാത്മമൂലം നിത്യജീവനുകൾക്ക് നിന്നെ ശക്തനാക്കുകയാവു— ആമെൻ

അല്ലെങ്കിൽ

(ഇന്നവനെ) സ്വപുത്രനായ യെശുക്രിസ്തുവിന്റെ കുടാരത്തിൽ വിശുദ്ധ സ്നാനത്താൽ നിന്നെ ചേർത്തുകൊണ്ട കൃപാലുവായ ദൈവവും പിതാവുമായവൻ നിന്നെ അവസാനം വരെ തന്റെ കരുണയിൽ പരിപാലിച്ചു തൻ ആത്മാവിൻ മൂലം നിത്യജീവനോളം നിന്നെ വിശുദ്ധീകരിക്കുമാറാക— ആമെൻ

അല്ലെങ്കിൽ

(ഇന്നവന്നെ) നമ്മുടെ കൎത്താവായ യെശുക്രിസ്തുവിന്റെ പിതാവും ദൈ
വവും ആയവൻ നിന്നെ ശുദ്ധാത്മാവിൻ കൃപയെ സമ്മാനിക്ക
നി വിശ്വാസത്തെ കാത്തു ലൊകത്തെ ജയിച്ചു അവന്റെ ശക്തിയാ
ൽ നിത്യജീവനൊളം ഉറെച്ചു നില്ക്കുമാറാക — ആമെൻ.

നാം പ്രാൎത്ഥിക്ക

സൎവ്വശക്തിയും മഹാകരുണയും ഉള്ള ദൈവമായ പിതാവെ നിന്റെ
സഭയെ നീ കരുണയാലെ പരിപാലിച്ചു വൎദ്ധിപ്പിക്കുന്നവനും ഈ
ശിശുവിനെ സ്നാനം മൂലം നിന്റെ പ്രിയപുത്രനും ഞങ്ങളുടെ രക്ഷ
രക്ഷിതാവും ആയ യെശുക്രിസ്തുവിലും അവന്റെ സഭയിലും ചെൎത്തു
കൊണ്ടു നിന്റെ മക്കൾ സ്വൎഗ്ഗീയവസ്തുവകകൾക്ക അവകാശികളും
ആക്കിയവൻ ആകയാൽ നിനക്കു സ്തൊത്രവും വന്ദനവും ആക - നി
ന്റെതായ ഈ ശിശുവിനെ നീ കനിഞ്ഞു ഈ നന്മയുള്ള ഉപകാരത്തി
ൽ നില്പാറാക്കി നിന്റെ പ്രസാദത്തിന്നു തക്കവണ്ണം ദൈവഭക്തിയി
ലും വിശ്വാസത്തിലും വളൎത്തപ്പെട്ടുവാനും ഈ ലൊകത്തിൻ പരീക്ഷക
ളിൽ നിന്നെത് അനുസരണമുള്ളവനാക്കി നില്പാനും നിന്റെ
നാമത്തിൻ സ്തുതിക്കായി എല്ലാ വിശുദ്ധന്മാരൊടും ഒന്നിച്ചു വാഗ്ദത്തം
ചെയ്തു പരമാവകാശത്തെ ഒടുക്കൊള്ളുവാനും യെശുക്രിസ്തുമൂലം താ
ങ്ങി രക്ഷിക്കെണമെ — ആമെൻ. W.

അല്ലെങ്കിൽ

കരുണയുള്ള പിതാവെ — ഈ ശിശുവിനെ നീ കടാക്ഷിച്ചു സ്നാന
ത്താൽ [illegible] കൈക്കൊണ്ടു വിശുദ്ധസഭയുടെ അവകാശമായിരിക്കു
ന്നതുകൊണ്ടു ഞങ്ങൾ സ്തൊത്രം പറയുന്നു — ഇനി അവൻ (പ)
പാപത്തിന്നു മരിച്ചു നീതിക്കായി ജീവിക്കാക — ക്രിസ്തുവിന്റെ മരണ
ത്തിലെ സ്നാനത്താൽ അവനൊടു കൂടെ കുഴിച്ചിടപ്പെട്ടു പഴയ മനു

൨൪— പ്രായമുള്ളവന്റെ സ്നാനം

ത്തിന്നു തിക്കാം വരെണ്ടതിന്നു പഴയ മനുഷ്യനെ ഇത്ര്യം ക്രൂശിക്കപ്പെട്ടാ
ക- ന്റെ മരണത്തിൻ സാദൃശ്യത്തോട് ഐക്യഭവിച്ചതുകൊണ്ടു
നത്ഥാനത്തോടും ആക— ഇപ്രകാരം എല്ലാം ഇവരുത്തി തിന്റെ
സകല വിശുദ്ധ സഭയോടും കൂടെ തന്റെ നിത്യരാജ്യത്തിന്നു കർത്താ
വായ യെശുക്രിസ്തുമൂലം നെരവകാശിയാക്കിത്തീർക്കണമെ— ആമെ
ൻ- *C.P.*

(ഒടുക്കം ആശീർവ്വചനം)

യഹോവ നിങ്ങളെ അനുഗ്രഹിച്ചു കാക്കുക—
യഹോവ തിരുമുഖത്തെ നിങ്ങളിലെക്കു
പ്രകാശിപ്പിച്ചു കരുണ ചെയ്ക— യഹോവ
തിരുമുഖത്തെ നിങ്ങളുടെ മെൽ ആക്കി നി
ങ്ങൾക്കു സമാധാനം ഇടുമാറാക— ആമെൻ —

൨൨— പ്രായമുള്ളവന്റെ സ്നാനം

കർത്താവിൽ പ്രിയമുള്ള സഹോദരന്മാരെ സകല മനുഷ്യരും പാ
പത്തിൽ ഗർഭധാരണമായി പാപത്തിൽ പിറന്നു എന്നും ജഡത്തിൽ
നിന്നു ജനിച്ചത് ജഡമാകുന്നു എന്നും ജഡത്തിൽ ഉള്ളവരൊ ദൈ
വപ്രസാദം വരുത്തിക്കൂടാതവണ്ണം പിഴകളിലും പാപങ്ങളിലും മരി
ച്ചവർ ആകുന്നു എന്നും നാം അറിയുന്നു— എന്നാൽ മെലിൽ നിന്നു ജ
നിച്ചില്ലെങ്കിൽ വെള്ളത്തിൽ നിന്നും ആത്മാവിൽ നിന്നും ജനി
ച്ചില്ലെങ്കിൽ ഒരുത്തനും ദൈവരാജ്യത്തിൽ കടപ്പാൻ കഴിക
യില്ല എന്നു നമ്മുടെ രക്ഷിതാവായ യെശുക്രിസ്തൻ ചൊല്ലിയിരിക്കു
ന്നു— അതുകൊണ്ടു പിതാവായ ദൈവം തന്റെ കനിവുകളിൻ പെ
രുമപ്രകാരം സ്വഭാവത്താൽ വരാത്തതിനെ ഇവന്നില്ലുന്നവന്ന (ഇവ
ൾ— വർക്കു) കൊടുക്കെണ്ടതിന്നും ഇവൻ (ഇവൾ— ർ) ജലത്തിലും വിശുദ്ധാ
ത്മാവിലും സ്നാനം എറ്റു ക്രിസ്തന്റെ വിശുദ്ധസഭയിൽ ചെർന്നംഗമാ

ൽപ്പിവനുള്ള അവയവമാകുന്നുള്ളാകിറ്റു ചമയങ്ങളെന്നനാംകൊ
ണ്ടു പ്രാർത്ഥിക്കുന്നത-

ദയയും അറിവും ഉള്ള ദൈവമായ പിതാവെ മഹാദയയും അ
രാജ്ഞൂക്കൂടാത്ത ജ്ഞാനവും അളവില്ലാത്ത ശക്തിയുമുള്ളോവെ — നിങ്ങ
ളിൽ ചെയ്യുവന്ന സകല കാര്യങ്ങളും ഇന്നും ചെയ്തുകൊണ്ടിരിക്കു
ന്ന അതിശയങ്ങൾക്കും സ്തോത്രവും വന്ദനവും ചൊല്ലുന്നു — നിന്റെ സാ
ദൃശ്യത്തിൽ മനുഷ്യനെ നീ തന്നെ സൃഷ്ടിച്ചു അവൻ പാപത്തി
ൽ വീണു തെറ്റിപ്പോയതെ ചമഞ്ഞ ശേഷവും നിന്റെ പ്രിയപുത്രനാ
യ യേശുവെ മിശിഹാ കർത്താവുടെ അത്യന്തദയനത്തിൻ പ്രകാരം മനുഷ്യ
ൻ സമ്പാദിച്ചിരിക്കുന്നു — അവമൂലം എല്ലാവരും രക്ഷ പ്രാപിപ്പാനും
സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും നിന്റെ വാക്കിലെ ആ
ത്മാവ് സകല ജാതികളെയും സുവിശേഷം കൊണ്ടു ക്ഷണിച്ചുവരുന്നു-
ഷിപ്പാൻ കഴിയുന്ന ആരെയും നീ ഉപേക്ഷിക്കുന്നതും നിന്റെ അ
ടുക്കെ വരുന്ന ആരെയും തള്ളുന്നതും ഇല്ല-

നിരവധാനത്തോടും കൂടെ നിശ്ശബ്ദം ചൊല്ലി കളെയും ഞങ്ങ
ളുടെ രക്ഷകനാകിയ ദൈവസാധനങ്ങളാൽ നിയമിച്ചിരിക്കുന്ന-
ഷ്ഠിയ അടിയങ്ങളിൽ നീ ചെയ്യുന്ന ദയകളുടെ സ്തോത്രത്തെ
ലംഘിച്ചുകൊണ്ടിരിക്കുന്നു — ഇവിടെ കിടക്കുന്ന നിന്റെ ദാസൻ (നാ-
മം) പിറ്റേഹാരാധനത്താൽ (ശുദ്ധനിൽ -) ഉപദേശിച്ചുവരുന്ന
ശേഷം അന്ധകാരത്തിൽ നിന്നു തെറ്റുവാൻ സംഗതി വന്നതു നിന്റെ
ന്റെ അഗാധകാരുണ്യത്താലും ചൊല്ലിക്കൂടാത്ത കൃപയാലും അവ
ൻ സംഭവിച്ചു — മുമ്പെ ഇവൻ (-പ-ർ-) ക്രിസ്ത്യാനിക്കൂടാതെ ഇന്ത്യയി
ൽ വെറുതെ ചെറ്റിട്ടവനും (- -) പാപത്തെ നിയമങ്ങളിൽ നി
ന്ന് അന്യനും (- -) ആകിയിരുന്നു — ഇപ്പോഴോ വന്ദ്യമായവർ (-)
ക്രിസ്തുയേശുവിങ്കലെ വിശ്വാസത്താൽ അടുക്കെ ആക്കപ്പെട്ടു — നി
ന്റെ സദാത്മാവ് സുവിശേഷത്താൽ അവനെ (-) പ്രകാശിപ്പിച്ചു

പാപമോചനത്തിൽ രക്ഷയുടെ അറിവുകൊടുത്തു സ്വശക്തിയിൽ
കണ്ടുകൂടാത്തതിനെ കാണിച്ചിരിക്കുന്നു— അവൻ സ്വരക്ഷിതാവാ
യ ദൈവത്തിലും അവന്റെ തേജസ്സിൻ ആശയിലും ദിവ്യാവലിച്ചു
വിശ്വാസംമൂലം ആനന്ദിച്ചു നിന്റെ ദയയെ സ്തുതിക്കുന്നു—

പിന്നെ വിശ്വസിച്ചും സ്നാനപ്പെട്ടുമുള്ളവൻ രക്ഷിക്കപ്പെടും
എന്നു തിരുവരകയാൽ ഈ നിന്റെ ദാസനും (—സി—ൻ) ഞങ്ങൾ ഒക്ക
യും ഒന്നിച്ചു പ്രാർത്ഥിക്കുന്നിതു— പിതാവെ ഇവനിൽ (ളിൽ) നിൻ
നല്ല പ്രവൃത്തിയെ ആരംഭിച്ചതു സ്നാനമാകുന്ന നിന്റെ മുദ്രയിട്ടു സ
ദാത്മാവിനാൽ തികെക്കരുളെണമെ— ത്രിയൈകദൈവമെ അവനി
ൽ (—) വിശ്വാസത്തെ ഉറപ്പിച്ചു പ്രത്യാശയെ വർദ്ധിപ്പിച്ചു സ്നേഹ
ത്തെ പൂർണ്ണമാക്കി ആത്മാവിൻ വരങ്ങളെ ധാരാളമാക്കി അവൻ
(—) മെൽ പകൎന്നും കൊണ്ടു ക്രിസ്തനിൽ ആയനാൾ മുതൽ മുളെച്ചുവ
രുന്ന പുതിയ സ്വഭാവത്തെ വൎദ്ധിപ്പിച്ചു ജഡരക്തങ്ങളൊടും സാ
ത്താനൊടും ലോകത്തോടും പോരെടുന്ന പോരിൽ ത്രാണനാക്കി അ
വനെ (—) അവസാനം വരെ നിന്റെ നല്ല പടയാളി (—) ആക്കിത്തീ
ൎക്കേണമെ— നിന്റെ നിയമത്തിൽ അവൻ (—) ഉറെച്ചുനില്ക്കയും എ
ല്ലാ ബുദ്ധിയെയും കടക്കുന്ന ദൈവസമാധാനം അവന്റെ (—) ഹൃദ
യത്തെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്ക— പി
ലർ ചായുന്നതുപോലെ ഇവൻ (—) വിശ്വാസവും നല്ല മനോബോ
ധവും തള്ളിക്കളകയും വിശ്വാസക്കപ്പൽ തകൎന്നു പോകയും അരുതെ—
നിന്റെ ശക്തിയാൽ അവനെ (—) വിശ്വാസംമൂലം രക്ഷെക്കാ
യി കാക്കുക—

എന്നത് ഒക്കെയും ഞങ്ങൾ അപെക്ഷിക്കുന്നതു നിന്റെ
പ്രിയതമപുത്രൻ നിമിത്തം തന്നെ— യാചിപ്പിൻ എന്നാൽ നിങ്ങൾക്കു
തരപ്പെടും അന്വേഷിപ്പിൻ എന്നാൽ കണ്ടെത്തും മുട്ടുവിൻ എന്നാ
ൽ നിങ്ങൾക്കു തുറക്കപ്പെടും എന്ന് അവൻ അല്ലൊ ചൊല്ലിയിരിക്കുന്നു—

അതുകൊണ്ടു ഈ അടിയാൻ (൪- ൽ) കൂടെ ചൊല്ലിക്കുന്നപ്രകാരം പ്രാൎത്ഥി
ച്ചു അപേക്ഷിക്കുന്നതു കേൾക്കേണമെ— യോഗ്യതകെട്ട അടിയങ്ങ
ളല്ലുക നിന്നോടു ചേൎത്തു കൃപാരശ്മിയാൽ വാതിൽ അവന് (—) തുറന്ന
തിൻറെ ശേഷം അവനും (—) അങ്ങേക്കു എല്ലാവൎക്കും നിത്യമോക്ഷ
സ്ഥിതനുള്ള വാതിൽ തുറന്നുതരികയും വേണമെ— ആമെൻ.

(സ്വൎഗ്ഗസ്ഥനായ ഞങ്ങളുടെ)

കൎത്താവിൽ പ്രിയമുള്ളവരെ(—) ഉയിൎത്തെഴുന്നെറ്റ നമ്മുടെ കൎത്താവു തൻറെ ശിഷ്യരോടു വിശ്വാസസ്നാനത്തെ ആകുന്നോ വിശേഷവചന ങ്ങളുകെട്ടിട്ടു—

സ്വൎഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്ക പ്പെട്ടിരിക്കുന്നു— (ആകയാൽ) നിങ്ങൾ പുറപ്പെട്ടു പിതാപുത്രൻ വി ശുദ്ധാത്മാവ് എന്നീ നാമത്തിലെ ജ്ഞാനസ്നാനം ഏല്പിച്ചുകൊണ്ട് നിങ്ങളൊ ടു കല്പിച്ചവ ഒക്കെയും സൂക്ഷിപ്പാന്തക്കവണ്ണം ഉപദേശിച്ചും ഇങ്ങനെ സ കല ജാതികളെയും ശിഷ്യരാക്കികൊൾവിൻ— ഞാനൊ ഇതാ യുഗസമാ പ്തിയോളവും എല്ലാ നാളും നിങ്ങളോടു കൂടെ ഉണ്ടു— (മത്താ. ൨൮.) ഈ ത്രി യേക ദൈവത്തിൻറെ വഴിയിൽ നീ ഉപദേശിക്കപ്പെട്ടു ശിഷ്യനാവാൻ മ നസ്സു തോന്നിയതുകൊണ്ടു ഈ സഭയുടെ മുമ്പിൽ നീ ഹൃദയംകൊണ്ടു വിശ്വ സിച്ചതിനെ വായ്കൊണ്ടു സ്വീകരിപ്പാനും അവൻറെ കൃപാനിയമത്തിൽ കൂടുവാനും നിന്നോടു അപേക്ഷിക്കുന്നു—

൧.) സ്വൎഗ്ഗങ്ങളിലും— നീ വിശ്വസിക്കുന്നുവൊ
എന്നാൽ ഉവ്വു ഞാൻ വിശ്വസിക്കുന്നു എന്നു ചൊല്ലുക

൨.) പിശാചിനെയും— മറുത്തുപറയുന്നുവൊ
എന്നാൽ ഉവ്വു ഞാൻ മറുത്തുപറയുന്നു എന്നു ചൊല്ലുക.

൩.) വിശേഷാൽ പിതാ— നിൎണ്ണയിക്കുന്നുവൊ
എന്നാൽ ഉവ്വു ഞാൻ നിൎണ്ണയിക്കുന്നു എന്നു ചൊല്ലുക.

൪.) ഈ വിശ്വാസത്തിൽ സ്നാനം ഏല്ക്കേണം എന്നു മനസ്സൊ.

പ്രായമുള്ളവന്റെ സ്നാനം

എന്നാൽ മനസ്സുണ്ടു എന്നു ചൊല്ലുക-

പിന്നെ തല കുനിഞ്ഞു നില്ക്ക സ്നാനം ഏല്ക്കുമ്പോൾ പറയെ

ണ്ടതു

(ഇന്നായനെ) ഞാൻ പിതാപുത്രൻ പിശുദ്ധാത്മാവാകുന്ന

ദൈവത്തിന്റെ നാമത്തിൽ നിന്നെ സ്നാനം ഏല്പിക്കുന്നു

അനന്തരം മീത്തൽ പറഞ്ഞ ആശീർവ്വാദങ്ങളിൽ

p.122/

ഒന്നു- ഒടുക്കം- നിന്നോടു സമാധാനം ഉണ്ടായിരിക്ക-

അല്ലെങ്കിൽ

ഇനിപ്രിയ സഹോദരനെ ജീവിക്കാ നീയായിട്ടല്ല ക്രിസ്തൻ അത്രെ നി
ന്നിൽ ജീവിക്ക- ഇനി നീ ജഡത്തിൽ ജീവിക്കുന്നതൊ നിന്നെ
സ്നേഹിച്ചു നിനക്കു വേണ്ടി തന്നെത്താൻ ഏല്പിച്ചു തന്ന ദൈവപുത്രന്റെ
ലെ വിശ്വാസത്തിൽ ജീവിക്കാകേണമെ- ആമെൻ-

നാം പ്രാർത്ഥിക്ക

സർവ്വശക്തിയുള്ള ദൈവമെ സ്വർഗ്ഗസ്ഥനായ പ്രിയ പിതാവെ- നി
ൻ സഭയെ നീ കരുണയാലെ താങ്ങി വർദ്ധിപ്പിക്കുന്നതിനാലും ഇന്നി
ന്റെ ദാസനെയും (-നി-) അതിനൊടു ചെർത്തിരിക്കയാലും ഞങ്ങ
ളുടെ സ്തോത്രവും വന്ദനവും ഏല്ക്ക- ഇപ്പോൾ വിശുദ്ധ സ്നാനം മുഖാന്ത
രമായി അവൻ (-) നിന്റെ പ്രിയ പുത്രനും ഞങ്ങളുടെ രക്ഷിതാവും
ആയ യെശുവിന്റെ അവയവവും (-) നിന്റെ മകനും (-) സക
ല സ്വർഗ്ഗീയ നന്മയിന്നു അവകാശിയും (-) ആകുമന്നു- ഇതു ലഭി
ച്ചരക്ഷകനിൽ അവനെ (-) അപ്പനായി പരിപാലിച്ചു പൊറിസ
ത്തു വിശ്വാസത്തിലും ദൈവഭക്തിയുള്ള നടപ്പിലും വർദ്ധിപ്പിച്ചു തല
യാകുന്ന ക്രിസ്തുവിലെക്കു എല്ലാം കൊണ്ടും വളരുമാറാക്കി സകലജ്ഞാ
നത്തിലും വിശുദ്ധിനികളിലും നികഞ്ഞ പുരുഷപ്രായം എത്തി

ച്ചരുളെണമെ - യാതൊരുത്തരുടെയും പ്രയശ്ചിത്തം ഉപവാ
സം മുതലായവയും ഇന്നു സ്വീകരിച്ചു നിൻ്റെ സന്നിധിയിൽ നി
ന്ന അവരെ തെറിപ്പിച്ചു കളയരുതെ - വാഗ്ദത്തം ചെയ്യുന്നവരാകുന്ന
തെ എല്ലാ പിതൃക്കളൊടും ഒന്നിച്ചു ഇവരും (-) പ്രാപിക്കെണ്ട
തിനു നിൻ്റെ ദിവ്യപുത്രനും ഞങ്ങളുടെ കൎത്താവുമായ യെശുമി
ശിഹാ മൂലം അപെക്ഷിക്കുന്നു - ആമെൻ -   S. t. d

അല്ലെങ്കിൽ

ഞങ്ങളുടെ ദിവ്യ കൎത്താവും ദൈവത്തിൻ പുത്രനും ആയ യെശുമി
ശിഹാ - നീ പണ്ടു പറഞ്ഞിരുന്നു - ദുഷ്ടരാകുന്ന നിങ്ങൾ നല്ല ദാന
ങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വൎഗ്ഗസ്ഥനായ പിതാ
വ് തന്നൊടു യാചിക്കുന്നവൎക്കു പരിശുദ്ധാത്മാവിനെ എത്ര അധി
കം കൊടുക്കും (ലൂക്ക - ൧൧) എന്നുള്ളതല്ലാതെ - ഭൂമിമെൽ നിങ്ങ
ളിൽ ഇരുവർ യാചിക്കുന്ന എത്ര കാൎയ്യം കൊണ്ടും ഐകമത്യപ്പെ
ട്ടു എങ്കിൽ അതു സ്വൎഗ്ഗസ്ഥനായ എൻ്റെ പിതാവിൽ നിന്നു അവ
ൎക്കു ഭവിക്കും (മത്താ ൧൮) എന്നും ഉണ്ടല്ലൊ - എന്നാൽ ഇന്നു സ്ഥാ
നം ഏററ ഈ സഹോദരനെ (-) പരിശുദ്ധാത്മാവിനെ കൊണ്ടു പൊ
ലപ്പെടുത്തി വിശുദ്ധ വിശ്വാസത്തിൽ അനുസരണത്തിൽ ഉറപ്പി
ച്ചു താങ്കൾ പിതാവിനൊടും സ്വന്ത ബലഹീനതയൊടും പൊരു
തുപ്പിക്കുമാറാക്കുക - അവൻ (-) പരിശുദ്ധാത്മാവിനെ ദുഃഖിപ്പി
ക്കയൊ തിരുസഭക്കു അപമാനത്തിന് ഇടയായും നഷ്ടം വരുത്തുകയൊ
ചെയ്യാതെ നീ കല്പിച്ചു വാഗ്ദത്തം ചെയ്ത പ്രകാരം നിൻ്റെ സ്തുതി
ക്കും തൻ്റെ ഭാഗ്യത്തിനും മററവരുടെ പിതൃവഴക്കങ്ങൾക്കും ആയിട്ടു
ജീവിച്ചു നടപ്പാൻ നീ ഒരുത്തനെ ഇരുത്തെണമെ - ആമെൻ -

യഹൊവ നിങ്ങളെ അനുഗ്രഹിച്ചു കാക്കുക - ഇത്യാ

൭ - oest.

p124

൨൩൦

൯. അന്തിമവെഗത്തിലെസ്ഥാനം

ഭൎത്താവായ യെശുക്രിസ്തുനെ ഞാൻ അറിയുന്നതിനെ നിന്നെ ഞങ്ങൾ
കൊണ്ടുവന്ന സമസ്തിക്കുമുണ്ടു – മിശ്രക്കളെ ഷഠൻ്റ ഞെട്ടുക്കാൽ
വരുവാൻ ഷിട്ടയിൽ ദൈവരാജ്യം ഈ പ്രകാരമുള്ളവൎക്കാകുന്നു
സ്വത്ത്യം ഫന്ദതി ഞങ്ങളിലെല്ലാപ്രകാരം നിൻ്റെമൃതലായിട്ട്
ഇതിനെ കൈകൊള്ളുന്നമെ.

ഷിഞ്ചെസ്ഥാനാങ്ങസ്ഥാനം. **br.**

II. സ്ഥിരീകരണം

നമ്മുടെ ആരംഭം സ്വർഗ്ഗങ്ങളെയും ഭൂമിയെയും ഉണ്ടാക്കി-
യ യഹോവയുടെ നാമത്തിൽ ഉണ്ടാകുന്നുവെ -
യേശുക്രിസ്തുവിൽ പ്രിയമുള്ളവരെ ഈ ബാലന്മാർ സ്നാനമൂലം
ങ്ങളോട് ചേർന്നു ദൈവകൃപകളിൽ കൂട്ടാളികളായതുകൊ
ണ്ടു അവരുടെ കർത്താവും രക്ഷിതാവുമായവന്റെ മുമ്പിൽ നി
ന്നുകൊണ്ടു ഈ ക്രിസ്തീയ സഭക്കാരെല്ലാം സ്നാനനിയമത്തെ പുതുക്കുവാ
ൻ ഒരുങ്ങിയിരിക്കുന്നു - ഇവർ ശൈശവം മുതൽ മാതാപിതാക്കളോടെ
പഠിപ്പിച്ചു കൊടുക്കയാൽ രക്ഷയുടെ അറിവിലേക്ക് വളരുന്ന
അഭ്യാസം സാധിച്ചു - കർത്താവ് സഭെക്കു സമ്മതിക്കുന്ന സകല
അനുഗ്രഹങ്ങളിലും കൂട്ടവകാശം ലഭിക്കയും അവരെ ദൃഢമാക്കു
മാറു അനുഭവത്തിൽ ചേർന്നുകൊണ്ടു രക്ഷിതാവിനോടുള്ള യോ
ഗത്തെ സൂക്ഷിക്കയും വേണം എന്നത് അവരുടെ ആഗ്രഹവും അപേ
ക്ഷയും ആകുന്നു - എങ്കിലോ അവർ വെറുതെ ഭാവിച്ചതല്ല എന്നു
തെളിയേണ്ടതിന്നു ദൈവത്തിന്നും ഈ ക്രിസ്തുസഭെക്കും മുമ്പാകെ
നമ്മുടെ വിശ്വാസത്തെ സ്വീകരിച്ചു ചൊല്ലുവാനും സ്നാനത്തിലെ നേ
ർച്ചയെ ഉറപ്പാക്കേണ്ടതിന്നു കൊടുപ്പാനും മനസ്സുണ്ടു - അതുകൊണ്ടു ഞാ
ൻ ദൈവനാമത്തിൽ നിങ്ങളെ പ്രബോധിപ്പിക്കുന്നു - ഈ ക്രിസ്തീയബാ
ലന്മാരുടെ സ്വീകാരവും വാഗ്ദത്തവും ശിഷ്യത്വത്തിന്നു യോഗ്യമായ അനു
രാഗത്തോടെ കേട്ടു പ്രാർത്ഥനയിൽ അവരെ താല്പര്യത്തോടെ ഓ
ർത്തുകൊള്ളുവിൻ - ദൈവം സ്വർഗ്ഗമൂലം ഇവരിൽ നല്ല പ്രവൃത്തിയെ ആ
രംഭിച്ചതു ഉറപ്പിച്ചു തികെക്കേണ്ടതിന്നായി ഏകമനസ്സോടെ
പ്രാർത്ഥിപ്പിൻ -

സ്വർഗ്ഗസ്ഥനായ പിതാവിനെ - ഈ ബാലന്മാരെ നിയ
ന്ത്രിച്ചു സ്നാനമൂലം നിന്റെ ശുദ്ധമായ സംസർഗ്ഗത്തിൽ ചേർത്ത ഇവരെ

യും കഴിഞ്ഞു പരിപാലിച്ചിരിക്കയാൽ ഞങ്ങൾ സ്തുതിക്കുന്നു — നി
ന്നെയും നിന്റെ പ്രിയപുത്രനെയും അറിവാൻ അവരെ പഠിപ്പി
ച്ചതു നിന്റെ വലിയ ഉപകാരം തന്നെ — പ്രിയപിതാവെ ഇന്നും
ഈ ബാലന്മാരെ യേശുവിന്റെ മിത്രം ആക്കി കഴിച്ചുകൊൾക — ജീ
വനുള്ള അറിവുകൊണ്ടു പ്രകാശമാക്ക — വിശുദ്ധാത്മാവിൻ വ
രങ്ങളെ അവരിൽ വർദ്ധിപ്പിക്ക — ഗ്രഹിച്ചസത്യത്തിൽ അവരെ ഉ
റപ്പിച്ചു ഭക്തിയെ മുഴുപ്പിച്ചു അന്ത്യമായ മരണപര്യന്തം വിശ്വസ്ത
രാക്കിത്തീർക്കേണമെ — ആമെൻ

എല്ലാ ബുദ്ധിയെയും കടക്കുന്ന ദൈവസമാധാനം നിങ്ങ
ളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാ
ക്കുക — ആമെൻ.

എന്നാൽ നിങ്ങളുടെ സ്വീകാരം കേൾക്കയാവു —

(സ്ഥിരീകരണത്തിനുള്ള ഉപദേശം എന്ന പുസ്തക
ത്തിലെ ചോദ്യങ്ങളെ ചോദിക്ക — പക്ഷെ ൧. ൩ — ൯. ൧൧ —
൧൨. ൧൫ — ൧൬. ൨൧ — ൨൨. ൨൩. ൩൦. ഈ അക്കമുള്ള ചോ
ദ്യങ്ങളെ കൂടാതെ ചോദിക്കാം — അവരവർ വെവ്വേറെ ഉത്തരം
പറഞ്ഞതിൽ പിന്നെ എല്ലാവരോടും ചോദിക്കേണ്ടുന്നതു)

൧. പ്രിയ ബാലന്മാരെ സുവിശേഷസാരമാകുന്ന ഈ വി
ശ്വാസത്തെ നിങ്ങൾ വായാലും ഹൃദയത്താലും സ്വീകരിക്ക
യും പിടിച്ചുകൊൾകയും നടപ്പിന്നു മാതിരിയാക്കുകയും
ചെയ്‌വാൻ മനസ്സുണ്ടൊ

ഉവ്വ മനസ്സുണ്ടു

൨. പിശാചിനോടും അവന്റെ സകല ക്രിയകളോടും ലൊ
കത്തിന്റെ ആഡംബരമായകളോടും ജഡത്തിന്റെ
സകല മോഹങ്ങളോടും മറുത്തു പറയുന്നുവൊ

ഉവ്വ ഞങ്ങൾ മറുത്തു പറയുന്നു

൧൦. ഹേ നീതിമാനായ പിതാവായ ദൈവമേ, ലോകം നിന്നെ അറിഞ്ഞിരിക്കുന്നുവെങ്കിലും ഞാൻ നിന്നെ അറിഞ്ഞിരിക്കുന്നു; ഇവർ നിന്റെ അയപ്പിക്കുന്നവനായ യേശുവിലും വിശ്വസിച്ചിരിക്കുന്നു.

൧൧. ഞാൻ അവർക്കു നിന്റെ നാമത്തെ അറിയിച്ചു, ഇനിയും അറിയിക്കും; നീ എന്നിൽ പ്രിയം വെച്ചിരിക്കുന്ന സ്നേഹം അവരിലും ഞാൻ അവരിലും ഇരിക്കേണ്ടതിന് അവർ ഏകരായിരിക്കുവാൻ തക്കവണ്ണം അവരെ നിന്റെ നാമത്തിൽ കാത്തുകൊള്ളേണമേ. ആമേൻ.

൧൨. ഞാൻ അവരോടുകൂടെ ഇരുന്നപ്രകാരം കൃപയും മനസ്സോടെ അവരെ കാത്തുകൊള്ളുന്ന ദൈവമായ നിന്റെ നാമത്തിൽ അവരെ കാത്തുകൊള്ളുകയും അവർ ഏകരായിരിക്കുവാൻ തക്കവണ്ണം അവരെ ഒരുമിച്ചു കൂട്ടുകയും ചെയ്തു; അവരിൽ നാശപുത്രനല്ലാതെ ആരും നഷ്ടമായിപ്പോയതുമില്ല. ആമേൻ.

൧൩. ഇപ്പോൾ ഞാൻ നിന്റെ അടുക്കൽ വരുന്നു; ഞാൻ ലോകത്തിൽ ഇരിക്കുമ്പോൾ തന്നെ അവർ എന്റെ സന്തോഷം തികഞ്ഞവരായി തങ്ങളിൽ തന്നെ ഉണ്ടാകേണ്ടതിന് ഇതു ഞാൻ പറയുന്നു.

൧൪. ഞാൻ ലോകത്തിന്റെ അല്ലാതിരിക്കുന്നതുപോലെ അവരും ലോകത്തിന്റെ അല്ലാതിരിക്കുന്നതുകൊണ്ടു നിന്റെ വചനം ഞാൻ അവർക്കു കൊടുത്തിരിക്കുന്നു; ലോകം അവരെ പകെച്ചിരിക്കുന്നു.

൧൫. നീ അവരെ ലോകത്തിൽനിന്നു എടുക്കുവാനല്ല, ദുഷ്ടനിൽനിന്നു അവരെ കാത്തുകൊള്ളുവാനത്രേ ഞാൻ അപേക്ഷിക്കുന്നതു.

൧൬. ഞാൻ ലോകത്തിന്റെ അല്ലാതിരിക്കുന്നതുപോലെ അവരും ലോകത്തിന്റെ അല്ലാതിരിക്കുന്നു.

൧൭. സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമേ; നിന്റെ വചനം സത്യമാകുന്നു.

൧൮. നീ എന്നെ ലോകത്തിലേക്കു അയച്ചതുപോലെ ഞാനും അവരെ ലോകത്തിലേക്കു അയച്ചിരിക്കുന്നു.

൧൯. അവരും സത്യത്താൽ വിശുദ്ധീകരിക്കപ്പെടുവാൻ വേണ്ടി ഞാൻ എന്നെത്തന്നേ അവർക്കായി വിശുദ്ധീകരിക്കുന്നു.

൨൦. ഞാൻ ഇവർക്കുവേണ്ടി മാത്രമല്ല, അവരുടെ വചനത്താൽ എന്നിൽ വിശ്വസിക്കുന്നവർക്കുവേണ്ടിയും അപേക്ഷിക്കുന്നു.

൨൧. അവരെല്ലാവരും ഏകരായിരിക്കേണ്ടതിന്നു പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ഏകരായിരിക്കേണമേ; നീ എന്നെ അയച്ചുവെന്നു ലോകം വിശ്വസിക്കേണ്ടതിന്നു തന്നേ.

൨൨. നാം ഏകരായിരിക്കുന്നതുപോലെ അവരും ഏകരായിരിക്കേണ്ടതിന്നു നീ എനിക്കു തന്ന മഹത്ത്വം ഞാൻ അവർക്കു കൊടുത്തിരിക്കുന്നു.

൨൩. ഞാൻ അവരിലും നീ എന്നിലും ആകുന്നു; അവർ തികഞ്ഞവരായി ഏകത്വത്തിൽ വരേണ്ടതിന്നു തന്നേ; നീ എന്നെ അയച്ചുവെന്നും എന്നെ സ്നേഹിച്ചതുപോലെ അവരെയും സ്നേഹിച്ചുവെന്നും ലോകം അറിയേണ്ടതിന്നു തന്നേ.

൨൪. പിതാവേ, നീ എനിക്കു തന്നവർ ഞാൻ ഇരിക്കുന്നേടത്തു എന്നോടുകൂടെ ഇരിക്കേണമെന്നു എനിക്കു ഇച്ഛയുണ്ടു; ലോകസ്ഥാപനത്തിന്നു മുമ്പെ നീ എന്നെ സ്നേഹിച്ചതുകൊണ്ടു നീ എനിക്കു തന്നിരിക്കുന്ന എന്റെ മഹത്ത്വം അവർ കാണേണ്ടതിന്നു തന്നേ.

നിനാക്കി സ്വശക്തിയിൻ നാം ഒക്കക്കും ചെയ്യുമാറാക — ആമെ
ൻ (ഫിലിപ്പെ. ൩)

അല്ലെങ്കിൽ

സമാധാനത്തിൻ ദൈവമായവൻ നിങ്ങളെ അശേഷം ശുദ്ധീ
കരിക്ക നിന്റെ ആത്മാവും ദേഹിയും ദേഹവും നമ്മുടെ കർത്താവാ
യ യെശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായിരിക്കുമാറാ
ക — ആമെൻ (൧ തെസ്സ. ൫)

അല്ലെങ്കിൽ

സമാധാനത്തിന്റെ ദൈവം നിങ്ങളെ അവന്റെ ഇഷ്ടം ചെയ്വാ
നായിട്ടു സകല സൽക്രിയയിലും യഥാസ്ഥാനപ്പെടുത്തി നിങ്ങളി
ൽ തനിക്കു പ്രസാദമുള്ളതിനെ യെശുക്രിസ്തുമൂലം നടത്തിക്കു
മാറാക — ആമെൻ (എബ്രാ. ൧൩)

നാം ഇനി പ്രാർത്ഥിക്ക

സർവ്വശക്തിയുള്ള ദൈവവും കനിവെറിയ പിതാവുമാകുന്നുള്ളോവെ
എല്ലാ നന്മയും ഞങ്ങളിൽ വിതെച്ചു നട്ടു വളർത്തിക്കൊള്ളുന്ന
വനെ — ഈ ബാലന്മാരെ ക്രിസ്തുവിന്റെ ജീവനുള്ള അവയവങ്ങളാക്കി
സത്യവിശ്വാസത്തിലും ഭക്തിശേഷത്തിൻ അനുസരണത്തിലും
നീ തന്നെ നിത്യം കാക്കേണമെ — ഇവർ സ്വീകരിച്ച സത്യത്തിൽ നി
ന്നു തെറ്റിപ്പാൻ നോക്കുന്ന ദുരുപദേശത്തിനും ജഡമോഹങ്ങ
ൾക്കും ഒഴിവുണ്ടാക്കാതെ — അവർ തലയാകുന്ന ക്രിസ്തുവിലേക്ക്
എല്ലാംകൊണ്ടും വളർന്നു പോരിക — സകല ജ്ഞാനത്തിലും ആത്മി
ശുദ്ധികളിലും യെശുവിന്റെ നിറഞ്ഞ പുരുഷപ്രായത്തിൻ അ
ളവോട് അവർ എത്തുമാറാക — നിന്നെയും നിന്റെ ക്രിയകളെ

ത്തും വിശുദ്ധാത്മാവെയും ഏക സത്യദൈവമെന്ന് അവർ എല്ലാ
മൽ അറിഞ്ഞു വിശ്വസിച്ചു ധൈൎയ്യം ഏറിയ ദിക്കുകളിൽ വാക്കി
ലും നടപ്പിനാലും സ്വീകരിച്ചു കൊണ്ടു അധികാരികളെ കേൾപ്പിക്കു
ന്ന കൃപയെ മഹിമപ്പെടുത്തേണ്ടതിന്ന അവരെ ഉത്സാഹപ്പെടുത്തുകയെ
ക്രിസ്തുസ്തുതിസ്തോത്രങ്ങളാൽ ചെയ്യേണമെ എന്നുമെൻ-

സമാധാനത്തിൻ ദൈവത്തിലെ കൎത്താവിൻ- നാമത്തിലെല്ലാം ഭൂമിയെ
യും ഉണ്ടാക്കിയ യഹോവയാൽ നിങ്ങൾക്ക അനുഗ്രഹിക്കപ്പെട്ടവർ
ആമെൻ-

അപേക്ഷിക്കാൽ

സൎവ്വശക്തനായ ഹോ ദൈവമെ-നിന്റെ ചൊല്ലി മഹിമകളെ ജ്ഞാ
നത്താലും ദിവ്യത്താലും രാജ്യത്തിന്റെ രഹസ്യങ്ങളെ ജ്ഞാനികൾ
ക്കും വിവേകികൾക്കും മറെച്ചു ശിശുക്കൾക്ക വെളി
പ്പെടുത്തിയതുകൊണ്ടു ഞങ്ങൾ വാഴ്ത്തുന്നു- നിന്റെ പുത്രനായ യേശു
ക്രിസ്തുവിനെയും അവന്റെ സുവിശേഷത്തിൻ പരമാൎത്ഥത്തെയും
മനപ്പൂൎവ്വമുള്ള വിശ്വാസത്താലും വാക്കിനാലും സ്വീകരിച്ചു കൊള്ളുന്ന
അറിവിനെ ഈ ശിശുക്കളുടെ മനസ്സുകൾക്കും കൂടെ കൊടുക്കുന്ന മഹാക
രുണെക്കായിട്ടു ഞങ്ങൾ എല്ലാവരാലും നിനക്ക സ്തോത്രം ഉണ്ടാ
കെ- ഈ നിന്റെ വിശുദ്ധാത്മാവിനെ കൊണ്ട് അവരുടെ ഹൃദയങ്ങ
ളെയും ഭാവങ്ങളെയും പ്രകാശിപ്പിച്ചു ബലം ക്രമമായി കൊടുത്തു ജ്ഞ
വരുടെ വിശ്വാസത്തിലും ഭക്തിയിലും സ്ഥിരതയിലും ദിവ്യവസ്തു
തകളുടെ ആശയിലും വൎദ്ധിപ്പിച്ചു ദേഹികളുടെ രക്ഷയെ സംശ
യം കൂടാതെ സാധിപ്പിക്കേണമെ- നിത്യതമത്തിന്റെ ബഹുമാ
നത്തിനായി അവർ വിശ്വാസത്തിനും സ്നേഹത്തിനും ഭിന്നപ്പെ
ടാതെ കാൎയ്യങ്ങളും കൎമ്മങ്ങളും എല്ലാ സൽക്രിയകളിൽ ഉത്സാ
ഹിച്ചു നടക്കയും യത്നം ചെയ്തു ചൊല്ലിയവരുടെ കൂട്ടത്തിൽ നിന്ന

കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും സമാധാനവും നിങ്ങൾക്കുണ്ടാകുമാറാകട്ടെ.

നമ്മുടെ പിതാവായ ദൈവത്തിന്റെ ഇഷ്ടപ്രകാരം നമ്മുടെ പാപങ്ങൾക്കുവേണ്ടി തന്നെത്താൻ കൊടുത്തവനും ഇപ്പോഴത്തെ ദുഷ്ടലോകത്തിൽനിന്നു നമ്മെ വിടുവിക്കേണ്ടതിന്നു നമുക്കുവേണ്ടി തന്നെത്താൻ കൊടുത്തവനുമായ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തിന്നു എന്നേക്കും മഹത്ത്വം ഉണ്ടാകുമാറാകട്ടെ. ആമേൻ.

ഗലാത്യർ 1:1-5

p124

W.

III. തിരുവത്താഴം

൧., തിരുവത്താഴത്തെ കൊണ്ടാടുന്നതു

മുമ്പിലെ അദ്ധ്യായത്തിൽ അറിയിക്കുന്ന പ്രകാരമായിട്ടു ക്രിസ്ത്യസഹോദരന്മാരെ കൎത്താവിൻ ഇഷ്ടമുണ്ടെങ്കിൽ വരുന്ന കൎത്താവിൻ വാരത്തിൽ ഈ സഭയിൽ തിരുവത്താഴം കൊണ്ടാടും — അതിനായി യേശുക്രിസ്തന്റെ നാമത്തിൽ എല്ലാ സഭക്കാരെയും ക്ഷണിക്കുന്നു — അതിൽ ചേരുവാൻ മനസ്സുള്ളവർ ദൈവസഹായത്താലെ ഹൃദയങ്ങളെ നന്നെ ആരാഞ്ഞു ഒരുങ്ങിക്കൊള്ളാവു — ആയിലെ യറിയത്തുപാസായനം ആത്മാഭ്യാസമിഷിയാക്കിട്ടല്ല എല്ലാവരും തിന്മാനുഗ്രഹമായി തീരെണം എന്നു നൊക്കേണ്ടതല്ലാഞ്ഞു — അതുകൊണ്ടു ദൈവവചനം മാതിരിയായി നിങ്ങളുടെ നടപ്പിനെ ശൊധന ചെയ്തു വിചാരത്തിലും വാക്കിലും കൎമ്മത്തിലും പിഴച്ച പ്രകാരം തൊന്നും തൊറും സത്യമായി അനുതാപപ്പെട്ടു കൊണ്ടും വിശുദ്ധ ദൈവത്തൊടു ഏറ്റുപറകയും ഇനി അവന്റെ കരുണയാലെ ഗുണപ്പെട്ടുവാൻ നിശ്ചയിക്കയും ചെയ്യെണ്ടതു — പിന്നെ ദൈവത്തൊടു മാത്രമല്ല കൂട്ടുകാരരൊടും പിഴെച്ച പ്രകാരം കണ്ടാൽ അവരൊടു ഇണക്കം വരുത്തി അന്യായം ചെയ്തിരുന്നതാകിലും പ്രതിശാന്തി കൊടുപ്പാനും ഒരുമ്പെടെണ്ടതു — നിങ്ങളെ പകെച്ചവരെയും ദുഃഖിപ്പിച്ചവരെയും ഉള്ളന്നൊറും ദൈവം നിങ്ങളുടെ സകല കുറ്റങ്ങളെയും ക്ഷമിച്ചുവിടേണം എന്ന് ആഗ്രഹിക്കുന്നതു പോലെ തന്നെ അവൎക്കും ക്ഷമിച്ചുവിടുവാൻ മനസ്സുണ്ടാകേണം — അല്ലാഞ്ഞാൽ തിരുവത്താഴത്തിൽ അനുഭവം ന്യായവിസ്താരത്തെ ഭക്ഷിച്ചു കുടിക്കുന്ന പ്രകാരമത്രെ — അതുകൊണ്ടു തടങ്ങലാകുന്നതു എല്ലാം നീക്കി അനുതാപവും വിശ്വാസവും ഉ

ഉള്ള ഹൃദയങ്ങളൊടെ കൎത്താവിൻ പന്തിയിൽ ചെരത്തക്കവണ്ണം കൎത്താ
വ് താൻ നിങ്ങളെ ഉണൎത്തുക — അവനവന്റെ ഹൃദയാവസ്ഥ അറി
കവണ്ണം ത്രിയേകനായവൻ ഒരൊരുത്തനെ കനിഞ്ഞു തുണയാലെ
വിശുദ്ധീകരിച്ചു കൊണ്ടു ക്രമത്താലെ നാം എല്ലാവരുടെ രക്ഷയും തി
കെച്ചു ഇഹത്തിലും പരത്തിലും അവനൊടുള്ള കൂട്ടായ്മയെ പൂൎണ്ണമാക്കി
തരികെണമെ — ആമെൻ. *W. C. P.*

൧൭. സ്വീകരണത്തിൻ ആചാരം

(തിരുവത്താഴത്തിന്റെ തലെദിവസത്തിൽ ഹൃദയങ്ങളെ
ഒരുക്കി വാപത്തെ സ്വീകരിക്കെണ്ടതിന്നു കൂടുമ്പൊൾ
ചൊല്ലെണ്ടതു)

യെശുക്രിസ്തുവിൽ പ്രിയമുള്ളവരെ — കൎത്താവിന്റെ രാത്രിഭൊജ്ജ
നത്തിൽ ചെരുവാൻ ഭാവിക്കുന്നവർ എല്ലാം പൌൽ അപ്പൊസ്തല
ന്റെ വചനങ്ങളെ ഒൎക്കെണ്ടതു — എവ എന്നാൽ മനുഷ്യൻ തന്നെത്താ
ൻ ശോധന ചെയ്തിട്ടുവെണം ഈ അപ്പത്തിൽ ഭക്ഷിച്ചും പാനപാത്ര
ത്തിൽ കുടിച്ചും കൊൾ്വാൻ — അപാത്രമായി ഭക്ഷിച്ചു കുടിക്കുന്നവൻ
കൎത്താവിൻ ശരീരത്തെ വിസ്തരിക്കായ്കയാൽ തനിക്കു താൻ ന്യായ
വിസ്താരത്തെ ഭക്ഷിച്ചു കുടിക്കുന്നു — (൧ കൊ. ൧൧) — അതുകൊണ്ടു
നാം വിധിക്കപ്പെടാതിരിപ്പാൻ വെണ്ടി നമ്മെ നാം തന്നെ വിസ്തരിച്ചു കൊൾ്ക
താക — നമുക്ക് പാപം ഇല്ല എന്നു പറഞ്ഞാൽ നമ്മെ നാം തെറ്റിക്കു
ന്നു നമ്മിൽ സത്യവും ഇല്ലാതാകുന്നു (൧ യൊ. ൧) — മനുഷ്യന്റെ ഹൃ
ദയത്തിലെ വിചാരം ബാല്യം മുതൽ എല്ലാ നാളും ദൊഷമുള്ളതാ
കുന്നു (൧ മൊ. ൮) — ജഡത്തിൽ നിന്നു ജനിച്ചതു ജഡമത്രെ (യൊ.
൩) — വ്യത്യാസം ഒട്ടും ഇല്ലല്ലൊ എല്ലാവരും പാപം ചെയ്തു ദൈവതെ
ജസ്സില്ലാതെ ചമഞ്ഞു (രൊമ. ൩) കൎത്താവൊ ഹൃദയങ്ങളെയും
കരളുകളെയും ശൊധന ചെയ്യുന്നവനാകുന്നു അവന്റെ കണ്ണു

കാല്കൾ അതിന്നവും മരണത്തിലെക്കിറങ്ങുന്നു (പ്രൊവ. ൫) ദൊഷം ഇച്ഛിക്കു
ന്ന ദൈവമല്ല നീ- ദുഷ്ടനു നിങ്കൽ വാസമില്ല- (സങ്കീ. ൫) പാപത്തിൽ വ
സിച്ചു നിന്നാൽ കാഠിന്യത്താലും അനുതപിക്കാത്ത ഹൃദയത്താലും നീ
ദൈവത്തിന്റെ ന്യായവിധി വെളിപ്പെടുന്ന കോപദിവസത്തിൽ നിന്നു
ക്കു തന്നെ കോപത്തെ ചരതിക്കുന്നു (രോമ. ൨) ആയവൻ ഓരോരു
ത്തന് അവനവന്റെ ക്രിയകൾക്കു തക്കവണ്ണം ചെയ്യും മുഖപക്ഷം അവ
ന്റെ പക്കൽ ഇല്ല- അതുകൊണ്ടു നിങ്ങളുടെ പാപങ്ങൾ മാച്ചുപോകേണ്ട
തിന്നു മാനസാന്തരപ്പെട്ടു തിരിഞ്ഞുകൊള്ളിൻ (അപ. ൩) ദുഷ്ടൻ തന്റെ
വഴിയെയും അകൃത്യക്കാരൻ തന്റെ വിചാരങ്ങളെയും വിട്ടു യ
ഹോവയുടെ നെരെ മടങ്ങിവരിക (യെശ. ൫൫) നിങ്ങളുടെ [illegible]
ളെ അറിഞ്ഞുകൊണ്ട് അക്രമങ്ങളെ വിചാരിച്ചു ഖേദിച്ചു ദൈവത്തി
[illegible] നിങ്ങളിൽ വല്ലവനും അവിശ്വാസത്താലെ
ദുഷ്ടമുള്ള ഹൃദയം ഉണ്ടായിട്ടു ജീവനുള്ള ദൈവത്തോടു പിരിഞ്ഞുപോ
കാതെ ഇരിപ്പാൻ നോക്കുവിൻ (എബ്രാ. ൩) ഇന്നു അവന്റെ ശബ്ദം
കേട്ടാൽ ഹൃദയം കഠിനമാക്കരുതെ-

ഇപ്രകാരം എല്ലാം ദൈവവചനം നമ്മുടെ അവശ്യതയെ
വർണ്ണിച്ചു മാനസാന്തരത്തിന്നു വിളിക്കുന്നതു ക്രിസ്തുവെ ദിവ്യകാരുണ്യത്തി
ന്റെ അനുഗ്രഹങ്ങളെയും അറിയിച്ചു കൊടുക്കുന്നു- എങ്ങനെ എന്നാൽ
നാൽ- എൻ ജീവനാണ ദുഷ്ടന്റെ മരണത്തിൽ എനിക്ക് ഇഷ്ടമി
ല്ല- ദുഷ്ടൻ തന്റെ വഴിയെ വിട്ടു തിരിഞ്ഞു ജീവിക്കുന്നതിൽ അ
ത്രെ (യെഹെ. ൩൩) അപ്പൻ മക്കളിൽ കനിവുള്ള പ്രകാരം യഹോവ
ഹോവെക്ക തന്നെ ഭയപ്പെടുന്നവരിൽ കനിവുള്ളു (സങ്കീ. ൧൦൩)
മനസ്തിരിയുന്നൊരു പാപിയെക്കൊണ്ടു സ്വർഗ്ഗത്തിൽ സന്തോഷം ഉ
ണ്ടു (ലൂക്ക. ൧൫) ദൈവം ലോകത്തെ സ്നേഹിച്ച വിധമാവിതു തന്റെ
ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്നവൻ എല്ലാം നശിക്കാതെ
നിത്യജീവനുള്ളവൻ ആകെണ്ടതിന്നു അവനെ തന്നുവെച്ചു-

തന്നെ സ്നെഹിച്ചു (൨ കൊ. ൫) — പാപത്തെ അറിയാത്തവനെ നാം
അവനിൽ ദൈവനീതിയാകെണ്ടതിന്ന അവൻ നമുക്കുവെണ്ടി
പാപം ആക്കിയത്രെ കൊണ്ട ദൈവത്തൊട നിരന്നുവരുവിൻ —
(൨ കൊ. ൬) നിങ്ങളുടെ സമാധാനത്തിന്നുള്ളവഴി ചാരിച്ചുകൊ
ള്ളുവിൻ — നിങ്ങളുടെ ദെഹികളെ രക്ഷിപ്പാൻ ബദ്ധപ്പെടുവിൻ — സത്യ
വചനത്തിൽ നിന്ന ഈ പ്രബൊധനവും വാഗ്ദത്തവും കെട്ടിട്ട നാം
ദൈവത്തിന്ന പാകെ നമ്മെ താഴ്ത്തി പാപങ്ങളെ ഏറ്റുപറഞ്ഞു ക
രുണ അപെക്ഷിച്ചുകൊണ്ടു ചൊല്ലുവതാക —

ദുഷ്ടപാപിയായ ഞാൻ സ്വൎഗ്ഗസ്ഥപിതാവിൻ മുമ്പി
ൽ ഏറ്റുപറയുന്നിത — ഞാൻ പലവിധത്തിലും കൊടിയ പാപം
ചെയ്തുകാട്ടും — തിരുകല്പനകളെ പുറമെ ലംഘിച്ചു നടക്കുന്നതി
നാൽ മാത്രമല്ല ഉള്ളിൽ ആത്മാവിനെ കൊണ്ടു കുറ്റക്കാരനാക
യാലും തന്നെ — പലമടിവും നന്മ ചെയ്യുന്നതിൽ ഉപെക്ഷയും അഹ
ങ്കാരഗൎവ്വും അശുദ്ധ ചിന്താസിദ്ധാന്തങ്ങളും ക്രൊധചെഷ്ടകളും
മായാസക്തി പ്രപഞ്ചാനുരാഗവും ദ്വെഷകാമമൊഹങ്ങളും ലൊ
ഭലൌകികഭാവങ്ങളും മറ്റും ഹൃദയത്തിൽ അടങ്ങാതെ ഉണ്ടായ
ങ്ങൾ പലതും ഉരുകയാൽ — ഞാൻ ദൈവക്രൊധത്തിന്നു പാത്രമായ വി
ധികളും ഇഹത്തിലും പരത്തിലും നാനാശിക്ഷകൾക്കും നരകത്തിലെ നി
ത്യശാപത്തിന്നും പാത്രമായ്പൊയതു സത്യം — ഇപ്പൊൾ എന്റെ പാപങ്ങ
ളെ എന്റെ കൎത്താവായ ദൈവം അറിയുമ്പൊലെ മുറ്റും അറിഞ്ഞു
കൊൾവാൻ കഴിയാത്തവൻ എങ്കിലും ഞാൻ വിചാരിച്ചു ദുഃഖിച്ചു
സങ്കടപ്പെടുന്നു — ശ്രീ പുത്രനായ യെശുക്രിസ്തൻ നിമിത്തം ഇതെ
ല്ലാം ക്ഷമിച്ചുവിട്ടു എന്നെ കരുണയൊടെ കടാക്ഷിക്കെണമെ എന്ന
ഞാൻ കെഞ്ചിയാചിക്കുന്നു — W

നിങ്ങളുടെ പാപങ്ങളെ ഉള്ളവണ്ണം അറിഞ്ഞും ഏറ്റുപ
റഞ്ഞും വിശ്വാസത്തൊടെ കൎത്താവിൻ കരുണയും ക്ഷമയും യാ

ഷിച്ചും കൊണ്ടു ഉള്ളാരെക്കൂട്ടെയും കെട്ടിൽ — നമ്മുടെ കർത്താവായ യെ
ശുക്രിസ്തന്റെ പിതാവും ദൈവവുമായവൻ നിങ്ങളെ കനിഞ്ഞു ക
രുണയൊടെ ചെർത്തുകൊൾവാൻ മനസ്സുള്ളവൻ തന്നെ — അവ
ന്റെ പ്രിയപുത്രനായ യെശുക്രിസ്തൻ കഷ്ടപ്പെട്ടു മരിച്ചുണ്ടാക്കിയ
പ്രായശ്ചിത്തം നിമിത്തം അവൻ നിങ്ങളുടെ സകലപാപങ്ങളെയും
ക്ഷമിച്ചിരിക്കുന്നു — എന്തുകൊണ്ടു നമ്മുടെ കർത്താവായ യെശു — ആ
രെങ്കിലും നിങ്ങൾ പാപങ്ങളെ മൊചിച്ചാൽ അവർക്കു മൊചിക്കപ്പെ
ടുന്നു — ആരെങ്കിലും പിടിച്ചിരുത്താൽ അവർക്കു പിടിക്കപ്പെട്ടിരി
ക്കുന്നു എന്നു അരുളിച്ചെയ്ത വചനത്തിൻ ശക്തിയെ ആശ്രയിച്ചു
ക്രിസ്തുസഭയുടെ വേലക്കാരനായി വിളിക്കപ്പെട്ട ഞാൻ ചൊല്ലുന്നു —
മനന്തിരിഞ്ഞു വിശ്വസിച്ചുള്ള നിങ്ങൾ സകലപാപത്തിൽ നിന്നും ഒ
ഴിവുള്ളവരും നിർമ്മലന്മാരുമാകുന്നു — യെശുക്രിസ്തൻ തന്റെ കഷ്ട
മരണങ്ങളാൽ അദ്ധ്വാനിച്ചുണ്ടാക്കി സ്വർല്ലോകത്തിലും അറിയി
പ്പാൻ കല്പിച്ചിട്ടുള്ള മൊചനം പൊലെ തന്നെ നിങ്ങളുടെ സകലപാപ
ങ്ങൾക്കും നിറഞ്ഞു വഴിഞ്ഞിരിക്കുന്ന മൊചനം ഉണ്ടാക — പിതാവി
ൻ നാമത്തിൽ ഉറെച്ചു ഇരുന്നു ആശ്വാസവചനത്തെ നിങ്ങൾ കൈക്കൊ
ണ്ടു ആശ്വസിച്ചു മനസ്സാക്ഷിയെ ശമിപ്പിക്കുന്ന ആധാരം ആകേ
ണ്ടതിന്റെ പാപത്തിന്നു മൊചനം ഉണ്ടു എന്നുള്ളതു ഒരൊ
ന്നു ഉറെച്ചു വിശ്വസിക്കേണ്ടുന്നതു — പിതാപുത്രൻ വിശുദ്ധാത്മാവ്
എന്ന ദൈവനാമത്തിൽ തന്നെ —

എന്നാൽ മനന്തിരിയാതെയും വിശ്വസിക്കാതെയും ഉള്ള
വർ ഒക്കെയും പാപങ്ങൾ അവർക്കു പിടിക്കപ്പെട്ടു എന്നും അവർക്കു
മാനസാന്തരം ഇല്ലാഞ്ഞാൽ ദൈവം ശിക്ഷയുമാക്കി ശിക്ഷിക്കും
ഉള്ളു എന്നും കർത്താവും രക്ഷിതാവുമായ യെശുക്രിസ്തന്റെ നാമത്തി
ൽ കൂടെ ഞാൻ അറിയിച്ചു അവർ മനന്തിരിഞ്ഞു വിശേഷം
വിശ്വസിച്ചു ദൈവത്തോടു തിരിഞ്ഞു വരേണ്ടതിന്നു പ്രബോധി

ഷ്ടിക്കുന്നു — h S

അല്ലെങ്കിൽ (വിശേഷാൽ സ്വകാൎയ്യം സ്വീകരിക്കു
മ്പൊൾ ഹ്രസ്വാപ്പ്ങ്ങളൊടെ)

ലോകത്തിന്നു ന്യായം വിധിപ്പാനല്ല ലോകത്തിന്നു രക്ഷ ഉണ്ടാകെണ്ടു
തിന്നത്രെ ഞാൻ ലോകത്തിൽ വന്നവനായി — അദ്ധ്വാനിച്ചും ഭാരം ചുമ
ന്നും നടക്കുന്നവരെ ഒക്കയും തണുപ്പിപ്പാൻ തന്റെ അടുക്കലെക്കു വി
ളിച്ച സത്യവാനും വിശ്വസ്തനുമായവൻ — എന്നിൽ ഭരമെല്പിച്ചതിന്ന
ഷയാൽ നിന്നൊടു (തങ്ങളൊടു) ചൊല്ലുന്നിതു ഹൈയ്ത്തവാൻ (—) ക്കു
ള നിന്റെ (—) പാപങ്ങൾ നിനക്കു (—) മോചിക്കപ്പെട്ടിരിക്കുന്നു —
— S 1.

നാം പ്രാൎത്ഥിക്ക.

സൎവ്വശക്തിയുള്ള സ്വൎഗ്ഗസ്ഥപിതാവെ — നിന്റെ കനിവിന്റെ പെരി
മയാൽ ഏകജാതനായ യെശുക്രിസ്തനെ അയച്ചു തന്നു ക്രൂശി
ന്മെൽ മരണത്താൽ ഞങ്ങളുടെ വീണ്ടെടുപ്പിന്നായി മരിപ്പാൻ കല്പി
ച്ചതിനാൽ നിനക്കു സ്തോത്രം ഉണ്ടാക — തന്നെത്താൻ ബലി അൎപ്പി
ക്കയാൽ അവൻ സൎവ്വലോകത്തിൻ പാപങ്ങൾക്കും ഒരിക്കൽ മതിയാ
യുള്ള പൂൎണ്ണപ്രായശ്ചിത്തം അനുഷ്ഠിച്ചു നിരപ്പിനെ ബോധിപ്പിക്കു
ന്ന ശുശ്രൂഷക്കാരെ കൊണ്ടു ഞങ്ങൾക്കും പാപങ്ങളുടെ മോചനത്തെ
അറിയിച്ചു തരികയാൽ ഞങ്ങൾ വാഴ്ത്തുന്നു — കനിവെറിയ പിതാവെ
ഞങ്ങൾ അവന്റെ നിയമപ്രകാരം അവൻ വരുവൊളം ആ മരണം
പ്രസ്താവിപ്പാൻ തക്കവണ്ണം കൃപ നല്കേണമെ — ഞങ്ങളുടെ സ്വനീതി
യെ ആശ്രയിച്ചിട്ടല്ല ഞങ്ങൾ നിന്റെ പന്തിയിൽ ചെരുവാൻ തുനി
യുന്നതു നിന്റെ മഹാ കൃപകളെയെ ആശ്രയിച്ചിട്ടത്രെ — നിന്റെ മെശ
യിൽ നിന്നു വീഴുന്ന അരുക്കുകളെ പൊലും പെറുക്കി കൊൾവാൻ ഞ
ങ്ങൾ പാത്രമല്ല — എങ്കിലും നീ ആരൊ എല്ലായ്പൊഴും ദയാ

ന്നെ ആകുന്നു ഞങ്ങൾ. നിന്റെ കനിവു മുഴുവനെ രാവിലെ രാവിലെ
പുതുതാകും. വിശ്വാസ്യത വലുതാകും ആകുന്നു. ആകയാൽ ഞ
ങ്ങൾക്കു നിന്റെ പുത്രനായ യെശുക്രിസ്തന്റെ മാംസം ഭക്ഷിച്ചു രക്തം
കുടിക്കുന്നതിനാൽ ദെഹവും ദെഹിയും പാപമാലിന്യം വിട്ടു ശുദ്ധി
വന്നാക്കി പുഷ്ടിപ്പെട്ട ഞങ്ങൾ എന്നും അവനിലും അവൻ ഞങ്ങളി
ലും വസിപ്പാൻ കൃപ ചെയ്യേണമെ - ആമെൻ CP.

അല്ലെങ്കിൽ

കനിവുള്ള ദൈവവും പിതാവും ആയവനെ - നിന്റെ ഏക പുത്രനാക
ന്മ ഒടെങ്ങും ഭക്ഷിച്ചു പുത്രനായ യെശുക്രിസ്തനെ നൊക്കി സകല
പാപവും ക്ഷമിക്കയാൽ ഞങ്ങൾ ന്യായവിധിക്കു - വിശ്വസ്തനായ
ദൈവമെ നിന്റെ കൃപയിൽ ഞങ്ങളെ കാത്തു വെച്ചുകൊണ്ടും
ഇനിയും പാപത്തെ വെറുത്തു ഒഴിപ്പാനും സാത്താന്റെ സകല പരീക്ഷക
ളൊടും വിശ്വാസത്തിൽ എതിർത്തു നില്പാനും സത്യത്തിന്റെ നീതിയിലും
പവിത്രതയിലും നിന്നെ സെവിപ്പാനും ബലം നല്കുകയും ചെയ്തു - നി
ന്റെ പ്രസാദമുള്ളതു ചെയ്വാൻ ഉപദെശിക്ക - നിന്റെ നല്ല ആത്മാ
വ് നിരന്തരം നിലത്തിൽ ഞങ്ങളെ നടത്തുമാറാകേണമെ - ആമെൻ. W.

എല്ലാ ബുദ്ധിയെയും കടക്കുന്ന ദെവസമാധാനം നിങ്ങളുടെ
ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തു യെശുവിങ്കൽ സൂക്ഷി
ക്കുമാറാക - ആമെൻ -

൯. തിരുവത്താഴത്തിൻ ആചാരം

ദിവ്യവും അപ്പവും മതിയാവോളം പാത്രങ്ങളിൽ കൊ
ണ്ടുവന്ന അപ്പം നുറുക്കുവാൻ ഉള്ള ഖണ്ഡങ്ങളാക്കി എല്ലാം മെശ
യിന്മെൽ ക്രമത്തിൽ വെച്ചശെഷം കൂടിയിരിക്കുന്ന
സഭക്കാരൊടു ചൊല്ലെണ്ടുന്നതു

ക്രിസ്തുയെശുവിൽ ക്രിസ്ത്യസഹോദരരായുള്ളോരെ നമ്മുടെ ര
ക്ഷിതാവ തന്റെ ശരീരം മെയ്യായി ഭക്ഷ്യവും തിരുരക്തം മെയ്യാ
യി പാനീയവും ആക്കി തിരുവത്താഴത്തിൽ നമുക്കു തന്നു വിശ്വാസത്തോ
ടെ ബലപ്പെട്ടുകൊള്ളുവാൻ ഭാവിക്കുന്നതിനാൽ— നാം കർത്താവിൻ ശരീരത്തി
ന്നും രക്തത്തിന്നും കുറവുള്ളവർ ആകാതെയിരിപ്പാൻ കർത്താവിൻ അത്താ
ഴത്തിലെതിനും നാം ഗ്രഹിച്ചുവേണം എന്നു നമ്മെ തന്നെ ശോധന ചെയ്ക
വെണ്ടു— ഈ മനുഷ്യനായ ദൈവപുത്രനായ യെശുക്രിസ്തുൻ നമുക്കു
വെണ്ടി ക്രൂശത്തിൽ വന്നു തിരുമരണത്താൽ നമ്മുടെ പാപങ്ങൾ എല്ലാം
പരിഹരിച്ചു സ്വർഗ്ഗസ്ഥനായ പിതാവെ നമ്മോട് ഇണക്കി ഈ പ്രകാരം
താനെന്ന നമ്മുടെ ആഹാരവും നിത്യജീവങ്കലെക്കുള്ള പാഥെയവും ആ
ക്കുമത്രെ— എന്നുള്ളതിനെ നാം ഈ അത്താഴത്തിൽ ഓർക്കയും ക
ർത്താവിൻ വീഞ്ഞും അപ്പവും വാങ്ങി കൈക്കൊണ്ടു പ്രസ്താവിക്കയും
ചെയ്യുന്നു—

ഈ ഭോജനത്തിൽ ചേരുന്നവൻ ഒരുവനും വിശെഷാൽ
തന്റെ പാപങ്ങൾക്ക മോചനം വന്നത കർത്താവായ ക്രിസ്തുയെശു സ്വ
ശരീരം ഏല്പിച്ചു രക്തം ചിന്തിയതിനാൽ അത്രെ സാധിച്ചത എന്നും
ഏതു വിശ്വാസിക്കും അവൻ നിത്യജീവനെ സമ്പാദിച്ചു എന്നും കെ
വലം അറിയുന്നാക— ആയതിനെ നാം വിശ്വസിച്ചു എത്രയും ദിവ്യം ഒ
ന്നുപ്പാരിച്ചു കൈക്കൊള്ളേണ്ടത ഇപ്പോൾ തന്നെ— ദൈവം തന്റെ ഏക
ജാതനെ നമുക്കു ബന്ധമാക്കി തന്നു നിത്യജീവന്റെ ഉള്ളിനെ സാധിപ്പിച്ചു
പാപം വിശേഷിച്ചു മരണം നരകം ഇവയിൽനിന്നു നമ്മെ വിടുവിച്ചതിനെ
ദൈവസ്നേഹത്തിൻ ആധിക്യവും അഗാധവും കണ്ടു എന്നും കൃതജ്ഞനായി
ചമയെണ്ടു— അത്രെ കൊണ്ടു മരിച്ചിട്ടുള്ളത ആടുകൾക്കു വെണ്ടി നല്ല
ഇടയൻ— പാപികൾക്കു വെണ്ടി നിർദ്ദോഷൻ— അവയവങ്ങൾക്കാ
വെണ്ടി തല— സഭക്കാകുന്ന കന്യകക്കു വെണ്ടി മണവാളൻ എന്നുള്ളത
നല്ലൊ— മഹാപുരോഹിതനായ ക്രിസ്തുൻ പിതാവിനെ അനുസരിച്ചും

അനിഷ്ടരായ നമ്മെ അത്യന്തം സ്നെഹിച്ചുകൊണ്ടു തന്നെത്താൻ ദയ നയെ ബലിയാക്കി ഹൊമിച്ചു ദെവകാരുണ്യയുടെ നിയമത്തെ സ്ഥിരമാക്കി മുദ്രയിട്ടിരിക്കുന്നു എന്നു വിശ്വസിച്ചും കൊണ്ടിൻ-

പിന്നെ കൎത്താവായ യെശുക്രിസ്തൻ തന്റെ നാമത്തിൽ പിതാവിനൊട് എന്തെല്ലാം യാചിച്ചാലും അവൻ തരും എന്നു വാഗ്ദത്തം ചെയ്കയാൽ - അവന്റെ സ്നെഹത്തെ നല്ലവണ്ണം വിചാരിച്ചു സന്തൊഷിപ്പാനും ദൈവത്തെ തെളിഞ്ഞ വിശ്വാസത്തിനു ശക്തിപ്പെടുവാനും ഇക ബലിയാൽ നമ്മുടെ പാപങ്ങൾക്കു നിത്യവീണ്ടെടുപ്പു സാധിപ്പിച്ചു വിശുദ്ധീകരിച്ചവരെ ഒക്കയും ഒരു കാഴ്ച കൊണ്ട് എന്നെക്കും തികെച്ചിരിക്കുന്നു എന്നു സംശയം കൂടാതെ ഉറപ്പിപ്പാനും നാം പ്രാൎത്ഥിക്കെണ്ടതാകുന്നു - നാം നമ്മിലും എല്ലാ മനുഷ്യരൊടും വിശെഷാൽ നമ്മുടെ ശത്രുക്കളൊടും വ്യാജമില്ലാത്ത മമതയിൽ നില്പാനും - ചതി മൊഹങ്ങളാൽ കെട്ടുപൊകുന്ന പഴയ മനുഷ്യനെ നാം താല്പൎയ്യമായി കെട്ടു കളഞ്ഞു കൊള്ളുവാനും - ദൈവത്തിനു ഒത്തവണ്ണം സൃഷ്ടനായ പുതു മനുഷ്യനെ ധരിച്ചുകൊള്ളുവാനും - സകല കഷ്ടസങ്കടപരീക്ഷകളെയും ക്ഷമയൊടെ സഹിപ്പാനും - നാം തെജസ്സിൽ കൂടെ ഇരിക്കുന്നതിന്നും തക്കവും നമ്മുടെ തലയൊട് ഒന്നിച്ചു നിന്നുകൊണ്ടു പൊരുപ്പാനും എരിയുന്ന യാചിക്കെണ്ടതാകുന്നു - നാം പട്ടാങ്ങായി ദൈവത്തിൻ മക്കളും ആത്മാവിലും സത്യത്തിലും ദൈവത്തെ കുമ്പിട്ടു ബഹുമാനിക്കുന്നവരായി തീരെണ്ടതിന്നു ദൈവം ഉണ്ടെന്നുള്ള വിശ്വാസം പ്രത്യാശ സ്നെഹം ക്ഷാന്തി സുബൊധം ചാരിത്ര ഗുണങ്ങൾ ഒക്കയും നമ്മിൽ ഉണ്ടാക്കി വളൎത്തുക -

ഒടുവിൽ ആരാനും അപാത്രമായി ഈ അപ്പം ഭക്ഷിക്കതാൻ കൎത്താവിൻ പാനപാത്രം കുടിക്കതാൻ ചെയ്താൽ കൎത്താവിൻ ശരീരത്തിന്നും രക്തത്തിന്നും കുററമുള്ളവനാകും എന്നു ഒൎത്തു അപൊസ്തൊലൻ വളരെ ബുദ്ധി പറകകൊണ്ടു നാം എല്ലാവരും ഉള്ളിൽ തന്നെ ക

നമൊക്കുണ്ടെന്നത്രെ — ക്രിസ്തന്റെ രക്ഷാകരമായ മരണത്താൽ എ
നിക്ക അനുഭവമായത് എന്നത്രെ — അതിനാൽ എന്റെ പാപങ്ങൾക്കും ഒ
ക്കയും മൊക്ഷനം വന്ന പ്രകാരം ഞാൻ പ്രമാണിച്ചിരിക്കുന്നുവൊ — എ
ല്ലാവരും എന്നെ സ്നെഹിക്കണം എന്ന് ആഗ്രഹിക്കും പൊലെ
കൎത്താവിനെ വിചാരിച്ചു ഞാൻ എല്ലാമനുഷ്യരെയും സ്നെഹിക്കു
ന്നുവൊ — ദൈവാത്മാവും ദൈവകൃപയും തുണയായിട്ടു പാപത്തി
ന്റെ ശക്തികളും മറിപ്പാൻ ഒരുമ്പെട്ടിരിക്കുന്നുവൊ — നമ്മുടെ കൎത്താവാ
യ യെശുവെ ഉപദെശത്തിലും നടപ്പിലും മരണത്തിലും കാട്ടിയ മാതി
രിയെ അനുസരിച്ചവന്റെ വൃത്തത്തിൽ നടപ്പാൻ മനൊനിശ്ച
യമുണ്ടൊ — എന്നിങ്ങനെ ഉള്ളത് തങ്ങളുടെ ഉള്ളിൽ കാണാതെ
താനും പ്രയൊജനം കിട്ടിട്ടും ഇനി അനുഭവിപ്പാൻ തങ്ങളെ
ഒരുക്കാതെയും ഭയവും വിശ്വാസവും എന്നിയെ പായത്തിൽ ചെ
യ്പ്പാൻ മനസ്സുള്ളവർ എല്ലാരും കൎത്താവിൻ മെശയിൽ ചെര
രുത — ആകയാൽ കൎത്താവിൻ ശരീരമാകുന്ന ദൈവസഭെക്കു മാത്രം
ഉതകി കിടക്കുന്നു സ്പഷ്ടം.

നാം പ്രാൎത്ഥിക്ക

സൎവ്വസ്ഥനായ പിതാവെ ഞങ്ങൾ പല വിധത്തിലും പിഴച്ചു ദുഷിചാ
രങ്ങളൊക്കും ദുൎവ്വാക്കു ദുഷ്ക്രിയകളൊക്കും സ്നെഹമില്ലാത്ത നടപ്പിനാലും തി
രുകല്പനകളെ ഇട വിടാതെ ലംഘിച്ചും നിന്തിരു മുമ്പിൽ കുററവാ
ളുന്നു — ഞങ്ങൾക്കു കാട്ടാൻ കഴിയുന്നതിൽ അധികം ഹൃദയങ്ങ
ളെ ആരായുന്ന നീ തന്നെ ഞങ്ങളുടെ കെടു ഒക്കയും കാണുന്നു — നി
ന്റെ പ്രിയപുത്രനായ യെശു നിമിത്തം ഞങ്ങളെ ക്ഷമിച്ചു കടാക്ഷി
ക്കെണമെ — സൎവ്വലൊകത്തിൻ പാപങ്ങൾക്കായിട്ടും അവൻ പ്രായശ്ചി
ത്തമായി ഞങ്ങളുടെ ദ്രൊഹങ്ങളെ തിരുരക്തത്താൽ മാച്ചു കളകയാ
ൽ നിണക്കു സ്തൊത്രം — ഇന്നു കൃപാകരമായ ഭൊജനത്തിനായി ഞങ്ങ

ങ്ങളെ രക്ഷിക്കുന്നതിന്നത്രെ അവൻ സ്തുതി ചൊല്ലുന്നു — ഞങ്ങൾക്കായ
ക്രൂശിമരണത്തിൽ ഒപ്പിച്ചു കൊടുത്ത ശരീരവും ഞങ്ങളുടെ പാപങ്ങൾക്കാ
യി ഒഴിച്ചു തിരുരക്തവും ഞങ്ങൾ നല്ലവണ്ണം അനുഭവിച്ചു ജീവാഹാ
രവും ജീവനീരുമാകുന്ന യെശുക്രിസ്തുവെ സത്യവിശ്വാസത്തിൽ നി
ത്യജീവനായി കൈക്കൊള്ളുവാനും — ഞങ്ങളുടെ തലയായ ക്രിസ്തുവൊ
ട്കൂടി ഭവിച്ചു നിന്നൊട്ടു ഉത്തമത്വം അനുസരണവും ഒരിവ
നം ശ്രുത്തുകാരനെ ഉറപ്പു ഒപ്പിച്ചും കൊണ്ടു സകല ദൈവഭക്തിയിലും
നിത്യജീവനായി വളരുവാനും നിന്റെ വിശുദ്ധാത്മാവിനെ തന്നു
ബലപ്പെടുത്തി കൊള്ളേണമെ — ആമെൻ — Sfh

അല്ലെങ്കിൽ

കർത്താവിൽ പ്രിയമുള്ളവരെ — നമ്മുടെ കർത്താവായ യെശുക്രിസ്തുവിന്റെ
നാമത്തിൽ അവന്റെ ബലിമരണത്തിൻ ഓർമ്മകൊണ്ടാടുവാനും തിരു
വത്താഴത്തിൽ അവന്റെ മാംസരക്തങ്ങളെ ഭക്ഷിക്കുവാനും ആവാ
നം മനസ്സുള്ളവരെ — അപ്രകാരം ഭാവിക്കുന്നവരൊട് ഒക്കയും മനുഷ്യ
ൻ തന്നെത്താൻ ശൊധന ചെയ്തിട്ടു വെണം ഈ അപ്പത്തിൽ ഭക്ഷിച്ചും
പാനപാത്രത്തിൽ കുടിച്ചും കൊള്ളുവാൻ എന്ന് അപൊസ്തലൻ പ്രബൊ
ധിപ്പിച്ചതു തന്നായി വിചാരിപ്പിൻ — കാരണം ഈ ചൊല്ലിയ പ്രത്യ
ക്ഷമുള്ള ആശ്വാസത്തിന്നായി നല്ലിടുന്ന തങ്ങളുടെ പാപങ്ങളെല്ലാ
നെൻ ബൊധിച്ചും ഏറ്റുപറഞ്ഞും ദൈവകൃപയും മനസ്സും [illegible]
ക്കപ്പെട്ടും തിരിയെ ദാഹിച്ചു വിശ്വാസം വലഞ്ഞു ഉള്ളതു അതിന്റെ മന
സ്സാക്ഷികൾ അത്രെ — നാം നമ്മെ തന്നെ ശൊധന ചെയ്തു മനൊബൊ
ധത്തെ ആരാഞ്ഞു പുക്കുകിലൊ പാപത്തിന്റെ അറെപ്പും ഒളാത
ത്വും തന്നിനാൽ വിളയുന്ന നിത്യമരണവും നമ്മിലും കാണുമല്ലൊ —
പാപത്തിൻ കൂലി മരണമത്രെ അതിൽ നിന്നു വല്ലപ്രകാരത്തിലും ന
മ്മുക്കു ത്രാണനം വരുത്തിക്കൂടാ —

ആയതുകൊണ്ടു നമ്മുടെ കൎത്താവായ ഈശോക്രിസ്തു നമ്മെക്കു
റിച്ചു നമ്മുടെ പാപങ്ങൾക്കു പരിഹാരിയാവാൻ മനുഷ്യനായി ദൈവ
ത്തിന്റെ സകല ഹിതവും ധൎമ്മവും എല്ലാം നമുക്കുവേണ്ടി പൂരിച്ചു നമ്മു
ടെ പാപങ്ങളാൽ വിളയുന്ന മരണം മുതലായ അനുഭവങ്ങളെ ഒക്ക
യും താൻ എടുത്തു ചുമന്നു നമ്മെ വീണ്ടെടുത്തിരിക്കുന്നു – ആയതിനെ
നാം ഓൎമ്മ പ്രമാണിപ്പാനും അവന്റെ ഹിതത്തിൽ സന്തോഷിച്ചു
ജീവിപ്പാനും വേണ്ടി അവൻ തിരുവത്താഴത്തിൽ അപ്പത്തെ എ
ടുത്തു സ്തോത്രം ചൊല്ലി നുറുക്കി പറഞ്ഞിതു – വാങ്ങി ഭക്ഷിപ്പിൻ ഇതു
നിങ്ങൾക്കു വേണ്ടി നുറുക്കപ്പെടുന്ന എന്റെ ശരീരം ആകുന്നു –

അതിന്റെ അൎത്ഥമൊ ഞാൻ മനുഷ്യനായി അവത
രിച്ചതും ഞാൻ ചെയ്തതും കഷ്ടപ്പെടുന്നതും എല്ലാം നിങ്ങൾക്കു വെ
ണ്ടി ആകയാൽ അശേഷം നിങ്ങൾക്കുള്ളതാകുന്നു – എന്നതിന്നു
കുറിയായും മുദ്രയായും ഞാൻ എന്റെ ശരീരത്തെ നിങ്ങൾക്കു ഭ
ക്ഷ്യമാക്കി തരുന്നു നിങ്ങൾ എന്നും എന്നിലും ഞാൻ നിങ്ങളിലും
വസിപ്പാനായിതന്നെ — അപ്രകാരം തന്നെ അവൻ പാനപാത്ര
ത്തെയും എടുത്തു പറഞ്ഞിതു – നിങ്ങൾ എല്ലാവരും ഇതിൽനിന്നു
കുടിപ്പിൻ ഇതു പാത്രം എന്റെ രക്തത്തിൽ പുതിയനിയമമാകു
ന്നു – ഇതു പാപമോചനത്തിന്നായി നിങ്ങൾക്കും അനേകൎക്കും വെ
ണ്ടി ഒഴിച്ച എന്റെ രക്തം – അതിന്റെ അൎത്ഥമൊ നിങ്ങളെ ഞാ
ൻ കൈക്കൊണ്ടു നിങ്ങളുടെ സകല പാപങ്ങളെയും എന്റെ മെ
ൽ ആക്കി ചുമക്കുന്നതുകൊണ്ടു ഞാൻ പാപത്തിന്നു വേണ്ടി എ
ന്നെതന്നെ അൎപ്പിച്ചു പ്രായശ്ചിത്തമാകകയും എൻ രക്തം ഒഴിച്ചു
കൊണ്ടു പാപമോചനവും കരുണയും നിങ്ങൾക്കായി സമ്പാദിക്കയും പാ
പം ക്ഷമിച്ചിട്ടു അതിൻ പേർ പോലും എന്നേക്കും ഓൎക്കാതെ ഉള്ള പു
തിയ നിയമത്തെ സ്ഥാപിക്കയും ചെയ്യും – എന്നതിന്നു നിശ്ചയമെ
മറും കുറിയും സാക്ഷ്യവും ആയിട്ടു എന്റെ രക്തം നിങ്ങൾക്കു കുടിപ്പാ

ൽ തരുന്നതു തങ്ങളിൽ എന്റെ സ്ഥിതിവൻ വരുവരെങ്കിൽ അതന്നെ-
ന്നതു കൊണ്ടു മെൽവറഞ്ഞ പ്രകാരം ഈ അപ്പത്തിൽ ഭക്ഷിച്ചും
ഈ പാത്രത്തിൽ കുടിച്ചും ഈ ക്രിസ്തു വചനങ്ങളെ ഉറപ്പാകി പ്രമാ
ണിച്ചും കൊള്ളുന്നവൻ യെശുവിലും യെശു അവനിലും ഇത്രയി
വനൊടുകൂടം വസിക്കുന്നു —

എന്നതു കൊണ്ടു നാം ഇന്നും അവന്റെ മരണം പ്രസ്താവി
ച്ചു നമ്മുടെ പിഴകൾ നിമിത്തം അവൻ ഏല്പിക്കപ്പെട്ടും നമ്മുടെ നീതീ
കരണത്തിന്നായി ഉണർത്തപ്പെട്ടും ഇരിക്കുന്നതു ഒർത്തു സദാകാലം
സ്തൊത്രവും വന്ദനവും കഴിക്കുന്നു — പിന്നെ അവനവൻ തന്റെ
ക്രൂശിനെ എടുത്തും കൊണ്ടു അവനെ അനുഗമിക്കുന്നു — അവന്റെ
കല്പനപ്രകാരം അവൻ നമ്മെ സ്നെഹിച്ചതു പൊലെ നാം അന്യൊന്യം
സ്നെഹിക്കയും അവൻ നമുക്കു സമ്മാനിച്ചു ക്ഷമിച്ചപ്രകാരം നമ്മിലും
സമ്മാനിച്ചു വിട്ടുകയും ചെയ്യു — കാരണം നാം എല്ലാവരും ഒർ അപ്പത്തി
ൽ അംശികൾ ആകകൊണ്ടു ഒർ അപ്പം ഉള്ളതു പൊലെ പലരായ
നാം ഒരു ശരീരമാകുന്നു — പല കുരുക്കളാൽ ഒരു വീഞ്ഞും പല മണിക
ളാൽ ഒർ അപ്പവും ഉണ്ടാകുന്നതു പൊലെ നാം എല്ലാവരും വിശ്വാസ
ത്താൽ ക്രിസ്തുനൊടു ഏകീഭവിച്ചു അവന്റെ സ്നെഹം ആവെശിച്ചി
ട്ടു സഹൊദരസ്നെഹത്താൽ ഒരു ശരീരവും ഒരു വാഞ്ഛയും ഒർ അപ്പ
വും ആയിത്തീരെണ്ടു — അതു വെറുതെ ഉള്ള വാക്കാലല്ല ക്രിയയിലും
സത്യത്തിലും തന്നെ അന്യൊന്യം നിർവ്യാജ സ്നെഹം കാട്ടി നടക്കെണ്ട
തു — നമ്മുടെ കർത്താവും രക്ഷിതാവും ആയ യെശുക്രിസ്തുവിന്റെ ദൈവ
വും പിതാവും ആയവൻ തന്റെ കരുണയിന്നും സർവ്വശക്തിക്കും തക്ക
വണ്ണം അപ്രകാരം തന്റെ സദാത്മാവെക്കൊണ്ടു നമ്മെ ചെയ്യിക്കാ
കെണമെ — ആമെൻ —

നാം പ്രാർത്ഥിക്ക

ഞങ്ങളുടെ കൎത്താവായ യെശുക്രിസ്തുന്റെ പിതാവും സൎവ്വശക്തി
യുള്ള ദൈവവുമായി സകലത്തിന്റെ സ്രഷ്ടാവും എല്ലാമനുഷ്യൎക്കും
ന്യായാധിപതിയുമായുള്ളൊവെ— ഞങ്ങൾ നിനവിലും വാക്കിലും
ക്രിയയിലും നിന്റെ മാഹാത്മ്യത്തിന്നു വിരോധമായി പലപ്രകാ
രം പിഴെച്ചു ദ്രോഹം ചെയ്തു നിന്റെ ന്യായമായ കോപത്തിന്നും
ക്രൊധത്തിന്നും സംഗതിവരുത്തി പൊന്നതു ഞങ്ങൾ ഓൎത്തു ഖെദിച്ചും
കൊണ്ടേറ്റുപറയുന്നു— ഈ അക്രമങ്ങൾ നിമിത്തം ഞങ്ങൾ വി
ഷാദിക്കുന്നു— ആയതിനാൽ അനുതാപവും ഓൎമ്മയാൽ വെദനയും
ഉണ്ടാകുന്നു അതിൻ ഭാരം ചുമന്നു കൂടാത്തതു— കനിവുള്ള പിതാവെ യെ
ശുവിനെ വിചാരിച്ചു കനിഞ്ഞു കൊണ്ടാലും— കനിഞ്ഞു കൊണ്ടു സ
കലാപങ്ങളെയും ക്ഷമിച്ചു ഞങ്ങളെ നിന്റെ പ്രസാദത്തിന്നാ
യും തിരുനാമത്തിൻ സ്തുതിമാനത്തിന്നായും പുതിയ ജീവനിൽ നട
ന്നു ഇടവിടാതെ നിന്നെ സെവിപ്പാറാക്കെണമെ— ദെവിദെഹ
ങ്ങളെ ശുദ്ധീകരിക്ക— നിന്റെ പുത്രനൊടുള്ള കൂട്ടായ്മ ഈ അത്താ
ഴത്താൽ ഞങ്ങളിൽ പുതുക്കി വിശ്വാസവും പ്രെമവും വൎദ്ധി
പ്പിച്ചു ദിവ്യാനുഭവത്തിന്നും സല്ക്രിയകൾക്കുള്ള ഉത്സാഹവും മുഴുപ്പിച്ചു
യെശുക്രിസ്തുനാകുന്ന കൎത്താവിൻ മൂലം നിന്നെ സെവെക്കൊരു
മിപ്പിക്കെണമെ— ആമെൻ— W.

ക്രിയമുള്ളവരെ തിരുവത്താഴത്തെ സ്ഥാപിച്ചവച
നങ്ങളെ വിശ്വാസത്തൊടെ കെട്ടിൽ (൧ കൊ. ൧൧, ൨൩—൨൯)

ഞാനാകട്ടെ കൎത്താവിൽ നിന്നു പരിഗ്രഹിച്ചു നിങ്ങൾക്കും ഏല്പി
ച്ചത് എന്തെന്നാൽ കൎത്താവായ യെശുതാനെ കാണിച്ചു കൊടുക്ക
നാൾ രാത്രിയിൽ അപ്പത്തെ എടുത്തു സ്തൊത്രം ചൊല്ലി നുറുക്കി പ
റഞ്ഞു വാങ്ങി ഭക്ഷിപ്പിൻ ഇതു നിങ്ങൾക്കു വെണ്ടി നുറുക്കപ്പെടുന്ന
എന്റെ ശരീരമാകുന്നു എന്റെ ഓൎമ്മക്കായിട്ടു ഇതിനെ ചെയ്വിൻ—
അപ്രകാരം തന്നെ അത്താഴത്തിൽ പിന്നെ പാനപാത്രത്തെയും

എടുത്തു പറഞ്ഞു — ഇതു പാനപാത്രം എന്റെ രക്തത്തിൽ പുതിയ നിയ
മം ആകുന്നു ഇതിനെ കുടിക്കുന്നൊരൊക്കും എന്റെ ഓർമ്മക്കായിട്ടു ചെയ്യി
ൻ — എങ്ങിനെ എന്നാൽ നിങ്ങൾ ഇതപ്പം ഭക്ഷിക്കയും ഇതു പാ
നപാത്രം കുടിക്കയും ചെയ്യുന്നൊരൊക്കും കർത്താവു വരുവൊളത്തിന്നവ
ന്റെ മരണത്തെ പ്രസ്താപിക്കുന്നു —

(അപ്പത്തെ എടുത്തു — പാനപാത്രത്തെ എടുത്തു — എന്നു ചൊല്ലു
മ്പൊൾ ആ പാത്രങ്ങളെ തന്നെയും തൊടെണം)

(പിന്നെ തിരുവത്താഴം കൊടുക്ക — മുമ്പെ ചൊദ്യങ്ങളൊ ചൊ
ദ്യകുമ്പാരമൊ കൊടുക്ക — പിന്നെ പില സഭക്കാർ ആവൂതും
ട്ടുകത്തി വാങ്ങുക — അല്ലം പിലർ മാത്രം ഉണ്ടെങ്കിൽ ഒരൊ
രുത്തരൊടും അരിക്കും ഉണ്ടെങ്കിൽ രണ്ടു മൂന്നാളൊടും ചൊ
ല്ലണ്ടതു)

വാങ്ങി ഭക്ഷിപ്പിൻ ഇതു നിങ്ങൾക്കു വെണ്ടി മുറിക്കപ്പെടുന്ന എ
ന്റെ ശരീരം ആകുന്നു എന്റെ ഓർമ്മക്കായി ഇതിനെ ചെയ്യിൻ
വാങ്ങി കുടിപ്പിൻ ഇതു പാത്രം എന്റെ രക്തത്തിൽ പുതിയ നി
യമം ആകുന്നു — എന്റെ ഓർമ്മക്കായി ഇതിനെ ചെയ്യിൻ —

അല്ലെങ്കിൽ

വാങ്ങി ഭക്ഷിപ്പിൻ — ഇതു നിങ്ങൾക്കു (നിങ്ങളുടെ പാപങ്ങൾക്കു) വെ
ണ്ടി മരണത്തിൽ ഏല്പിച്ചു യെശു ക്രിസ്തുവിന്റെ ശരീരം — അവന്റെ
ഓർമ്മക്കായി ഇതിനെ ചെയ്യിൻ —
വാങ്ങി കുടിപ്പിൻ — ഇതു നിങ്ങൾക്കു (നിങ്ങളുടെ പാപങ്ങൾക്കു) വെ
ണ്ടി ഒഴിച്ചു തന്ന യെശു ക്രിസ്തുവിന്റെ രക്തം — അവന്റെ ഓർമ്മക്കാ
യി ഇതിനെ ചെയ്യിൻ —

അല്ലെങ്കിൽ

നാം നുറുക്കുന്ന അപ്പം ക്രിസ്തുശരീരത്തിന്റെ കൂട്ടായ്മയല്ലയൊ
നാം ആശീർവദിക്കുന്ന അനുഗ്രഹപാത്രം ക്രിസ്തുരക്തത്തിന്റെ
കൂട്ടായ്മയല്ലയൊ —

(കൊടുത്തതിന്റ ശെഷം)

കരുണയാലെ നമ്മെ പൊഷിപ്പിച്ച പ്രിയരക്ഷിതാവിന്നു നാം കൃതജ്ഞരായി സ്തൊത്രം ചൊല്ലി പ്രാർത്ഥിക്ക —

എൻ ദെഹിയെ യഹൊവയെ അനുഗ്രഹിക്ക എന്റ ഉള്ളിലെവ എല്ലാം അവന്റെ വിശുദ്ധനാമത്തെ തന്നെ — എൻ ദെഹിയെ യഹൊവയെ അനുഗ്രഹിക്ക അവന്റെ സകലഉപകാരങ്ങളെ മറക്കയുമരുതെ — നിന്റെ അകൃത്യങ്ങളെ ഒക്കയും ക്ഷമിച്ചു നിന്റെ എല്ലാ ഊനങ്ങൾക്കും ചികിത്സിച്ചു — നിന്റെ ജീവനെ കുഴിയിൽ നിന്നു വീണ്ടെടുത്തു ദയയും കനിവും ചൂടിച്ചും തരുന്നവനെ — കർത്താവായ യെശുവെ നിങ്ങളെ കടാക്ഷിച്ചു പാപമരണങ്ങളിൽ നിന്നു വീണ്ടെടുത്ത നിനക്കും അങ്ങുന്നുൾക്കും പിതാവായവന്റെ പുത്രത്വത്തിലെക്ക വിളിച്ചിരിക്കകൊണ്ടു ഞങ്ങൾ വാഴ്ത്തുന്നു — വിശുദ്ധരാത്രിഭൊജനത്തിൽ നിന്റെ സ്നെഹത്തിന്റെ സ്മരണം നിസ്സാധിച്ചു ഉറപ്പിച്ചിട്ടുള്ള ആസാധനം കൊണ്ടു ഞങ്ങൾക്കു വിശ്വാസവും പ്രത്യാശയും പുതുതാക്കി ഉറപ്പിച്ചു തന്നിരിക്കയാൽ ഞങ്ങൾ സ്തൊത്രം ചൊല്ലുന്നു — ഇനി ഞങ്ങൾ നിന്നിലും നിൻ കൃപയിലും നിലനില്ക്കുമാറാക — തിരുനാമത്തെ ഞങ്ങൾ തളരാതെ സ്വീകരിച്ചു വിശുദ്ധിക്കായി ഉത്സാഹിച്ചു നടന്നുകൊണ്ടു ഒടുവിൽ തികഞ്ഞ നീതിമാന്മാരുടെ സംഘത്തിൽ ചെർന്നു വരുന്ന സ്വർഗ്ഗീയ തെജസ്സിൽ നിന്നെ കാണ്മാറാകണമെ — ആമെൻ — W

അല്ലെങ്കിൽ

കർത്താവായ യെശുക്രിസ്തുവിന്റെ ശരീരവും രക്തവും ഞങ്ങളുടെ

സൌഖ്യത്തിന്നായി തന്നെ ഞങ്ങളെ ഭക്ഷിപ്പിച്ചുകൊണ്ടു ഞങ്ങൾ ഉണ്ടു
തിരുന്നു - ഇനി നിന്റെ ദാനങ്ങൾ ഞങ്ങളിൽ വൎദ്ധിച്ചിട്ടു നിങ്കലെ വിശ്വാ
സം ഉറെക്കയും നിന്നൊടും എല്ലാ മനുഷ്യരൊടും സ്നെഹം വളരുകയും
ഭയം നീങ്ങി പ്രത്യാശ തികഞ്ഞുവരികയും ആക - ഇപ്രകാരം പിതാവാ
യ ദൈവത്തൊടു വിശുദ്ധാത്മാവിന്റെ ഒരുമയിൽ യുഗയുഗങ്ങളൊ
ളവും വാണിരിക്കുന്ന കൎത്താവെ ഞങ്ങളെ നടത്തി രക്ഷിക്ക
ണമെ - ആമെൻ - *bS.*

ഒടുക്കം കൎത്താവിന്റെ ആശീൎവ്വാദം കൈക്കൊള്ളുവിൻ -

യഹൊവ നിങ്ങളെ അനുഗ്രഹിച്ചു കാക്കെ - യഹൊവ തിരു
മുഖത്തെ നിങ്ങളിലെക്ക പ്രകാശിപ്പിച്ചു കരുണ ചെയ്ക - യഹൊവ
തിരുമുഖത്തെ നിങ്ങളുടെ മെൽ ഉയൎത്തി നിങ്ങൾക്ക സമാധാനം ഉണ്ടു
മാറാക - ആമെൻ -

IV. വിവാഹം

൧., പരസ്യം ചൊല്ലുന്ന ഞായറാഴ്ചകളിൽ

വിവാഹത്തിന്റെ അവസ്ഥയിൽ പ്രവേശിപ്പാൻ മനസ്സുള്ളവർ ഉ-
ണ്ടാകകൊണ്ടു അവർ ഭാവിക്കുന്നതു നന്നായി ആരംഭിപ്പാനും ശിഷ്ട-
ക്കൈശ്വര്യമാകുംവണ്ണം നടപ്പാനും ഭാഗ്യമുള്ള സമാപ്തി ഉണ്ടാവാനും സ
ഭക്തന്മാർ എല്ലാവരും അവർക്കു വേണ്ടി പ്രാർത്ഥിക്കേണ്ടതാകുന്നു-
...... ആം പ്രാവശ്യം പ്രസിദ്ധമാക്കുന്നവരുടെ പേരുകളാവിതു-

ഈ പ്രകാരം നിശ്ചയിച്ചവർ വിവാഹം കഴിപ്പാനിരിക്കുന്നു യാതൊ-
രു മുടക്കം ഉള്ള പ്രകാരം ആർക്കാനും തോന്നിയാൽ ആയതു താമസി-
യാതെ ബോധിപ്പിക്കേ എങ്കിലും പിന്നെത്തിൽ മിണ്ടാതിരിക്ക എ-
ങ്കിലും വേണ്ടതു — വിവാഹകാരണനായ ദൈവം താൻ മേൽ
പ്രകാരം നിശ്ചയിച്ചവർക്കു ക്രിസ്തനിൽ കരുണയും അനുഗ്രഹവും ന-
ല്കി അവരുടെ ആഗ്രഹത്തെ സാധിപ്പിക്കുമാറാവു- W.

൨., വിവാഹാചാരം

പ്രിയമുള്ളവരെ തമ്മിൽ വിവാഹം നിശ്ചയിച്ചിട്ടുള്ള ഇവർ ഇവിടെ സ-
ഭമുമ്പാകെ വന്നു നില്ക്കുന്നതു ദൈവനാമത്തിൽ വിശുദ്ധവിവാഹത്താ-
ൽ അന്യോന്യം ചേരുവാനും ദൈവവചനത്തിൻ അനുഗ്രഹം ലഭിപ്പാ-
നും തന്നെ- എന്നാൽ തിരുവെഴുത്തുകളിൽ നിന്നു വരുന്ന സൌ-
ഖ്യാപദേശം കേട്ടുകൊണ്ടതാകയാൽ- ഒന്നാമതു- ദൈവം ആദി-
യിൽ വിവാഹത്തെ നിയമിച്ച പ്രകാരം വായിക്കുക-

(൧ മൊ. ൨, ൧൮. ൨൧-൨൪) യഹോവയായ ദൈവം മ-
നുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല ഞാൻ അവനു തക്കതുണയു-
ണ്ടാക്കും എന്നു പറഞ്ഞു പിന്നെ യഹോവയായ ദൈവം ആദാമിന്നു

സമ്മതിച്ചിവരങ്ങിനീട്ട് അവൻ പറഞ്ഞു— നമ്മുടെ അവന്റെ വാക്കിയെല്ലു കളിൽ നിന്ന് ഒന്നിനെ അവൻ എടുത്തു അതിൻസ്ഥലത്തു മാംസം നടച്ചു യഹോവയായ ദൈവം മനുഷ്യനിൽ നിന്ന് എടുത്ത വാരിയെല്ല് കൊണ്ടു സ്ത്രീയെ തീർത്തു അവളെ മനുഷ്യന് വരുത്തി— അപ്പോൾ മനുഷ്യൻ പറഞ്ഞു ഈ സമയം മാതാപിതാക്കന്മാരെ വിട്ടു അതിൽ നിന്ന് അസ്ഥിയും എന്റെ മാംസങ്ങളിൽ നിന്നു മാംസവും ആണ— ഇവർ രണ്ടും നരനിൽ നിന്ന് എടുത്തപ്പെട്ടു കൊണ്ട് നരിഎന്ന് വിളിക്കപ്പെടും— അതു കൊണ്ട് പുരുഷൻ തന്റെ പിതാവെയും മാതാവെയും വിട്ടു സ്വഭാര്യയോടു യോജിക്കും അവരും ഒരുജഡമായ്തീരും—

രണ്ടാമത് സ്ത്രീപുരുഷന്മാരുടെ കൂട്ടും ഐക്യവും സൃഷ്ടിശേഷത്തിൽ വിളിച്ച വ്യാപാരം നാം കണ്ടുകൊൾക—

(മത്താ— ൧൯, ൩— ൬) പരീശന്മാർ അവനെ ചോദിച്ചു എന്ത— ഒരു മനുഷ്യൻ ഏതു കാരണം കൊണ്ടും തന്റെ ഭാര്യയെ പിരിഞ്ഞു പോരുന്നതു വിഹിതമാകുമോ എന്നു അവനെ പരീക്ഷിച്ചു— അവൻ ഉത്തരം പറഞ്ഞതു ആദിയിൽ സൃഷ്ടിച്ചവൻ അവരെ ആണും പെണ്ണുമാക്കി തീർത്തു എന്നുള്ളതും അതു കൊണ്ട് മനുഷ്യൻ പിതാവെയും മാതാവെയും വിട്ടു സ്വഭാര്യയോടു യോജിക്കും അവരും ഒരുജഡമായ്തീരും എന്നും അവൻ പറഞ്ഞ വ്യാപാരവും നിങ്ങൾ വായിച്ചിട്ടില്ലയോ— എന്നതുകൊണ്ട് അവർ ഇനി രണ്ടല്ല ഒരുജഡമത്രെ ആകുന്നു— ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർതിരിക്കരുതു—

മൂന്നാമത് വിവാഹത്തിനാൽ എന്നവർ ദൈവമില്ലാത വ്യാപാരത്തങ്ങളിൽ ആയതിനെ കുറിച്ചു വ്യാപാരം കാണുന്നു—

(യെശ— ൫൪— ൫) പുരുഷന്മാരായുള്ളോരെ സ്ത്രീസംസർഗ്ഗയെ വെടിഞ്ഞ വ്യാപാരം ഭാവിയിൽ കാണുന്നു— അവനല്ലോ അവളെ ചേർ

ശ്രുതിയതിർക്കുളിയാൽ വെടിപ്പാക്കി ശുദ്ധികരിക്കയും — കറ ഒട്ടൽ മുതലായത ഒന്നും ഇല്ലാതെ പവിത്രയും നിഷ്കളങ്കയും ആയൊരു സഭയെ തെജസ്സൊടെ തനിക്കു താൻ മുന്നിറുത്തുകയും ചെയ്യെണ്ടതിന്നു സ്നേഹിച്ചു തന്നെത്താൻ അവൾക്കു വെണ്ടി ഏല്പിച്ചു കൊടുത്ത— അവ്വണ്ണം പുരുഷന്മാർ സ്വഭാര്യമാരെ തങ്ങളുടെ ശരീരങ്ങളെ പൊലെ സ്നേഹിക്കെ വെണ്ടു — സ്വഭാര്യയെ സ്നേഹിക്കുന്നവൻ തന്നെത്തന്നെ സ്നേഹിക്കുന്നു — തൻ്റെ ജഡത്തൊടല്ലൊ ഒരുവനും ഒരുനാളും പകെച്ചില്ല ക്രിസ്തൻ സഭയെ ചെയ്യും പൊലെ അതിനെ പൊററിലാളിക്ക അത്രെ ചെയ്യുന്നു —

(എഫെ. ൫, ൨൨–൨൪) സ്ത്രീകളെ കർത്താവിന്ന് എന്നപൊലെ സ്വഭർത്താക്കന്മാർക്കു കീഴടങ്ങുവിൻ — കാരണം ശരീരത്തിൻ്റെ രക്ഷിതാവാകുന്ന ക്രിസ്തൻ സഭെക്ക തലയായുള്ള പ്രകാരം ഭർത്താവ സ്ത്രീക്കുടെ തലയാകുന്നു — എന്നാൽ സഭ ക്രിസ്തനു കീഴടങ്ങും പൊലെ ഭാര്യമാരും സ്വഭർത്താക്കന്മാർക്കു സകലത്തിലും കീഴടങ്ങുക)

(൧ പെ. ൩, ൩–൪) അവർക്ക അലങ്കാരമൊ മുടിക്കുന്നതൽ സ്വൎണ്ണാഭരണം വസ്ത്രധാരണം ഇത്യാദി പുറമെ ഉള്ളതല്ല — ദൈവത്തിന്നു വിലയെറിയതാകി സൌമ്യതയും സാവധാനവും ഉള്ള ഒർ ആത്മാവിൻ്റെ കെടായ്മയിൽ ഹൃദയത്തിൻ്റെ ഗുഢ മനുഷ്യനത്രെ അലങ്കാരമാവു — ഇപ്രകാരം അല്ലൊ പണ്ടു ദൈവത്തിൽ ആശവെച്ചു സ്വഭർത്താക്കന്മാർക്ക അടങ്ങിയ വിശുദ്ധ സ്ത്രീകൾ തങ്ങളെ തന്നെ അലങ്കരിച്ചു —

നാലാമത നമ്മുടെ കർത്താവായ ദൈവം വിവാഹാവസ്ഥയെ അനുഗ്രഹിച്ചു ആശിർവ്വാദത്തെ കൊടുക്ക —

(൧ മൊ. ൧, ൨൭.൨൮) ദൈവം തൻ്റെ സാദൃശ്യത്തിൽ മനുഷ്യനെ സൃഷ്ടിച്ചു ദൈവസാദൃശ്യത്തിൽ അവനെ സൃഷ്ടിച്ചു ആണും പെണ്ണുമാക്കീട്ട അവരെ സൃഷ്ടിച്ചു — പിന്നെ ദൈവം അവരെ അനുഗ്രഹി

ച്ചു നിങ്ങൾ വൎദ്ധിച്ചു പെരുകി ഭൂമിയെ നിറഞ്ഞ് അടക്കിക്കൊള്ളിൻ-

അനന്തരം ശലൊമൊൻ ചൊല്ലിയതു (സുഭ. ൧൮, ൨൨) ഭാൎയ്യകി ട്ടി നന്മ കിട്ടി യഹൊവയൊട് അവൻ പ്രസാദം പെറ്റിച്ചു-

അഞ്ചാമതു ദൈവം വിവാഹാവസ്ഥയിൽ ചുമത്തിയ കഷ്ടതയെയും കേൾക്ക-

(൧ മൊ. ൩, ൧൬) സ്ത്രീയൊട് അവൻ പറഞ്ഞു ഞാൻ നിന്റെ കഷ്ടവും ഗൎഭധാരണവും ഏറവും വൎദ്ധിപ്പിക്കും കഷ്ടത്തൊടെ നീ മക്കളെ പ്രസവിക്കയും നിന്റെ ഭൎത്താവിങ്കലെക്ക് കാമം ഉണ്ടാകയും അവൻ നിന്റെ മെൽ വാഴുകയും ചെയ്യും- ആദാമിനൊട് പറഞ്ഞതൊ- നീ ഭാൎയ്യയുടെ ശബ്ദം കെട്ടു കൊണ്ടു ഭക്ഷിക്കരുത് എന്നു ഞാൻ നിന്നൊടു കല്പിച്ച മരത്തിൽ നിന്ന് ഭക്ഷിച്ചതു കൊണ്ടു നിന്റെ നിമിത്തം ഭൂമി ശപിക്കപ്പെട്ടതു നിന്റെ ആയുസ്സുള്ള നാൾ എല്ലാം നീ കഷ്ടത്തൊടെ അതിന്റെ അനുഭവം ഭക്ഷിക്കും- അതു നിനക്ക് മുള്ളും ഞെരിഞ്ഞിലും മുളെപ്പിക്കും വയലിലെ സസ്യത്തെ നീ ഭക്ഷിക്കും- നീ നിലത്തു നിന്ന് എടുക്കപ്പെട്ടതായാൽ അതിൽ തിരികെ ചെരുവൊളം നിന്റെ മുഖത്തെ വിയൎപ്പൊടു കൂടെ നീ അപ്പം ഭക്ഷിക്കും- കാരണം നീ പൊടിയാകുന്നു പൊടിയിൽ പിന്നെയും ചെരുകയും ചെയ്യും-

ആറാമതു- കഷ്ടതയൊടും കൂടെ കല്പിച്ചിട്ടുള്ള ആശ്വാസത്തെയും കുറിക്കൊള്ളെണ്ടതു- നമ്മുടെ കൎത്താവായ യെശുക്രിസ്തു നാം കെട്ട കഷ്ടകാരണമായ പാപത്തെ താൻ എടുത്തു വഹിച്ചു നീക്കിയതു മല്ലാതെ തന്നിൽ വിശ്വസിക്കുന്നവൎക്ക എവൎക്കും കഷ്ടത്തെ ഒക്കെയും അനുഗ്രഹിച്ചു വിശുദ്ധീകരിപ്പിക്കുന്നു- അതു കൊണ്ടും പുരുഷനെ ചൊല്ലി സങ്കീൎത്തനത്തിൽ കെൾക്കുന്നതു- യഹൊവയെ ഭയപ്പെട്ടു അവന്റെ വഴികളിൽ നടക്കുന്നവൻ എല്ലാം ധന്യൻ- നിന്റെ കൈകളുടെ അദ്ധ്വാനത്തെ നീ ഭക്ഷിക്കും ആകയാൽ നീ ധന്യ

ൽ നിന്നെക്കനമുണ്ടെ (൧ പേ. ൩. ൧ മുതൽ വാക്യങ്ങൾ) — ഭാൎയ്യയെചൊ
ല്ലിയെന്നാൽ എഴുതുന്നിതു — വിശ്വാസസ്നേഹങ്ങളിലും സുബോധം ശു
ദ്ധിയ വിശുദ്ധീകരണത്തിലും പാൎക്കുന്നാകിൽ അവൾ തിരുപ്രസവത്താ
ൽ രക്ഷിക്കപ്പെടും (൧ തിമൊ. ൨. ൧൫)

ഇങ്ങനെ വായിച്ച ദൈവവചനങ്ങളെ മുന്നിട്ടു വിവാഹക്രി
യമത്തിൽ പ്രവേശിപ്പാൻ മനസ്സുണ്ടെങ്കിൽ അടുത്തുവരുവിൻ —

പിന്നെ പുരുഷനോടു ചോദിക്കുന്നു — (ഇന്നവനെ)
ഈ നില്ക്കുന്ന (ഇന്നവളെ) വിവാഹഭാൎയ്യയാക്കി കൈക്കൊള്ളുവാനും വാ
ഴുനാൾ ഒക്കയും സുഖത്തിലും ദുഃഖത്തിലും ഉപേക്ഷിയാതെ സ്നേഹി
പ്പാനും മനസ്സുണ്ടൊ —

ഉത്തരം — മനസ്സുണ്ടു.

അപ്രകാരം സ്ത്രീയോടു ചോദിക്കുന്നു

(ഇന്നവളെ) ഈ നില്ക്കുന്ന (ഇന്നവനെ) വിവാഹഭൎത്താവാക്കി ഇ
ത്യാദി *W.*

[അല്ലെങ്കിൽ

(ഇന്നവനെ) ഈ നില്ക്കുന്ന (ഇന്നവളെ) ഭാൎയ്യയാക്കി കെട്ടുന്നതി
ൽ സ്നേഹിച്ചു സുഖത്തിലും ദുഃഖത്തിലും കൈവിടാതെ മരണം നി
ങ്ങളെ വേർപിരിക്കുവോളം വിവാഹനിൎണ്ണയം കുറവെന്നി പാലിച്ചു
ഒന്നിച്ചു പാൎപ്പാൻ മനസ്സുണ്ടോ — എന്നാൽ ദൈവത്തിന്നും ഈ ക്രി
സ്തീയസഭെക്കും മുമ്പാകെ മനസ്സുണ്ടെന്നു ചൊല്ലുക —

(ഇന്നവളെ) ഈ നില്ക്കുന്ന (ഇന്നവനെ) ഭൎത്താവാക്കിക്കെ
ട്ടുന്നതു ഇത്യാദി] *W. ae.*

അങ്ങിനെ സമ്മതം എങ്കിൽ അവരുവരും വലങ്കൈ പിടി
ച്ചുകൊള്ളിൻ.

ഇരുവരുടെ കൈകളിന്മേലും കൈവെച്ചു പറയേണ്ടതു

നിങ്ങളിൽ വിവാഹ സ്നെഹവും വിശ്വാസവും നെരും കൊണ്ടത്താൽ
ക്രിസ്തിയസഭയുടെ ശുശ്രൂഷക്കാരനാകുന്ന ഞാൻ നിങ്ങളുടെ ബാന്ധ
വം ദൈവക്രമപ്രകാരം ഒരുനാളും ഇളകാത്തതെന്നു പിതാവു പുത്രൻ
വിശുദ്ധാത്മാവ എന്ന ദൈവനാമത്തിൽ ഉറപ്പിച്ചു ചൊല്ലുന്നു — ദൈ
വം യൊജിപ്പിച്ചതിനെ മനുഷ്യൻ വെർതിരിക്കരുതു *a w*

(ഇരുവരും മുട്ടുകുത്തി നില്ക്കെ പ്രാർത്ഥിക്കുന്നിതു)

യഹൊവയായ ദൈവമെ സർവ്വസ്വപിതാവെ നീ ആണും പെണ്ണും
സൃഷ്ടിച്ചും പുലയാട്ടുകളെ ഒഴിപ്പാൻ വിവാഹത്തെ സ്ഥാപിച്ചും ഗർ
ഭഫലം കൂടെ കല്പിച്ചനുഗ്രഹിച്ചും നിന്റെ പ്രിയപുത്രനായ യെശുക്രി
സ്തനും അവന്റെ കാന്തയായ വിശുദ്ധസഭെക്കുമുള്ള രഹസ്യത്തെ
ഇതിനാൽ മുങ്കുറിച്ചും തന്നവനെ — ഇന്നു നിന്റെ ക്രിയയും ക്രമവും അ
നുഗ്രഹവും ഇവർ ഇരുവരിലും കെടാതെയും ഇളകാതെയും കവിഞ്ഞു
കൊണ്ടുവാഴിക്കെണമെ — നിന്റെ കരുണയുടെ ധനം എല്ലാം അ
വരുടെ മെൽ പൊഴിഞ്ഞിട്ടു ഈ അവസ്ഥയിൽ അവർ ദൈവഭ
ക്തിയെ തിരഞ്ഞു കണ്ടെത്തി മരണപര്യന്തം ഒത്തുനടപ്പാനും നി
ന്റെ സ്തുതി ബഹുമാനത്തെക്കും കൂട്ടുകാരുടെ നന്മെക്കും വളൎന്നുവാ
നും ഉപകരിപ്പിച്ചു നിന്റെ പ്രിയപുത്രനാം ഞങ്ങളുടെ കർത്താവും ആ
യ യെശുക്രിസ്തുമൂലം രക്ഷിച്ചരുളെണമെ — ആമെൻ *Lu.*

അല്ലെങ്കിൽ

ഞങ്ങളുടെ ദൈവമായ യഹൊവയെ എന്നെക്കും ഞങ്ങളുടെ സഹായ
വും ആദരവും ആയുള്ളൊവെ — നിന്റെ വിശുദ്ധനിയൊഗപ്രകാരം വി
വാഹനിയമത്തിൽ പ്രവെശിച്ച ഇവർ ഇരുവരും സ്നെഹവും വിശ്വാസവും
നെരും കൊണ്ടു ഇന്നു ഇണെച്ചു തീരിയവരെ കടാക്ഷിക്കെണമെ —
അവരുടെ വരവും പൊക്കും അനുഗ്രഹിച്ചു വിശ്വാസത്താലെ കൊണ്ടുന
ടത്തി നല്ലതും സുഗ്രാഹ്യവും തികവുള്ളതും ആയ നിന്റെ ഇഷ്ടത്തെ

അയതിൽ എല്ലാംകൊണ്ടും സ്തുതിക്കെണമെ-അവരുടെ ദെഹികളെ ക്രിസ്തനിൽ ഒന്നിച്ചു ചെൎത്ത സ്നെഹം ആകുന്നതിൻ മാലയെ അണിഞ്ഞുകൊണ്ട് ഒരുമനപ്പെട്ടവരാക്കെണമെ-ക്രിസ്തന്റെ വചനം ഐശ്വൎയ്യമായി അവരിൽ വസിക്കയും അവർ പ്രാൎത്ഥനയിൽ ഉറ്റിരുന്നു സ്തൊത്രത്തൊടെ അതിൽ ജാഗരിച്ചുകൊൾകയും സകലത്തിലും നിന്റെ നല്ല ആത്മാവിന്റെ വശമായി ചമകയും ആയ്വ-ചാപല്യവും ഐക്യക്കുറവും വരുത്തുന്ന ദുരാത്മാവിനെ തടുക്കുക അന്യൊന്യം പൊറുത്തു ക്ഷമിക്കുന്ന ജ്ഞാനവും ശാന്തതയും ഉയരത്തിൽ നിന്നു നല്കുക-അവരുടെ കൈകളുടെ പ്രവൃത്തിയെ സാധിപ്പിക്ക-വിളിക്കു തക്ക വിശ്വസ്തതയും ഉത്സാഹവും വൎദ്ധിപ്പിക്ക- അഹൊവൃത്തിയെ അനുഗ്രഹിക്ക- അവൎക്ക കഷ്ടതയും ദുഃഖവും പിണെക്കുന്നൊറും അനുതാപവും വിശ്വാസവും ക്ഷാന്തിയും ശിക്ഷാസങ്കടങ്ങളെയും നിത്യാനുഗ്രഹമാക്കി തീൎക്കെണമെ- അവരുടെ നെഞ്ചും വീടും നിന്റെ ആലയമാക്കി അവരവർ തമ്മിൽ സ്വൎഗ്ഗഗതിയെ പ്രാപിപ്പിക്കെണ്ടുന്ന ജാഗ്രത ഉണ്ടാക്കെണമെ-ആയുസ്സിന്റെ അവസാനത്തൊളം അവർ വിശ്വാസത്തെ കാത്തുനില്ക്കയും ആയ്വ- പിന്നെ ഇഹപരദെശയാത്രക്കൊടുക്കെ അയച്ചു നിത്യസന്തൊഷത്തിന്നായി പിതാവിൻ ഭവനത്തിൽ പ്രവെശിപ്പിച്ചുകയെ ക്രിസ്തൻ നിമിത്തം എന്നും കൈകൊടുത്തരുളെണമെ-ആമെൻ-

സ്വൎഗ്ഗസ്ഥനായ ഇത്ത്യാദി

യഹൊവ നിങ്ങളെ അനുഗ്രഹിച്ചു കാക്കുക- യഹൊവ തിരുമുഖത്തെ നിങ്ങളിലെക്ക് പ്രകാശിപ്പിച്ചു കരുണ ചെയ്ക-യഹൊവ തിരുമുഖത്തെ നിങ്ങളുടെമെൽ ആക്കി നിങ്ങൾക്കു സമാധാനം ഇട്ടുമാറാക-ആമെൻ- W.

V. ശവസംസ്കാരം

(ശവക്കുഴിയരികെ നില്ക്കുമ്പോൾ)

രാജാധിരാജാവും കർത്താധികർത്താവും ആകാശത്താലെ ഉള്ളവനും ആയ നമ്മുടെ ദൈവത്തിനു ബഹുമാനവും തേജസ്സും എന്നെന്നേക്കും ഉണ്ടാവൂതാക- ആമെൻ

അല്ലെങ്കിൽ

മരിച്ചവനായി ഇനി യുഗാദി യുഗങ്ങളോളം ജീവിച്ചിരിക്കുന്നവനായ യെശുക്രിസ്തുവിൻ എന്നും വാഴ്ത്തപ്പെട്ടവനാക- ആമെൻ-

(പിന്നെ സങ്കീർത്തനം- ൯൦ ആമത്തും ൨ കൊരി. ൫ ൧- ൧൦- ഉള്ള ലേഖനവും വായിക്ക — അല്ലെങ്കിൽ)

കർത്താവിൽ വിശ്വാസമുള്ളവരെ— സർവ്വശക്തിയും കരുണയും ഉള്ളവനായ ദൈവത്തിന്നു ഇന്നു നമ്മുടെ സഹോദരനെ (—) ഈ ലോകത്തിൽ നിന്നു വിളിപ്പാൻ തോന്നുകകൊണ്ടു നാം അവന്റെ ശരീരം ഭൂമിയിൽ അടച്ചുകൊണ്ടു മണ്ണായതിനെ മണ്ണിൽ ഏല്പിച്ചിടുന്നു— ആഹോ വഴാകട്ടെ സകല മനുഷ്യപുത്രന്മാരും അങ്ങിനെ ശുദ്ധന്മാരിൽ നിന്നു വെളിയാകുന്ന നാളിൽ ഉയിർക്കയും ചെയ്യും (൧ കൊരി. ൧൫— കാരണം ഒരു മനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ പുക്കതിനാൽ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരെയും പരന്നിരിക്കുന്നു (റോമ. ൫)— അതുകൊണ്ടു സകല ജഡവും ക്ഷയിച്ചു പോകുന്നു മൃഗവർഗ്ഗങ്ങളിൽ ഒട്ടും ഇല്ലല്ലോ— ആകയാൽ പ്രാർത്ഥിച്ചു വിനയത്തോടെ നിന്നുകൊണ്ടു നമ്മുടെ പാപങ്ങളെ ഏറ്റുപറഞ്ഞു ഞങ്ങൾ ചൊല്ലുന്നു.

ഞങ്ങളുടെ വാഴുനാൾ പുകപൊലെ മങ്ങിപൊകുന്നു എന്നും ചിന്തിച്ചു കൊണ്ടു ദൈവത്തിന്റെ ശക്തിയുള്ള കൈക്കീഴ് നമ്മെ നാം താന്നെ താഴ്ത്തി വെക്കുക—സ്ത്രീ പെറ്റുള്ള മനുഷ്യൻ അല്പായുസ്സുള്ളവനും ആകുലതകളാൽ തുല്യനമാകുന്നു—പൂ പൊലെ മുളെച്ചു വാടുന്നു നിഴൽ കണക്കെ നില്ലാതെ മണ്ടിപൊകുന്നു (യൊബ്—൧൪)—യഹൊവെ ഇതാ ചാൺ നീളമായി ഞങ്ങൾക്കു നാളുകൾ തന്നതെ ഉള്ളു—ഞങ്ങളുടെ ആയുസ്സ് നിന്റെ മുമ്പാകെ ഒട്ടും ഇല്ല—വെറുമ്മായയായി എല്ലാ മനുഷ്യനും സ്ഥാപിക്കപ്പെട്ടതെ ഉള്ളു—അവനവൻ ബിംബമായത്രെ നടക്കുന്നു മായയായി അലമ്പലാകുന്നതെ ഉള്ളു (സങ്കീ. ൩൯)

എങ്കിലും നമ്മെ സ്നേഹിച്ചു നിത്യാശ്വാസവും കരുണയാലെ നല്ല പ്രത്യാശയും തന്ന കർത്താവായ യെശു ക്രിസ്തനും പിതാവായ ദൈവത്തിന്നും സ്തോത്രം ഉണ്ടാകെയാവു—അവൻ തന്റെ കനിവിന്റെ ആധിക്യപ്രകാരം യെശു ക്രിസ്തൻ മരിച്ചവരിൽ നിന്ന് എഴുനീറ്റതിനാൽ നമ്മെ വീണ്ടും ജനിപ്പിച്ചതു ജീവനുള്ള പ്രത്യാശെക്കു തന്നെ (൧ പെത. ൧)—ആദാമിൽ ആകട്ടെ എല്ലാവരും ചാകുന്ന പ്രകാരം തന്നെ ക്രിസ്തനിൽ എല്ലാവരും ഉയിർപ്പിക്കപ്പെടും (൧ കൊ. ൧൫)—സ്വമരണത്താലും പുനരുത്ഥാനത്താലും അവൻ നമ്മുടെ പാപങ്ങളെ പരിഹരിച്ചു മരണത്തെ നീക്കി സുവിശെഷം കൊണ്ടു ജീവനെയും കെടായ്മയെയും വിളങ്ങിച്ചു (൨ തിമ. ൧)—അവൻ മരിച്ചവരിൽ നിന്ന് ആദ്യജാതനായി ചൊല്ലുന്നിത്രെ—ഞാനെ പുനരുത്ഥാനവും ജീവനും ആകുന്നു എങ്കൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും—ജീവിച്ചിരുന്നു എങ്കൽ വിശ്വസിക്കുന്നവൻ എല്ലാം എന്നെക്കും മരിക്കയും ഇല്ല—(യൊ. ൧൧)—അത്രെ കൊണ്ടു ജീവിച്ചാലും മരിച്ചാലും നാം അവങ്കൽ തന്നെ ആശ്വസിക്കുന്നു—അവനാൽ മരണം ജയത്തിൽ വിഴുങ്ങപ്പെട്ടു—അവനെ വിശ്വസിക്കയാൽ ദൈവജനത്തിന്ന് ഇനിയാശയം ഉണ്ടു—ഈ ക്ഷയമുള്ളതു അക്ഷയതയെയും ധരിക്കുന്നു

ചാകായ്കയെയും ധരിക്കും — ബലഹീനതയിൽ വിതെക്കപ്പെടുന്നു ശ
ക്തിയിൽ ഉണരുന്നു അവമാനത്തിൽ വിതെക്കപ്പെടുന്നു തെജസ്സിൽ
ഉണരുന്നു — നാം മണ്ണായവന്റെ പ്രതിമ ഏന്തു നടന്നപൊലെ സ്വൎഗ്ഗീ
യന്റെ പ്രതിമയെയും ഏന്തു നടക്കും (൧ കൊ. ൧൫) — എന്നതൊ നമ്മുടെ
കൎത്താവായ യെശുക്രിസ്തുവിന്റെ പ്രതിമ തന്നെ — ആയവൻ സകലവും
കൂടെ തനിക്ക് കീഴ്പെടുത്തുവാൻ കഴിയുന്ന സാമൎത്ഥ്യശക്തിയെ കൊണ്ട്
നമ്മുടെ താഴ്ചയുടെ ശരീരത്തെ തന്റെ തെജസ്സിൻ ശരീരത്തൊ
ട് അനുരൂപമാകുവാൻ മറുവെഷമാക്കിത്തീൎക്കും (ഫിലി. ൩)

(മെല്പറഞ്ഞ വാക്യങ്ങൾ കുഴിയിങ്കലൊ ഈ പ്രബൊധ
നത്തിന്റെ ശെഷമൊ ചൊല്ലെണ്ടു)

എന്നതുകൊണ്ട് നാം ഈ കല്ലറെക്കൽ നില്ക്കുമ്പൊൾ പ്രത്യാശ ഇല്ലാത്ത
വരെ പൊലെ ദുഃഖിക്കാതെ തലകളെ ഉയൎത്തികൊള്ളുന്നു — നമ്മുടെ മീ
ണ്ടെടുപ്പുകാരൻ ജീവിച്ചിരിക്കുന്നവല്ലൊ — കൎത്താവിൽ നിദ്രകൊണ്ട
വർ ക്ലെശം ഒന്നും ഇല്ലാത്ത ദൈവ മടത്തിൽ സ്വസ്ഥത പ്രാപിച്ചു
എന്നും അറിയാമല്ലൊ — കൎത്താവിൽ മരിക്കുന്ന മൃതന്മാർ ഇന്നുമുതൽ ധ
ന്യർ — അതെ അവർ തങ്ങളുടെ പ്രയത്നങ്ങളിൽനിന്ന ഒഴിഞ്ഞു തണു
ക്കെണ്ടതിന് അവരുടെ ക്രിയകൾ അവൎക്ക പിന്തുടരുകയും ചെയ്യുന്നു
എന്ന് ആത്മാവ് പറയുന്നു — (വെളി. ൧൪)

എന്നാൽ ഈ പ്രത്യാശ ഉള്ളവൻ എല്ലാം ആയവൻ നിൎമ്മലനാ
കുന്നപൊലെ തന്നെയും നിൎമ്മലീകരിച്ചു തിരുമാൎക്കുടെ എഴുന്നീല്പിനൊ
ട് ഒക്കുവാൻ ശ്രമിക്കുന്നു — കാരണം അവനവൻ ശരീരം കൊണ്ട് നല്ല
താകിലും തീയതാകിലും ചെയ്തതിന്ന് തക്കതായി പ്രാപിക്കെണ്ടതിന്നു
നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിൻ മുമ്പാകെ പ്രത്യക്ഷമാ
കെണ്ടതു (൨ കൊ. ൫) — അതുകൊണ്ട് ദ്രിഷ്ടമുള്ളവരെ ലൊകത്തിൽ
മൊഹങ്ങളുള്ള കെടിന്നും നാശത്തിൽ ആവശ്യമായുള്ളതു ഒന്ന് ഇതി
അവഹരിക്കപ്പെട്ട ഒരു ദ്രൊഹിയെടൊ ഒന്നിനെ തന്നെ അകയെക്കി

[illegible] W.

[illegible]

[illegible]

പ്രാർത്ഥന — ച.,

[illegible]

നില്ല—നിന്റെ ശൌൎയ്യം നല്കി സകല ശത്രുക്കളെയും ജയിപ്പാനും ദൈൎയ്യ
സന്തൊഷത്തിന്ന ആളായവനും ആക്കെണമെ—ഇതിപ്രായത്തിൽ പാനും
കഴിയാത്ത നെരത്തിൽ നിന്റെ വിശുദ്ധാത്മാവ തന്നെ ഉച്ചരിയാത്ത ഞ
രക്കങ്ങളെ കൊണ്ടു ഞങ്ങളുടെ പക്ഷം എടുക്കുമാറാക—മരണനിഴലി
ന്റെ താഴ്വരയിൽ സ്വൎഗ്ഗീയ പ്രകാശവും ദിവ്യശക്തിയും അയച്ചു ഞങ്ങ
ളെ നടത്തി ആനന്ദ തൃപ്തിയൊട് ഏറ്റിക്കെണമെ—ഞങ്ങൾക്കു പൊ
ളിച്ചും മങ്ങിച്ചുറ്റിലും അന്ധകാരവും ഉള്ളിൽ പീഡയും അതിക്രമിച്ചു
വരിക്കുന്നൊരും നിന്റെ മരണത്താലെ സമാധാനവും നിന്റെ ജീ
വന്റെ വെളിച്ചവും ആത്മശക്തിയും തിരുരാജ്യത്തിന്റെ വാടാത്ത
വകാശവും ഞങ്ങളിൽ നിറഞ്ഞു വഴിയുമാറാക്കിത്തരെണമെ—
ആമെൻ— *W. b. n.*

അല്ലെങ്കിൽ

ൻ—

ചാകായ്കയും സൎവ്വശക്തിയുമുള്ള ദൈവമെ സ്വൎഗ്ഗീയപിതാവെ—എ
ല്ലാറ്റൊടും നീ അവൻ തന്നെ നിന്റെ ആജ്ഞ കല്പിക്കിൽ പൊരാതെ
അലമുറ അലമുറയായി ഉണ്ടു—ഞങ്ങളൊ ക്ഷണികരത്രെ—സക
ലജഡവും പുല്ലുപൊലെയും അതിന്റെ തെജസ്സ് എല്ലാം പുല്ലിൻ പൂപൊ
ലെയും ആകുന്നു—പുല്ലു വാടി പൂവു തിരുകയും ചെയ്യുന്നു—ജ്ഞാനഹൃദ
യം കൊണ്ടുവരത്തക്കവണ്ണം ഞങ്ങളുടെ ദിവസങ്ങളെ എണ്ണുവാ
ൻ ഗ്രഹിപ്പിക്കെണമെ—സത്യമാനസാന്തരത്താലെ ഞങ്ങൾ മര
ണനെരത്തിന്ന ഒരുങ്ങിയിട്ടു ചാവുന്നാക്കുന്ന കാലത്തിൽ ഞെ
ട്ടിപൊകാതെ ഭാഗ്യമുള്ള പുനരുത്ഥാനത്തിന്റെ വിശ്വാസത്തൊടെ കാത്തു
ഇരിക്കുമാറാക—കൎത്താവായ യെശുവെ ഞങ്ങളുടെ അന്ത്യനാ
ഴികടുക്കുമ്പൊൾ ദയചെയ്തു ഞങ്ങളെ ഇഹലൊകത്തിൽനിന്ന
എടുത്തു നിന്റെ സ്വസ്ഥതയിൽ പ്രവെശിപ്പിക്കെണമെ—ഇന്നു

നിഷ്ഠതയിൽ ഇന്നെ യാത്രയാക്കുംവരെ സത്യവിശ്വാസത്തിലും ഭക്തി
ക്കുതക്കനടപ്പിലും ഞങ്ങളെ വസിപ്പിച്ചു കൊൾ്ക — നീ പുനരുത്ഥാനവും
ജീവനും ആകുന്നു — നിന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീ
വിക്കും — ജീവിച്ചിരുന്നു നിങ്കൽ വിശ്വസിക്കുന്നവൻ എല്ലാം എന്നെ
ക്കും മരിക്കയും ഇല്ല — നിന്റെ നാളിൽ ഞങ്ങൾ ഉറക്കുന്നു ഉര
ക്കമെന്നോടെ ജീവകാലെക്കു എഴുനീറ്റു സ്വർഗ്ഗീയാനന്ദത്തിൽ ക
ടക്കമാറാകേണമെ എന്നു നിന്റെ സ്നേഹം നിമിത്തം യാചിക്കുന്നു
ആമെൻ — *W.*

൩.

സർവ്വശക്തിയും നിത്യജീവനുമുള്ള ദൈവമെ — നിന്റെ പ്രിയമ
കന്റെ മരണത്താലെ പാപത്തെയും മരണത്തെയും നീ ഇല്ലാതാക്കി
യതല്ലാതെ അവന്റെ പുനരുത്ഥാനത്താലെ നിർദ്ദോഷത്തെയും
നിത്യജീവനെയും ഞങ്ങൾക്ക് പിന്നെയും വരുത്തി പിശാചിന്റെ
അധികാരത്തിൽനിന്ന ഞങ്ങൾ വീണ്ടെടുക്കപ്പെട്ടു നിന്റെ ഉയിർപ്പി
ൻ ശക്തിയാൽ ഈ മർത്യശരീരങ്ങളും കൂടെ മഹത്വത്തിൽ മ
ന്നെഴുനില്പാൻ ഞങ്ങളെ കടാക്ഷിച്ചിരിക്കുന്നത്രെ — എന്നതി
നെ ഞങ്ങൾ വിശ്വസിച്ചു പെട്ടു സർവ്വാത്മനാ തെളിഞ്ഞു ശരി
രത്തിന്റെ സന്തോഷമുള്ള പുനരുത്ഥാനത്തിൽ നിന്റെ എല്ലാ
ഭക്തന്മാരോടും കൂടെ എന്നേക്കും വാഴുമാറാകേണ്ടതിന്നു നിന്റെ ഏക
പുത്രനും ഞങ്ങളുടെ രക്ഷിതാവും ആയ യെശുക്രിസ്തുവിനെ കൊ
ണ്ടു പ്രസാദിച്ചരുളേണമെ — ആമെൻ — **stb.**

൪.

ഞങ്ങളുടെ ദൈവമായ യഹോവെ നീ എന്നന്നേക്കും ജീവിച്ചിരി
ക്കുന്നു — മനുഷ്യപുത്രന്മാരെ ഈ ഭൂമിയിൽ അല്പം പാർപ്പിച്ച ഉടനെ
മൊട്ടിയും ഭസ്മവും ആയ്‌വൻ തിരിപ്പിക്കുന്നു — ജഡം എല്ലാം പുല്ലും

ജ്ഞയതെജ്ഞസ്സ് എല്ലാം പുല്ലിൻ പൂവും അത്രെ — മായയാകിയ അന്ധകാരി
ച്ചുവൊന്നശെഷം അവൻ ജീവനും നിഴലും പൊയിമറഞ്ഞുപൊ
കുന്നു — എന്നിട്ടു ജീവന്റെ ഉറവായനിത്യ സൂര്യനാകയെശുവി
ൻ തന്നെ അവതരിച്ചതിലും വിശുദ്ധ ആത്മാവിന്റെ പ്രകാശനത്താ
ലും പുനർജ്ജനനത്താലും ഞങ്ങളെ സന്ദർശിച്ചു വരുന്നതിലും നിത്യ
ജീവന്റെ ഉണ്മ സത്യം — വിശ്വാസികളുടെ ഹൃദയങ്ങളിൽ നിവസി
ച്ചു പ്രവൃത്തിക്കുന്നതിനാൽ നിനക്കു സ്തോത്രം — ജീവവൃക്ഷമായയെ
ശുവിൽ ശാഖയാകി ചെൎന്നുകൊണ്ടു അവനൊടു ഏക ഭവിച്ചു തി
ന്റെ സ്വരൂപമാകി ചമഞ്ഞുവളൎന്നു ആത്മാവിന്റെ ഫലങ്ങളെ
ഉണ്ടാക്കുവാനും നിത്യസന്തോഷത്തിൽ കാൽവെപ്പാൻ ഉള്ളയടനം
നിനാൽ കഴിവുണ്ടാകയാൽ നിനക്കു സ്തോത്രം —

വിശ്വാസ്ത ദൈവവും പിതാവുമായുള്ളൊവെ ഞങ്ങളുടെ നാ
ളുകളെ എണ്ണുവാൻ ഞങ്ങളെ പഠിപ്പിക്കെണമെ — വിശെഷിച്ചു
